| | നീ വളർന്നും ഞാൻ കുറഞ്ഞും | നിന്നിൽ മറഞ്ഞു ഞാൻ മായണം | (2) |

| | | | |
|---|---|---|---|
| 22 | അന്തമെന്താ ചിന്ത ചെയ്ക സോദരാ വേഗം | അധികവാസം ഇഹത്തിലില്ലെ ഒടുവിലെന്താകും | (2) |
| 1. | പാപം ചെയ്തു കാലമെല്ലാം | പാഴിലാക്കിയാൽ | |
| | ഇന്നു നിന്റെ നാഥൻ വന്നാൽ | അന്തമെന്താകും | (2) |
| 2. | ആത്മാവിനെ കരുതിടാതെ | അന്തമോർക്കാതെ | |
| | എവിടേക്കോ നിൻ യാത്രയിപ്പോൾ | ഒടുവിലെന്താകും | (2) |
| 3. | ഭൂലോകത്തെക്കാളധികം | വിലയുള്ള നിന്റെ | |
| | ആത്മാവിനെ കരുതിടാഞ്ഞാൽ | ഒടുവിലെന്താകും | (2) |

| | | | |
|---|---|---|---|
| 23 | അന്ധകാരത്താലെല്ലാ കണ്ണും മങ്ങുമ്പോൾ | മങ്ങിടാത്ത കണ്ണെനിക്കൊന്നുണ്ടു സ്വർഗ്ഗത്തിൽ | (2) |
| 1. | എൻ മൊഴി കേൾപ്പാൻ ഭൂവിൽ കാതില്ലെങ്കിലും | ചെമ്മെയായ് തുറന്ന കാതൊന്നുണ്ടു സ്വർഗ്ഗത്തിൽ | (2) |
| 2. | മാനുഷീകമാം കൈകൾ താണുപോകുമ്പോൾ | ക്ഷീണിക്കാത്ത കൈയെനിക്കൊന്നുണ്ടു സ്വർഗ്ഗത്തിൽ | (2) |
| 3. | ഭൂമയർക്കുള്ള സ്നേഹം നീങ്ങിപ്പോകുമ്പോൾ | ക്ഷാമമേശിടാത്ത സ്നേഹമുണ്ടു സ്വർഗ്ഗത്തിൽ | (2) |
| 4. | ഉള്ളിലാകുല ചിന്തയുള്ള മർത്യരെ | വല്ലഭന്റെ കൺകളുണ്ടീക്കല്ലു പാതയിൽ | (2) |
| 5. | തൻ കരുണയോ പൂർണ്ണമാണേ സ്വാന്തനം | ചെയ്‌വതിന്നു നാഥനടുത്തുണ്ടു നിർണ്ണയം | (2) |
| 6. | പ്രാർത്ഥനക്കവൻ മുമ്പിൽ സ്തോത്രമോടു നാം | എത്തിയെന്നും തന്റെ വാക്കിൽ ആശ്രയിക്കുവിൻ | (2) |
| 7. | വിശ്വസിക്കുവാൻ യോഗ്യനായ നാഥനെ | വിശ്വസിച്ചും അനുസരിച്ചും നാൾ കഴിക്കുവാൻ | (2) |

| | | | |
|---|---|---|---|
| 24 | അരുൾക ദേവാ നിൻ വരം<br>മരുവിൽ മരുവിടും ഏഴയ്ക്കായ് | സ്നേഹമാണീ ദിവ്യൻ യേശുവേ<br>തരിക നിൻ കൃപ മാരി പോൽ | (2) |
| 1. | അഴലേറും ക്ഷോണിയിൽ ജീവിതം | ആനന്ദം തരികില്ലീ പാരിടം | (2) |
| | അരുൾകാ അരുൾകാ ദായകാ | നിൻ നവ ശക്തി ഈ ദാസരിൽ | (2) |
| 2. | സ്നേഹത്തിൻ ദീപം കുറഞ്ഞിടുന്നേ | ഭക്തരിൻ സ്നേഹം തകർന്നിടുന്നേ | (2) |
| | നിറുത്തുക നിറവായ് നിൻ ദാസരെ | അഴലതിൽ പെട്ടു തളരാതെ | (2) |
| 3. | ദുരിതങ്ങൾ അനുദിനം ഏറുന്നേ | ആകുലമില്ല നിൻ സുതർക്കിഹെ | (2) |
| | ആനന്ദ ദായകൻ യേശുവേ | ആമോദത്താൽ എന്നും പാടും ഞാൻ | (2) |
| 4. | നിന്ദകൾ സഹിക്കിലും പാടും ഞാൻ | ബഹു നിന്ദകൾ സഹിച്ച എൻ പ്രിയാ | (2) |
| | മേഘത്തിൽ വേഗമായ് വന്നു നീ | നിന്ദിതരെ ചേർത്തണയ്ക്കുക | (2) |
| 4. | പരിഹാസം നിന്ദകൾ ഏറ്റു ഞാൻ | പരിചോടു തളർന്നിഹെ | (2) |
| | ഏന്തുക തൃക്കരമായതിൽ എന്നെ | നിർത്തുക അന്ത്യം വരെയും നീ | (2) |

| | | | |
|---|---|---|---|
| 25 | അത്ഭുത യേശുവിൻ നാമം | ഈ ഭൂവിലെങ്ങും ഉയർത്തിടാം | (2) |
| 1. | എല്ലാരും ഏകമായ് കൂടി | സന്തോഷമായ് ആരാധിക്കാം | (2) |
| | നല്ലവനാം കർത്തനവൻ | വല്ലഭനായ് വെളിപ്പെടുമേ | (2) |
| 2. | നീട്ടിയ തൃക്കരത്താലും | പരിശുദ്ധാത്മ ശക്തിയാലും | (2) |
| | തിരുവചനം അതിധൈര്യമായ് | ഉരച്ചീടുക സഹോദരരേ | (2) |
| 3. | മിന്നൽപിണരുകൾ വീശും | പിന്മാരിയെ ഊറ്റുമവൻ | (2) |
| | ഉണരുകയായ് ജനക്കോടികൾ | തകരുമപ്പോൾ ദുർശക്തികളും | (2) |
| 4. | വെള്ളിയും പൊന്നൊന്നുമല്ല | ക്രിസ്തേശുവിൻ നാമത്തിനാൽ | (2) |
| | അത്ഭുതങ്ങൾ അടയാളങ്ങൾ | നടന്നീടുമേ തൻ ഭുജബലത്താൽ | (2) |
| 5. | കുരുടരിൻ കണ്ണുകൾ തുറക്കും | കാതു കേട്ടിടും ചെകിടർക്കുമേ | (2) |
| | മുടന്തുള്ളവർ കുതിച്ചുയരും | ഊമരെല്ലാം സ്തുതി മുഴക്കും | (2) |
| 6. | ഭൂതങ്ങൾ വിട്ടുടൻ പോകും | സർവ്വ ബാധയും നീങ്ങീടുമേ | (2) |
| | രോഗികളും ആശ്വസിക്കും | ഗീതസ്വരം മുഴങ്ങീടുമേ | (2) |
| 7. | നിന്ദിത പാത്രരായ് മേവാൻ | നമ്മെ നായകൻ കൈവിടുമോ | (2) |
| | എഴുന്നേറ്റു നാം പണിതീടുക | തിരുക്കരങ്ങൾ നമ്മോടിരിക്കും | (2) |

| | | | |
|---|---|---|---|
| 26 | അല്പകാലം മാത്രം ഈ ഭൂവിലെ വാസം<br>എന്റെ നിത്യമാം വീട് | സ്വർപ്പുരം ആണെന്റെ നിത്യമാം വീട്<br>എന്റെ നിത്യമാം വീട് | (2) |
| 1. | എൻ പ്രയാണകാലം നാലുവിരൽ നീളം | ആയതിൻ പ്രതാപമോ കഷ്ടത മാത്രം | (2) |
| | ഞാൻ പറന്നു വേഗം പ്രിയനോടു ചേരും | വിണ്മഹിമ പ്രാപിച്ചെന്നും വിശ്രമിച്ചീടും | (2) |
| 2. | പാളയത്തിൻ അപ്പുറത്തു കഷ്ടമേല്ക്കുക നാം | പാടുപെട്ട യേശുവിന്റെ നിന്ദ ചുമക്കാം | (2) |
| | നില്ക്കുംനഗരം ഇല്ലിവിടെ പോർക്കളത്തിലത്രേനാം | നില്ക്ക വേണ്ട പോർ പൊരുതി യാത്ര തുടരാം | (2) |
| 3. | മുത്തുമയമായ് വിളങ്ങും പട്ടണമാണത് | പുത്തൻ യെറുശലേം പുരം തത്ര ശോഭിതം | (2) |
| | വീഥി സ്വഛ സ്ഫടിക തുല്യം തങ്ക നിർമ്മിതമാം | പത്തനമതിന്റെ ഭംഗി വർണ്ണ്യമല്ലഹോ | (2) |
| 4. | നാടുവിട്ടു വീടുവിട്ടു നാമധേയ കൂട്ടം വിട്ടു | കാഠിന്യമാം ശോധനയിൽ യാനം ചെയ്തോരായ് | (2) |
| | കൂടി ഒന്നായ് വാഴാൻ വാഞ്ഛിച്ചെത്ര നാളായ് | കാരുണ്യവാൻ പണികഴിച്ച കൊട്ടാരം തന്നിൽ | (2) |
| 5. | പാവനമാം പട്ടണത്തിൽ ആരു കടന്നീടും | പാപമറ്റ ജീവിതം നയിച്ചവരല്ലോ | (2) |
| | നീതിയായ് നടന്നു നേർ പറഞ്ഞു മന്നിൽ | പാതിവ്രത്യമുള്ള മണവാട്ടി മാത്രമേ | (2) |

| | | | |
|---|---|---|---|
| 27 | അഴലേറും ജീവിതമരുവിൽ | നീ തളരുകയോ ഇനി സഹജേ! | (2) |
| 1. | നിന്നെ വിളിച്ചവൻ ഉണ്മയുള്ളോൻ | കണ്ണിൻ മണി പോലെ കാത്തിടുമേ | |
| | അന്ത്യം വരെ വഴുതാതെ അവൻ | താങ്ങി നടത്തിടും പൊൻ കരത്താൽ | (2) |
| 2. | കാർമുകിൽ ഏറെക്കരേറുകിലും | കാണുന്നില്ലേ മഴവില്ലതിന്മേൽ | |
| | കരുതുക വേണ്ടതിൻ ഭീകരങ്ങൾ | കെടുതികൾ തീർത്തവൻ തഴുകീടുമേ | (2) |
| 3. | മരുഭൂ പ്രയാണത്തിൽ ചാരീടുവാൻ | ഒരു നല്ല നായകൻ നിനക്കില്ലയോ? | |
| | കരുതും നിനക്കവൻ വേണ്ടതെല്ലാം | തളരാതെ യാത്ര തുടർന്നീടുക | (2) |
| 4. | ചേലോടു തന്ത്രങ്ങൾ ഓതീടുവാൻ | ചാരന്മാരുണ്ടധികം സഹജേ | |
| | ചുടു ചോര ചിന്തേണ്ടി വന്നീടിലും | ചായല്ലേ ഈ ലോക താങ്ങുകളിൽ | (2) |
| 5. | കയ്പുള്ള വെള്ളം കുടിച്ചീടിലും | കല്പനപോലെ നടന്നീടേണം | |
| | ഏല്പിക്കയില്ലവൻ ശത്രു കയ്യിൽ | സ്വർപ്പുരം നീ അണയും വരെയും | (2) |

| | | | | |
|---|---|---|---|---|
| 28 | അഭിഷേകം അഭിഷേകം | | പരിശുദ്ധാത്മാവിന്റെ അഭിഷേകം | (2) |
| | അന്ത്യ കാലത്തു സർവ്വ ജഡത്തിന്മേലും | | പരിശുദ്ധാത്മാവിന്റെ അഭിഷേകം | (2) |
| 1. | കൊടിയ കാറ്റടിക്കുമ്പോലെ | | ആത്മ പകർച്ചയിൻ ശക്തി ലഭിക്കും | (2) |
| | അഗ്നിജ്വാല പകരും പോലെ | | പുതു ഭാഷകളാൽ സ്തുതിക്കും | |
| | അടയാളം കാണുന്നല്ലോ അത്ഭുതങ്ങളും | | അന്ത്യകാലത്തിന്റെ ഓരോ ലക്ഷണമാകും | (2) |
| 2. | അഭിഷേകത്തിന്റെ ശക്തിയാൽ | | എല്ലാ നുകവും തകർന്നു പോകും | (2) |
| | വചനത്തിന്റെ ശക്തിയാൽ | | എല്ലാ കെട്ടുകളും അഴിഞ്ഞു പോകും | |
| | അന്ധകാര ബന്ധനങ്ങൾ ഒഴിഞ്ഞുപോകും | | അഭിഷേകത്തിന്റെ ശക്തി വെളിപ്പെടുമ്പോൾ | (2) |
| 3. | ചലിക്കുന്ന പ്രാണികൾക്കു ശക്തി ലഭിക്കും | | ജീവൻ പ്രാപിക്കും | (2) |
| | ജ്വലിക്കുന്ന തീപ്പന്തം പോൽ കത്തിപ്പടരും | | അഭിഷേകത്താൽ | |
| | ചാവാറായ ശേഷിപ്പുകൾ എഴുന്നേൽക്കും | | പുതു ജീവനാൽ സ്തുതിച്ചാർത്തു പാടും | (2) |

| | | | | |
|---|---|---|---|---|
| 29 | അസാദ്ധ്യമായത് ഒന്നുമില്ല | | അസാദ്ധ്യമായത് ഒന്നുമില്ല | (2) |
| | സർവ്വശക്തൻ നീ | | സർവ്വജ്ഞാനി സമ്പൂർണ്ണൻ നീ | |
| | ഇല്ലാ ഇല്ലാ അസാദ്ധ്യം ഒന്നുമില്ല | | എൻ ദൈവത്താൽ അസാദ്ധ്യം ഒന്നുമില്ല | (2) |
| 1. | ഗലീല എന്ന നാട്ടിൽ | (2) | യേശു ജനങ്ങളെത്തൊട്ടു | |
| | കുരുടർ...ചെകിടർ...മുടന്തർ സകലരേയും | | യേശു സൗഖ്യമാക്കി | |
| | ഹല്ലേലുയ്യാ രാജാവിന്, ഹല്ലേലുയ്യാ ദൈവത്തിന് | | ഹല്ലേലുയ്യാ..കർത്താവിന് ഹല്ലേലുയ്യാ യേശുവിന് | (2) |
| 2. | കൈത്താളത്താൽ പാടിടാം നാം | (2) | കൈത്താളത്താൽ പാടിടാംനാം ഹല്ലേലുയ്യാ യേശുവിന് | |
| | ഹല്ലേലുയ്യാ രാജാവിന്, ഹല്ലേലുയ്യാ ദൈവത്തിന് | | ഹല്ലേലുയ്യാ.. കർത്താവിന് ഹല്ലേലുയ്യാ യേശുവിന് | (2) |
| 3. | കരങ്ങളുയർത്തി പാടിടാം നാം | (2) | കരങ്ങളുയർത്തി പാടിടാം നാം ഹല്ലേലുയ്യാ യേശുവിന് | |
| | ഹല്ലേലുയ്യാ രാജാവിന്, ഹല്ലേലുയ്യാ ദൈവത്തിന് | | ഹല്ലേലുയ്യാ.. കർത്താവിന് ഹല്ലേലുയ്യാ യേശുവിന് | (2) |
| 4. | നൃത്തത്തോടെ പാടിടാം നാം | (2) | നൃത്തത്തോടെ പാടിടാം നാം ഹല്ലേലുയ്യാ യേശുവിന് | |
| | ഹല്ലേലുയ്യാ രാജാവിന്, ഹല്ലേലുയ്യാ ദൈവത്തിന് | | ഹല്ലേലുയ്യാ.. കർത്താവിന് ഹല്ലേലുയ്യാ യേശുവിന് | (2) |

| | | | | |
|---|---|---|---|---|
| 30 | ആ..ആ..ആ..ആ.. എന്നു കാണും യേശു രാജനെ | | | |
| | കാലമായ് കാലമായ് പറന്നു പോവാൻ കാലമായ് | | | |
| | രാജാധി രാജൻ വേഗം വരുന്നു പ്രിയരെ! | | | (2) |
| 1. | കാഹളനാദം കേട്ടിടുന്ന നാളിൽ | | ഹല്ലേലുയ്യാ! ഗീതം പാടിടുമെ അന്നു ഞാൻ | (2) |
| 2. | എന്നിനി ഞാൻ ചേർന്നിടും പൊന്മുഖം കാണുവാൻ | | ശോഭയേറും നാട്ടിൽ ഞാൻ പോയിടുവാൻ കാലമായ് | (2) |
| 3. | ലോകത്തിൽ ഞാനൊരു നിന്ദിതനെങ്കിലും | | മേഘത്തിൽ ഞാനൊരു വധുവായ് വാഴുമേ | (2) |
| 4. | യേശുരാജൻ വന്നിടും ഭക്തന്മാരെ ചേർക്കുവാൻ | | സ്വർഗ്ഗാധി സ്വർഗ്ഗങ്ങളിൽ വാസംചെയ്‌വാൻ കാലമായ് | (2) |
| 5. | മുൾക്കിരീട ധാരിയായ് കടന്നു പോയ പ്രിയനെ | | പൊൻ കിരീടധാരിയായ് അങ്ങു ഞാൻ കാണുമേ | (2) |

| | | | | |
|---|---|---|---|---|
| 31 | ആടുകൾക്കു വേണ്ടി ജീവനെ വെടിഞ്ഞതാം | | ദേവാട്ടിൻ കുട്ടിയേ നിനക്കനന്ത വന്ദനം | (2) |
| 1. | കാടു നീളെ ഓടി ആടലോടുഴന്നീടും | | കുഞ്ഞാടുകൾക്കഭയമാം നിൻ പാദം വന്ദനം | (2) |
| 2. | ഭീതി പോക്കി ആടുകൾക്കു മുൻ നടന്നു നീ | | സംപ്രീതിയായ് നടത്തീടും കൃപയ്ക്കു വന്ദനം | (2) |
| 3. | പച്ച മേച്ചിലും പ്രശാന്ത തോയവും സദാ | | നീ വീഴ്ചയെന്നിയെ തരുന്നതോർത്തു വന്ദനം | (2) |
| 4. | താത പുത്രനാത്മനാം ത്രിയേക ദൈവമേ | | സർവ്വാത്മനാ നിനക്കനന്ത കീർത്തനം സദാ | (2) |

| | | | | |
|---|---|---|---|---|
| 32 | ആകാശ ലക്ഷണങ്ങൾ കണ്ടോ കണ്ടോ | | ക്ഷാമ ഭൂകമ്പ ശബ്ദം കേട്ടോ കേട്ടോ | (2) |
| | സ്വർഗ്ഗ മണവാളന്റെ വേളിയ്ക്കായ് | | മദ്ധ്യാകാശം ഒരുങ്ങുകയത്രേ | (2) |
| | കാണുമോ നീ കർത്തൻ വരവിൽ | | കേൾക്കുമോ കാഹള ശബ്ദത്തെ | (2) |
| 1. | പ്രിയാ നിൻ വരവേറ്റം ആസന്നമേ | | പ്രതിഫലം ലഭിക്കും നാൾ നിശ്ചയമേ | (2) |
| | മുമ്പന്മാരായ പിമ്പന്മാർ | | പിമ്പന്മാരായ മുമ്പന്മാർ | |
| | ഏവരും കാണുമതിൽ നാം | | കർത്താവിൻ കൊയ്ത്തു ദിനത്തിൽ | (2) |
| 2. | പാഴാക്കി കളയരുതേ നിൻ | | ഓട്ടങ്ങൾ അദ്ധ്വാനമെല്ലാം | (2) |
| | ലോക ഇമ്പങ്ങൾ വെടിയാം | | കർത്താവിനായ് ഒരുങ്ങീടാം | |
| | ഉണരാം എണ്ണ നിറയ്ക്കാം | | നാഥന്റെ വരവിൻ സമയം | (2) |

| | | | | |
|---|---|---|---|---|
| 33 | ആകാശമേ കേൾക്ക | | ഭൂമിയേ ചെവി തരിക | |
| | ഞാൻ മക്കളെ പോറ്റി വളർത്തി | | അവർ എന്നോടു മത്സരിക്കുന്നൂ | (2) |
| 1. | കാള തന്റെ ഉടയവരെ | | കഴുത തന്റെ യജമാനന്റെ | (2) |
| | പുൽതൊട്ടി അറിയുന്നല്ലോ | | എൻ ജനം അറിയുന്നില്ല | (2) |
| 2. | അകൃത്യഭാരം ചുമക്കും ജനം | | ദുഷ്പ്രവർത്തിക്കാരുടെ മക്കൾ | (2) |
| | വഷളായി നടക്കുന്നവർ | | ദൈവം ആരെന്നറിയുന്നില്ല | (2) |
| 3. | ആകാശത്തിൻ പെരിഞ്ഞാറയും | | കൊക്കും മീവൽപ്പക്ഷിയും | (2) |
| | അവ തന്റെ കാലമറിയും | | എൻ ജനം അറിയുന്നില്ല | (2) |

| | | | |
|---|---|---|---|
| 34 | ആകുലൻ ആകരുതേ മകനേ | അസ്വസ്ഥൻ ആകരുതേ | |
| | ആധിയിൽ ആയുസ്സിനെ നീട്ടാൻ | ആകുമോ നരനുലകിൽ | (2) |
| 1. | സോളമനെക്കാൾ മോടിയിലായ് | ലില്ലിപ്പൂവുകൾ അണിയിപ്പൂ | |
| | നിന്നെ കരുതി നിനച്ചിടുമേ | പിന്നെ നിനക്കെന്താശങ്ക | (2) |
| 2. | വിതയും കൊയ്ത്തും കലവറയും | അറിവില്ലാത്തൊരു പറവകളെ | |
| | പോറ്റും കരുണാമയനല്ലോ | വത്സല താതൻ പാലകനായ് | (2) |
| 3. | ക്ലേശം ദുരിതം പീഢനവും | രോഗം അനർത്ഥം ദാരിദ്ര്യം | |
| | ഒന്നും നിന്നെ അകറ്റരുതേ | രക്ഷകനിൽ നിന്നൊരുനാളും | (2) |

| | | | |
|---|---|---|---|
| 35 | ആപത്തു വേളകളിൽ | ആനന്ദ വേളകളിൽ | |
| | അകലാത്ത എൻ യേശുവേ | അങ്ങയുടെ പാദം കുമ്പിടുന്നു ഞാൻ | (2) |
| 1. | കുശവന്റെ കയ്യിൽ കളിമണ്ണു പോൽ | തന്നിടുന്നു എന്നെ തൃക്കരങ്ങളിൽ | (2) |
| | മെനഞ്ഞിടേണമേ വാർത്തെടുക്കണേ | ദിവ്യഹിതം പോലെ ഏഴയാമെന്നെ | (2) |
| 2. | എനിക്കായ് മുറിവേറ്റ തൃക്കരങ്ങൾ | എൻ ശിരസിൽ വച്ചാശീർവ്വദിക്കണേ | (2) |
| | അങ്ങയുടെ ആത്മാവിനാൽ ഏഴയെ | അഭിഷേകം ചെയ്തനുഗ്രഹിക്കണേ | (2) |
| 3. | കഷ്ടതയുടെ കയ്പു നീരിൻ പാത്രവും | അങ്ങയെൻ കരങ്ങളിൽ കുടിപ്പാൻ തന്നാൽ | (2) |
| | ചോദ്യം ചെയ്യാതെ വാങ്ങി പാനം ചെയ്യുവാൻ | തിരു കൃപ എന്നിൽ പകരേണമേ | (2) |
| 4. | എന്റെ ഹിതം പോലെ നടത്തരുതേ | തിരു ഹിതം പോലെന്നെ നയിക്കണമേ | (2) |
| | ജീവിത പാതയിൽ പതറിടാതെ | സ്വർഗ്ഗ ഭവനത്തിൽ എത്തുവോളവും | (2) |

| | | | |
|---|---|---|---|
| 36 | ആനന്ദം ആനന്ദമേ | ക്രിസ്തു ജീവിതം ആനന്ദമേ | |
| | ആനന്ദം ആനന്ദമേ | ഇതു സൗഭാഗ്യ ജീവിതമേ | (2) |
| 1. | അവനെ അമിതം സ്നേഹിപ്പാൻ | അധികം തരും ശോധനയിൽ | (2) |
| | അനുഗ്രഹം ലഭിക്കും ആകുലമകറ്റും | അവൻ സന്നിധി മതി എനിക്ക് | (2) |
| 2. | ബലഹീനതയിൽ കൃപ നൽകി | പുലർത്തും എന്നെ വഴി നടത്തും | (2) |
| | പലതിനെ നിനച്ചു വിലപിച്ചു ഹൃദയം | കലങ്ങീടുക ഇല്ലിനി ഞാൻ | (2) |
| 3. | മരുവിൻ വെയിലിൽ തളരാതെ | മറയ്ക്കും തന്റെ ചിറകടിയിൽ | (2) |
| | തിരുമാർവ്വിൽ എന്നെ അണച്ചിടും | സ്നേഹക്കൊടിയെൻ മീതെ വിരിച്ചിടുന്നു | (2) |
| 4. | ജഡിക സുഖങ്ങൾ വിട്ടോടി | ജയിക്കും ശത്രു സേനകളെ | (2) |
| | ജയവീരൻ യേശു എൻ അധിപതിയല്ലോ | ഭയം എന്നിയെ വസിച്ചിടും ഞാൻ | (2) |

| | | | |
|---|---|---|---|
| 37 | ആശിഷമാരി ഉണ്ടാകും ആനന്ദ വാഗ്ദത്തമെ | മേൽനിന്നു രക്ഷകൻ നൽകും ആശ്വാസ കാലങ്ങളെ | |
| | ആശിഷമാരി..ആശിഷം പെയ്യണമേ | കൃപകൾ വീഴുന്നു ചാറി.. വൻമഴ താ ദൈവമേ ! | |
| 1. | ആശിഷമാരി ഉണ്ടാകും വീണ്ടും നൽ ഉണർവ്വുണ്ടാകും | കുന്നു പള്ളങ്ങളിൻ മേലും കേൾ വൻമഴയിൻ സ്വരം | (2) |
| 2. | ആശിഷമാരി ഉണ്ടാകും ഹാ കർത്താ ഞങ്ങൾക്കും താ | ഇപ്പോൾനിൻ വാഗ്ദത്തംഓർത്തു നൽവരംതന്നീടുക | (2) |
| 3. | ആശിഷമാരി ഉണ്ടാകും എത്ര നന്നിന്നു പെയ്കിൽ | പുത്രന്റെ പേരിൽ തന്നാലും ദൈവമേ ഇന്നേരത്തിൽ | (2) |

| | | | |
|---|---|---|---|
| 38 | ആശ്വാസ ദായകനായ് | എനിക്കേശു അരികിലുണ്ട് | |
| | എന്തെന്തു ഭാരങ്ങൾ ഏളേറി വന്നാലും | എന്നെ കൈ വിടാത്തവൻ | (2) |
| 1. | ആവശ്യ ഭാരങ്ങളാൽ ഞാൻ | ആകുലനായിടുമ്പോൾ | |
| | തന്റെ സ്വാന്തനം നല്കി വഴി നടത്തും | യേശു അരികിലുണ്ട് | (2) |
| 2. | രോഗം പ്രയാസങ്ങളാൽ ഞാൻ | ക്ഷീണിതൻ ആയിടുമ്പോൾ | |
| | എന്നെ താങ്ങി കരങ്ങളിൽ കാത്തീടും | യേശു അരികിലുണ്ട് | (2) |
| 3. | ലോകത്തിൽ കെടുതികളിൽ ഞാൻ | താളടിയാകാതെ | |
| | എന്നെ കാവൽ ചെയ്തീടും സ്നേഹിതനായ് | യേശു അരികിലുണ്ട് | (2) |

| | | | |
|---|---|---|---|
| 39 | ആശ്വാസമേ എനിക്കേറെ തിങ്ങീടുന്നു | വിശ്വാസക്കണ്ണാൽ ഞാൻ നോക്കിടുമ്പോൾ | |
| | സ്നേഹം ഏറിടുമെൻ രക്ഷകൻ സന്നിധൌ | ആനന്ദക്കൂട്ടരെ കാണുന്നല്ലൊ | (2) |
| 1. | ആമോദത്താൽ തിങ്ങി ആശ്ചര്യമോടവർ | ചുറ്റും നിന്നു സ്തുതി ചെയ്തിടുന്നു | |
| | തങ്കത്തിരു മുഖം കാണാൻ കൊതിച്ചവർ | ഉല്ലാസമോടിതാ നോക്കിടുന്നു | (2) |
| 2. | തൻ മക്കളിൽ കണ്ണുനീരെല്ലാം താതൻ താൻ | എന്നേക്കുമായി തുടച്ചിതല്ലോ | |
| | പൊൻ വീണകൾ ധരിച്ചാമോദ പൂർണ്ണരായ് | കർത്താവിനെ സ്തുതി ചെയ്യുന്നവർ | (2) |
| 3. | കുഞ്ഞാടിന്റെ രക്തം തന്നിൽ തങ്ങൾ അങ്കി | നന്നായ് വെളുപ്പിച്ച കൂട്ടരിവർ | |
| | പൂർണ്ണ വിശുദ്ധരായ് തീർന്നവർ യേശുവിൻ | തങ്ക രുധിരത്തിൻ ശക്തിയാലെ | (2) |
| 4. | തങ്കക്കിരീടങ്ങൾ തങ്ങൾ ശിരസ്സിന്മേൽ | വെൺ നിലയങ്കി ധരിച്ചോരിവർ | |
| | കൈയിൽ കുരുത്തോല ഏന്തീട്ടവർ സ്തുതി | പാടീട്ടാനന്ദമോടാർത്തീടുന്നു | (2) |
| 5. | ചേർന്നിടുമേ വേഗം ഞാനും ആ കൂട്ടത്തിൽ | ശുദ്ധരോടൊന്നിച്ച് അങ്ങാനന്ദിപ്പാൻ | |
| | ലോകം വേണ്ട എനിക്കൊന്നും വേണ്ടാ എന്റെ | നാഥന്റെ സന്നിധൌ ചേർന്നാൽ മതി | (2) |
| 6. | കർത്താവെ! വിശ്വാസപ്പോരിൽ തോൽക്കാതെന്നെ | അവസാനത്തോളം നീ നിർത്തേണമേ | |
| | ആകാശ മേഘത്തിൽ കാഹളനാദത്തിൽ | അടിയാനും നിൻ മുമ്പിൽ കാണേണമേ | (2) |

| | | | |
|---|---|---|---|
| 40 | ആശ്വാസ ദായകനേ ആനന്ദ ദായകനേ<br>താവക സന്നിധിയിൽ വരുന്നിതാ ഞാൻ | നീറിടും ഹൃദയവുമായ് | (2) |
| 1. | പരമ പിതാവേ അവിടുന്നല്ലാതിനി<br>എല്ലാം നന്മയ്ക്കായ് തീർത്തു നൽകിടും | അപ്പനായ് പാരിടെ ആരുമില്ലേ<br>എന്റെ സ്വർഗ്ഗീയ അപ്പനെ | (2)<br>(2) |
| 2. | ദോഷകരമായ് എനിക്കെതിരായൊന്നും<br>എന്നെ അടിച്ചാലും ആശ്ലേഷിക്കും | ചെയ്തിടാത്തെൻ രക്ഷാ ദായകനെ<br>എന്നാത്മ വല്ലഭനെ | (2)<br>(2) |
| 3. | ദുഃഖത്തിൻ പനിനീർ പാനപാത്രത്തെ<br>സന്തോഷത്തിൻ നൽ മുന്തിരി നീരിൻ | എൻ കൈകളിൽ കുടിപ്പാൻ തന്നാലും<br>പാത്രമായ് തീർക്കുന്നോനെ | (2)<br>(2) |
| 4. | ഉഷ്ണക്കാറ്റേറ്റാലും ശീതക്കാറ്റേറ്റാലും<br>ലെബാനോനിലെ ദേവദാരു പോൽ | വീഴാതെ ഊർജ്ജിതമായ് വളരും<br>എന്നെ വളർത്തേണമേ | (2)<br>(2) |

| | | | |
|---|---|---|---|
| 41 | ആശ്വാസമായ് എനിക്കേശുവുണ്ട്<br>ആകയാൽ ജീവിത ഭാരം എനിക്കില്ല | ആശ്രയിപ്പാൻ അവൻ കൂടെയുണ്ട്<br>ആകുലം ഒന്നും ഇല്ല | (2) |
| 1. | കാൽവറി ക്രൂശിലെൻ ജീവനാഥൻ<br>എന്നെയാണോർത്തതെന്ന് ഓർക്കുമ്പോൾ എന്നുള്ളം | കാൽകരം ആണി തുളച്ചനേരം<br>കത്തുന്നു സ്നേഹാഗ്നിയാൽ | (2)<br>(2) |
| 2. | സ്നേഹിച്ചു ജീവൻ വെടിഞ്ഞ നാഥൻ<br>തന്റെ ഹൃദയത്തിൽ വേദന ഏകുന്നതൊന്നും | സ്നേഹിച്ചീടും എന്നെ നിത്യകാലം<br>ഞാൻ ചെയ്തീടുമോ? | (2)<br>(2) |
| 3. | എത്ര വിഷമങ്ങൾ നേരിട്ടാലും<br>ഇത്ര ദയാപൂർണ്ണൻ എത്രയും നല്ലവൻ | കർത്താവു സങ്കേതം ആയീടുമേ<br>വേറില്ലെനിക്കാരുമേ | (2)<br>(2) |
| 4. | സ്വന്ത ജനങ്ങൾ മറന്നീടിലും<br>എന്നെക്കരുതുവാൻ കൈത്താങ്ങൽ ഏകുവാൻ | എന്താപത്തായാലും എന്നാളിലും<br>എന്നും മതിയാമവൻ | (2)<br>(2) |
| 5. | സർവ്വാംഗ സുന്ദരൻ മാധുര്യവാൻ<br>നിത്യത പോരാ തൻ നിസ്തുല്യ സ്നേഹത്തിൻ | നാവില്ലെനിക്കിന്നു വർണ്ണിക്കുവാൻ<br>ആഴം അളന്നീടുവാൻ | (2)<br>(2) |

| | | | |
|---|---|---|---|
| 42 | ആശ്വാസത്തിൻ ഉറവിടമാം ക്രിസ്തു | നിന്നെ വിളിച്ചിടുന്നു | (2) |
| 1. | അദ്ധ്വാന ഭാരത്താൽ വലയുന്നോരേ<br>ആണിപ്പാടുള്ളവൻ കരങ്ങൾ നീട്ടി | ആശ്വാസം ഇല്ലാതലയുന്നേരേ<br>നിന്നെ വിളിച്ചീടുന്നു | (2)<br>(2) |
| 2. | പാപാന്ധകാരത്തിൽ കഴിയുന്നോരേ<br>നിന്നെ രക്ഷിപ്പാൻ അവൻ കരങ്ങൾ | രോഗങ്ങളാൽ മനം തകർന്നവരേ<br>എന്നെന്നും മതിയായവ | (2)<br>(2) |
| 3. | വാതിൽക്കൽ വന്നിങ്ങു മുട്ടിടുന്ന<br>അരുമ പിതാവിന്റെ ഇമ്പസ്വരം | ആശ്വാസം അരുളാൻ വന്നിടുന്ന<br>നീയിന്നു ശ്രവിച്ചീടുമോ | (2)<br>(2) |

| | | |
|---|---|---|
| 43 | ആശ്രയം യേശുവിൽ എന്നതിനാൽ ഭാഗ്യവാൻ ഞാൻ ഭാഗ്യവാൻ ഞാൻ<br>ആശ്വാസം എന്നിൽ താൻ തന്നതിനാൽ ഭാഗ്യവാൻ ഞാൻ ഭാഗ്യവാൻ ഞാൻ | (2) |
| 1. | കൂരിരുൾ മൂടും വേളകളിൽ കർത്താവിൻ പാദം ചേർന്നിടും ഞാൻ<br>കാരിരുമ്പാണിയാൽ പാടുള്ള പാണിയാൽ കരുണ നിറഞ്ഞവൻ കാക്കും എന്നെ, കാക്കും എന്നെ | (2)<br>(2) |
| 2. | ഇത്ര സൗഭാഗ്യം ഇക്ഷിതിയിൽ ഇല്ല മറ്റെങ്ങും നിശ്ചയമായ്<br>തീരാത്ത സന്തോഷം ക്രിസ്തുവിൽ ഉണ്ടെന്നാൽ തോരാത്ത കണ്ണീരെ മണ്ണിലുള്ളു, മണ്ണിലുള്ളു | (2)<br>(2) |
| 3. | തന്നുയിർ തന്ന ജീവനാഥൻ എന്നഭയം എൻ നാൾ മുഴുവൻ<br>ഒന്നിനും തന്നിടം എന്നിയെ വേറെങ്ങും ഓടേണ്ട താങ്ങുവാൻ താൻ മതിയാം, താൻ മതിയാം | (2)<br>(2) |
| 4. | കാൽവറി നാഥൻ എൻ രക്ഷകൻ കല്ലറയ്ക്കുൾ ഒതുങ്ങിയില്ല<br>മൃത്യുവെ വെന്നവൻ അത്യുന്നതൻ വിണ്ണിൽ കർത്താധി കർത്താവായ് വാഴുന്നവൻ, വാഴുന്നവൻ | (2)<br>(2) |

| | | | |
|---|---|---|---|
| 44 | ആശ്രയിപ്പാൻ നമുക്കേശു ഉണ്ടല്ലോ<br>നമ്മുടെ സങ്കേതം അവനല്ലോ<br>അവനിൽ നിത്യം ആനന്ദിക്കാം | ആശ്വാസം നമുക്ക് അവനിൽ ഉണ്ടല്ലോ<br>നമ്മുടെ കോട്ടയും അവനല്ലോ | (2)<br><br>(2) |
| 1. | വിശ്വാസ കപ്പലിൽ യാത്രചെയ്യുമ്പോൾ<br>കാറ്റും കടലും ശാന്തമാക്കിയ | ശോധനയാം തിര ആഞ്ഞടിക്കുമ്പോൾ<br>യേശു ഇന്നും കൂടെയുണ്ട് | (2)<br>(2) |
| 2. | ഭാരങ്ങളാൽ നാം കലങ്ങിടുമ്പോൾ<br>മാതൃ തുല്യമായ് ചാരത്തണഞ്ഞ് | ശോധനയാൽ നാം ഉലഞ്ഞിടുമ്പോൾ<br>ആശ്വസിപ്പിക്കും നാഥനവൻ | (2)<br>(2) |
| 3. | കഷ്ടകാലത്തിൽ കൂടെയിരിക്കും<br>വിളിച്ചിടുമ്പോൾ ഉത്തരം നൽകാൻ | രോഗങ്ങൾക്കെല്ലാം സൗഖ്യം തന്നീടും<br>അവനിന്നും എന്നും ജീവിക്കുന്നു | (2)<br>(2) |
| 4. | ഈ ലോക കഷ്ടങ്ങൾ തീർന്നിടാറായി<br>ഭാഗ്യമേറിയ വാഗ്ദത്തങ്ങളും | പ്രിയനോടെന്നും വസിച്ചിടാറായ്<br>അവൻ നമുക്ക് ഏകിയല്ലോ | (2)<br>(2) |

| | | | |
|---|---|---|---|
| 45 | ആശ്ചര്യമേയിതു ആരാൽ വർണ്ണിച്ചിടാൻ | കൃപയേ… കൃപയേ.. കൃപയേ.. കൃപയേ | |
| | ചിന്തിയല്ലോ സ്വന്ത രക്തമെനിക്കായ് | | (2) |
| 1. | ചന്തം ചിന്തും തിരുമേനിയെൻ പേർക്കായ് | സ്വന്തമായ എല്ലാറ്റേയും വെടിഞ്ഞു | |
| | ബന്ധമില്ലാത്ത ഈ ഏഴയെ ഓർത്തു | വീണ്ടടുത്തു എന്നെയും, എന്നെയും, എന്നെയും | (2) |
| 2. | ദൂരത്തിരുന്ന ഈ ദ്രോഹിയം എന്നെ | ചാരത്തണച്ചിടുവാൻ ഏറ്റു കഷ്ടം | |
| | കാരുണ്യ നായകൻ കാർവറി ക്രൂശിൽ | കാട്ടിയതാം അൻപിതോ, അൻപിതോ, അൻപിതോ | (2) |
| 3. | ഉറ്റവർ വിട്ടിടവെ പ്രാണനാഥൻ | ദുഷ്ടന്മാർ കുത്തിടവെ തൻ വിലാവിൽ | |
| | ഉറ്റ സഖിപോലും ഏറ്റുകൊൾവാനായ് | ഇഷ്ടമില്ലാതായല്ലോ അത്ഭുതം, അത്ഭുതം, അത്ഭുതം | (2) |
| 4. | കാൽ കരങ്ങൾ ഇരുമ്പാണികളാലെ | ചേർത്തടിച്ചു പരനെ മരക്കുരിശിൽ | |
| | തൂങ്ങിക്കിടക്കു സ്നേഹസ്വരൂപൻ | ഹാ! എനിക്കായ് മരിച്ചു, മരിച്ചു, മരിച്ചു | (2) |
| 5. | എന്തു ഞാനേകിടും നിന്നുടെ പേർക്കായ് | ചിന്തിക്കുകിൽ വെറും ഏഴ ഞാനല്ലോ | |
| | ഒന്നും എനിക്കിനി വേണ്ട ഇഹ്ഷാരിൽ | നിന്നെ മാത്രം സേവിക്കും, സേവിക്കും, സേവിക്കും | (2) |

| | | | | |
|---|---|---|---|---|
| 46 | ആത്മ സന്തോഷം കൊണ്ടാനന്ദിപ്പാൻ | (2) | ആത്മമാരികൊണ്ടു നിറക്കേണമേ ഇന്ന് | (2) |
| 1. | ദൈവത്തിന്റെ തേജസ്സിന്നിവിടെ | (2) | പ്രകാശിക്ക വേണം വെളിച്ചമായി | (2) |
| 2. | പാപത്തിന്റെ എല്ലാ അന്ധകാരവും | (2) | എല്ലാ ഉള്ളത്തിൽ നിന്നും നീങ്ങിപ്പോകട്ടെ | (2) |
| 3. | സ്വർഗ്ഗസന്തോഷം കൊണ്ടാനന്ദിപ്പാൻ | (2) | ആത്മശക്തിയാലിന്നു നടത്തേണമേ | (2) |
| 4. | കല്ലുപോലുള്ള എല്ലാ ഉള്ളങ്ങളേയും | (2) | ഇന്നു മെഴുകു പോലുരുക്കേണമേ | (2) |
| 5. | ആത്മനിലങ്ങളെ ഒരുക്കീടുവാൻ | (2) | സ്വർഗ്ഗസീയോനിലെ വിത്തു വിതപ്പാൻ | (2) |
| 6. | നല്ലവണ്ണമതു ഫലംകൊടുപ്പാൻ | (2) | ആത്മതുള്ളികൊണ്ടു നനയ്ക്കേണമേ | (2) |
| 7. | വെളിച്ചങ്ങൾ വീശുന്നു അന്ധകാരം മാറുന്നു | (2) | ദൈവത്തിന്റെ ആത്മാവുള്ളിലാകുമ്പോൾ | (2) |
| 8. | മായയായ ലോകത്തിൽഞാൻ ചേർന്നു നിൽക്കാതെ | (2) | എൻ രക്ഷകനാം യേശുവിൽ ഞാൻ ആശ്രയിച്ചീടും | (2) |

| | | | |
|---|---|---|---|
| 47 | ആത്മ ദേഹി ദേഹത്തെ | കാഴ്ചയായ് വയ്ക്കുന്നിതാ | |
| | നിൻ മുമ്പിൽ ഞാൻ യേശുവേ | എന്നും നിൻ വക ആവാൻ | (2) |
| | പീഠത്തിന്മേൽ എന്നെ ഞാൻ | വച്ചു തീക്കായ് കാക്കുന്നു | |
| | കാത്തു കാത്തിരിക്കുന്നേ | തീ ഇറങ്ങാൻ നോക്കുന്നു | (2) |
| 1. | യാഗപീഠത്തിൽ നാഥാ | ഞാൻ സമസ്തം നിൻ സ്വന്തം | |
| | നിന്റേതായ് കാത്തീടുക | കുലുങ്ങാതെൻ വിശ്വാസം | (2) |
| 2. | യേശുവേ എൻ രക്ഷകാ | നിൻ നാമം എന്നാശ്രയം | |
| | രക്ഷയ്ക്കായ് നോക്കുന്നിതാ | നിൻ മൊഴി എൻ ശരണം | (2) |
| 3. | പാപത്തിന്നധികാരം | തന്നിൽ നിന്നു വിട്ടു എൻ | |
| | അംഗങ്ങളെ നിൻ കരം | തന്നിൽ ഏല്പിച്ചീടുന്നേൻ | (2) |
| 4. | ദൈവസേവ ചെയ്‌വാനും | ജയമോടു പാപത്തെ | |
| | കാൽക്കീഴിൽ മെതിപ്പാനും | തൃക്കയ്യിൽ ഏല്പിക്കുന്നേ | (2) |

| | | | |
|---|---|---|---|
| 48 | ആത്മാവിലും സത്യത്തിലും | ആരാധിക്കാൻ വരൂ | |
| | സത്യദൈവ സൂനുവിനെ | നിത്യവും വാഴ്ത്തിടാം | |
| | ഹാല്ലേലുയ്യാ ഹാല്ലേലുയ്യാ | ഹാല്ലേലുയ്യാ ഹാല്ലേലുയ്യാ | (2) |
| 1. | രാജകീയ വംശമേ വാ | രാജാധി രാജനായ് | |
| | നവ്യഗാനം ആലപിക്കാൻ | ഭവ്യതയാർന്നു വാ | (2) |
| | ഹാല്ലേലുയ്യാ ഹാല്ലേലുയ്യാ | ഹാല്ലേലുയ്യാ ഹാല്ലേലുയ്യാ | (2) |
| 2. | ദൈവ ജനം പ്രിയമോടെ | കൈവണങ്ങാൻ വരൂ | |
| | പൗരോഹിത്യ വംശമേ വാ | പുണ്യനാമം വാഴ്ത്താം | (2) |
| | ഹാല്ലേലുയ്യാ ഹാല്ലേലുയ്യാ | ഹാല്ലേലുയ്യാ ഹാല്ലേലുയ്യാ | (2) |
| 3. | രക്തത്താലെ വീണ്ടെടുത്ത | രക്ഷകൻ യേശുവിൻ | |
| | രക്ഷയേകും പൂജ്യ നാമം | സർവ്വരും വാഴ്ത്തുവിൻ | (2) |
| | ഹാല്ലേലുയ്യാ ഹാല്ലേലുയ്യാ | ഹാല്ലേലുയ്യാ ഹാല്ലേലുയ്യാ | (2) |

| | | | |
|---|---|---|---|
| 49 | ആത്മാവാം വഴികാട്ടി എന്നെ സദാ നടത്തി | കൊണ്ടുപോക വാനത്തിൽ കൂടെ സാവധാനത്തിൽ | (2) |
| | ക്ഷീണരേ സന്തോഷിപ്പിൻ തൻ ഇമ്പ മൊഴി കേൾപ്പിൻ | | |
| | "സഞ്ചാരി"! നീ കൂടെ വാ ചേർക്കാം നിന്നെ വീട്ടിൽ ഞാൻ | | (2) |
| 1. | ഉള്ളം തളർന്നേറ്റവും ആശയറ്റ നേരവും | ക്രൂശിൻ രക്തം കാണിച്ചു ആശ്വാസം നൽകീടുന്നു | (2) |
| | ശുദ്ധാത്മാവിൻ പ്രഭയിൽ ഞാനൊളിക്കും നേരത്തിൽ | ശത്രു ശല്യമൊന്നുമേ പേടിക്കേണ്ടാ എങ്ങുമേ | (2) |
| 2. | സത്യസഖി താൻ തന്നെ സർവ്വദാ എൻ സമീപെ | തുണയ്ക്കും നിരന്തരം നീക്കും ഭയം സംശയം | (2) |
| | കാറ്റുഗ്രം അടിക്കിലും ഇരുൾ കനത്തീടിലും | സഞ്ചാരി നീകൂടെവാ ചേർക്കാംനിന്നെ വീട്ടിൽഞാൻ | (2) |
| 3. | ആയുഷ്ക്കാലത്തിൻ അന്തം ചേർന്നാർത്തി പൂണ്ടനേരം | സ്വർഗ്ഗ ചിന്ത മാത്രമേ ഏകം എന്നാശ്രയമേ | (2) |
| | താൻമാത്രം ആ നേരത്തും എന്നെ ആഴം കടത്തും | സഞ്ചാരിനീ കൂടെവാ ചേർക്കാംനിന്നെ വീട്ടിൽഞാൻ | (2) |

| | | | |
|---|---|---|---|
| 50 | ആയിരം നാവുകൾ പോരാ | കർത്താവേ നിന്നെ സ്തുതിക്കാൻ | |
| | നീയേകുന്ന നന്മകൾക്കെല്ലാം | നന്ദിയാൽ നിന്നെ സ്തുതിക്കാൻ | (2) |
| 1. | ഇത്ര മാത്രം സ്നേഹം ഏകാൻ | എന്നിലെന്തു നന്മ കണ്ടു | |
| | എന്നെ ഞാൻ ഏകുന്നു നാഥാ | എന്നും നീ എന്നിൽ വസിപ്പാൻ | (2) |
| 2. | ഇന്നയോളം എന്നെ മന്നിൽ | കണ്ണിൻ മണിപോലെ കാത്തു | |
| | ആണിപ്പാടുള്ള നിൻ കയ്യാൽ | അന്ത്യം വരെ എന്നെ താങ്ങു നാഥാ | (2) |

| | | | |
|---|---|---|---|
| 51 | ആയിരങ്ങളിൽ സുന്ദരൻ, വന്ദിതൻ | ആരിലും ഉന്നതൻ ക്രിസ്തുവാം | (2) |
| 1. | അവനൊപ്പം പറയാൻ ഒരാളുമില്ല | അവനെപ്പോൽ ആരാധ്യൻ ആരുമില്ല | (2) |
| | അവനിൽ ശരണപ്പെട്ടോരാരുമെ ആരുമെ | ഒരുനാളും അലയാതെ മോദമായ്, മോദമായ് | (2) |
| | മരുവും മരുവിലും ശാന്തമായ് | | (2) |
| 2. | അവനിക്കു പൊതുവായ് നിറുത്തി ദൈവം | അവനേക്കൊണ്ടത്രെ നിരപ്പു തന്നു | (2) |
| | അവനെവിട്ടൊരുനാളും പോകുമോ, പോകുമോ | അരുതാത്തതൊന്നുമേ ചെയ്യുമോ, ചെയ്യുമോ | (2) |
| | അവനെ ഓർത്തനിശം ഞാൻ പാടിടും | | (2) |
| 3. | വരുവിൻ വണങ്ങി നമസ്ക്കരിപ്പിൻ | ഒരുമിച്ചുണർന്നു പുകഴ്ത്തിടുവിൻ | (2) |
| | ബലവും ബഹുമാനമാകവേ, ആകവേ | തിരുമുമ്പിലർപ്പിച്ചു വീഴുവിൻ, വീഴുവിൻ | (2) |
| | തിരുനാമം എന്നേക്കും വാഴ്ത്തുവിൻ | | (2) |

| | | | |
|---|---|---|---|
| 52 | ആയിരങ്ങൾ വീണാലും | പതിനായിരങ്ങൾ വീണാലും | (2) |
| | വലയമായി നിന്നെന്നെ കാത്തിടുവാൻ | ദൈവദൂതന്മാർ ഉണ്ടരികിൽ | (2) |
| 1. | അസാധ്യമായ് എനിക്കൊന്നും ഇല്ലല്ലോ | സർവ്വശക്തനാം ദൈവം എന്റെ കൂടെയുണ്ടല്ലോ | (2) |
| | സകലവും ഇന്നെനിക്ക് സാധ്യമാക്കുവാൻ | എന്റെ യേശുവിന്റെ അത്ഭുതമാം നാമമുണ്ടല്ലോ | (2) |
| 2. | ആയുധങ്ങൾ ഫലിക്കയില്ല | ഒരു തോൽവിയും ഇനി വരികയില്ല | (2) |
| | എന്നെ ശക്തനാക്കി മാറ്റിടുവാൻ | ആത്മബലം എന്റെ ഉള്ളിലുള്ളതാൽ | (2) |
| 3. | തിന്മ യായൊന്നും വരികയില്ല | എല്ലാം നന്മയായ് തീർന്നിടുമേ | (2) |
| | ബാധയതൊന്നും അടുക്കയില്ല | എന്റെ ഭവനത്തിൽ ദൈവം ഉണ്ടല്ലോ | (2) |

| | | | |
|---|---|---|---|
| 53 | ആരാധിക്കുന്നു ഞങ്ങൾ ആരാധിക്കുന്നു | ആത്മനാഥൻ യേശുവിനെ ആരാധിക്കുന്നു | |
| | ആരാധിക്കുന്നു ഞങ്ങൾ ആരാധിക്കുന്നു | ആത്മാവിലും സത്യത്തിലും ആരാധിക്കുന്നു | (2) |
| 1. | ഹല്ലേലുയ്യാ ഹല്ലേലുയ്യാ ഗീതം പാടിടാം | ഹല്ലേലുയ്യാ സ്തോത്രം പാടി ആരാധിച്ചിടാം | (2) |
| 2. | ഇന്നു ഞങ്ങൾ വിശ്വാസത്താൽ ആരാധിക്കുന്നു | അന്നു നാഥൻ മുഖം കണ്ടു ആരാധിച്ചിടും | (2) |
| 3. | സാറാഫുകൾ ആരാധിക്കും പരിശുദ്ധനേ | സന്തോഷത്താൽ സ്വന്ത മക്കൾ ആരാധിക്കുന്നു | (2) |
| 4. | ബന്ധനം അഴിയും കെട്ടുകൾ അഴിയും ആരാധനയിങ്കൽ | ബാധകളൊഴിയും കോട്ടകൾ തകരും ആരാധനയിങ്കൽ | (2) |
| 5. | രോഗം മാറും ക്ഷീണം മാറും ആരാധനയിങ്കൽ | മൺകുടം ഉടയും തീ കത്തീടും ആരാധനയിങ്കൽ | (2) |
| 6. | അപ്പോസ്തോലർ രാത്രികാലേ ആരാധിച്ചപ്പോൾ | ചങ്ങലപൊട്ടി ബന്ധിതരെല്ലാം മോചിതരായല്ലോ ങ്ങ | (2) |

| | | | |
|---|---|---|---|
| 54 | ആരാധിക്കുന്നു ഞങ്ങൾ നിൻ സന്നിധിയിൽ | സ്തോത്രത്തോടെന്നും | |
| | ആരാധിക്കുന്നു ഞങ്ങൾ നിൻ സന്നിധിയിൽ | നന്ദിയോടെന്നും | |
| | ആരാധിക്കുന്നു ഞങ്ങൾ നിൻ സന്നിധിയിൽ | നന്മയോർത്തെന്നും | |
| | ആരാധിക്കാം യേശു കർത്താവിനെ | ആരാധിക്കാം യേശു കർത്താവിനെ | (2) |
| 1. | നമ്മെ സർവ്വം മറന്ന് തൻ സന്നിധിയിൽ | ധ്യാനത്തോടിന്ന് | |
| | നമ്മെ സർവ്വം മറന്ന് തൻ സന്നിധിയിൽ | മോദമോടിന്ന് | |
| | നമ്മെ സർവ്വം മറന്ന് തൻ സന്നിധിയിൽ | കീർത്തനങ്ങളാൽ | (2) |
| 2. | നീയെൻ സർവ്വനീതിയും ആയിത്തീർന്നതാൽ | ഞാൻ പൂർണ്ണനായ് | |
| | നീയെൻ സർവ്വനീതിയും ആയിത്തീർന്നതാൽ | ഞാൻ ഭാഗ്യവാൻ | |
| | നീയെൻ സർവ്വനീതിയും ആയിത്തീർന്നതാൽ | ഞാൻ ധന്യനായ് | (2) |

| | | | |
|---|---|---|---|
| 55 | ആരാധനയ്ക്കു യോഗ്യനെ നിന്നെ ഞങ്ങൾ | ആരാധിച്ചീടുന്നിതാ | |
| | ആഴിയും ഊഴിയും നിർമ്മിച്ച നാഥനെ | | |
| | ആത്മാവിൽ ആരാധിക്കും കർത്താവിനെ | നിത്യം സ്തുതിച്ചിടും ഞാൻ | (2) |
| 1. | പാപത്താൽ നിറയപ്പെട്ട എന്നെ നിന്റെ പാണിയാൽ പിടിച്ചെടുത്തു | | (2) |
| | പാവന നിണം തന്നു പാപത്തിൻ കറപോക്കി | | |
| | രക്ഷിച്ചതാൽ നിന്നെ ഞാൻ എന്നാളും ആത്മാവിൽ ആരാധിക്കും | | (2) |
| 2. | വാഗ്ദത്തം പോലെ നിന്റെ സന്നിധാനെ നിൻമക്കൾ കൂടിടുമ്പോൾ | | (2) |
| | മദ്ധ്യേ വന്നനുഗ്രഹം ചെയ്തിടാം എന്നുര | | |
| | ചെയ്തവൻ നീ മാത്രമായ് നിന്നെ ഞങ്ങൾ ആത്മാവിൽ ആരാധിക്കും | | (2) |
| 3. | ആദിമ നൂറ്റാണ്ടിൽ നിൻ ദാസന്മാർ മർക്കോസിൻ മാളികയിൽ | | (2) |
| | നിന്നാവി പകർന്ന പോൽ നിൻ ദാസർ മദ്ധ്യത്തിൽ | | |
| | നിൻ ശക്തി അയച്ചീടുക നിന്നെ ഇന്നു ആത്മാവിൽ ആരാധിക്കാൻ | | (2) |
| 4. | കെട്ടുകളഴിഞ്ഞിടട്ടെ വൻ രോഗങ്ങൾ പൂർണ്ണമായ് നീങ്ങിടട്ടെ | | (2) |
| | നിൻ സഭ വളർന്നിട്ടങ്ങ് എണ്ണത്തിൽ പെരുകിടാൻ | | |
| | ആത്മാവിൽ ആരാധിക്കും കർത്താവിനെ നിത്യം സ്തുതിച്ചീടും ഞാൻ | | (2) |
| 5. | ഹോരേബിൽ മോശ കണ്ട മുൾപ്പടർപ്പിൽ കത്തിയതാം അഗ്നിയെ | | (2) |
| | നിൻ ദാസരിൽ പകർന്നത്ഭുതം ചെയ്യുവാൻ | | |
| | ബന്ധനം അഴിഞ്ഞിട്ടിന്ന് നിന്നെ ഞങ്ങൾ ആത്മാവിൽ ആരാധിപ്പാൻ | | (2) |

| | | | |
|---|---|---|---|
| 56 | ആരാധിക്കുമ്പോൾ വിടുതൽ | ആരാധിക്കുമ്പോൾ സൗഖ്യം | (2) |
| | ദേഹം ദേഹി ആത്മാവിൽ സമാധാന സന്തോഷം | ദാനമായ് നാഥൻ നൽകീടും | (2) |
| | പ്രാർത്ഥിക്കാം ആത്മാവിൽ ആരാധിക്കാം കർത്തനെ | നല്ലവൻ അവൻ വല്ലഭൻ | (2) |
| | വിടുതൽ എന്നും പ്രാപിക്കാം | വിടുതൽ എന്നും പ്രാപിക്കാം | (2) |
| 1. | യാചിപ്പീൻ എന്നാൽ ലഭിക്കും | അന്വേഷിപ്പീൻ കണ്ടെത്തും | (2) |
| | മുട്ടുവീൻ തുറക്കും സ്വർഗ്ഗത്തിൻ-കലവറ | പ്രാപിക്കാം എത്രയോ നന്മകൾ | (2) |
| 2. | മടുത്തു പോകാതെ പ്രാർത്ഥിക്കാം | വിശ്വാസത്തോടെ പ്രാർത്ഥിക്കാം | (2) |
| | നീതിമാന്റെ പ്രാർത്ഥന ശ്രദ്ധയുള്ള പ്രാർത്ഥന | ഫലിക്കും രോഗിക്കു സൗഖ്യമായ് | (2) |

| | | | |
|---|---|---|---|
| 57 | ആർ നിവസിക്കും യാഹെ നിൻ ശിബിരത്തിൽ | ഏവൻ പാർക്കും നിർമ്മലമാം നിന്മലയിൽ | |
| 1. | അകളങ്കം നീതി പുലർത്തുന്നോൻ | നിജ മനസ്സാ നേരുര ചെയ്യുന്നോൻ | (2) |
| 2. | തൻ നാവാൽ പൊളിവചനം ലവലേശം പറയാത്തോൻ | തൻ കൂട്ടാളിക്കുപകാരം ചെയ്യുന്നോൻ | (2) |
| 3. | മാനക്കേടാൽ സ്നേഹിതരെ താഴ്ത്താത്തോൻ | കശ്മലരെ കയ്പായ് കരുതുന്നോൻ | (2) |
| 4. | സാത്വികരെ ബഹുമാനിക്കുന്നോൻ | നഷ്ടം നേരിട്ടാലും സത്യത്തെ വെടിയാത്തോൻ | (2) |
| 5. | ആർ നിവസിക്കും യാഹെ നിൻ ശിബിരത്തിൽ | ഏവൻ പാർക്കും നിർമ്മലമാം നിൻ മലയിൽ | (2) |
| 6. | തൻ ദ്രവ്യം പലിശയ്ക്കേകാത്തോൻ | അപരാധം ചെയ്യാത്തോനെതിരായ് | (2) |
| 7. | കോഴയഹോ വാങ്ങാത്തോൻ | നിസ്തുലനായ് നില കൊള്ളും | (2) |

| | | | |
|---|---|---|---|
| 58 | ആരിവർ ആരിവർ നിലയങ്കി ധരിച്ച ഇവരാർ? | | |
| | അല്ലയോ ഏറിയ ഉപദ്രവം അതിൽ നിന്നു വന്ന മനുജരിവർ | | (2) |
| 1. | അങ്കികൾ കുഞ്ഞാട്ടിൻ തിരു | ചങ്കതിൽ നിന്നൊഴുകും | |
| | തങ്കച്ചോരയിൽ കഴുകി അവർ | അങ്കികൾ വെളുപ്പിച്ചഹോ | (2) |
| 2. | ആകയാൽ അവർ ഇനിയും ദൈവ | സിംഹാസനത്തിൻ മുന്നിൽ | |
| | ആകവെ ഇരുന്നു തന്നാലയത്തിൽ | രാപ്പകലവൻ സേവ ചെയ്യും | (2) |
| 3. | സിംഹാസനസ്ഥനീശൻ | വാസമാകുമവർ നടുവിൽ | |
| | ദാഹം വിശപ്പുമില്ലാ വെയിൽ ചൂടുമില്ല | സുഖം അവർക്കെന്നും അഹോ | (2) |

| | | | |
|---|---|---|---|
| 59 | ആരെ ഭയപ്പെടുന്നു വിശ്വാസി ഞാൻ | ചാരെയുണ്ടേശു എന്റെ | (2) |
| 1. | കാരുണ്യ കർത്തനെൻ ചാരത്തിങ്ങുള്ളപ്പോൾ | ഏതും ഭയം വേണ്ടല്ലോ - എന്റെ | (2) |
| | പാരിടവാസത്തിൻ കാലമതൊക്കെയും | ആയവൻ തന്നെ തുണ | (2) |
| 2. | വേലികെട്ടീട്ടുണ്ട് മാലാഖമാരെന്റെ | ആലയം കാവലുണ്ട് - അതാൽ | (2) |
| | ബാധകളൊന്നുമെൻ വാസസ്ഥലത്തോ | ടതിക്രമം ചെയ്കയില്ലാ | (2) |
| 3. | മഞ്ഞും വെയിലും ഭയപ്പെടേണ്ട ദൈവം | പഞ്ഞത്തിലും പോറ്റിടും - തന്റെ | (2) |
| | കുഞ്ഞുങ്ങളിൻ ക്രിയ കൊഞ്ഞയെന്നാകിലും | കുറ്റം നോക്കുന്നില്ല താൻ | (2) |
| 4. | സാത്താൻ എന്നേപ്പറ്റി ചീത്ത പറഞ്ഞാലും | ചിത്തമിളക്കുന്നില്ല - ലോക | (2) |
| | മർത്ത്യരെന്നെ പകച്ചാലുമെൻ ക്രിസ്തേശു | കർത്തനെൻ പക്ഷത്തുണ്ട് | (2) |
| 5. | പെട്ടെന്നാപത്തുകൾ ഒട്ടേറെ വന്നാലും | കിട്ടും സഹായമപ്പോൾ - എന്റെ | (2) |
| | സ്രഷ്ടാവിന്റെ കനിവേറുന്ന ദൃഷ്ടികൾ | ഇഷ്ടമായ് നോക്കുന്നെന്നെ | (2) |
| 6. | ചാവിന്നു വന്നാലും ഖേദമെനിക്കില്ല | ജീവനിൽ പ്രകാശിക്കാം - എന്റെ | (2) |
| | ഭൂവിലെ കഷ്ടങ്ങൾ നീങ്ങുകയാൽ | ദൈവ നാമത്തിന്നല്ലേലൂയ്യാ | (2) |

| | | | |
|---|---|---|---|
| 60 | ആരു സഹായിക്കും? ലോകം തുണയ്ക്കുമോ? | ജീവൻ പോയിടുമ്പോൾ ആശ്രയം ആരുള്ളൂ? | (2) |
| 1. | സ്നേഹിതന്മാർ വന്നാൽ ചേർന്നരികിൽ നിൽക്കും | ക്ലേശമോടെല്ലാരും കണ്ണുനീർ തൂകിടും | (2) |
| 2. | ജീവന്റെ നായകൻ ദേഹിയെ ചോദിച്ചാൽ | ഇല്ലില്ലെന്നോതുവാൻ ഭൂതലേ ആരുള്ളൂ? | (2) |
| 3. | ഭാര്യ മക്കൾ ബന്ധു മിത്രരും അന്ത്യത്തിൽ | ഖേദം പെരുകീട്ടു മാർവ്വിൽ അടിക്കുന്നു | (2) |
| 4. | ഏവനും താൻ ചെയ്ത കർമ്മങ്ങൾക്കൊത്ത പോൽ | ശീഘ്രമായ് പ്രാപിപ്പാൻ ലോകം വിട്ടീടുന്നു | (2) |
| 5. | കൺകളടയുമ്പോൾ കേൾവി കുറയുമ്പോൾ | എൻ മണാളാ! നിൻ ക്രൂശിനെ കാണിക്ക | (2) |
| 6. | ദൈവമേ! നിൻ മുന്നിൽ ഞാൻ വരും നേരത്തിൽ | നിന്മുഖ വാത്സല്യം നീയെനിക്കേകണേ! | (2) |
| 7. | യേശു മണവാളാ! സകലവും മോചിച്ചു | നിന്നരികിൽ നില്പാൻ യോഗ്യനാക്കേണമേ! | (2) |
| 8. | പൊന്നു കർത്താവേ! നിൻ തങ്ക രുധിരത്താൽ | ജീവിത വസ്ത്രത്തിൻ വെണ്മയെ നൽകണേ! | (2) |

| | | | |
|---|---|---|---|
| 61 | ആരും ഇല്ല നീ ഒഴികെ ചാരുവാൻ ഒരാൾ | പാരിൽ എൻ പ്രിയാ | |
| | നീറി നീറി ഖേദങ്ങൾ മൂലം | എരിയുന്ന മാനസം | (2) |
| | നിൻ തിരു മാർവ്വിൽ ചാരുമ്പോൾ | അല്ലാതാശ്വസിക്കുമോ, ആശ്വസിക്കുമോ | (2) |
| 1. | എളിയവർ തൻ മക്കൾക്കീ ലോകം ഏതും | അനുകൂലം അല്ലല്ലോ നാഥാ | (2) |
| | വലിയവനാം നീ അനുകൂലമാണെൻ | ബലവും മഹിമയും നീ താൻ | (2) |
| 2. | പ്രിയരെന്നു കരുതുന്ന സഹജരെന്നാലും | പ്രിയലേശം ഇല്ലാതെ ആകും | (2) |
| | പ്രിയനേ നിൻ സ്നേഹം കുറയാതെ എന്നിൽ | നിയതം തുടരുന്നു മന്നിൽ | (2) |
| 3. | ഗിരികളിൽ കൺകൾ ഉയർത്തി ഞാൻ ഓതും | എവിടെ ആണെന്റെ സഹായം | (2) |
| | വരും എൻ സഹായം ഉലകം ആകാശം | ഇവ ഉളവാക്കിയ നിന്നാൽ | (2) |

| | | | |
|---|---|---|---|
| 62 | ഇമ്മാനുവേൽ തൻ ചങ്കതിൽ നിന്നൊഴുകും രക്തം | പാപക്കറ നീക്കുമതിൽ മുങ്ങിത്തീർന്നാൽ ആരും | (2) |
| | എൻ പേർക്കേശു മരിച്ചെന്നു | ഞാൻ വിശ്വസിക്കുന്നു | |
| | പാപം എന്നിൽ നിന്നു നീക്കാൻ | യേശു രക്തം ചിന്തി | (2) |
| 1. | കള്ളൻ ക്രൂശിൽ പാപശാന്തി കണ്ടീയുറവയിൽ | അവനെപ്പോൽ ഞാനും ദോഷി കണ്ടേൻ പ്രതിശാന്തി | (2) |
| 2. | കുഞ്ഞാട്ടിൻ വിലയേറിയ രുധിരത്തിൻ ശക്തി | വീണ്ടുകൊള്ളും ദൈവസഭ ആകെ വിശേഷമായ് | (2) |
| 3. | തൻമുറിവിൻ രക്തനീർ ഞാൻ കണ്ടന്നു മുതൽ തൻ | വീണ്ടെടുപ്പിൻ സ്നേഹംതാനെൻ ചിന്തയിന്നുമെന്നും | (2) |
| 4. | വിക്കുള്ള എന്റെയീ നാവ് ശവക്കുഴിക്കുള്ളിൽ | മൗനം എന്നാൽ എൻ ആത്മാവ് പാടും ഉന്നതത്തിൽ | (2) |

| | | | | |
|---|---|---|---|---|
| 63 | ഇതെന്തു ഭാഗ്യം യേശു നാഥനോടു ചേർന്നു ഞാനിതാ | | | |
| | ഇത്ര ശ്രേഷ്ഠ നാഥനെന്റെ മിത്രമായ് ഭവിച്ചു ഹാ ! | | | (2) |
| 1. | ഒരിക്കലും പിരിഞ്ഞു പോയിടാത്തൊരുറ്റ സ്നേഹിതൻ | (2) | ശരിക്കു സൽ പ്രബോധനങ്ങൾ തന്നു താങ്ങിടുന്നവൻ | (2) |
| | തനിക്കു തുല്യനില്ല ഭൂവിൽ അന്യൻ ഇത്ര നല്ലവൻ | | | (2) |
| 2. | കരുത്തനാമവൻ കരത്തിനാൽ പിടിച്ചിരിക്കയാൽ | (2) | ഒരുത്തനും പിടിച്ചു വേർപിരിക്കുവാൻ കഴിഞ്ഞിടാ | (2) |
| | വിരുദ്ധമായ് വരുന്നതൊന്നും ഏതുമേ ഭയന്നിടാ | | | (2) |
| 3. | അനാഥനല്ല ഞാനിനി അനുഗ്രഹാവകാശിയായ് | (2) | അനാദി നിർണ്ണയപ്രകാരം എന്നെയും വിളിക്കയാൽ | (2) |
| | വിനാശമില്ലെനിക്കിനി അനാമയം വസിച്ചിടാം | | | (2) |
| 4. | പ്രമോദമെന്നു ഭൂമയർ ഗണിച്ചിടുന്നതൊക്കെയും | (2) | പ്രമാദം എന്നറിഞ്ഞു ഞാൻ അവനടുത്തണഞ്ഞതാൽ | (2) |
| | പ്രസാദം ഉള്ളതെന്തവന്നതെന്നറിഞ്ഞ് അമർന്നിടാം | | | (2) |

| | | | |
|---|---|---|---|
| 64 | ഇത്രത്തോളം ജയം തന്ന ദൈവത്തിനു സ്തോത്രം | ഇതുവരെ കരുതിയ രക്ഷകനു സ്തോത്രം | (2) |
| | ഇനിയും കൃപ തോന്നി കരുതിടീടണേ | ഇനിയും നടത്തണേ തിരുഹിതം പോൽ | (2) |
| 1. | നിന്നതല്ല നാം ദൈവം നമ്മെ നിറുത്തിയതാം | നേടിയതല്ല ദൈവമെല്ലാം തന്നതല്ലേ | (2) |
| | നടത്തിയ വിധങ്ങൾ ഓർത്തിടുമ്പോൾ | നന്ദിയോടെ നാഥനു സ്തുതി പാടിടാം | (2) |
| 2. | സാദ്ധ്യതകളോ അസ്തമിച്ചു പോയിടുമ്പോൾ | സോദരങ്ങളോ അകന്നങ്ങു മാറിയപ്പോൾ | (2) |
| | സ്നേഹം തന്നു വീണ്ടെടുത്ത യേശുനാഥൻ | സകലത്തിലും ജയം നൽകുമല്ലോ | (2) |
| 3. | ഉയർത്തില്ലെന്ന് ശത്രുഗണം വാദിച്ചപ്പോൾ | തകർക്കുമെന്ന് ഭീതിയും മുഴക്കിടുമ്പോൾ | (2) |
| | പ്രവൃർത്തിയിൽ വലിയവൻ യേശുനാഥൻ | കൃപ നൽകും ജയഘോഷം ഉയർത്തീടുവാൻ | (2) |

| | | | |
|---|---|---|---|
| 65 | ഇത്രത്തോളം യഹോവ സഹായിച്ചു | ഇത്രത്തോളം ദൈവം എന്നെ നടത്തി | (2) |
| | ഒന്നും ഇല്ലായ്കയിൽ നിന്നെന്നെ ഉയർത്തി | ഇത്രത്തോളം യഹോവ സഹായിച്ചു | (2) |
| 1. | ഏകനായ് അന്യനായ് പരദേശിയായ് | നാടും വീടും വിട്ടു ഞാൻ അലഞ്ഞപ്പോൾ | (2) |
| | സ്വന്ത നാട്ടിൽ ചേർത്തു കൊള്ളാം എന്നുരച്ച നാഥനേ | ഇത്രത്തോളം യഹോവ സഹായിച്ചു | (2) |
| 2. | ഹാഗാറിനെപ്പോലെ ഞാൻ കരഞ്ഞപ്പോൾ | യാക്കോബിനെപ്പോലെ ഞാൻ വലഞ്ഞപ്പോൾ | (2) |
| | മരുഭൂവിൽ എനിക്കായ് ജീവജലം ഒരുക്കി | ഇത്രത്തോളം യഹോവ സഹായിച്ചു | (2) |
| 3. | കണ്ണുനീരും ദു:ഖവും നിരാശയും | പൂർണ്ണമായ് തീർന്നിടും ദിനം വരും | (2) |
| | അന്നു കാണും ദൂതർമദ്ധ്യേ ആർത്തുപാടും ശുദ്ധരുമായ് | ഇത്രത്തോളം യഹോവ സഹായിച്ചു | (2) |

| | | | |
|---|---|---|---|
| 66 | ഇത്ര മാത്രം എന്നെ സ്നേഹിപ്പാൻ .. | ഞാൻ എന്തുമാത്രം എന്നേശുവേ | |
| | ഇത്ര നൽ കൃപയ്ക്കു പാത്രനാക്കി തീർത്തു | പുത്രത്വം നൽകി നീ ചേർത്തുവല്ലോ | (2) |
| 1. | വഴി തെറ്റി അലഞ്ഞ അജമായിരുന്നെന്നെ | തേടി വന്നണച്ച സ്നേഹമാശ്ചര്യം | |
| | തോളിലേറ്റിച്ചുമന്നു വിടുവിച്ചതോർക്കുമ്പോൾ | നന്ദിയാൽ എൻ കൺകൾ നിറഞ്ഞിടുന്നേ | (2) |
| 2. | എൻ സ്വന്തകാതുകളിൽ കേട്ടതൊക്കെ ഓർത്താൽ | നീയല്ലാതില്ലല്ലോ വേറൊരു ദൈവം | |
| | നിൻ നാമം എന്നിലും വിളിക്കപ്പെട്ടുവല്ലോ | മഹത്വത്തിൽ നിന്നോടൊത്തു ഞാനുമിരിപ്പാൻ | |
| 3. | വ്യാജത്തെ നോക്കാതെ കൺകളെ തിരിച്ച് | സത്യത്തിൻ പാതയിൽ ജീവിപ്പിക്കണേ | (2) |
| | വിശുദ്ധി എൻ അലങ്കാരം നിന്നിഷ്ടമാകയാൽ | ആനന്ദമാക്കണേ നിൻ കൺകൾക്കെന്നെയും | |
| 4. | മനം നൊന്തു കേണിടും നേരം നീ എന്നെയും | മാതൃതുല്യം മാർവ്വതിൽ അണയ്ക്കുന്നോനേ | |
| | ഇടങ്കയ്യിൽ എനിക്കു നീ വിശ്രാമം നൽകിടും | വലങ്കൈയ്യാൽ എന്നെ നീ ആശ്ലേഷിച്ചിടും | (2) |
| 5. | താതൻ തൻ പുത്രനെ ആദരിക്കുന്നതുപോൽ | നിൻ സേവകരെ നീ ആദരിക്കുമ്പോൾ | |
| | ആ ദിനം വിശ്വസ്തനായ് തിരുമുമ്പിൽ നിൽക്കുവാൻ | നിൻ ദിവ്യ കൃപയിൽ കാക്കണേ നാഥാ | (2) |

| | | | |
|---|---|---|---|
| 67 | ഇന്നയോളം എന്നെ നടത്തി | ഇന്നയോളം എന്നെ പുലർത്തി | (2) |
| | എന്റെ യേശു എത്ര നല്ലവൻ | അവൻ എന്നും എന്നും മതിയായവൻ | (2) |
| 1. | എന്റെ പാപ ഭാരമെല്ലാം | തന്റെ ചുമലിൽ ഏറ്റുകൊണ്ട് | (2) |
| | എനിക്കായ് കുരിശിൽ മരിച്ചു | എന്റെ യേശു എത്ര നല്ലവൻ | (2) |
| 2. | എന്റെ ആവശ്യങ്ങളറിഞ്ഞ് | ആകാശത്തിൻ കിളിവാതിൽ തുറന്ന് | (2) |
| | എല്ലാം സമൃദ്ധിയായ് നൽകിടുന്ന | എന്റെ യേശു നല്ല ഇടയൻ | (2) |
| 3. | മനോ ഭാരത്താൽ അലഞ്ഞ് | മനോ വേദനയാൽ നിറഞ്ഞ് | (2) |
| | മനം ഉരുകി ഞാൻ കരഞ്ഞിടുമ്പോൾ | എന്റെ യേശു എത്ര നല്ലവൻ | (2) |
| 4. | രോഗശയ്യയിൽ എനിക്കു വൈദ്യൻ | ശോക വേളയിൽ ആശ്വാസകൻ | (2) |
| | കൊടും വെയിൽ അതിൽ തണലും അവൻ | എന്റെ യേശു എത്ര വല്ലഭൻ | (2) |
| 5. | ഒരു നാളും കൈ വിടില്ല | ഒരു നാളും ഉപേക്ഷിക്കില്ല | (2) |
| | ഒരു നാളും മറക്കുകില്ല | എന്റെ യേശു എത്ര വിശ്വസ്തൻ | (2) |
| 6. | എന്റെ യേശു വന്നിടുമ്പോൾ | തിരുമാർവ്വോടണഞ്ഞിടും ഞാൻ | (2) |
| | പോയപോൽ താൻ വേഗം വരും | എന്റെ യേശു എത്ര നല്ലവൻ | (2) |

| | | | |
|---|---|---|---|
| 68 | ഇന്നയോളം തുണച്ചോനേ | ഇനിയും തുണെക്ക | |
| | ഇഹ ദുഃഖെ രക്ഷയും നീ | ഈ എൻ നിത്യ ഗൃഹം | (2) |
| 1. | നിൻ സിംഹാസന നിഴലിൽ | നിൻ ശുദ്ധർ പാർക്കുന്നു | |
| | നിൻ ഭുജം മതി അവർക്കു | നിർഭയം വസിപ്പാൻ | (2) |
| 2. | പർവ്വതങ്ങൾ നടും മുമ്പെ | പണ്ടു ഭൂമിയെക്കാൾ | |
| | പരനേ നീ അനാദിയായ് | പാർക്കുന്നല്ലോ സദാ | (2) |
| 3. | ആയിരം വർഷം നിനക്കു | ആകുന്നിന്നലെ പോൽ | |
| | ആദിത്യോദയ മുമ്പിലെ | അല്പയാമം പോലെ | (2) |
| 4. | നിത്യനദി പോലെ കാലം | നിത്യം തൻ മക്കളെ | |
| | നിത്യത്വം പൂകിപ്പിക്കുന്നു | നിദ്ര പോലെയത്രെ | (2) |
| 5. | ഇന്നയോളം തുണച്ചോനേ | ഇനിയും തുണക്ക | |
| | ഇഹം വിട്ടു പിരിയുമ്പോൾ | ഈ എൻ നിത്യ ഗൃഹം | (2) |

| | | | |
|---|---|---|---|
| 69 | ഇന്നു പകൽ മുഴുവൻ | കരുണയോടെന്നെ സൂക്ഷിച്ചവനേ! | |
| | നന്ദിയോടെ തിരുനാമത്തിന്നു | സദാ വന്ദനം ചെയ്തീടുന്നേൻ | (2) |
| 1. | അന്നവസ്ത്രാദികളും | സുഖം ബലം എന്നിവകൾ സമസ്തം | |
| | തന്നടിയാനെ നിത്യം | പോറ്റിടുന്ന ഉന്നതൻ നീ പരനേ | (2) |
| 2. | മന്നിടം തന്നിലിന്നു | പലജനം ഖിന്നരായ് മേവിടുമ്പോൾ | |
| | നിന്നടിയാനു സുഖം | തന്ന കൃപ വന്ദനീയം പരനേ | (2) |
| 3. | തെറ്റു കുറ്റങ്ങളെന്നിൽ | വന്നതളവറ്റ നിന്റെ കൃപയാൽ | |
| | മുറ്റും ക്ഷമിക്കേണമേ | അടിയനെ ഉറ്റു സ്നേഹിപ്പവനേ | (2) |
| 4. | എൻ കരുണേശനുടെ | ബലമെഴും തങ്കനാമം എനിക്കു | |
| | സങ്കേത പട്ടണമാം | അതിലകം ശങ്കയെന്യേ വസിക്കും | (2) |
| 5. | വല്ലഭൻ നീയുറങ്ങാതെ | നിന്നെന്നെ നല്ലപോൽ കാത്തീടുമ്പോൾ | |
| | ഇല്ല രിപുഗണങ്ങൾക്ക | ധികാരം ഇല്ലല്ലൽ പെടുത്തിടുവാൻ | (2) |
| 6. | ശാന്തതയോടു കർത്താ | തിരു മുമ്പിൽ ചന്തമായ് ഇന്നുറങ്ങി | |
| | സന്തോഷമോടുണരേണം | ഞാൻ തിരുകാന്തി കണ്ടുല്ലസിപ്പാൻ | (2) |

| | | | |
|---|---|---|---|
| 70 | ഇഹത്തിലെ ദുരിതങ്ങൾ തീരാറായ് നാം | പരത്തിലേയ്ക്കുയരും നാൾ വരുമല്ലോ | |
| | വിശുദ്ധന്മാർ ഉയിർക്കും പറന്നുയരും വേഗം | വന്നിടും കാന്തന്റെ മുഖം കാണ്മാൻ | |
| | വാന സേനയും ആയ് വരും പ്രിയൻ | വാന മേഘേ വരുമല്ലോ | (2) |
| | വരവേറ്റം സമീപമായ് ഒരുങ്ങുക സഹജരേ | സ്വർഗ്ഗീയ മണാളനെ എതിരേൽപ്പാൻ | (2) |
| 1. | അവർ തന്റെ ജനം താൻ അവരോടു കൂടെ | വസിക്കും കണ്ണീരെല്ലാം തുടച്ചിടും നാൾ | (2) |
| | മൃത്യുവും ദു:ഖവും മുറവിളിയും | നിന്ദ കഷ്ടതയും ഇനി തീണ്ടുകില്ല | (2) |
| 2. | കൊടുങ്കാറ്റലറി വന്നു കടലിളകീടിലും | കടൽ അലകളിൽ എന്നെ കൈവിടാത്തവൻ | (2) |
| | കരം തന്നു കാത്തു സൂക്ഷിച്ചരുമയായി | തന്റെ വരവിൻ പ്രത്യാശയോടെ നടത്തീടുമേ | (2) |
| 3. | തൻ കൃപകൾ എന്നും ഓർത്തു പാടിടും ഞാൻ | തന്റെ മുഖശോഭ നോക്കി ഓടിടും ഞാൻ | (2) |
| | പെറ്റതള്ള തൻ കുഞ്ഞിനെ മറന്നിടിലും | എന്നെ മറക്കാത്ത മന്നവൻ മാറാത്തവൻ | (2) |

| | | | |
|---|---|---|---|
| 71 | ഇളകിടാത്ത രാജ്യം നാം പ്രാപിച്ചിടുവാൻ | | |
| | ഭയ ഭക്തിയോടേശുവെ സേവിച്ചിടാം | സ്വർപ്പുരം നമുക്കു സ്വന്തമേ | (2) |
| 1. | ആഴിയും ഭൂമിയും ആകാശത്തിൽ ശക്തിയെല്ലാം | ആകെയും ഇളകി എന്നാലും | |
| | അത്യുന്നതൻ മറവിൽ വസിച്ച് സർവ്വശക്തൻ നിഴലതിൽ പാർക്കും | ശുദ്ധർ നില്ക്കും നിർഭയം | (2) |
| 2. | സർവ്വായുധ വർഗ്ഗം ധരിച്ച തൻ വ്രതഗണങ്ങൾ | ശത്രുവിൻ ശക്തിയെ ജയിച്ചിടും | |
| | സാത്താൻ ആകാശത്തു നിന്നും മിന്നൽ പോലെ വീഴുന്നു | അവനെ കാൽകീഴെ ചതച്ചീടാം | (2) |
| 3. | വേദനകൾ യാതനകൾ മൃത്യു വന്നെന്നാലും | സോദരരെല്ലാം കൈവിട്ടാലും | |
| | അഗ്നിശോധനയിലൂടെ കടന്നീടേണ്ടി വന്നാലും | കൃപയാൽ നാം ജയാളികളാകും | (2) |
| 4. | യാഹിൽ മാത്രം ആശ്രയിച്ചീടുന്ന തൻ ജനങ്ങൾ കുലുങ്ങിടാത്ത | സീയോൻ പോലെ നിൽക്കും | |
| | ഗിരികളാലെ വലയം ചെയ്യപ്പെട്ടതാം ശാലേമേപ്പോൽ | കർത്തൻ തൻ ജനത്തെ കാത്തിടും | (2) |
| 5. | കഷ്ടത നിറഞ്ഞതാമീ ദുഷ്ട ഭൂതലത്തിൽ | നിലനില്ക്കുന്ന നഗരമില്ലല്ലോ | |
| | സുസ്ഥിരമാം സീയോനെ പണിതു കർത്തൻ വന്നിടും | മഹത്വത്തിൽ നാം ഒന്നായ് ചേർന്നിടും | (2) |

| | | | |
|---|---|---|---|
| 72 | ഈ മരുയാത്രയതിൽ | ഞാൻ തളർന്നു പോയിടാതെ | |
| | തൻ കരമതിനാൽ പിടിച്ചു നടത്തിടും | യേശു നല്ലവൻ എന്റെ യേശു നല്ലവൻ | (2) |
| 1. | ഈ ദുഷ്ട ലോകമതിൽ ഞാൻ | വിശുദ്ധിയിൽ വളർന്നിടുവാൻ | |
| | തൻ തിരുവഴികളിൽ നടത്തിടുന്നവനാം | യേശു നല്ലവൻ എന്റെ യേശു നല്ലവൻ | (2) |
| 2. | രോഗത്തിൻ കാഠിന്യത്താൽ | എൻ ദേഹം ക്ഷയിച്ചീടിലും | |
| | മനസ്സലിവോടെ സൗഖ്യം നൽകിടുന്ന | യേശു നല്ലവൻ എന്റെ യേശു നല്ലവൻ | (2) |
| 3. | വൈരിയിൻ കെണികളിൽ നിന്നും | വിടുവിച്ചു സൂക്ഷിച്ചിടും | |
| | ജയോത്സവമായി എന്നെ നടത്തിടും | യേശു നല്ലവൻ എന്റെ യേശു നല്ലവൻ | (2) |
| 4. | ഈ മൺ കൂടാരത്തിൽ ഞാൻ | ഞരങ്ങി വസിക്കുന്നതാൽ | |
| | തൻ ദിവ്യ ശക്തിയാൽ മറുരൂപമാക്കിടും | യേശു നല്ലവൻ എന്റെ യേശു നല്ലവൻ | (2) |

| | | | |
|---|---|---|---|
| 73 | ഈ ഗേഹം വിട്ടു പോകിലും | ഈ ദേഹം കെട്ടുപോകിലും | (2) |
| | കർത്തൻ കാഹള നാദത്തിൽ | ഒത്തു ചേർന്നിടും നാമിനി | (2) |
| 1. | വിൺ ഗേഹം പൂകിടുമന്ന് | വിൺ ദേഹം ഏകിടുമന്ന് | (2) |
| | കർത്തൻ കാഹള നാദത്തിൽ | ഒത്തു ചേർന്നിടും നാമിനി | (2) |
| 2. | കൂട്ടുകാർ പിരിഞ്ഞിടും | വീട്ടുകാർ കരഞ്ഞിടും | (2) |
| | കർത്തൻ കാഹള നാദത്തിൽ | ഒത്തു ചേർന്നിടും നാമിനി | (2) |
| 3. | വേണ്ട ദു:ഖം തെല്ലുമേ | ഉണ്ടു പ്രത്യാശയിൻ ദിനം | (2) |
| | കർത്തൻ കാഹള നാദത്തിൽ | ഒത്തു ചേർന്നിടും നാമിനി | (2) |
| 4. | കഷ്ടം ദു:ഖം മരണവും | മാറിപ്പോയിടും അന്ന് | (2) |
| | കർത്തൻ കാഹള നാദത്തിൽ | ഒത്തു ചേർന്നിടും നാമിനി | (2) |
| 5. | കോടാകോടി ശുദ്ധരുമായ് | പ്രിയൻ കൂടെ വാഴുവാൻ | (2) |
| | കർത്തൻ കാഹള നാദത്തിൽ | ഒത്തു ചേർന്നിടും നാമിനി | (2) |

| | | | |
|---|---|---|---|
| 74 | ഉണരുക സീയോൻ സഞ്ചാരികളെ | നവബലം അണിയുക ദിനവും | |
| | അലറിടും കേസരി പോലെ സാത്താൻ | അവനിയിൽ അലയും കാലം | (2) |
| | കാവൽക്കാരാ .. കാവൽക്കാരാ | കാഹളം മുഴക്കീടുക നീ | |
| | നിന്റെ കണ്ണിനു വിശ്രാമമരുതേ | കൺപോളകൾ മയങ്ങീടരുതേ | (2) |
| 1. | അടിമകൾ അല്ലാ ഇനിമേൽ നാമും | ജയവീരൻ യേശുവിൻ തനയർ | |
| | സകലരും ഒരുപോൽ അവനെ | കർത്തൻ എന്നേറ്റു പറഞ്ഞു വണങ്ങും | (2) |
| 2. | അല്പകാലം മാത്രം എന്നറിഞ്ഞു ധരയിൽ | ദൈവജനത്തെ വിഴുങ്ങാൻ സാത്താൻ | |
| | അലഞ്ഞു ചുറ്റി നടക്കും നാളുകളിൽ | നീ ഉണർന്നു നില്ക്കുക വീരാ | (2) |
| 3. | വഴികളിൽ എല്ലാം പ്രതികൂലം ആകിലും | പതറാതെ പോയിടുക ദൃഢമായ് | |
| | നിനക്കു മുമ്പായ് നിന്റെ രക്ഷാനായകൻ | കടന്നു പോയതും ഓർക്ക | (2) |
| 4. | അണിയുക നിന്റെ സർവ്വായുധങ്ങൾ | അടർക്കളത്തിൽ ജയം എടുപ്പാൻ | |
| | അമിത ബലത്താൽ മുന്നേറീടുക | നിർണ്ണയം ജയം നിനക്കല്ലോ | (2) |

| | | | |
|---|---|---|---|
| 75 | ഉണർന്നെഴുന്നേൽക്കുക തിരുസഭയെ | മണവാളന്റെ വരവിനായ് ഒരുങ്ങീടുക | (2) |
| | വരും അതിവേഗം എന്നരുളിയവൻ | പരിവാരങ്ങളോടിതാ വരുന്നു വാനിൽ | (2) |
| 1. | ഉടയവൻ അരുളിയൊരടയാളങ്ങൾ ഭൂവിൽ | നിറവേറുന്നോരോന്നായ് നിറവേറുന്നു | (2) |
| | കൊടിയ വിനകളെങ്ങും നടമാടുന്നു | ദൈവസഭയെ നിൻ തലയെ നീ ഉയർത്തീടുക | (2) |
| 2. | അശുദ്ധമാം വസനത്തെ എറിഞ്ഞീടുക | ദിവ്യ മഹത്വത്തിൻ അലങ്കാരം ധരിച്ചീടുക | (2) |
| | വിശുദ്ധിയെ തികച്ചു നീ ഒരുങ്ങി നിന്നാൽ | സ്വർഗ്ഗമഹിമയിൽ മണവാളൻ അണച്ചീടുമേ | (2) |
| 3. | നൊടി നേരത്തേക്കുള്ള ദുരിതമുണ്ടേ അതിൻ | ഒടുവിലായ് നിത്യമാം മഹിമയുണ്ടേ | (2) |
| | അനിത്യമാം സുഖത്തെ നീ വെറുത്തിടുമ്പോൾ | നിത്യ..മഹത്വത്തിൻ പ്രതിഫലം അനന്തമല്ലോ | (2) |

| | | |
|---|---|---|
| 76 | ഉണർവ്വിൻ പ്രഭുവേ ഉണർവ്വിൻ രാജാ | വന്നിടണേ ദയവായ് ഏഴകളിൽ സഭയിൽ |
| 1. | ഉറക്കത്തിൽ കിടക്കും ജനം മറന്നു തിരുകൃപകൾ | പൂർവ്വപിതാക്കളിൽ പകർന്ന ഉണർവ്വിനെ പകരണം ആത്മനാഥാ |
| 2. | വേട്ടയാൽ ഓടിത്തളർന്ന പേടമാൻ പോൽ ഇതാ ഞാൻ | വരുന്നു ആദരവാൽ തിരുസവിധേ ആശ്വാസദായകനേ |
| 3. | ജീവിത ക്ലേശങ്ങളാം വൻ മേടുകൾ കാണുമ്പോൾ | തെല്ലും തളരാതെ ധൈര്യമായ് ജയിപ്പാൻ ശക്തിയെ പകർന്നിടണേ |
| 4. | ആകാക മേഘങ്ങളിൽ ആരൂഢനായ് വരുമ്പോൾ | അങ്ങയെ മോദമായ് സ്വാഗതം ചെയ്‌വാൻ ഞങ്ങളെ ഒരുക്കണമേ |

| | | | |
|---|---|---|---|
| 77 | ഉണർവ്വിൻ വരം ലഭിപ്പാൻ | ഞങ്ങൾ വരുന്നു തിരു സവിധേ | |
| | നാഥാ! നിന്റെ വൻ കൃപകൾ | ഞങ്ങൾക്കരുളൂ അനുഗ്രഹിക്കു | (2) |
| 1. | ദേശമെല്ലാം ഉണർന്നിടുവാൻ | യേശുവിനെ ഉയർത്തിടുവാൻ | |
| | ആശിഷ മാരി അയയ്ക്കേണമേ | ഈ ശിഷ്യരാം നിൻ ദാസരിന്മേൽ | (2) |
| 2. | തിരു വചനം ഘോഷിക്കുവാൻ | തിരു നന്മകൾ സാക്ഷിക്കുവാൻ | |
| | ഉണർവ്വിൻ ശക്തി അയയ്ക്കേണമേ | ഈ ശിക്ഷ്യരാം നിൻ ദാസരിന്മേൽ | (2) |
| 3. | തിരുനാമം പാടിടുവാൻ | തിരുവചനം ധ്യാനിക്കുവാൻ | |
| | ശാശ്വത ശാന്തി അയയ്ക്കണമേ | ഈ ശിഷ്യരാം നിൻ ദാസരിന്മേൽ | (2) |

| | | | |
|---|---|---|---|
| 78 | ഉണ്ടെനിക്കായ് ഒരു മോക്ഷവീട് | ഇണ്ടൽ അകന്നു ഞാൻ വാഴും അങ്ങ് | |
| | ദൈവമുണ്ട് അങ്ങു പുത്രനുണ്ട് | ആത്മാവുണ്ട് ദൈവ ദൂതരുണ്ട് | (2) |
| 1. | കൂടാരമാകുന്ന എൻ ഭവനം | വിട്ടഴിഞ്ഞാൽ എനിക്കേറെ ഭാഗ്യം | (2) |
| | കൈകളാൽ തീർക്കാത്ത മോക്ഷ വീട്ടിൽ | വേഗമായിട്ടങ്ങു ചെന്നു ചേരും | (2) |
| 2. | കർത്തനേശു തന്റെ പൊൻ കരത്താൽ | ചേർത്തിടും ആയതിലെന്നെയന്ന് | (2) |
| | ഒട്ടുനാൾ  കണ്ണുനീർ പെട്ടതെല്ലാം | പെട്ടെന്നു നീങ്ങുമേ തിട്ടമായ് | (2) |
| 3. | പോകാം എനിക്കെന്റെ രക്ഷകന്റെ | രാജ്യം അതിനുള്ളിൽ വാസം ചെയ്യാം | (2) |
| | രോഗം ദു:ഖം പീഢയൊന്നുമില്ല | ദാഹം വിശപ്പും അങ്ങൊട്ടുമില്ല | (2) |
| 4. | ഈ വിധമായുള്ള വീട്ടിനുള്ളിൽ | പാർക്കുവാൻ എന്നുള്ളം വാഞ്ഛിക്കുന്നേ | (2) |
| | എന്നു ഞാൻ ചെന്നങ്ങു ചേരുമതിൽ | പിന്നീടെനിക്കാപത്തൊന്നും ഇല്ല | (2) |
| 5. | നൊടി നേരത്തേക്കുള്ള ലഘു സങ്കടം | അനവധി തേജസ്സിൻ ഭാഗ്യം തന്നെ | (2) |
| | കണ്ണിനു കാണുന്നതൊന്നുമില്ല | കാണപ്പെടാത്തൊരു ഭാഗ്യം തന്നെ | (2) |

79 ഉയർത്തിടും ഞാനെന്റെ കൺകൾ തുണയരുളും വൻ ഗിരിയിൽ (2)
എൻ സഹായം വാനം ഭൂമി അഖിലം വാഴും യഹോവയിൽ (2)

1. യിസ്രായേലിൻ കാവൽക്കാരൻ നിദ്രഭാരം തൂങ്ങുന്നില്ല (2)
യഹോവയെൻ പാലകൻ താൻ ഇല്ലെനിക്കു ഖേദമൊട്ടും (2)
2. ശത്രുഭയം നീക്കിയെന്നെ മാത്ര തോറും കാത്തിടുന്നു (2)
നീതിയിൻ സൽപ്പാതകളിൽ നിത്യവും നടത്തിടുന്നു (2)
3. ശോഭയേറും സ്വർപ്പുരിയിൻ തീരമതിൽ ചേർന്നീടും ഞാൻ (2)
ശോഭിത പുരത്തിൻ വാതിൽ എൻ മുമ്പിൽ ഞാൻ കണ്ടിടുന്നു (2)
4. വാനസേന ഗാനം പാടി വാണിടുന്ന സ്വർഗ്ഗ സിയോൻ (2)
ധ്യാനിച്ചിടും നേരമെന്റെ മാനസം മോദിച്ചിടുന്നു (2)
5. ഹല്ലേലുയ്യാ ഹല്ലേലുയ്യാ ചേർന്നിടും ഞാൻ സ്വർഗ്ഗദേശേ (2)
ഹല്ലേലുയ്യാ പാടി സർവ്വ കാലവും ഞാൻ വാണീടുവാൻ (2)

80 ഉയിർത്തെഴുന്നേറ്റു ഹല്ലേലുയ്യാ .. ജയിച്ചെഴുന്നേറ്റു (2)
ഉർവ്വിയെ ജയിച്ച ക്രിസ്തു നാഥനെൻ സ്വന്തമായ് തീർന്നു (2)

1. കല്ലറ തുറന്നീടവേ രാജ സേവകർ ഭയന്നീടവേ (2)
വല്ലഭൻ യേശു ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗപിതാവിൻ മഹിമയിതേ (2)
2. മരിച്ചവരുടെ ഇടയിൽ ജീവനാഥനെ തേടുവതോ (2)
നീതിയിൻ അധിപതി ഉയിർത്തെഴുന്നേറ്റു നിത്യമായ് ജീവനെ നൽകീടുവാൻ (2)
3. മരണമേ വിഷമെവിടെ? പാതാളമേ ജയമെവിടെ? (2)
മരണത്തെ ജയിച്ചവൻ ഉയിർത്തെഴുന്നേറ്റു പാതാള വൈരിയെ ജയിച്ചവനായ (2)
4. ആത്മാവിൽ ഇന്നുമെന്നും ഹാ! നമ്മെയും ഉയിർപ്പിച്ചവൻ (2)
ആത്മാവിൻ വാഗ്ദത്തം നമുക്കവൻ തന്നു ഹല്ലേലുയ്യാ സ്തുതി പാടീടുവോം (2)

81 ഉയിർപ്പിൻ ജീവനാൽ നിത്യജീവൻ നൽകും കർത്താവിനോടു കൂടെയെൻ നിത്യ വാസമാമേ (2)

1. അവൻ ഇടം വിട്ടു ശരീര ബദ്ധനായ (2) ലോകേ അലഞ്ഞാലും ഞാനെൻ വീടോടടുക്കുമേ (2)
2. എൻ പ്രിയൻ പാർപ്പിടം മനോഹര ഹർമ്മ്യം (2) മുത്തുകളാൽ നിർമ്മിതമാം പന്ത്രണ്ടു ഗോപുരം (2)
3. കണ്ടാനന്ദിച്ചിടാം നിത്യമായ് വാണിടാം (2) എന്നാത്മാവു വാഞ്ഛിക്കുന്നേ ഞാനെന്നു ചേരുമോ (2)
4. എന്നാത്മ വാസമോ മൽപിതൃ ഗൃഹത്തിൽ (2) പൊൻവാതിലുകൾ വിശ്വാസക്കൺകൾക്കെത്ര ശോഭിത (2)
5. ശുദ്ധരിൻ ശോഭനം അവകാശമാം ശാലേം (2) പ്രാപിപ്പാൻ ആഗ്രഹത്താൽ വാഞ്ഛിക്കുന്നെന്നുള്ളം (2)
6. എന്നല്ലൽ തീർന്നു ഞാൻ ഹല്ലേലുയ്യാ പാടും (2) മന്നവനാം യേശുവിനോടു കൂടെ വാണിടും (2)

82 ഉലകത്തിൻ അവസാന നാൾവരെയും വലഭാഗത്തേശുവെൻ കൂടെയുണ്ട് (2)
അനാഥനായ് ഒരുനാളും വിടുകയില്ല അനാദിയാം യേശുവെൻ അരികിലുണ്ട് (2)

1. മുൻപു ഞാൻ ദൈവത്തിൻ ശത്രുവായി ഞാൻ ഇന്നു ദൈവത്തിൻ പുത്രനാണ് (2)
അബ്ബാ പിതാവെന്നു വിളിച്ചിടുവാൻ അൻപു പകർന്നെന്നെ ദത്തെടുത്തു (2)
2. ക്രൂശിലെ സ്നേഹത്താൽ ബദ്ധനാക്കി യേശുവിൻ രക്തത്താൽ ശുദ്ധനാക്കി (2)
നാവിലവൻ പുത്തൻ പാട്ടു തന്നു ദൈവാധി ദൈവത്തിൻ സ്തുതികൾ തന്നെ (2)
3. രക്ഷകൻ യേശുവിൻ അത്ഭുതത്തിൻ സാക്ഷിയായ് തീർന്നിടാൻ രക്ഷിച്ചെന്നെ (2)
പാടിടും എന്നും തൻ കീർത്തനങ്ങൾ പാർത്തലത്തിൽ എന്റെ നാൾകളെല്ലാം (2)
4. മന്നിലെൻ ജീവിതം നശ്വരമേ വിണ്ണിലെൻ വാസമോ നിത്യമാമേ (2)
ഇദ്ധരയിൽ ഞാൻ വസിച്ചിടും നാൾ കർത്തനാം യേശുവെ പിൻ ചെന്നിടും (2)

83 ഉഷകാലം നാം എഴുന്നേൽക്കുക പരൻ യേശുവെ സ്തുതിപ്പാൻ (2)
ഉഷകാലം എന്താനന്ദം നമ്മൾ പ്രിയനോട് അടുത്തിടുകിൽ (2)

1. ഇതു പോൽ ഒരു പ്രഭാതം നമുക്കടുത്തീടുന്നു മനമേ
ഹാ എന്താനന്ദം നമ്മൾ പ്രിയനോടടുത്തിടുകിൽ (2)
2. നന്ദിയാൽ ഉള്ളം തുടിച്ചീടുന്നു തള്ളയാം യേശു കാരുണ്യം
ഓരോന്നോരോന്നായ് ധ്യാനിപ്പാൻ ഇതു നല്ല സന്ദർഭം ആകുന്നു (2)
3. ഇന്നലെ ഭൂവിൽ പാർത്തിരുന്നവർ എത്രപേർ ലോകം വിട്ടു പോയ്
എന്നാലോ നമുക്കൊരു നാൾ കൂടെ പ്രിയനെ പാടി സ്തുതിക്കാം (2)
4. നഗ്നനായി ഞാൻ ലോകത്തിൽ വന്നു നഗ്നനായ് തന്നെ പോകുമേ
ലോകത്തിൽ എനിക്കില്ല യാതൊന്നും എന്റെ കൂടന്നു പോരുവാൻ (2)
5. ഹാ എൻ പ്രിയന്റെ പ്രേമത്തെ ഓർത്തിട്ടാനന്ദം പരമാനന്ദം
ഹാ എൻ പ്രിയനാ പുതു വാനഭൂ ദാനം ചെയ്തതെന്താനന്ദം (2)
6. മരുവിൽ നിന്നു പ്രിയൻ മേൽ ചാരി വരുന്നോരിവൾ ആരുപോൽ
വനത്തിൽ കൂടെ പോകുന്നേ ഞാനും സ്വന്ത രാജ്യത്തിൽ ചെല്ലുവാൻ (2)
7. കൊടുങ്കാറ്റുണ്ടീ വനദേശത്തെൻ പ്രിയനേ എന്നെ വിടല്ലേ
കൊതിയോടു ഞാൻ വരുന്നേ എന്റെ സങ്കടം അങ്ങു തീർക്കണേ (2)

| | | | |
|---|---|---|---|
| 84 | എക്കാലത്തിലും ക്രിസ്തു മാറുകില്ല | എക്കാരണത്താലും എന്നെ കൈവിടില്ല | (2) |
| 1. | ആരെ ഞാൻ വിശ്വസിക്കുന്നു | എന്നതറിയുവാൻ എൻ അന്ത്യം വരെ | (2) |
| | എന്നുപ നിധിയെ സൂക്ഷിച്ചിടുവാൻ | തന്നുടെ കരങ്ങൾ കഴിവുള്ളതാം | (2) |
| 2. | ഇന്നലെമിന്നും എന്നേയ്ക്കുമവൻ | അനന്യൻ തൻ കൃപ തീരുകില്ല മന്നിൽ | (2) |
| | വന്നവൻ വിണ്ണിൽ ഉള്ളവൻ | വന്നിടും ഇനിയും മന്നവനായ് | (2) |
| 3. | നിത്യവും കാത്തിടാം എന്ന നല്ല | വാഗ്ദത്തം തന്ന സർവ്വേശ്വരനാം | (2) |
| | അത്യുന്നതന്റെ മറവിൽ വസിക്കും | ഭക്തജനങ്ങൾ ഭാഗ്യമുള്ളോർ | (2) |
| 4. | കളങ്കം എന്നിയെ ഞാനൊരിക്കൽ | പളുങ്കു നദിയിൻ കരെയിരുന്നു | (2) |
| | പാടി സ്തുതിക്കും പരമനാമം | കോടി കോടി യുഗങ്ങളെല്ലാം | (2) |

| | | | |
|---|---|---|---|
| 85 | എത്രയെത്ര പീഢകൾ ഉയർന്നു വന്നാലും | പെരുകിടുമേ തന്റെ ജനം അനുനിമിഷം | |
| | ജീവിതത്തെ അനുദിനം കയ്പാക്കിലും | ഉണ്ടല്ലോ കർത്തൻ ദിനവും നടത്തിടാൻ | (2) |
| 1. | ഘോരമാം ഭയങ്കര പീഢ ഉയരുമ്പോൾ | പതറീടാതെ ദൈവജനമേ | (2) |
| | യുദ്ധവീരനായ് യഹോവയുണ്ടല്ലോ | യുദ്ധം ചെയ്തിടാൻ ജയം നൽകിടാൻ | (2) |
| 2. | യേശുവോടു പറ്റി നിൽക്കും തൻ വിശുദ്ധരെ | കാത്തു പാലിക്കും കണ്മണിപോലെ | (2) |
| | ദൈവദൂതർ ഇറങ്ങീടുമേ | ശത്രുപാളയം തകർത്തീടുവാൻ | (2) |
| 3. | കാത്തിരിക്ക ശുദ്ധരേ കർത്തനു വേണ്ടി | ദീർഘക്ഷമ കാണിക്കും സൗമ്യനായി | (2) |
| | തൻ ഭുജബലത്തോടെ വെളിപ്പെടുമേ | ശത്രുപാളയം തകർത്തീടുവാൻ | (2) |
| 4. | പ്രതഗണത്തിൽ ഭീതിയെ യഹോവ അയച്ചിടും | ശത്രുഗണം ചിതറിടും പലവഴിയായി | (2) |
| | ആനന്ദ ഘോഷം തൻ ഭക്തർക്കു നൽകും | വിലാപങ്ങളും നൃത്തമാക്കിടും | (2) |
| 5. | ധീരരായ് ഓടുവിൻ ദൈവമക്കളെ ശക്തരായ് | പോരാടുവിൻ കർത്തനു വേണ്ടി | (2) |
| | കൃപയിൻ വാതിലോ അടഞ്ഞിടാറായ് | നമ്മുടേശുവോ വെളിപ്പെടാറായ് | (2) |

| | | | |
|---|---|---|---|
| 86 | എത്ര നല്ലവൻ എൻ യേശു നായകൻ | ഏതു നേരത്തും നടത്തിടുന്നവൻ | (2) |
| | എണ്ണിയാൽ തീരാത്ത നന്മകൾ ചെയ്തവൻ | എന്നെ സ്നേഹിച്ചവൻ ഹല്ലേലുയ്യാ | (2) |
| 1. | നായകൻ അവൻ നമുക്കു മുമ്പിലായ് | നൽ വഴികളെ ഒരുക്കിടുന്നവൻ | (2) |
| | നന്ദിയാൽ പാടും ഞാൻ നല്ലവൻ യേശുവെ | നാടെങ്ങും വാഴ്ത്തിടും നിൻ മഹാ സ്നേഹത്തെ | (2) |
| 2. | പ്രിയരേവരും പ്രതികൂലം ആകുമ്പോൾ | പാരിലേറിടും പ്രയാസ വേളയിൽ | (2) |
| | പൊൻമുഖം കണ്ടുഞാൻ യാത്ര ചെയ്തീടുവാൻ | പൊന്നു നാഥൻ കൃപ നൽകണേ ദാസരിൽ | (2) |

| | | | |
|---|---|---|---|
| 87 | എൻ അന്തരംഗവും എൻ ജീവനും | ജീവനുള്ള ദേവനെ സ്തുതിച്ചിടുന്നിതാ | |
| | നീ നല്ലവൻ നീ വല്ലഭൻ | എൻ രക്ഷകാ മഹാ പ്രഭോ | (2) |
| 1. | കണ്ണുനീരിൻ താഴ്വരയിൽ ഞാൻ നടന്നിടും | നേരവും നിൻ കൈകൾ എന്നെ പിൻ തുടർന്നിടും | |
| | നിന്നാലയെ വസിക്കുവാൻ ഈ ഏഴ എന്നെയും | നീ തീർത്തതാൽ ഞാൻ ഭാഗ്യവാനായ് തീർന്നുനിശ്ചയം | (2) |
| 2. | ഞാൻ വസിക്കുമീ ഒരുദിനം നിന്നന്തികേ | ആയിരം ദിനങ്ങളെക്കാൾ ശ്രേഷ്ഠമേ തവ | |
| | സന്നിധാനം എന്റെ നിത്യാശ്രയം വിഭോ | സർവ്വവും തരുന്നിതാ ഞാൻ നിൻ കരങ്ങളിൽ | (2) |

| | | | |
|---|---|---|---|
| 88 | എൻ ദൈവം നല്ലവൻ എന്നെന്നുമേ | എൻ നാഥൻ വല്ലഭൻ എന്നാളുമേ | (2) |
| | എന്നെ സ്നേഹിച്ചവൻ എന്നെ രക്ഷിപ്പാൻ | തൻ ജീവൻ തന്നവൻ എൻ രക്ഷകൻ | (2) |
| | ആ നല്ല ദേശത്തിൽ നിത്യമാം പ്രകാശത്തിൽ | അംശിയായിട്ടെന്നെ ചേർത്തതാൽ | |
| | കീർത്തിക്കും ഞാനാ വൻ ത്യാഗത്തെ | വർണ്ണിക്കും ഞാനെൻ അന്ത്യ നാൾ വരെ | (2) |
| 1. | വന്ദനം നാഥനെ എൻ രക്ഷകാ | നിന്ദിച്ചു നിന്നെ ഞാൻ എൻ ദോഷത്താൽ | (2) |
| | എൻ പേർക്കീ കഷ്ടത ക്രൂരതയും | സഹിച്ചു എൻ പേർക്കായ് എന്റെ രക്ഷകാ | (2) |
| 2. | ഞാൻ ചെയ്ത പാതകം ക്ഷമിച്ചു നീ | സ്വന്തമായെന്നെ നീ സ്വീകരിച്ചു | (2) |
| | വീഴാതെ താങ്ങണേ അന്ത്യനാൾ വരെ | നടത്തി പോറ്റുക എന്റെ ദൈവമേ | (2) |

| | | | |
|---|---|---|---|
| 89 | എൻ ക്രിസ്തൻ യോദ്ധാവാകുവാൻ | ചേർന്നേൻ തൻ സൈന്യത്തിൽ | |
| | തൻ ദിവ്യ വിളി കേട്ടു ഞാൻ | ദൈവാത്മ ശക്തിയിൽ | (2) |
| | നല്ല പോർ പൊരുതും ഞാൻ | എൻ ക്രിസ്തൻ നാമത്തിൽ | |
| | വാടാകിരീടം പ്രാപിപ്പാൻ | തൻ നിത്യ രാജ്യത്തിൽ | (2) |
| 1. | തൻ ക്രൂശു ചുമന്നീടുവാൻ ഇല്ലൊരു ലജ്ജയും | എൻപേർക്കു കഷ്ടപ്പെട്ടു ാൻ എന്നെന്നുംഓർത്തീടും | (2) |
| 2. | പിശാചിനോടു ലോകവും ചേർന്നീടും വഞ്ചിപ്പാൻ | വേണ്ടാ നിൻ ചപ്പും കുപ്പയും എന്നുരച്ചീടും ഞാൻ | (2) |
| 3. | ഓർ മുൾക്കിരീടം അല്ലയോ എൻ നാഥൻ ലക്ഷണം | തൻ യോദ്ധാവാഗ്രഹിക്കുമോ ഈ ലോകാഢംബരം | (2) |
| 4. | ഞാൻ കണ്ടു വലിയ സൈന്യമാം വിശ്വാസ വീരരെ | പിഞ്ചെല്ലും ഞാനും നിശ്ചയം ഈ ദൈവ ധീരരെ | (2) |
| 5. | കുഞ്ഞാട്ടിൻ തിരുരക്തത്താൽ എനിക്കും ജയിക്കാം | തൻ സർവ്വായുധ വർഗ്ഗത്താൽ എല്ലാം സമാപിക്കാം | (2) |
| 6. | വല്ലൊരു മുറിവേല്ക്കുകിൽ നശിക്കയില്ല ഞാൻ | തൻ ശത്രുവിന്റെ കൈകളിൽ ഏല്പിക്കയില്ല താൻ | (2) |
| 7. | എൻജീവനെയും വെക്കുവാൻ എൻനാഥൻകല്പിക്കിൽ | സന്തോഷത്തോടൊരുങ്ങുംഞാൻതൻക്രൂശിൻശക്തിയിൽ | (2) |
| 8. | വിശ്വാസത്തിന്റെ നായകാ ഈ നിന്റെ യോദ്ധാവെ | വിശ്വസ്തനായി കാക്കുക നൽ അന്ത്യത്തോളമേ | (2) |

## 90

എൻ പേർക്കായി ജീവൻ വെടിഞ്ഞ
നിൻ സ്നേഹത്തെ ഞാൻ ഓർത്തീടും നേരം (2)
എൻ പ്രാണപ്രിയനാകും യേശുവേ (2)
എൻ മാനസം നന്ദിയാൽ പൊങ്ങുന്നേ (2)

1. എൻ വീണ്ടെടുപ്പിൻ വിലകൊടുപ്പാൻ
നിൻ കാരുണ്യത്തിൻ മാഹാത്മ്യത്തെ ഞാൻ (2)
നീ മാത്രമല്ലാതാരുള്ളേശുവേ (2)
സദാകാലവും പുകഴ്ത്തീടുമേ (2)

2. പേയിൻ ബലത്തെ തകർത്തതിനാൽ
നിൻ കാൽവറിയിൽ തിരുബലിയാൽ (2)
എൻ മരണഭയം നീ നീക്കിയല്ലോ (2)
സീയോൻ മാർഗ്ഗവും തുറന്നെനിക്കായ് (2)

3. നിൻ സ്നേഹത്താൽ ഞാൻ ജ്വലിച്ചീടുവാൻ
അനു ദിനവും ജയ ജീവിതം (2)
ശുദ്ധാത്മാവിനാൽ നിറച്ചവനെ (2)
നയിച്ചീടുവാൻ കൃപയരുൾക (2)

4. പ്രിയൻ പോയതാം പാതേ പോകുവാൻ
ദിനം തോറും നിൻ തിരു ചിറകിൽ (2)
ദിവ്യ വിളിയാൽ വിളിച്ചവനേ (2)
അടിയനെ നീ മറച്ചീടുക (2)

5. നിൻ പേർക്കായി ജീവൻ തരുവാൻ
പ്രത്യാശയോടെ നിൻ പൊൻമുഖത്തെ (2)
അത്യാശ എന്നിൽ ഏറുന്നേശുവേ (2)
വീക്ഷിച്ചീടണം എന്നാശയതേ (2)

## 91

എൻ പ്രിയനെപ്പോൽ സുന്ദരനായ് ആരെയും ഞാനുലകിൽ
കാണുന്നില്ല മേലാലും ഞാൻ കാണുകയില്ല (2)
സുന്ദരനാം മനോഹരാ! നിന്നെപ്പിരിഞ്ഞീ ലോകയാത്ര
പ്രാകൃതരാം ജാരന്മാരെ വരിക്കുമോ വത്സലാ !
മണ്ണെ പ്രതി മാണിക്യം വെടിയുകില്ല ഞാൻ ഈ (2)

1. സർവ്വാംഗ സുന്ദരൻ തന്നെ എന്നെ വീണ്ടെടുത്തവൻ
സർവ്വ സുഖ സൗകര്യങ്ങൾ അർപ്പിക്കുന്നേ ഞാൻ (2)

2. യെരുശലേം പുത്രിമാരെൻ ചുറ്റും നിന്നു രാപ്പകൽ
പ്രിയനോടുള്ളനുരാഗം കവർന്നീടുകിൽ (2)

3. ലോകസുഖ സൗകര്യങ്ങൾ ആകുന്ന പ്രതാപങ്ങൾ
മോടിയോടു കൂടെ എന്നെ മാടിവിളിച്ചാൽ (2)

4. വെള്ളത്തിൻ കുമിളപോലെ മിന്നിവിളങ്ങീടുന്ന
ജഡീക സുഖങ്ങൾ എന്നെ എതിരേൽക്കുകിൽ (2)

5. പ്രേമമെന്നിൽ വർദ്ധിക്കുന്നേ പ്രിയനോടു ചേരുവാൻ
നാളുകൾ ഞാനെണ്ണിയെണ്ണി ജീവിച്ചീടുന്നേ (2)

## 92

എൻ പ്രിയൻ വലങ്കരത്തിൽ പിടിച്ചെന്നെ
നടത്തിടുന്നു ദിനം തോറും (2)
സന്തോഷവേളയിൽ സന്താപവേളയിൽ
എന്നെ കൈവിടാതെ അനന്യനായ് (2)
പതറുകയില്ല ഞാൻ പതറുകയില്ല ഞാൻ
പ്രതികൂലം അനവധി വന്നീടിലും
വീഴുകയില്ല ഞാൻ വീഴുകയില്ല ഞാൻ
കഷ്ടത അനവധി വന്നീടിലും
എൻ കാന്തൻ കാത്തിടും എൻ പ്രിയൻ പോറ്റിടും
എൻ നാഥൻ നടത്തിടും അന്ത്യം വരെ (2)

1. മുമ്പിൽ ചെങ്കടൽ ആർത്തിരച്ചാൽ എതിരായ്
ചെങ്കടലിൽ കൂടി ചെങ്കൽ പാതയൊരുക്കി
പിൻപിൽ വൻ വൈരി പിൻഗമിച്ചാൽ (2)
അക്കരെ എത്തിക്കും ജയാളിയായ് (2)

2. എരിയും തീച്ചൂള എതിരായ് എരിഞ്ഞാൽ
എന്നോടു കൂടെയും അഗ്നിയിൽ ഇറങ്ങി
ശദ്രക്കിനേപ്പോൽ വീഴ്ത്തപ്പെട്ടാൽ (2)
വെന്തിടാതെ പ്രിയൻ വിടുവിക്കും (2)

3. ഗർജ്ജിക്കും സിംഹങ്ങൾ വസിക്കും ഗുഹയിൽ
സിംഹത്തെ സൃഷ്ടിച്ച എൻ സ്നേഹനായകൻ
ദാനിയേലെപ്പോൽ വീഴ്ത്തപ്പെട്ടാൽ (2)
കണ്മണി പോലെന്നെ കാത്തു കൊള്ളും (2)

4. കെരീത്തു തോട്ടിലെ വെള്ളം വറ്റിയാലും
സാരെഫാത്തൊരുക്കി ഏലിയാവെ പോറ്റിയ
കാക്കയിൻ വരവു നിന്നീടിലും (2)
എൻ പ്രിയൻ എന്നെയും പോറ്റിക്കൊള്ളും (2)

5. മണ്ണോടു മണ്ണായ് ഞാൻ അമർന്നു പോയാലും
എന്നെ ഉയിർപ്പിക്കും വിൺ ശരീരത്തോടെ
എൻ കാന്തനേശു കൈവിടില്ല (2)
കൈക്കൊള്ളും ഏഴയെ മഹത്വത്തിൽ (2)

## 93

എൻ പ്രിയനെന്തു മനോഹരനാം
ആനന്ദമായ് അവൻ അനുദിനവും
തൻ പാദം എന്നും എന്നാശ്രയമാം (2)
ആമയം അകറ്റി നടത്തും എന്നെ (2)

1. ശാരോൻ പനിനീർ കുസുമം അവൻ
മധുരഫലം തരും നാരകമാം
താഴ്‌വരകളിലെ താമരയും (2)
തൻ നിഴലതിലെൻ താമസമാം (2)

2. ഉലകക്കൊടും വെയിൽ കൊണ്ടതിനാൽ
തള്ളി ഇല്ലെന്നെ തിരുകൃപയാൽ
ഇരുൾ നിറമായ് എനിക്കെങ്കിലും താൻ (2)
തൻ അരമനയിൽ ചേർക്കുകയായ് (2)

3. മാറ്റമില്ലാ കൃപ നിറഞ്ഞവനായ്
മരുവിടമാം ഈ ഭൂമിയിൽ തൻ
മറ്റൊരു രക്ഷകനില്ലിതുപോൽ (2)
മാറിൽ ചാരി ഞാൻ ആശ്വസിക്കും (2)

## 94

എൻ പ്രിയ രക്ഷകൻ നീതിയിൽ സൂര്യനായ്
താമസം എന്നിയേ മേഘത്തിൽ വരും താൻ
തേജസ്സിൽ വെളിപ്പെടുമേ
കാന്തയാം എന്നെയും ചേർത്തിടും നിശ്ചയമായ് (2)

1. യെരുശലേമിൻ തെരുവിലൂടെ ക്രൂശുമരം ചുമന്നു
ശോഭിത പട്ടണത്തിൽ മുത്തുകളാലുള്ള
കാൽവറിയിൽ നടന്നു പോയവൻ
വീടുകൾ തീർത്തിട്ടു വേഗത്തിൽ വരുമവൻ (2)

2. ആനന്ദ പുരത്തിലെ വാസം ഞാനോർക്കുമ്പോൾ
പ്രത്യാശ ഗാനങ്ങൾ പാടി ഞാൻ നിത്യവും
ഇഹത്തിലെ കഷ്ടം സാരമോ
സ്വർഗ്ഗീയ സന്തോഷം ഇഹത്തിൽ ഉണ്ടിന്നലെക്കാൾ (2)

3. നീതിസൂര്യൻ വരുമ്പോൾ തൻപ്രഭയിൽ കാന്തിയാൽ
രാജരാജ പ്രതിമയെ ധരിപ്പിച്ചിട്ടെന്നെ തൻ
എൻ ഇരുൾ നിറം മാറീടുമേ
കൂടവെ ഇരുത്തുന്ന രാജാവു വേഗം വരും (2)

4. സന്താപം തീർന്നിട്ടു അന്തമില്ലാ യുഗം
ഉള്ളം കൊതിക്കുന്നേ പാദങ്ങൾ പൊങ്ങുന്നേ
കാന്തനുമായി വാഴുവാൻ
എന്നിങ്ങു വന്നെന്നെ ചേർത്തിടും പ്രേമകാന്തൻ (2)

95 എൻ പ്രാണനാഥൻ എന്നു വരും എന്നു തീരും എൻ വേദനകൾ (2)

1. ആകുലത്തിൽ ആശ്വസിപ്പാൻ ആവശ്യങ്ങളിൽ ആശ്രയിപ്പാൻ (2)
അങ്ങല്ലാതാരും ഇല്ലെനിക്ക് ആത്മനാഥാ ഈപാരിടത്തിൽ (2)
2. ഇന്നിഹത്തിൽ നിന്നിലല്ലാതില്ല സന്തോഷം ജീവിതത്തിൽ (2)
തിങ്ങിവിങ്ങുന്ന സങ്കടവും എങ്ങും പഴിയും നിന്ദകളും (2)
3. പ്രിയരെല്ലാം കൈവിടുമ്പോൾ പ്രതികൂലമായ് മാറിടുമ്പോൾ (2)
പ്രാണപ്രിയാ ഈ ഏഴയാകും പ്രാണിയെ നീയും കൈവിടല്ലേ (2)
4. നല്ലതല്ലാതൊന്നും ഇല്ല നീ നല്കുമെല്ലാം നന്മയല്ലോ (2)
നിത്യത തന്നിൽ എത്തുവോളം നീ നടത്തെന്നെ നിൻ ഹിതം പോൽ (2)

96 എൻ മനമേ ദിനം വാഴ്ത്തുക നീ എന്റെ സർവ്വാന്തരങ്ങവുമേ യഹോവയെ (2)

1. തന്നുപകാരങ്ങൾ ഓർത്തു നിരന്തരം നന്ദിയാൽ പ്രിയനെ വാഴ്ത്തി പുകഴ്ത്തിടാം (2)
നിന്നകൃത്യങ്ങൾ മോചിച്ചിടുന്നു നിന്നുടെ രോഗങ്ങൾ സൗഖ്യമാക്കുന്നു
നിൻ ജീവൻ അവൻ വീണ്ടെടുത്തിടുന്നു (2)
2. നിന്നുടെ യൗവ്വനം കഴുകൻ പോൽ പുതുക്കി നന്മയാൽ വായ്ക്കവൻ തൃപ്തിയെ തരുന്നു (2)
പീഢിതർക്കായ് നീതി ന്യായം നടത്തി തൻദയ നമ്മെ അണിയിക്കുന്നോൻ
കൃപയും കരുണയും നിറഞ്ഞവൻ താൻ (2)
3. നമ്മുടെ പാപങ്ങൾക്കൊത്ത വിധം പരൻ പകരം നമ്മോടു പ്രവർത്തിക്കുന്നില്ല (2)
വാനം ഭൂമിക്കു മേൽ ഉന്നതം പോലെ തൻ ദയ ഭക്തർ മേൽ ഉന്നതം തന്നെ
നാം വെറും പൊടി അവൻ ഓർത്തിടുന്നു (2)
4. നരനുടെ ആയുസു പുല്ലു പോലാകുന്നു വയലിലെ പൂവുപോൽ ക്ഷണികമീ ഉലകിൽ (2)
എങ്കിലോ തൻ ദയ ഭക്തരിലും നീതി മക്കളുടെ മേലും സുസ്ഥിരം തന്നെ
തൻ നിയമങ്ങൾ പ്രമാണിപ്പോർക്കും (2)
5. സ്വർഗ്ഗ സിംഹാസനെ നിത്യമായ് വാഴുന്ന സ്തുത്യനാം യാഹിനെ വാഴ്ത്തി വണങ്ങിടാം (2)
തൻ വചനത്തിന്റെ ശബ്ദം ശ്രവിച്ച് തൻ ഹിതം ചെയ്യുന്ന ശുശ്രൂഷക്കാരായ്
വാഴ്ത്തുവിൻ യഹോവയിൻ വൻ നാമത്തെ (2)

97 എൻ രക്ഷകാ എൻ ദൈവമേ നിന്നിലായ നാൾ ഭാഗ്യമേ
എന്നുള്ളത്തിൻ സന്തോഷത്തെ എന്നും ഞാൻ കീർത്തിച്ചീടട്ടെ
ഭാഗ്യനാൾ ഭാഗ്യനാൾ യേശു എൻ പാപം തീർത്ത നാൾ
കാത്തു പ്രാർത്ഥിക്കാറാക്കി താൻ ആർത്തു ഘോഷിക്കാറാക്കി താൻ
ഭാഗ്യനാൾ ഭാഗ്യനാൾ യേശു എൻ പാപം തീർത്ത നാൾ (2)

1.. വൻക്രിയയെന്നിൽ നടന്നു കർത്തനെന്റെ ഞാനവന്റെ (2)
താൻ വിളിച്ചു ഞാൻ പിൻ ചെന്നു സ്വീകരിച്ചു തൻ ശബ്ദത്തെ (2)
2. സ്വസ്ഥമില്ലാത്ത മനമേ കർത്തനിൽ നീ ആശ്വസിക്ക (2)
ഉപേക്ഷിയാതെ അയവനെ തൻ നന്മകൾ സ്വീകരിക്ക (2)
3. സ്വർപ്പുരമീ കരാറിനു സാക്ഷി നിൽക്കുന്നെൻ മനമേ (2)
എന്നും എന്നിൽ പുതുക്കുന്നു നൽ മുദ്ര നീ ശുദ്ധാത്മാവേ (2)
4. സൗഭാഗ്യം നൽകും ബാന്ധവം വാഴ്ത്തും ജീവകാലം എന്നും (2)
ക്രിസ്തേശുവിൽ എന്നാനന്ദം പാടും ഞാൻ അന്ത്യകാലത്തും (2)

98 എൻ സങ്കടങ്ങൾ സകലവും തീർന്നു പോയി സംഹാര ദൂതൻ എന്നെ കടന്നു പോയി (2)

1. കുഞ്ഞാടിന്റെ വിലയേറിയ നിണത്തിൽ (2) മറഞ്ഞു ഞാൻ രക്ഷിക്കപ്പെട്ട ക്ഷണത്തിൽ (2)
2. ഫറവോനു ഞാനിനി അടിമയല്ല (2) പരമ സീയോനിൽ ഞാൻ അന്യനല്ല (2)
3. മാറായെ മധുരമാക്കി തീർക്കുമവൻ (2) പാറയെ പിളർന്നു ദാഹം പോക്കും അവൻ (2)
4. മരുവിലെൻ ദൈവം എനിക്കധിപതിയേ (2) തരും..അവൻ പുതുമന്നാ അതു മതിയെ (2)
5. മനോഹരമായ കനാൻ ദേശമേ (2) അതേ എനിക്കഴിയാത്തൊരവകാശമേ (2)
6. ആനന്ദമേ പരമാനന്ദമേ (2) കനാൻ ജീവിതം എനിക്കാനന്ദമേ (2)
7. എന്റെ ബലവും എന്റെ സംഗീതവും (2) എൻ രക്ഷയും യേശുവത്രേ ഹല്ലേലുയ്യാ! (2)

99 എൻ ഹൃദയം ശുഭ വചനത്താൽ കവിയുന്നു എൻ മനം ആനന്ദത്താൽ നിറഞ്ഞിടുന്നു
എൻ പ്രിയനീ ഏഴയ്ക്കേകിയ നന്മകൾ.. ക്കെന്തിഹെ ഞാൻ പകരം പരനേകും
ആനന്ദമേ ക്രിസ്ത്യ ജീവിതം ആശ്വാസമുണ്ടീ പാതയിൽ (2)

1. നിത്യപിതാവെൻ കൂടെയിരുന്ന് നിത്യവും എൻ പോർ ചെയ്തിടുന്നതിനാൽ (2)
നിർഭയ വാസം എനിക്കുണ്ടുലകിൽ നിത്യവുമീ മരുയാത്രയിലെല്ലാം (2)
2. എൻപ്രിയൻ എനിക്കായ് കരുതുന്നതിനാൽ തൻ തിരു മാർവ്വിൽ ഞാൻ വിശ്രമിച്ചിടുന്നു (2)
ജീവനും ഭക്തിക്കും വേണ്ടിയതൊക്കെയും തൻ ദിവ്യമാം ശക്തി ദാനം..ചെയ്തതിനാൽ (2)
3. ആപത്തനർത്ഥങ്ങൾ രോഗാകുലങ്ങളാൽ ആശയറ്റയ്യോ ഞാനാകെ തളർന്നപ്പോൾ (2)
ആശ്വസിപ്പിക്കും കരങ്ങളാലെൻ പ്രിയൻ അത്ഭുത സൗഖ്യവും ശാന്തിയും തന്നതാൽ (2)
4. അന്ധകാരത്തിൽ നിന്നെന്നെ വിളിച്ചവൻ അത്ഭുത ശോഭയിലേയ്ക്കു നടത്തുന്നു (2)
അല്പ കാലത്തെ ഈ ക്ലേശങ്ങൾ തേജസ്സിൻ നിത്യ ഘനത്തിനായ് തീരുന്നെനിക്ക് (2)

100 എനിക്കെന്റെ യേശുവിനെ കണ്ടാൽ മതി ഇഹത്തിലെ മായാ സുഖം വിട്ടാൽ മതി (2)
പരൻ ശില്പിയായ് പണിത നഗരമതിൽ പരനോടു കൂടെ വാഴാൻ പോയാൽ മതി (2)

1. ഒരിക്കൽ പാപാന്ധകാര കുഴിയതിൽ ഞാൻ മരിച്ചവനായ് കിടന്നോരിടത്തു നിന്നും (2)
ഉയർത്തിഇന്നോളം എന്നെ നിറുത്തിയവൻ ഉറപ്പുള്ള പാറയാകും ക്രിസ്തേശുവിൽ (2)
2. ഇവിടെ ഞാൻ വെറുമൊരു പരദേശിപോൽ ഇവിടത്തെ പാർപ്പിടമോ വഴിയമ്പലം (2)
ഇവിടെനിക്കാരും തുണയില്ലെങ്കിലും ഇണയാകും യേശുവോടു ചേർന്നാൽ മതി (2)
3. പ്രിയൻ എനിക്കിനിയേകും ദിനം ഒക്കെയും ഉയർത്തിടാം സുവിശേഷക്കൊടിയീ മന്നിൽ (2)
ഇളക്കമില്ലാത്ത നാട്ടിൽ വസിച്ചീടുവാൻ തിടുക്കമാണെൻ മണാളൻ വന്നാൽ മതി (2)
4. കളങ്കമില്ലാതെ എന്നെ തിരുസവിധേ വിളങ്ങുവാൻ യേശു കഷ്ടം സഹിച്ചെനിക്കായ് (2)
തളർന്ന മെയ് കാൽ കരങ്ങൾ തുളച്ച മാർവ്വും നിറഞ്ഞ കണ്ണീരും ആർദ്ര ഹൃദയവുമായ് (2)
5. നിറഞ്ഞ പ്രത്യാശയാൽ ഞാൻ ദിനവും പ്രിയൻ പറഞ്ഞ വാക്കോർത്തു മാത്രം പാർത്തിടുന്നു (2)
നിറുത്തണമേ വിശുദ്ധ ആത്മാവിനാൽ പറന്നേറി വാനിലെത്തി വസിച്ചീടുവാൻ (2)

101 എനിക്കായ് കരുതാം എന്നുരച്ചവനെ എനിക്കൊട്ടും ഭയമില്ല നിനച്ചിടുമ്പോൾ (2)
എനിക്കായ് കരുതുവാൻ ഇഹത്തിലില്ലേ ഒന്നും ചുമത്തുന്നെൻ ഭാരമെല്ലാം നിന്റെ ചുമലിൽ (2)

1. ഭക്ഷണമില്ലാതെ വാടിക്കുഴഞ്ഞിടുമ്പോൾ ഭക്ഷണമായ് കാകനെന്റെ അടുക്കൽ വരും (2)
അപ്പവും ഇറച്ചി ഇവ കരത്തിൽ തരും ജീവഉറവയിൻ തോടെനിക്കു ദാഹം തീർത്തിടും (2)
2. ക്ഷാമമേറ്റു സാരാഫാത്തിൽ സഹിച്ചിടാനായ് മരിക്കുവാൻ ഒരുക്കമായ് ഇരുന്നീടിലും (2)
കലത്തിലെ മാവുലേശം കുറയുന്നില്ലെ എന്റെ കലശത്തിൽ എണ്ണ കവിഞ്ഞൊഴുകിടുമേ (2)
3. കാക്കകളെ നോക്കിടുവിൻ വിതയ്ക്കുന്നില്ല കൊയ്തു കളപ്പുരയൊന്നും നിറയ്ക്കുന്നില്ല (2)
വയലിലെ താമരകൾ വളരുന്നല്ലോ എന്നും വാനിലെ പറവകൾ പുലരുന്നല്ലോ (2)
4. ശത്രുഭീതി കേട്ടു തെല്ലും നടുങ്ങീടിലും ചൂരച്ചെടി തണലതിൽ ഉറങ്ങീടിലും (2)
വന്നുണർത്തി തരും ദൂതർ കനലടകൾ തിന്നു തൃപ്തനാക്കി നടത്തിടും ദിനം ദിനമായ് (2)

102 എനിക്കായ് ഒരുത്തമ സമ്പത്ത് സ്വർഗ്ഗ രാജ്യത്തിൽ ഒരുക്കുന്നതാൽ
ഇനി ലോകത്തെ സ്നേഹിച്ചീടുവാൻ ഒരു കാലത്തും പോകയില്ല ഞാൻ (2)
എന്റെ ആയുസ്സിൻ ദിനമൊക്കെയും നിന്നെ മാത്രം ഞാനിനി സേവിക്കും
എന്റെ പ്രാണ നായകനേശുവേ നിന്റെ സ്നേഹം നീ എനിക്കേകിടണേ (2)

1. ഏഴയാകുന്ന എന്നെ സ്നേഹിച്ച നിന്റെ സ്നേഹം എത്രയോ ആശ്ചര്യം (2)
എന്റെ പാപ ശാപങ്ങൾ നീക്കി നിൻ തിരു ജീവനാൽ എന്നെ നിറച്ചല്ലോ (2)
2. എന്റെ ദേഹവും തിരു ആലയമായ് നിന്റെ ആത്മാവെ എനിക്കേകിയതാൽ (2)
തിരുനാമത്തിൻ മഹത്വത്തിനായ് ഇനി ജീവിപ്പാൻ കൃപ നൽകുക (2)
3. പ്രിയൻ തേജസ്സിൽ വെളിപ്പെടും നാളിൽ ഞാനും തേജസ്സിൻ മുൻപിൽ നിൽക്കുവാൻ (2)
എന്റെ ദേഹവും ദേഹി ആത്മാവും സമ്പൂർണ്ണമായ് സമർപ്പിക്കുന്നേൻ (2)

103 എനിക്കായൊരു സമ്പത്ത് ഉയരെ സ്വർഗ്ഗ നാടതിൽ ഒരുക്കുന്നുണ്ട് ഒരുക്കുന്നുണ്ട് യേശു നാഥൻ (2)

1. അന്യനാണ് സാധുഞാൻ ഇവിടെ പരദേശി ഞാൻ (2) വീടെനിക്കുന്നുണ്ട് ഉയരത്തിൽ ലോകമേ എനിക്കുള്ളതല്ല (2)
2. അപ്പനമ്മ മറക്കുമ്പോൾ സ്വന്ത ജനം തള്ളുമ്പോൾ (2) തള്ളിടാത്ത സ്നേഹമായ് യേശു ഉണ്ട് ചാരുവാൻ (2)
3. കഷ്ടനഷ്ടം ഏറുമ്പോൾ പ്രതികൂലം ഏറുമ്പോൾ (2) ഹല്ലേലുയ്യാ പാടും ഞാൻ യേശുവിനെ നോക്കും ഞാൻ (2)

104 എന്നാളും സ്തുതിക്കണം നാം നാഥനെ എന്നാളും സ്തുതിക്കണം നാം
വന്ദനം പാടി മന്നൻ മുൻ കൂടി മന്ദതയകന്നു തിരു മുന്നിലിരുന്നു (2)

1. മോദമായ് പാടുക നാം പരന്നു ബഹുനാദമായ് പാടുക നാം (2)
ഗീത ഗണം തേടി നാഥനു നാം പാടി (2) നാഥനാമവന്റെ തിരുനാമമേ ഗതിയായ് നാടി (2)
2. ശ്രേഷ്ഠതയിൻ നായകൻ അവൻ നിനയ്ക്കിൽ ശിഷ്ട ഗുണദായകൻ (2)
സ്പഷ്ടം തിരു ദാസർക്കിഷ്ടം അരുളുമവൻ (2) കഷ്ടതയിൽ നിന്നവരെ ധൃഷ്ടരായുദ്ധരിപ്പവൻ (2)
3. തന്നെ സ്തുതിച്ചിടുന്ന ജനങ്ങൾ പദം തന്നിൽ പതിച്ചിടുന്നു (2)
മന്നവ മന്നന്മാർ സന്നരായ് വാഴ്ത്തുന്നു (2) നന്ദിയോടവരെ വരും ഉന്നതനെ വണങ്ങുന്നു (2)
4. ജീവികളിൻ നാഥനെ ജയം പെരുകും ദേവകളിൻ താതനെ (2)
ജീവന്നുറവയാകും ജീവ ലോകേശനെ (2) ജീവൻഇയലുവാൻ സ്വന്തസുനുവെ കൊടുത്തവനെ (2)
5. തൻ നാമ കീർത്തനം നാം തുടർന്നു ചെയ്കിലെന്നും ദിവ്യാനന്ദമാം (2)
ഉന്നതൻ തന്നുടെ സന്നിധൗ നിന്നു നാം (2) മന്നവനെ പുതു ഗാന വന്ദനങ്ങളോടനിശം (2)

105 എന്നുള്ളമേ സ്തുതിക്ക നീ പരനെ തൻ നന്മകൾക്കായ് സ്തുതിക്കാം സ്തുതിക്കാം
എന്നന്തരങ്ങമേ അനുദിനവും നന്ദിയോടെ പാടി പുകഴ്ത്താം (2)

1. സുരലോക സുഖം വെടിഞ്ഞു നിന്നെ തേടിവന്ന ഇടയൻ (2)
തന്റെ ദേഹമെന്ന തിരശീല ചിന്തി തവ മോക്ഷ മാർഗം തുറന്നു (2)
2. പാപ രോഗത്താൽ നീ വലഞ്ഞു തെല്ലും ആശയില്ലാതലഞ്ഞു (2)
പാരം കേണിടുമ്പോൾ തിരുമേനിയതിൽ നിന്റെ വ്യാധിയെല്ലാം വഹിച്ചു (2)
3. പലശോധനകൾ വരുമ്പോൾ ഭാരങ്ങൾ പെരുകിടുമ്പോൾ (2)
നിന്നെ കാത്തു സൂക്ഷിച്ചൊരു കാന്തനല്ലോ നിന്റെ ഭാരമെല്ലാം ചുമന്നു (2)
4. ആത്മാവിനാലെ നിറച്ചു ആനന്ദമുള്ളിൽ പകർന്നു (2)
പ്രത്യാശ വർദ്ധിപ്പിച്ചു പാലിച്ചിടും തവ സ്നേഹമതിശയമേ (2)

106 എന്നുള്ളിൽ എന്നും വസിച്ചിടുവാൻ സ്വർഗ്ഗ.. മണ്ഡപം വിട്ടിറങ്ങി .. വന്ന
ഉന്നതനാം തങ്ക പ്രാവേ നീ വന്നെന്നിൽ എന്നും അധിവസിക്ക (2)

1. തങ്കച്ചിറകടി എത്രനാൾ കേട്ടിട്ടും ശങ്ക കൂടാതെ നിന്നെ .. തള്ളി
സങ്കേതം ഞാൻ കൊടുത്തന്യർക്കെന്നോർത്തിതാ സങ്കടപ്പെട്ടിടുന്നു (2)
2. കർത്തനെ! എത്ര അനുഗ്രഹങ്ങളയ്യോ! നഷ്ടമാക്കി ഈവിധം ഇന്നും
കഷ്ടത തന്നിൽ വലയുന്നു ഞാനിതാ തട്ടിയുണർത്തണമേ (2)
3. ശൂന്യവും പാഴുമായ് തള്ളിയതാമീ നിൻ മന്ദിരം തന്നിലിന്നു ദേവാ!
വന്നു പാർത്തു ശുദ്ധി ചെയ്തു നിൻ വീട്ടിന്റെ നിന്ദ അകറ്റേണമേ (2)
4. ജീവിതമിന്നും ശരിയായിട്ടില്ലയ്യോ! ജീവിപ്പിക്കും കർത്തനേ! വന്ന്
ജീവനും ശക്തിയും സ്നേഹവും തന്നെന്നെ ജീവിപ്പിച്ചീടണമേ (2)
5. ശക്തിയിൻ സിംഹാസനേ ജയവീരനായ് വാഴുന്നോരേശു രാജൻ എന്നിൽ
ശക്തിയോടെ വന്നു വാണിടും നേരത്തിൽ ശക്തനായ് ജീവിക്കും ഞാൻ (2)
6. എന്നലങ്കാര വസ്ത്രം ധരിക്കും ഞാൻ ഇന്നു മുതൽ ദൈവമേ മേലാൽ
എന്നിൽ അശുദ്ധനും ചേലാവിഹീനനും ചേർന്നു വരികയില്ല (2)
7. ഈ വിധത്തിൽ പരിപാലിക്കപ്പെട്ടിടാൻ ദൈവാത്മാവേ വന്നെന്നിൽ എന്നും
ആവസിച്ചു തവ തേജസ്സാൽ എന്നുടെ ജീവൻ പ്രശോഭിപ്പിക്ക (2)

107 എന്നു വന്നിടും പ്രിയാ എന്നു വന്നിടും കൺകൾ കൊതിച്ചിടുന്നേ
ചേറ്റിൽ നിന്നെന്നെ ഉയർത്തിയല്ലോ വെമ്പിടുന്നു നിൻ മുഖം കണ്ടിടാൻ (2)

1. ശത്രുക്കൾ മുമ്പാകെ മേശ നീ ഒരുക്കി എന്നെ നടത്തിയതാൽ സ്തുതിച്ചിടുന്നേ (2)
കൊടുങ്കാറ്റിനെ ശാന്തമാക്കി എന്റെ ജീവിതം നീ ധന്യമാക്കി തീർത്തു (2)
2. ലോകരെല്ലാവരും കൈവിട്ടപ്പോൾ എന്നെ കൈ വെടിഞ്ഞിടാത്തവൻ നീ മാത്രമേ (2)
നിനക്കുവേണ്ടി അന്ത്യത്തോളവും എന്റെ ജീവിതം പാർത്തലേ കഴിച്ചിടും ഞാൻ (2)

108 എന്നും നല്ലവൻ യേശു എന്നും നല്ലവൻ ഇന്നലെയും ഇന്നും എന്നും അന്യനല്ലവൻ (2)

1. ഭാരമുള്ളിൽ നേരിടും നേരമെല്ലാം താങ്ങിടും (2)
'സാരമില്ലെ'ന്നോതിടും തൻ മാർവ്വിലെന്നെ ചേർത്തിടും (2)
2. സംഭവങ്ങൾ കേൾക്കവേ കമ്പം ഉള്ളിൽ ചേർക്കവേ (2)
തമ്പുരാൻ തിരുവചനം ഓർക്കവേ പോമാകവേ (2)
3. ഉലകവെയിൽ കൊണ്ടു ഞാൻ വാടി വീഴാതോടുവാൻ (2)
തണലെനിക്കു നൽകിടുവാൻ വലഭാഗത്തായ് ഉണ്ടു താൻ (2)
4. വിശ്വസിക്കുവാനും എൻ ആശ വെച്ചിടാനുമീ (2)
വിശ്വമതിൽ ആശ്വസിക്കാൻ ആശ്രയവും എൻ യേശുവാം (2)
5. രാവിലും പകലിലും ചേലൊടു തൻ പാലനം (2)
ഭൂവിൽ എനിക്കുള്ളതിനാൽ മാലിനില്ല കാരണം (2)

109 എന്നെ കരുതുവാൻ കാക്കുവാൻ പാലിപ്പാൻ യേശു എന്നും മതിയായവൻ (2)

1. വരും ആപത്തിൽ നൽ തുണ താൻ പെരും താപത്തിൽ നൽ തണൽ താൻ (2)
ഇരുൾ മൂടിടും ജീവിത പാതയിലും തരും വെളിച്ചവും അഭയവും താൻ (2)
2. എന്റെ ഭാരങ്ങൾ തൻ ചുമലിൽ വച്ചു ഞാനെന്നും വിശ്രമിക്കും (2)
ദു:ഖ വേളയിലും പുതു ഗീതങ്ങൾ ഞാൻ പാടി ആനന്ദിച്ചാശ്വസിക്കും (2)
3. വിണ്ണിൽ വാസസ്ഥലം ഒരുക്കി വരും പ്രാണപ്രിയൻ വിരവിൽ (2)
അന്നു ഞാൻ അവൻ മാറിൽ മറഞ്ഞിടുമേ കണ്ണീർ പൂർണ്ണമായ് തോർന്നീടുമേ (2)

110 എന്നെ പോറ്റിപ്പുലർത്തുന്നോൻ എന്നെ പോറ്റിപ്പുലർത്തുന്നോൻ
എന്റെ ഈ മരു യാത്രയിൽ ഓരോ ദിവസവും പോറ്റിപ്പുലർത്തുന്നോൻ (2)

1. ബാല സിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കുമ്പോൾ .. എനി..
ക്കന്നന്നു വേണ്ടുന്നതൊക്കെയും നൽകി പോറ്റി പുലർത്തുന്നോൻ (2)
2. നീതിമാൻ സന്തതി അപ്പമിരപ്പതു കാണുവാൻ സാദ്ധ്യമല്ല .. ദൈവം
കെരീത്തു തോട്ടിലും സാരെപ്ത നാട്ടിലും പോറ്റി പുലർത്തുന്നോൻ (2)
3. മരുപ്രയാണത്തിൽ മാറായിൽക്കൂടി പോകേണ്ടി വന്നാലും .. എന്റെ
ക്ലേശങ്ങൾ നീക്കി മാധുര്യം നൽകി പോറ്റി പുലർത്തുന്നോൻ (2)
4. ജീവന്റെ അപ്പമായ് അർപ്പണം ചെയ്തോൻ ജീവിച്ചിരിക്കയാൽ .. ഞാനും
ജീവന്റെ പാതയിൽ ജീവന്റെ നാഥനാൽ ജീവിച്ചു മുന്നേറും (2)

111 എന്നേശു രാജാവു താൻ വേഗം വന്നീടുമല്ലോ (2)
തൻ ശുദ്ധരെ ചേർത്തിടുവാൻ വേഗം വന്നീടുമല്ലോ ഹല്ലേലുയ്യാ (2)

1. കാഹളം വാനിൽ മുഴങ്ങീടുമേ ദൂതരും ആമോദാൽ നിന്നീടുമേ (2)
കർത്താവു താൻ നമ്മെ ചേർത്തീടുവാൻ മദ്ധ്യാകാശേ വന്നീടും .. ഹല്ലേലുയ്യാ (2)
2. തന്റെ വരവിനായ് കാത്തിടുന്നോർ തൻ പ്രിയ മക്കളായ് ജീവിച്ചവർ (2)
ശക്തിയെ പുതുക്കിയോർ കഴുകനേപ്പോൽ പറന്നുയരും വാന മേഘമതിൽ (2)

| | | | |
|---|---|---|---|
| 112 | എന്നേശു അല്ലാതില്ലെനിക്കൊരാശ്രയം ഭൂവിൽ | നിൻ മാർവ്വിൽ അല്ലാതില്ലെനിക്കു വിശ്രമം വേറെ | |
| | ഈ പാരിലും പരത്തിലും | നിസ്തുല്യൻ എൻ പ്രിയൻ | (2) |
| | എൻ രക്ഷകാ എൻ ദൈവമേ നീ അല്ലാതില്ലാരും | | (2) |
| | എന്നേശു മാത്രം മതി എനിക്കേതു നേരത്തും | | (2) |
| 1. | വൻ ഭാരങ്ങൾ പ്രയാസങ്ങൾ | നേരിടും നേരത്തും | (2) |
| | എൻ ചാരവേ ഞാൻ കാണുന്നുണ്ടെൻ | സ്നേഹ..സഖിയായ് | (2) |
| | ഈ ലോക സഖികളെല്ലാരും | മാറിപ്പോയാലും | (2) |
| 2. | എൻ ക്ഷീണിത രോഗത്തിലും | നീ മാത്രമെൻ വൈദ്യൻ | (2) |
| | മറ്റാരെയും ഞാൻ കാണുന്നില്ലെൻ | രോഗ ശാന്തിക്കായ് | (2) |
| | നിൻ മാർവ്വിടം എൻ ആശ്രയം | എന്നേശു കർത്താവേ | (2) |

| | | | |
|---|---|---|---|
| 113 | എന്നേശു നാഥനെ എന്നാശ നീയേ | എന്നാളും മന്നിൽ നീ മതിയേ | (2) |
| 1. | ആരും സഹായം ഇല്ലാതെ പാരിൽ | പാരം നിരാശയാൽ നീറും നേരം | (2) |
| | കൈത്താങ്ങൽ ഏകുവാൻ കണ്ണുനീർ തുടപ്പാൻ | കർത്താവേ നീയല്ലാതാരുമില്ല | (2) |
| 2. | ഉറ്റവർ സ്നേഹം അറ്റു പോയാലും | ഏറ്റം പ്രിയർ വിട്ടു മാറിയാലും | (2) |
| | മാറ്റമില്ലാത്ത മിത്രം നീ മാത്രം | മറ്റാരും ഇല്ല പ്രാണപ്രിയാ | (2) |
| 3. | നിൻ മുഖം നേരിൽ എന്നു ഞാൻ കാണും | എൻ മനം ആശയാൽ കാത്തീടുന്നു | (2) |
| | നീ വരാതെന്റെ കണ്ണുനീരെല്ലാം | തോരുകയില്ല ജീവനാഥാ | (2) |

| | | | |
|---|---|---|---|
| 114 | എന്നേശുവേ നീയാശ്രയം | എന്നാളും മന്നിലീ സാധുവിന് | |
| | എല്ലാരും പാരിൽ കൈ വിട്ടാലും | എന്നെ കരുതുന്ന കർത്താവു നീ | (2) |
| 1. | ആകുല നേരത്തെൻ ചാരത്തണഞ്ഞ് | ഏകുന്നു സാന്ത്വനം നീ എനിക്ക് | |
| | ആകയാലില്ല തെല്ലും ഭയം | പകലും രാവും നീ അഭയം | (2) |
| 2. | ചിന്തി നീ ചെന്നിണം ക്രൂശിലതാലെൻ | ബന്ധനം നീക്കി നിൻ സ്വന്തമാക്കി | |
| | എന്തൊരു ഭാഗ്യം നിത്യ ബന്ധം | സന്തതം പാടും സന്തോഷമായ് | (2) |
| 3. | തുമ്പങ്ങളേറും എൻ മാനസം തന്നിൽ | ഇമ്പം പകരുന്നു നിൻ മൊഴികൾ | |
| | എൻ മനം നിന്നിൽ ആനന്ദിക്കും | നിൻ മാറിൽ ചാരി ആശ്വസിക്കും | (2) |
| 4. | എന്നു നീ വന്നീടും എന്നാത്മ നാഥാ | വന്നല്ലാതെന്നാധി തീരുകില്ലാ | |
| | ഒന്നേ എന്നാശ നിന്നെ കാണ്മാൻ | ആമേൻ! കർത്താവേ വന്നീടണേ | (2) |

| | | | |
|---|---|---|---|
| 115 | എന്നേശുവിൻ സന്നിധിയിൽ | എന്നും ഗീതങ്ങൾ പാടിടും ഞാൻ | (2) |
| | തന്റെ മാധുര്യം ഏറിടും നാമമതേ | സ്തുതി ഗീതങ്ങൾ പാടിടും ഞാൻ | (2) |
| 1. | കണ്ണുനീരവൻ തുടച്ചീടുമേ | കരുണയിൻ കരം നീട്ടിടുമേ | (2) |
| | എന്റെ കാൽവറി നായകൻ യേശുമതി | നിന്റെ പാപങ്ങൾ അകറ്റീടുവാൻ | (2) |
| 2. | പരമൻ വിളി കേട്ടിടുമ്പോൾ | പരമാനന്ദം ലഭിച്ചിടുമേ | (2) |
| | നിന്റെ അകൃത്യങ്ങൾ ഒക്കെയും അവൻ കൃപയാൽ | അതിവേഗം അകന്നിടുമേ | (2) |

| | | | |
|---|---|---|---|
| 116 | എന്നോടുള്ള നിൻ സർവ്വ നന്മകൾക്കായ് ഞാൻ | എന്തു ചെയ്യേണ്ടു നിനക്കേശു പരാ ഇപ്പോൾ | (2) |
| 1. | നന്ദി കൊണ്ടെന്റെ ഉള്ളം നന്നേ നിറയുന്നേ | സന്തോഷമോടെ സ്തുതി പാടിടുന്നേൻ ദേവാ | (2) |
| 2. | പാപത്തിൽ നിന്നു എന്നെ കോരിയെടുപ്പാനായ് | ശാപ-ശിക്ഷകളേറ്റ ദേവാത്മജാ മഹാ | (2) |
| 3. | എന്നെ അൻപോടു ദിനം തോറും നടത്തുന്ന | പൊന്നിടയന് അനന്തം വന്ദനമേ എന്റെ | (2) |
| 4. | അന്ത്യം വരെയും എന്നെ കാവൽ ചെയ്തീടുവാൻ | അന്തികെ ഉള്ള മഹൽ ശക്തി നീയെ നാഥാ | (2) |
| 5. | താതൻ സന്നിധിയിൽ എൻ പേർക്കു സദാ പക്ഷ.. | വാദം ചെയ്യുന്ന മമ ജീവനാഥാ പക്ഷ. | (2) |
| 6. | കുറ്റം കൂടാതെ എന്നെ തേജസ്സിൻ മുൻപാകെ | മുറ്റും നിറുത്താൻ കഴിവുള്ളവനെ എന്നെ | (2) |
| 7. | മന്നിടത്തിൽ അടിയാൻ ജീവിയ്ക്കും നാളെന്നും | വന്ദനം ചെയ്യും തിരു നാമത്തിന് ദേവാ | (2) |

| | | | |
|---|---|---|---|
| 117 | എപ്പോഴാണെന്റെ സോദരാ മൃത്യു വരുന്നത് | ഓർക്കായ്കിൽ എന്തു കഷ്ടമേ ! | (2) |
| | ഇപ്പാരിൽ നിൻ ജനങ്ങൾക്കു തൃപ്തിയില്ലാഞ്ഞു | ആത്മാവെ കരുതായ്കയാൽ | (2) |
| 1. | ദൂരവെ അല്ല മരണം എന്നാർക്കറിയാം | ലേശം ഇല്ലാ സമയങ്ങൾ | (2) |
| | രാജാക്കന്മാർ വലിയ ധീരന്മാരായവരും തീരെ സാധുക്കളും | ഈ ലോകം വെടിഞ്ഞു പോകും | (2) |
| 2. | കട്ടിൽ കിടക്കയിൽ വച്ചോ അയ്യോ സോദരാ | വീട്ടിൽ വസിച്ചിടുമ്പോഴോ | (2) |
| | കാട്ടിൽ-മലകളിലോ റോഡിൽ-തെരുക്കളിലോ, കൂട്ടുകാർ ചേർന്നു | വഴിയാത്രകൾ ചെയ്യുമ്പോഴോ | (2) |
| 3. | വള്ളത്തിൽ യാത്രയിൽ വച്ചോ ആരാധനയ്ക്കായ് | പള്ളിയിൽ പോകും നേരത്തോ | (2) |
| | കള്ളം പറഞ്ഞു ചിലർ വ്യാപാരച്ചന്തയിലോ, കള്ളക്കേസിനു-പോയി | കച്ചേരി-ത്തിണ്ണയിലോ | (2) |
| 4. | വാളിനാൽ വെട്ടു-കൊണ്ടിട്ടോ വല്ലാത്തതായ | വ്യാധികൾ വന്നു-പെട്ടിട്ടോ | (2) |
| | പെട്ടെന്നുള്ള മരണം ഹൃദ്-രോഗങ്ങളാലോ സർപ്പവിഷമേറ്റിട്ടു | വൈദ്യന്റെ വീട്ടിൽ വച്ചോ | (2) |

118 എന്തതിശയമേ ദൈവത്തിൻ സ്നേഹം എത്ര മനോഹരമേ അതു
ചിന്തയിൽ അടങ്ങാ സിന്ധു സമാനമായ് സന്തതം കാണുന്നു ഞാൻ (2)

1. ദൈവമേ നിൻ മഹാ സ്നേഹം അതിൻ വിധം ആർക്കു ചിന്തിച്ചറിയാം എനി..
ക്കാവതില്ലേ അതിൻ ആഴം അളന്നിടാൻ എത്ര ബഹുലമത്
2. ആയിരം ആയിരം നാവുകളാൽ അതു വർണ്ണിപ്പതിന്നെളുതോ പതി..
നായിരത്തിങ്കൽ ഒരംശം ചൊല്ലീടുവാൻ പാരിൽ അസാദ്ധ്യം അഹോ (2)
3. മോദമെഴും തിരു മാർവ്വിൽ ഉല്ലാസമായ് സന്തതം ചേർന്നിരുന്ന ഏക..
ജാതനാം യേശുവെ പാതകർക്കായ് തന്ന സ്നേഹം അതിശയമേ (2)
4. പാപത്താൽ നിന്നെ ഞാൻ കോപിപ്പിച്ചുള്ളൊരു കാലത്തിലും ദയവായ് സ്നേഹ..
വാപിയേ നീയെന്നെ സ്നേഹിച്ചതോർത്തെന്നിൽ ആശ്ചര്യം ഏറിടുന്നു (2)
5. ജീവിതത്തിൽ പല വീഴ്ച്ചകൾ വന്നിട്ടും ഒട്ടും നിഷേധിക്കാതെ എന്നെ..
കേവലം സ്നേഹിച്ചു പാലിച്ചിടും തവ സ്നേഹം അതുല്യമഹോ (2)

119 എന്താനന്ദം എനിക്കെന്താനന്ദം പ്രിയ യേശുവിൻ കൂടെയുള്ള വാസം (2)
ചിന്താതീതം അതു മനോഹരം എന്തു സന്തോഷമാം പുതു ജീവിതം (2)
സന്താപം ഏറുമീ ലോകേ ഞാൻ ആകിലും സാന്ത്വനം തരും ശുഭം (2)

1. ഒന്നും കണ്ടിട്ടല്ല എൻ ജീവിതാരംഭം വിശ്വാസ കാൽ ചുവടിലത്രേ (2)
തന്നീടുന്നേ സ്വർഗ്ഗ ഭണ്ഡാരത്തിൽ നിന്നും ഒന്നിനും മുട്ടില്ലാതെവണ്ണം (2)
ആശക്കെതിരായി ആശയോടെ വിശ്വസിക്കുകിൽ എല്ലാം സാദ്ധ്യം (2)
2. ആരു വെറുത്താലും ആരു ചെറുത്താലും കാര്യമില്ലെന്നുള്ളം ചൊല്ലുന്നു (2)
കൂടെ മരിപ്പാനും കൂടെ ജീവിപ്പാനും കൂട്ടായ് പ്രതിജ്ഞാ ബന്ധം ചെയ്തോർ (2)
കൂട്ടത്തോടെ വിട്ടുപോയ് വിട്ടാലും കൂട്ടായ് യേശു എനിക്കുള്ളതാൽ (2)
3. ആരു സഹായിക്കും ആരു സംരക്ഷിക്കും എന്നുള്ള ഭീതിയെനിക്കില്ല (2)
തീരെ ബലഹീനനായി കിടന്നാലും ചാരും ഞാൻ യേശുവിന്റെ മാർവ്വിൽ (2)
എത്തും സഹായം അത്യത്ഭുതമാം വിധം തൊട്ടു സുഖപ്പെടുത്തും (2)
4. ക്രിസ്തീയ ജീവിത മാഹാത്മ്യം കണ്ടവർ ക്രിസ്തനെ വിട്ടു പോയിടുമോ (2)
സുസ്ഥിരമല്ലാത്ത ലോകധനത്തിനാൽ വ്യർത്ഥരായ് തീരുന്നതെന്തിന് (2)
കർത്തനാം യേശുവോടൊത്തു നടക്കുകിൽ നിത്യാനന്ദം ലഭ്യം (2)

120 എന്തു നല്ലോർ സഖി യേശു ! പാപ ദു:ഖം വഹിക്കും
എല്ലാം യേശുവോടു ചെന്നു ചൊല്ലീടുമ്പോൾ താൻ കേൾക്കും (2)
നൊമ്പരം ഏറെ സഹിച്ചു സമാധാനങ്ങൾ നഷ്ടം
എല്ലാം യേശുവോടു ചെന്നു ചൊല്ലീടായ്ക നിമിത്തം (2)

1. കഷ്ടം ശോധനകളുണ്ടോ എവ്വിധ ദു:ഖങ്ങളും ലേശവും അധൈര്യം വേണ്ടാ ചൊല്ലാം യേശുവോടെല്ലാം (2)
ദു:ഖം സർവ്വം വഹിക്കുന്ന മിത്രം മറ്റാരുമുണ്ടോ ക്ഷീണമെല്ലാം അറിയുന്ന യേശുവോടു ചൊല്ലീടാം (2)
2. ഉണ്ടോ ഭാരം ബലഹീനം തുമ്പങ്ങളും അസംഖ്യം രക്ഷകനല്ലോ സങ്കേതം യേശുവോടറിയിക്കാം (2)
മിത്രങ്ങൾ നിന്ദിക്കുന്നുണ്ടോ? പോയ് ചൊല്ലേശുവോടെല്ലാം ഉള്ളം കയ്യിലീശൻ കാക്കും അങ്ങുണ്ടാശ്വാസമെല്ലാം (2)

121 എന്തോരൻപിതപ്പനേ ! ഈ പാപിമേൽ എന്തോരൻപിതപ്പനെ!
അണ്ടർകോനേ! നീയീ ചണ്ഡാള ദ്രോഹിയിൽ കൊണ്ടോരൻപു പറയേണ്ടുന്നതെങ്ങനെ (2)

1. അൻപോലും തമ്പുരാനേ നിന്റെ മഹാ അൻപുള്ളോരു മകനെ (2)
ഇമ്പം നിറഞ്ഞുള്ള നിൻ മടിയിൽ നിന്നു തുമ്പം നിറഞ്ഞ പാരിങ്കലയച്ചതു (2)
2. കൺമണിയാം നിൻ മകൻ പൂങ്കാവിങ്കൽ മണ്ണിൽ വീണിരന്നതും (2)
പൊന്നിൻ തിരുമേനി തന്നിൽ നിന്നു ചോര മണ്ണിൽ വീണതും നിൻ കണ്ണെങ്ങനെ കണ്ടു? (2)
3. കരുണയറ്റ യൂദന്മാർ നിൻ മകന്റെ തിരുമേനിയാകെ നാഥാ! (2)
കൊരടാവു കൊണ്ടടിച്ചുഴുത നിലമാക്കി കുരിശിപ്പതിന്നായ് കുരിശെടുപ്പിക്കുന്നു (2)
4. ദാഹം വിശപ്പുകൊണ്ടു തളർന്നു കൈകാലുകൾ കുഴഞ്ഞീടുന്നു (2)
ദേഹം അഴലുന്നു ദേഹി ഉഴലുന്നു സ്നേഹം പെരുകുന്നീ പാതകനോടയ്യോ! (2)
5. ശത്രുക്കൾ മദ്ധ്യെ കൂടെ പോകുന്നിതാ കുറ്റമറ്റ കുഞ്ഞാടു (2)
കഷ്ടം യെരുശലേം പുത്രികൾ കണ്ടു മാറത്തടിച്ചയ്യോ വാ വിട്ടലറുന്നു (2)
6. കരുണ നിറഞ്ഞവൻ തൻ കൈകാൽകളെ കുരിശിൽ വിരിച്ചീടുന്നു (2)
കരുണയറ്റ ദുഷ്ടർ ക്രൂര കൈകളാലെ കുരിശോടു ചേർത്താണി വച്ചീടുന്നയ്യോ (2)
7. ആകാശ ഭൂമി മദ്ധ്യേ നിന്റെ മകൻ ഹാ ഹാ തൂങ്ങീടുന്നയ്യോ (2)
കാൽ കരങ്ങളൂടെ ചോരയൊഴുകുന്നു വേകുന്നു നിൻ കോപത്തീയിങ്കൽ വീണവൻ (2)
8. ദൈവമേ! എൻ ദൈവമേ എന്തുകൊണ്ടു കൈ വെടിഞ്ഞതെന്നെ നീ? (2)
ഏവമിതാ നിന്റെ ഏക മകൻ തന്റെ വാവിട്ടലറുന്നു നീ കേൾക്കുന്നില്ലൊട്ടും (2)
9. ചങ്കു തുറന്നൊഴുകിയതാം രക്ത ത്തിങ്കലെന്നെ കഴുകി (2)
പൊൻകരം കൊണ്ടു നടത്തീ പുതു ശാലേ മിങ്കൽ ചേർക്ക യേശു സങ്കേതമേ! എന്നെ (2)
10. ഇപ്പുഴുവിനെ ഇത്ര സ്നേഹിപ്പതി നപ്പനെ! എന്തുള്ളു ഞാൻ (2)
ഇപ്പുണ്യത്തിനടിയാനെന്തു ചെയ്യേണ്ടു? അബ്ബാ! പിതാവേ! മഹത്വം നിനക്കെന്നും (2)

**122** എന്റെ കർത്താവാം യേശുവിൻ നാമം എത്ര ശ്രേഷ്ഠമാം ഉന്നത നാമം (2)
പാപം ക്ഷമിച്ചിടുവാൻ രോഗസൗഖ്യം നൽകാൻ പാരിൽ വേറൊരു നാമമില്ല (2)

1. എന്റെ സഹായം വരുമിടം എവിടെ ? എന്നേപ്പോലുള്ള മർത്ത്യരിൽ നിന്നോ ? (2)
വാനം ഭൂമിയതും സർവ്വഗോളങ്ങളും (2) വാക്കാൽ നിർമ്മിച്ചവനിൽ നിന്നല്ലോ (2)

2. നാഥൻ കരുതീടും നിനക്കായിട്ടെല്ലാം നാൾ തോറും നടത്തീടും നന്നായ് (2)
നാഥൻ കൂടെയുണ്ട് വീട്ടിൽ എത്തും വരെ (2) നന്ദിയോടെ നാം സ്തുതിച്ചിടുക (2)

3. യേശു വന്നീടും മേഘത്തിൽ വേഗം ആശു നമ്മെയും ചേർത്തിടുവാനായ് (2)
വേഗം ഒരുങ്ങിടാം നാം പറന്നീടുവാനായ് (2) വസിപ്പാനെന്നും അവൻ കൂടെ (2)

**123** എന്റെ ദൈവം എല്ലാനാളും അനന്യൻ തന്നെ അണച്ചീടും അനുദിനം ചിറകടിയിൽ (2)

1. ഏഴകളിൻ ഭാരം നിത്യം ചുമക്കുന്നതാൽ ഏതുനേരത്തും ഞാൻ നിന്നെ സ്തുതിച്ചിടുന്നു (2)
നാവു പോരാ വർണ്ണിച്ചീടാൻ നന്മ ഓരോന്നും നന്ദി കൊണ്ടെന്റെ ഉള്ളം നിറയുന്നപ്പാ (2)

2. കഷ്ടനഷ്ട രോഗം ദു:ഖം വന്നിടും നേരം ഇഷ്ടനായകനാം യേശു ആശ്വാസമേകും (2)
കഷ്ടതകൾ ഏറ്റ പ്രിയൻ കൂടെയ ഉള്ളതാൽ പോയിടാം ധൈര്യമായി പ്രിയൻ പാതയിൽ (2)

3. എന്നു കേൾക്കും പ്രിയൻ ശബ്ദം വാന വിരവിൽ അന്നു മാറും എന്റെ കണ്ണീർ സമ്പൂർണ്ണമായി (2)
മണിയറ വാസം ഭൂവിൽ ആരംഭിച്ചീടാൻ വാഞ്ഛിക്കുന്നെന്റെ ഉള്ളം നിറയുന്നപ്പാ (2)

**124** എന്റെ ദൈവം എന്നെ പോറ്റുന്നു എന്നെ കാക്കുന്നു തന്റെ ചിറകടിയിൽ (2)
അനർത്ഥങ്ങളിൽ ഞെരുക്കങ്ങളിൽ അതിശയമായ് എന്നെ നടത്തിടുന്നു (2)

1. ഇടയനെപ്പോലെ തേടിവന്നു അമ്മയെപ്പോലെ വളർത്തിടുന്നു (2)
ഓരോ ദിവസമതും ഓരോ നിമിഷമതും അവൻ എനിക്കായ് കരുതിടുന്നു (2)

2. കഴുകൻ തൻ കുഞ്ഞിനെ കാക്കും പോലെ കോഴി തൻ കുഞ്ഞിനെ നോക്കും പോലെ (2)
ആ ചിറകടിയിൽ ആ മാർവ്വിടത്തിൽ അവൻ എന്നെ സൂക്ഷിക്കുന്നു (2)

**125** എന്റെ ദൈവം മഹത്വത്തിൽ ആർദ്രവാനായ് ജീവിക്കുമ്പോൾ
സാധു ഞാനീ ക്ഷോണിതന്നിൽ ക്ലേശിപ്പാൻ ഏതും കാര്യമില്ലെന്നെന്റെ ഉള്ളം ചൊല്ലുന്നു (2)

1. വൈഷമ്യമുള്ളേതുകുന്നും കരകേറി നടകൊൾവാൻ (2) രക്ഷകനെൻ കാലുകൾക്കു വേഗമായ് (2)
തീർന്നെൻ പാതയിൽ ഞാൻ മാനിനെപ്പോൽ ഓടിടും (2)

2. ആരുമെനിക്കില്ലെന്നോ ഞാൻ ഏകനായി തീർന്നു എന്നോ (2) മാനസത്തിൽ ആധിപൂണ്ടു ഖേദിപ്പാൻ (2)
സാധു അന്ധനായി തീർന്നിടല്ലേ ദൈവമേ (2)

3. എന്റെ നിത്യ സ്നേഹിതന്മാർ ദൈവദൂത സംഘമത്രേ (2) ഇപ്പോളവർ ദൈവമുമ്പിൽ സേവയാം (2)
എന്നെ കാവൽചെയ്തു ശുശ്രൂഷിപ്പാൻ വന്നിടും (2)

4. ദു:ഖിതനായ് ഓടിപ്പോയ് ഞാൻ മരുഭൂവിൽ കിടന്നാലും (2) എന്നെ ഓർത്തു ദൈവദൂതർ വന്നിടും (2)
ഏറ്റം സ്നേഹച്ചൂടോട് അപ്പവുമായ് വന്നിടും (2)

5. നാളെയെക്കൊണ്ടെൻ മനസ്സിൽ ലവലേശം ഭാരമില്ല (2) ഒരോനാളും ദൈവം എന്നെ പോറ്റുന്നു (2)
തന്റെ കൈകളിൽ ഞാൻ ദിനംതോറും ചാരുന്നു (2)

6. കാക്കകളെ വിചാരിപ്പിൻ വിതയില്ല കൊയ്ത്തുമില്ല (2) ദൈവം അവയ്ക്കായി വേണ്ടതേകുന്നു (2)
ലില്ലി പുഷ്പങ്ങൾക്കും അവൻ ശോഭ നൽകുന്നു (2)

7. പത്മോസ്..ദ്വീപിൽ ഏകനായ് ഞാൻ വസിച്ചാലും ഭയമില്ല (2) സ്വർഗ്ഗം..തുറന്നെന്റെ പ്രിയൻ വന്നിടും (2)
മഹാ ദർശനത്താൽ വിവശനായ് തീരും ഞാൻ (2)

8. ഹാ മഹേശാ കരുണേശാ പൊന്നുനാഥാ നീയെനിക്കായ് (2) വേണ്ടതെല്ലാം കൃപതോന്നി നൽകുമ്പോൾ (2)
എന്റെ ദേഹി വൃഥാ കലങ്ങുന്നതെന്തിനായ് (2)

**126** എന്റെ ദൈവം സ്വർഗ്ഗ സിംഹാസനം തന്നിൽ എന്നിൽ കനിഞ്ഞെന്നെ ഓർത്തിടുന്നു (2)

1. അപ്പനും അമ്മയും വീടും ധനങ്ങളും വസ്തു സുഖങ്ങളും കർത്താവത്രേ (2)
പൈതൽ പ്രായം മുതൽക്കിന്നേവരെ എന്നെ പോറ്റി പുലർത്തിയ ദൈവം മതി (2)

2. ആരും സഹായമില്ലെല്ലാവരും പാരിൽ കണ്ടും കാണാതെയും പോകുന്നവർ (2)
എന്നാൽ എനിക്കൊരു സഹായകൻ വാനിൽ ഉണ്ടെന്നറിഞ്ഞതിൽ ഉല്ലാസമേ (2)

3. പിതാവില്ലാത്തോർക്കവൻ നല്ലോരു താതനും പെറ്റമ്മയെ കവിഞ്ഞാർദ്രവാനും (2)
വിധവയ്ക്കു കാന്തനും സാധുവിനപ്പവും എല്ലാർക്കും എല്ലാമെൻ കർത്താവത്രേ (2)

4. കരയുന്ന കാക്കയ്ക്കും വയലിലെ റോസയ്ക്കും ഭക്ഷ്യവും ഭംഗിയും നൽകുന്നവൻ (2)
കാട്ടിലെ മൃഗങ്ങൾ ആറ്റിലെ മത്സ്യങ്ങൾ എല്ലാം സർവ്വേശനെ നോക്കിടുന്നു (2)

5. കോടാകോടി ഗോളം എല്ലാം ചമച്ചവൻ എല്ലാറ്റിനും വേണ്ടതെല്ലാം നൽകി (2)
സൃഷ്ടികൾക്കൊക്കെയും ആനന്ദകാരണൻ ദുഷ്ടന്മാർക്കേറ്റവും ഭീതികരൻ (2)

6. കല്യാണ ശാലയിൽ എന്നെ വിളിച്ചെന്റെ സന്താപം ഒക്കെയും തീർത്തിടും നാൾ (2)
ശീഘ്രം വരുന്നെന്റെ കാന്തൻ വരുന്നെന്നിൽ ഉല്ലാസമായ് ബഹുകാലം വാഴാൻ (2)

7. ലോകം വെടിഞ്ഞെന്റെ സ്വർഗ്ഗീയ നാടിനെ കാണ്മാൻ കൊതിച്ചു ഞാൻ പാർത്തിടുന്നു (2)
അന്യൻ പരദേശി എന്നെന്റെ മേലെഴുത്ത് എന്നാൽ സർവ്വസ്വവും എന്റേതത്രേ (2)

| | | | |
|---|---|---|---|
| 127 | എന്റെ ദൈവത്താൽ എന്റെ ദൈവത്താൽ | നിശ്ചയം അനുഗ്രഹം പ്രാപിച്ചീടും ഞാൻ | (2) |
| | തന്റെ വചനം പോലെ ഞാൻ ചെയ്യും | തന്റെ വഴിയിൽ തന്നെ നടക്കും | (2) |
| 1. | ദേശത്തിൽ ഞാൻ അനുഗ്രഹിക്കപ്പെടും | ജോലിയിൽ ഞാൻ അനുഗ്രഹിക്കപ്പെടും | (2) |
| | എന്റെ വീട്ടിൽ ആഹാരം കുറയുകില്ല | ആവശ്യങ്ങൾ ഒന്നുമേ മുടങ്ങുകില്ല | (2) |
| 2. | എന്നെ എതിർക്കുന്ന ശത്രുക്കളെല്ലാം | ഛിന്നഭിന്നമായ് പോകും എന്റെ ദൈവത്താൽ | (2) |
| | എന്റെ ആരോഗ്യം ദൈവ ദാനമല്ലോ | എൻ ശരീരവും അനുഗ്രഹിക്കപ്പെടും | (2) |
| 3. | ജീവിത പങ്കാളിയും എന്റെ മക്കളും | എന്റെ സമ്പത്തും അനുഗ്രഹിക്കപ്പെടും | (2) |
| | എന്റെ നന്മക്കായ് അവൻ സമൃദ്ധി നൽകും | എന്നെ വിശുദ്ധ ജനം ആക്കിയല്ലോ | (2) |
| 4. | വായ്പ വാങ്ങാൻ ഇട വരികയില്ല | കൊടുക്കുവാനോ ദൈവം സമൃദ്ധി നൽകും | (2) |
| | ഉയർച്ച തന്നെ എന്നും പ്രാപിച്ചിടും ഞാൻ | ഉന്നതങ്ങളിൽ എന്നെ മാനിക്കും താൻ | (2) |

| | | | |
|---|---|---|---|
| 128 | എന്റെ ദൈവത്താൽ എല്ലാം സാദ്ധ്യം | എന്റെ ദൈവത്താൽ എല്ലാം സാദ്ധ്യം | (2) |
| | ആഴിമേൽ നടന്നോൻ അഗ്നിയിൽ ഇറങ്ങി | ആകാശം തുറന്ന സർവ്വശക്തൻ | (2) |
| | എല്ലാം എല്ലാം സാദ്ധ്യം | എല്ലാം എല്ലാം സാദ്ധ്യം | (2) |
| | രോഗമോ ദു:ഖമോ കഷ്ടമോ നഷ്ടമോ | വിടുതൽ നൽകിടും നാഥൻ | (2) |
| 1. | ഹന്നാ കരഞ്ഞതു കേട്ടു, ശമുവേൽ ബാലനെ നൽകി | ദാനിയേലിന്റെ ദൈവം സിംഹക്കൂട്ടിൽ ഇറങ്ങി | (2) |
| | പ്രാർത്ഥിച്ചീടാം കണ്ണു നീരോടെ | ഒന്നും അസാദ്ധ്യമല്ല | (2) |
| 2. | കുരുടൻ നിലവിളിച്ചപ്പോൾ യേശുനാഥൻ നിന്നു | ലാസർ ഉയിർത്ത നാട്ടിൽ ജയത്തിൻ ഘോഷം കേട്ടു | (2) |
| | പ്രാർത്ഥിച്ചീടാം കണ്ണു നീരോടെ | ഒന്നും അസാദ്ധ്യമല്ല | (2) |
| 3. | ഉള്ളം നൊന്തു കരഞ്ഞാൽ മനസ്സലിഞ്ഞീടും നാഥൻ | കാൽവറിയിലെ രക്തം പാപ മോചനമേകും | (2) |
| | പ്രാർത്ഥിച്ചീടാം കണ്ണു നീരോടെ | ഒന്നും അസാദ്ധ്യമല്ല | (2) |

| | | | |
|---|---|---|---|
| 129 | എന്റെ നാവിൽ നവഗാനം | എന്റെ നാഥൻ തരുന്നല്ലോ | |
| | ആമോദാൽ എന്നുമേ അവനെ ഞാൻ പാടുമേ | ഉയിരുള്ള നാൾ വരെയും ഹല്ലേലുയ്യാ | (2) |
| 1. | എന്നെ തേടി മന്നിൽ വന്നു സ്വന്ത ജീവൻ തന്നവൻ | ഒന്നിനാലും ഏഴയെന്നെ കൈവിടാത്തവൻ | (2) |
| 2. | പാപച്ചേറ്റിൽ ആണ്ടിരുന്ന എന്നെ വീണ്ടെടുത്തല്ലോ | പാപമെല്ലാം പോക്കി എന്നെ ശുദ്ധി ചെയ്തല്ലോ | (2) |
| 3. | ഇല്ല ഭീതി എന്നിലിന്നും എത്ര മോദം ഉള്ളത്തിൽ | നല്ല നാഥൻ യേശുവിന്റെ പാതേ വന്നതാൽ | (2) |
| 4. | ഹല്ലേലുയ്യ സ്തോത്ര ഗീതം പാടി വാഴ്ത്തും യേശുവേ | എല്ലാക്കാലം നന്ദിയോടെ എന്റെ നാളെല്ലാം | (2) |

| | | | |
|---|---|---|---|
| 130 | എന്റെ പ്രാണ സഖി യേശുവേ! | എന്റെ ഉള്ളത്തിൽ ആനന്ദമേ! | |
| | എന്നെ നിൻ മാർവ്വിങ്കൽ ചേർപ്പാനായ് | വന്നിതാ ഇപ്പോൾ നിൻ പാദത്തിൽ | |
| | അരുൾക അരുൾക ഞാൻ | പ്രാർത്ഥിക്കുമ്പോൾ | |
| | കർത്താവേ! ഈ നീച പ്രാണിക്കു | ദിവ്യ ഹിതത്തെ നീ കാട്ടുക! | (2) |
| 1. | നിന്നെ സ്നേഹിക്കുന്ന മക്കൾക്കു | ഉള്ളതാം എല്ലാ പദവികളും | |
| | അടിയാനും തിരിച്ചറിവാൻ | അപ്പനേ! ബുദ്ധിയെ തെളിക്ക! | (2) |
| 2. | പാപികൾക്കു നിന്റെ സ്നേഹത്തെ | എന്റെ ശീലത്താൽ ഞാൻ കാട്ടുവാൻ | |
| | കാൽവറി മലമേൽ കാണിച്ച | നിന്റെ അൻപിൻ ശീലം പകർന്നീടുക | (2) |
| 3. | എന്റെ ആയുസ്സിന്റെ നാളെല്ലാം | നീ പോയ വഴിയെ പോകുവാൻ | |
| | ആശയോടേശുവേ! എന്നെ ഞാൻ | ജീവ ബലിയായി നൽകുന്നേ | (2) |

| | | | |
|---|---|---|---|
| 131 | എന്റെ പ്രിയൻ വാനിൽ വരാറായ് | കാഹളത്തിൻ ധ്വനി കേൾക്കാറായ് | (2) |
| | മേഘേ ധ്വനി മുഴങ്ങും ദൂതർ ആർത്തു പാടിടും | നാമും ചേർന്നു പാടും ദൂത തുല്യരായ് | (2) |
| 1. | പൂർണ്ണ ഹൃദയത്തോടെ ഞാൻ സ്തുതിക്കും | നിന്റെ അ..ുതങ്ങളെ ഞാൻ വർണ്ണിക്കും | (2) |
| | ഞാൻ സന്തോഷിച്ചിടും എന്നും സ്തുതി പാടിടും | എന്നെ സൗഖ്യമാക്കി വീണ്ടെടുത്തതാൽ | (2) |
| 2. | പീഢിതന് ഒരഭയ സ്ഥാനം | സങ്കടങ്ങളിലും തുണ നീ | (2) |
| | ഞാൻ കുലുങ്ങുകില്ല ഒരു നാളും വീഴില്ല | എന്റെ യേശു എന്റെ കൂടെയുള്ളതാൽ | (2) |
| 3. | തകർക്കും നീ ദുഷ്ട ഭുജത്തെ | ഉടയ്ക്കും നീ നീച പാത്രത്തെ | (2) |
| | സീയോൻ പുത്രി ആർക്കുക എന്നും സ്തുതി പാടുക | നിന്റെ മണവാളൻ എഴുന്നെള്ളാറായ് | (2) |

| | | | |
|---|---|---|---|
| 132 | എന്റെ ബലമായ കർത്തനെൻ | ശരണമതാകയാൽ പാടിടും ഞാനുലകിൽ | |
| | ഏറ്റം ഉറപ്പുള്ള മറവിടമാണെനിക്കെൻ പ്രിയൻ | ചാരിടും ഞാൻ അവനിൽ | (2) |
| | ഹാ ഹല്ലേലുയ്യാ ഗീതം പാടിടും ഞാൻ എന്റെ | ജീവിത യാത്രയതിൽ | |
| | എന്റെ അല്ലൽ അഖിലവും തീർത്തിടും നാൾ നോക്കി | പാർത്തിടും ഞാൻ ഉലകിൽ | (2) |
| 1. | എല്ലാക്കാലത്തും ആശ്രയം വച്ചീടുവാൻ നല്ല | സങ്കേതം യേശുവത്രേ | |
| | പെറ്റ തള്ള തൻ കുഞ്ഞിനെ മറന്നീടിലും കാന്തൻ.. | മാറ്റം ഭവിക്കാത്തവൻ | (2) |
| 2. | തിരുക്കരത്തിൽ വൻ സാഗര..ജലമെല്ലാം അടക്കുന്ന | കരുത്തെഴും യാഹവൻ താൻ | |
| | ഒരു ഇടയനെപ്പോൽ എന്നെ അവനിയിൽ കരുതുന്ന.. | സ്നേഹം എന്താശ്ചര്യമേ | (2) |
| 3. | ഉള്ളം കലങ്ങുന്ന നേരത്ത് പ്രിയൻ തൻ വാഗ്ദത്തം | ഓർപ്പിച്ചുണർത്തുന്നെന്നെ | |
| | ഉള്ളം കരത്തിൽ വരച്ചവൻ ഉർവ്വിക്കധീശൻ താൻ.. | എന്നുടെ ആശ്വാസകൻ | (2) |
| 4. | മാറും മനുജരെല്ലാം മഹിതലം അതും തീജ്വാല- | ക്കിരയായി മാറുകിലും | |
| | തിരു വാഗ്ദത്തങ്ങൾക്കേതും മാറ്റം വരില്ലവൻ.. | വരവിൻ നാൾ ആസന്നമായ് | (2) |

| | | | |
|---|---|---|---|
| 133 | എന്റെ പ്രിയൻ യേശു രാജൻ | വീണ്ടും വരാറായി, ഹല്ലേലുയ്യാ, വീണ്ടും വരാറായി | |
| | ആയിരം പതിനായിരങ്ങളിൽ | അതി സുകുമാരൻ അവൻ, എനിക്ക് | (2) |
| 1. | കുരിശിൽ രക്തം ചൊരിഞ്ഞു വീണ്ടെടുത്താവിയെ നൽകിയവൻ | എനിക്ക് ആവിയെ നൽകിയവൻ | |
| | വല്ലഭൻ എന്റെ അല്ലൽ തീർത്തവൻ നല്ലവൻ എല്ലാം അവൻ | എനിക്ക് നല്ലവൻ എല്ലാം അവൻ | (2) |
| 2. | നാളുകൾ ഇനി ഏറെയില്ലെന്നെ വേളി കഴിച്ചിടുവാൻ | എന്നെ വേളി കഴിച്ചിടുവാൻ | |
| | മണിയറയതിൽ ചേർത്തിടുവാൻ മണവാളൻ വന്നിടാറായ് | മേഘത്തിൽ മണവാളൻ വന്നിടാറായ് | (2) |
| 3. | ആമയം തീർത്താമോദം പൂണ്ടോമനപ്പുലരിയതിൽ | ചേർത്തീടും ഓമനപ്പുലരിയതിൽ | |
| | രാത്രികാലം കഴിഞ്ഞിടാറായ്, യാത്രയും തീരാറായ് | ഈ ലോക യാത്രയും തീരാറായ് | (2) |
| 4. | ആർപ്പുവിളി കേട്ടിടാറായ് കാഹളം മുഴക്കിടാറായ് | ദൂതന്മാർ കാഹളം മുഴക്കിടാറായ് | |
| | ഉണർന്നു ദീപം തെളിയിച്ചു കൊൾക വാതിൽ അടയ്ക്കാറായ് | കൃപയുടെ വാതിൽ അടയ്ക്കാറായ് | (2) |
| 5. | അന്തി ക്രിസ്തൻ വെളിപ്പെടാറായ് ഹന്ത ഭയങ്കരമേ | തൻ വാഴ്ച്ച, ഹന്ത ഭയങ്കരമേ | |
| | കാന്തയോ അവൾ കാന്തനുമായ് പീഢ ഒഴിഞ്ഞു വാഴും ഹല്ലേലുയ്യാ | പീഢ ഒഴിഞ്ഞു വാഴും | (2) |
| 6. | അത്തി വൃക്ഷം തളിർത്തതിന്റെ കൊമ്പുകൾ ഇളതായി | അതിന്റെ കൊമ്പുകൾ ഇളതായി | |
| | അടുത്തു വേനൽ എന്നറിഞ്ഞു കൊൾക വാതിൽ അടയ്ക്കാറായ് | കൃപയുടെ വാതിൽ അടയ്ക്കാറായ് | (2) |
| 7. | എൻ വിനകൾ തീർന്നിടാറായ് എൻ പുരി കാണാറായ് | ഹല്ലേലുയ്യാ എൻ പുരി കാണാറായ് | |
| | പ്രതിഫലങ്ങൾ ലഭിച്ചിടാറായ് പൊന്മുടി ചൂടാറായ് | ഹല്ലേലുയ്യാ പൊന്മുടി ചൂടാറായ് | (2) |

| | | | |
|---|---|---|---|
| 134 | എന്റെ സങ്കേതവും ബലവും | ഏറ്റവും അടുത്ത തുണയും | |
| | എന്തൊരാപത്തിലും ഏതു നേരത്തിലും | എനിക്കെന്നും എൻ ദൈവമത്രേ | (2) |
| 1. | ഇരുൾ തിങ്ങിടും പാതകളിൽ | കരൾ വിങ്ങിടും വേളകളിൽ | (2) |
| | അരികിൽ വരുവാൻ കൃപകൾ തരുവാൻ | ആരും ഇല്ലിതു പോൽ ഒരുവൻ | (2) |
| 2. | എല്ലാ ഭാരങ്ങളും ചുമക്കും | എന്നും താങ്ങി എന്നെ നടത്തും | (2) |
| | കർത്തൻ തൻ കരത്താൽ കണ്ണുനീർ തുടയ്ക്കും | കാത്തു പാലിക്കും എന്നെ നിത്യം | (2) |
| 3. | ഇത്ര നല്ലവനാം പ്രിയനെ | ഇദ്ധരയിൽ രുചിച്ചറിവാൻ | (2) |
| | ഇട ആയതിനാൽ ഒടുവിൽ വരെയും | ഇനി എനിക്കെന്നും താൻ മതിയാം | (2) |
| 4. | എന്നെ തന്നരുകിൽ ചേർക്കുവാൻ | എത്രയും വേഗം വന്നിടും താൻ | (2) |
| | പുത്തനാം ഭവനം എത്തി വിശ്രമിപ്പാൻ | ആർത്തിയോടെ ഞാൻ കാത്തിരിപ്പൂ | (2) |

| | | | |
|---|---|---|---|
| 135 | എന്റെ സമ്പത്തെന്നു ചെല്ലുവാൻ വേറെയില്ലൊന്നും | യേശുമാത്രം സമ്പത്താകുന്നു | (2) |
| | ചാവിനെ വെന്നുയിർ ചെയ്തോൻ | വാനമേഘം അതിൽ ചെന്നു | (2) |
| | സാധുവെന്നെ ഓർത്തു നിത്യം | താതനോടു യാചിക്കുന്നു | (2) |
| 1. | ക്രൂശിൽ മരിച്ചീശൻ എൻ പേർക്കായ് വീണ്ടെടുത്തെന്നെ | സ്വർഗ്ഗകനാൻ നാട്ടിൽ ആക്കുവാൻ | (2) |
| | പാപം നീങ്ങി ശാപം മാറി മൃത്യുവിന്മേൽ ജയമേകി (2) | വേഗം വരാം എന്നുരച്ചിട്ടാമയം തീർത്താശ നൽകി | (2) |
| 2. | തന്റെ പേർക്കായ് സർവ്വസമ്പത്തും യാഗമായ്..വെച്ചി.. | ട്ടെന്നെന്നേക്കും തന്നിൽ പ്രേമമായ് | (2) |
| | തന്റെ വേല ചെയ്തുകൊണ്ടും തന്റെ ക്രൂശു ചുമന്നിട്ടും (2) | പ്രാണപ്രിയൻസേവയിൽ തന്നായുസ്സെല്ലാംകഴിക്കണം | (2) |
| 3. | "നല്ല ദാസൻ" എന്നു ചൊല്ലുന്നാൾ .. തന്റെ മുമ്പാകെ | ലജ്ജിതനായ് തീർന്നു പോകാതെ | (2) |
| | നന്ദിയോടെൻ പ്രിയൻമുമ്പിൽ പ്രേമക്കണ്ണീർചൊരിഞ്ഞീടാൻ (2) | ഭാഗ്യമേറും മഹോത്സവ വാഴ്ച്ചക്കാലം വരുന്നല്ലോ | (2) |
| 4. | കുഞ്ഞാടാകും എന്റെ പ്രിയന്റെ .. സിയോൻ പുരിയിൽ | ചെന്നു ചേരാൻ ഭാഗ്യം ഉണ്ടെങ്കിൽ | (2) |
| | ലോകമെന്നെ ത്യജിച്ചാലും ദേഹമെല്ലാം ക്ഷയിച്ചാലും (2) | ക്ലേശംഎന്നിൽ ലേശമില്ലാതീശനെ ഞാൻപിന്തുടരും | (2) |
| 5. | എന്റെ ദേശം ഇഭുവിയല്ല അന്യനായ് സാധു | ഹാമിൻ ദേശം വിട്ടുപോകുന്നു | (2) |
| | മേലിന്നെറുശലേംഎന്നെ ചേർത്തുകൊൾവാൻ ഒരുങ്ങിതൻ (2) | ശോഭയേറുംവാതിലുകൾ എനിക്കായിട്ടുയർത്തുന്നു | (2) |
| 6. | എന്റെ രാജാവെഴുന്നെള്ളുമ്പോൾ .. തന്റെ മുമ്പാകെ | ശോഭയേറും രാജ്ഞിയായിത്തൻ | (2) |
| | മാർവ്വിലെന്നെചേർത്തിടുംതൻ പൊന്നുമാർവ്വിൽമുത്തിടുംഞാൻ(2) | ഹാ! എനിക്കീ മഹാഭാഗ്യം ദൈവമേ നീ ഒരുക്കിയേ | (2) |

| | | | |
|---|---|---|---|
| 136 | എന്റെ യേശു എനിക്കു നല്ലവൻ | അവൻ എന്നെന്നും മതിയായവൻ | (2) |
| | ആപത്തിൽ രോഗത്തിൽ വൻ പ്രയാസങ്ങളിൽ | മനമേ അവൻ മതിയായവൻ | (2) |
| 1. | കാൽവറി മലമേൽ കയറി | മുൾമുടി ശിരസിൽ വഹിച്ചു | (2) |
| | എന്റെ വേദന സർവ്വവും നീക്കിയെന്നിൽ | പുതുജീവൻ പകർന്നവനാം | (2) |
| 2. | അവൻ ആദ്യനും അന്ത്യനുമേ | ദിവ്യ..സ്നേഹത്തിൻ ഉറവിടമേ | (2) |
| | പതിനായിരത്തിൽ അതി ശ്രേഷ്ഠനവൻ | സ്തുത്യനാം വന്ദ്യനാം നായകൻ | (2) |
| 3. | മരുഭൂയാത്രയതി കഠിനം | പ്രതികൂലങ്ങൾ അനു നിമിഷം | (2) |
| | പകൽ മേഘസ്തംഭം രാത്രി അഗ്നിത്തൂണായ് | എന്നെ അനുദിനം വഴി നടത്തും | (2) |
| 4. | എന്റെ ക്ലേശം എല്ലാം നീങ്ങിപ്പോം | കണ്ണുനീരെല്ലാം തുടച്ചീടുമേ | (2) |
| | അവൻ മണവാളനായ് വാനിൽ വെളിപ്പെടുമ്പോൾ | ഞാൻ അവനിടം പറന്നുയരും | (2) |

| | | | |
|---|---|---|---|
| 137 | എന്റെ യേശു വാക്കു മാറാത്തോൻ | എന്റെ യേശു വാക്കു മാറാത്തോൻ | |
| | ഈ മൺ മാറും വിൺ മാറും | മർത്ത്യരെല്ലാം വാക്കു മാറും | |
| | എന്റെ യേശു വാക്കു മാറാത്തോൻ | | (2) |
| 1. | പെറ്റ തള്ള മാറിപ്പോയാലും | ഇറ്റു സ്നേഹം തന്നില്ലെങ്കിലും | (2) |
| | അറ്റു പോകയില്ല യേശുവന്റെ സ്നേഹം | എന്റെ യേശു വാക്കു മാറാത്തോൻ | (2) |
| 2. | ഉള്ളം കയ്യിൽ എന്നെ മറച്ചു | ഉള്ളിൽ ദിവ്യ ശാന്തി പകർന്നു | (2) |
| | തന്റെ തൂവൽ കൊണ്ട് എന്നെ മറയ്ക്കുന്ന | എന്റെ യേശു വാക്കു മാറാത്തോൻ | (2) |
| 3. | ഒലിവു മല ഒരുങ്ങിക്കഴിഞ്ഞു | പ്രാണപ്രിയൻ പാദം ചവിട്ടുവാൻ | (2) |
| | കണ്ണുനീരു തോരും നാളടുത്തു സ്തോത്രം | എന്റെ യേശു വാക്കു മാറാത്തോൻ | (2) |

**138** എന്റെ യേശു വെളിപ്പെടാറായ് എന്റെ ക്ലേശം തീർന്നിടാറായ്
എന്റെ ആശ നിറവേറുമേ പ്രിയൻ കൂടെ വാണിടവേ (2)

1. ഈ ലോക ദുരിതങ്ങൾ സാരമില്ല തേജസ്സിൻ നിത്യഫലം ഓർത്തിടുമ്പോൾ
വിശ്രാമ നാട്ടിൽ എൻ പ്രിയൻ കൂടെന്നും കഷ്ടതകൾ മറന്നുല്ലസിക്കും (2)
2. എൻ പ്രിയൻ തേജസ്സിൽ വന്നിടുമ്പോൾ തന്നോടു തുല്യനായ് മാറിടുവാൻ
നിർമ്മലൻ ആയോനാം പ്രിയനെപ്പോൽ ഞാനും നിർമ്മലൻ ആകുവാൻ വാഞ്ഛിക്കുന്നേ (2)
3. വിശ്വാസ കൺകളാൽ കാണുന്നു ഞാൻ പ്രാപിക്കുവാൻ ഉള്ള വൻ രക്ഷയെ
മാലിന്യം വാട്ടം കളങ്കമില്ലാത്ത അവകാശത്തിനായി കാത്തിടുന്നേ (2)
4. ജീവനു തുല്യമായ് സ്നേഹിച്ചതാം പ്രിയരെ കാണും ഞാൻ ആ ദിനത്തിൽ
തേജസ്സമ്പൂർണ്ണമാം ആ ദേശത്തിൽ ഞാനും ശുദ്ധരുമായ് വസിച്ചാനന്ദിക്കും (2)
5. കൺകൾ കൊതിക്കുന്നേ കണ്ടിടുവാൻ ആവൽ ഏറിടുന്നേ എൻ കാന്തനെ
എന്നു നീ വന്നെന്നെ ചേർത്തീടുമോ വാനിൽ ആ നാളിനായ് ഞാനും ഒരുങ്ങുന്നേ (2)

**139** എല്ലാം അങ്ങേ മഹത്വത്തിനായ് എല്ലാം അങ്ങേ പുകഴ്ച്ചയ്ക്കുമായ്
തീർന്നിടേണമേ പ്രിയനേ തിരുനാമം ഉയർന്നിടട്ടെ (2)

1. സ്നേഹത്തിലൂടെ എല്ലാം കാണുവാൻ ദൈവ സ്നേഹത്തിൽ തന്നെയെല്ലാം ചെയ്യുവാൻ (2)
എന്നിൽ നിൻ സ്വഭാവം പകരണമേ ദിവ്യ തേജസ്സാലെന്നെ നിറയ്ക്കേണമേ (2)
2. ആത്മാവിൻ ശക്തിയോടെ ജീവിപ്പാൻ ആത്മ നൽവരങ്ങൾ നിത്യവും പ്രകാശിപ്പാൻ (2)
ആത്മദായകാ നിരന്തരമായ് എന്നിൽ ആത്മദാനങ്ങൾ പകരണമേ (2)
3. നിന്റെ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ തിരു നാമവും ധരിച്ചു ചെയ്യും ക്രിയകൾ (2)
ഭൂവിൽ ഞങ്ങൾക്കല്ല വാനവനേ അങ്ങേ വാഴ്വിനായ് മാത്രം തീരണമേ (2)
4. വക്രത നിറഞ്ഞ പാപ ലോകത്തിൽ നീ വിളിച്ചു വേർതിരിച്ച നിൻ ജനം (2)
നിന്റെ പൊന്നുനാമ മഹത്വത്തിനായ് ദിനം ശോഭിപ്പാൻ കൃപ നൽകണമേ (2)

**140** എല്ലാം നന്മയ്ക്കായി സ്വർഗ്ഗ താതൻ ചെയ്തീടുന്നു
നിർണ്ണയമാം വിളി കേട്ടവർക്കും ദൈവത്തിൻ സ്നേഹം അറിഞ്ഞവർക്കും (2)

1. ഭാരങ്ങളും പ്രയാസങ്ങളും രോഗങ്ങളും എല്ലാ ദുഃഖങ്ങളും
എന്റെ താതൻ തന്നീടുമ്പോൾ എന്നെ അവൻ സ്നേഹിക്കുന്നു (2)
2. പ്രതികൂലങ്ങൾ ഏറി എന്നാൽ അനുകൂലമായ് യേശു ഉണ്ട്
പതറുകില്ല തളരുകില്ല സ്വർഗ്ഗ സീയോനിൽ എത്തും വരെ (2)
3. കഷ്ടതയോ സങ്കടമോ പട്ടിണിയോ പരിഹാസങ്ങളോ
യേശുവിൻ സ്നേഹത്തിൽ നിന്നകറ്റാൻ ഇവയിൽ ഒന്നിനും സാദ്ധ്യമല്ല (2)

**141** എഴുന്നെള്ളുന്നേശു രാജാവായ് കർത്താവായ് ഭരണം ചെയ്തിടുവാൻ
ദൈവരാജ്യം നമ്മിൽ സ്ഥാപിതമാക്കാൻ സാത്താന്യ ശക്തിയെ തകർത്തിടുവാൻ (2)
യേശുവേ വന്നു വാഴണമേ ഇനി ഞാനല്ല എന്നിൽ നീയല്ലോ
രാജാവേ വന്നു വാഴണമേ ഇനി ഞാനല്ല എന്നിൽ നീയല്ലോ (2)

1. രോഗങ്ങൾ മാറും ഭൂതങ്ങളൊഴിയും ബന്ധനമെല്ലാം തകർന്നീടുമേ (2)
കുരുടരും മുടന്തരും ചെകിടരുമെല്ലാം സ്വതന്ത്രമാകുന്ന ദൈവരാജ്യം (2)
2. ഭാരമെല്ലാം മാറും നിരാശ നീങ്ങും വിലാപം നൃത്തമായ് തീർന്നീടുമേ (2)
തുറന്നിടും വാതിൽ അടഞ്ഞവയെല്ലാം പൊരുതും മിശിഹാ രാജൻ നമുക്കായ് (2)

**142** ഏറ്റവും നല്ലതെല്ലാം മുൻ കരുതുന്ന എത്രയോ നല്ലവവനാണേശു രക്ഷകൻ (2)
പിന്തുടർന്നിടാം നാം തന്റെ പാതയിൽ പിന്നോട്ടു നോക്കീടാതെ യാത്ര ചെയ്തിടാം (2)

1. കൂടെ ആരുമില്ലേ നിന്റെ യാത്രിൽ പേടി വേണ്ട നാഥൻ കൂടെയുണ്ടല്ലോ (2)
വെടിഞ്ഞിടുക നിന്റെ ലോകയിമ്പങ്ങൾ വിശുദ്ധരായ് വസിച്ചിടുക സീയോൻ യാത്രയിൽ (2)
2. അക്കരെക്കു പോകാൻ ആജ്ഞ നൽകിയ ആത്മനാഥൻ യേശു കൂടെയുണ്ടെന്നും (2)
ഓളങ്ങളും വൻ തിരമാല വന്നാലും ഓടീടാം ധൈര്യമായ് സീയോൻ പാതയിൽ (2)
3. ലോത്തിൻ ഭാര്യ പോലെ നോക്കി നിൽക്കല്ലേ കൂത്തുകാഴ്ച്ചയായ് ഭവിച്ചു തകർന്നു പോകുമേ (2)
പിൻഗമിച്ചിടാം നാം നാഥൻ പാതയിൽ പിന്നിലുള്ളതൊക്കെ മറന്നു നേരേ ഓടിടാം (2)
4. ദൈവ വചനം നമ്മൾക്കെന്നും ആശ്രയം പാവനമായ് കാത്തിടും നമ്മെ എന്നെന്നും (2)
അനുസരിച്ചിടാം പൂർണ്ണ ഹൃദയമോടെന്നും അനുഗമിച്ചിടാം തൻ വചന വെളിച്ചത്തിൽ (2)

**143** ഒന്നുമില്ലായ്കയിൽ നിന്നെന്നെ നിന്നുടെ ഛായയിൽ സൃഷ്ടിച്ചു
നിത്യമായ് സ്നേഹിച്ചെന്നെ തന്റെ പുത്രനെ തന്നു രക്ഷിച്ചു നീ
നിൻ മഹാ കൃപയ്ക്കായ് നിന്നെ ഞാൻ സ്തുതിച്ചീടും എന്നും (2)

1. ഈ ലോകത്തിൽ വന്നേശു എന്റെ മാലൊഴിപ്പാൻ സഹിച്ച ബഹു (2)
പീഢകൾ സങ്കടങ്ങൾ പങ്ക.. പ്പാടുകൾ നീച മരണവും (2)
2. മോചനം വീണ്ടും ജനനവും നീച പാപിയെന്നിൽ വസിപ്പാൻ (2)
നിൻ ആത്മാവിന്റെ ദാനവും നീ തന്നു സ്വർഗ്ഗാനുഗ്രഹങ്ങളും (2)
3. അന്ന വസ്ത്രാദി നന്മകളെ എണ്ണം ഇല്ലാതെന്മേൽ ചൊരിഞ്ഞു (2)
തിന്മകൾ സർവ്വത്തിൽ നിന്നെന്നെ കൺമണി പോലെ കാക്കുന്നു നീ (2)
4. നാശം ഇല്ലാത്തവകാശവും യേശുവിൻ ഭാഗ്യ സന്നിധിയും (2)
നീതിയിൻ വാടാമുടിയതും നിൻ മക്കൾക്കു സ്വർഗ്ഗേ ലഭിക്കും (2)

| | | | |
|---|---|---|---|
| 144 | ഒന്നേയുള്ളെനിക്കാനന്ദം ഉലകിൽ | എന്നേശുവിൻ സന്നിധി അണയുവതേ | (2) |
| | അന്നേരം മമ മാനസ ഖേദം | ഒന്നായകലും വെയിലിൽ ഹിമം പോൽ | (2) |
| 1. | മാനം ധനമീ മന്നിൻ മഹിമകൾ ഒന്നും | ശാന്തിയെ നൽകാതെ | (2) |
| | ദാഹം പെരുകും തണ്ണീരൊഴികെ | ലോകം വേറെ തരികില്ലറിക | (2) |
| 2. | നീർത്തോടുകളിൽ മാനേപ്പോലെൻ | മാനസം ഈശനിൽ സുഖം തേടി | (2) |
| | വറ്റാ ജീവജലത്തിൻ നദിയെൻ | വറുമ അകറ്റി നിർവ്വൃതി അരുളി | (2) |
| 3. | തൻ ബലിവേദിയിൽ കുരികിലും മീവലും | വീടും കൂടും കണ്ടതു പോൽ | (2) |
| | എൻ ബലമാം സർവ്വേശ്വരനിൽ ഞാൻ | സാനന്ദം അഭയം തേടും സതതം | (2) |
| 4. | കണ്ണുനീർ താഴ്‌വര ഉണ്ടെനിക്കനവധി | മന്നിൽ ജീവിത പാതയതിൽ | (2) |
| | എന്നാലും ഭയം എന്തിനെന്നരികിൽ | നന്നായ് അവൻ കൃപ മഴപോൽ ചൊരികിൽ | (2) |

| | | | |
|---|---|---|---|
| 145 | ഓരോ ദിവസവും നാഥൻ നടത്തുന്ന | വഴികൾ ഓർത്തിടുമ്പോൾ | (2) |
| | ഓരോന്നോരോന്നായ് വർണ്ണിച്ചീടാൻ | നാവുകൾ പോരാ | (2) |
| 1. | ആർത്തിരമ്പും കടലുപോലെ ദു:ഖം ഏറിയപ്പോൾ | കൂട്ടിനായി വന്നവരും കൂടെ നിന്നില്ല | (2) |
| | ഭയപ്പെടേണ്ട കൂടെയുണ്ട് എന്നുര ചെയ്ത | പ്രാണനാഥൻ കൂടെയുണ്ട് കൈവെടിയില്ല | (2) |
| 2. | കണ്ണുനീരിൻ താഴ്‌വരയിൽ ഞാൻ അലഞ്ഞപ്പോൾ | രോഗിയായ് ക്ഷീണിതനായ് ഞാൻ വലഞ്ഞപ്പോൾ | (2) |
| | ലാസറിന്റെ കല്ലറയ്ക്കൽ കണ്ണുനീർ വാർത്ത | സ്നേഹനാഥൻ കൂടെയുണ്ട് കൈവെടിയില്ല | (2) |
| 3. | നല്ലവേല ചെയ്ത ദാസൻ എന്നു കേൾക്കുവാൻ | എല്ലാറ്റിലും വിശ്വസ്തനായ് വേല ചെയ്തിടാം | (2) |
| | കാര്യം തീർക്കും നല്ലനാളിൽ കർത്തൻ മുൻപാകെ | നല്ല ദാസൻ എന്നു കേൾക്കാൻ ആഗ്രഹിച്ചീടാം | (2) |

| | | | |
|---|---|---|---|
| 146 | കണ്ണുനീർ എന്നു മാറുമോ? | വേദനകൾ എന്നു തീരുമോ? | (2) |
| | കഷ്ടപ്പാടിൻ കാലങ്ങളിൽ | രക്ഷിപ്പാനായ് നീ വരണേ | (2) |
| 1. | ഇഹത്തിൽ ഒന്നുമില്ലായേ | നേടിയതെല്ലാം മിഥ്യയേ | (2) |
| | പരദേശി ആണുലകിൽ | ഇവിടെന്നും അന്യനല്ലോ | (2) |
| 2. | പരനേ നിൻ വിശ്രമ നാട്ടിൽ ഞാൻ | എത്തുവാൻ വെമ്പൽ കൊള്ളുന്നേ | (2) |
| | ഒട്ടും താമസം വയ്ക്കല്ലേ | നില്പാൻ ശക്തി തെല്ലും ഇല്ലായേ | (2) |

| | | | |
|---|---|---|---|
| 147 | കണ്ണുനീർ താഴ്‌വരയിൽ | ഞാനേറ്റം വലഞ്ഞീടുമ്പോൾ | |
| | കണ്ണുനീർ കണ്ടവനെൻ | കാര്യം നടത്തി തരും | (2) |
| | നിൻ മനം ഇളകാതെ നിൻ മനം പതറാതെ | | |
| | നിന്നോടു കൂടെയെന്നും ഞാനുണ്ട് അന്ത്യം വരെ | | (2) |
| 1. | കൂരിരുൾ പാതയതോ ക്രൂരമാം ശോധനയോ | കൂടിടും നേരമതിൽ ക്രൂശിൻനിഴൽ നിനക്കായ് | (2) |
| 2. | തീച്ചൂള സിംഹക്കുഴി പൊട്ടക്കിണർ മരുഭൂ | ജയിലറ ഈർച്ചവാളോ മരണമോ വന്നിടട്ടെ | (2) |
| 3. | കാലങ്ങൾ കാത്തിടണേ കാന്താ നിൻ ആഗമനം | കഷ്ടത തീർന്നിടുവാൻ കാലങ്ങൾ ഏറെയില്ല | (2) |
| 4. | ദാഹിച്ചു വലഞ്ഞു ഞാൻ ഭാരത്താൽ വലഞ്ഞീടുമ്പോൾ | ദാഹം ശമിപ്പിച്ചവൻ ദാഹജലം തരുമേ | (2) |
| 5. | ചെങ്കടൽ തീരമതിൽ തൻ ദാസർ കേണതുപോൽ | ചങ്കിനു നേരെ വരും വൻ ഭാരം മാറിപ്പോകും | (2) |

| | | | |
|---|---|---|---|
| 148 | കണ്ടാലും കാൽവറിയിൽ | കുരിശിൽ ശിരസ്സതും ചാഞ്ഞു പരൻ | |
| | കണ്ടീടുക പ്രിയനെ നിനക്കായ് | തൂങ്ങിടുന്നു മൂന്നാണികളിൽ | (2) |
| 1. | ശിരസ്സിൽ മുൾമുടി അണിഞ്ഞവനായ് | ഹൃദയം നിന്ദയാൽ തകർന്നവനായ് | (2) |
| | വേദനയാൽ ഏറ്റം വലഞ്ഞവനായ് | തൻ ജീവനെ വെടിയുന്നു സ്വയം നിനക്കായ് | (2) |
| 2. | ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട | കളങ്കമില്ലാ ദൈവ കുഞ്ഞാടിതാ | (2) |
| | ലോകത്തിൻ പാപങ്ങൾ ചുമന്നു കൊണ്ട് | വാനിനും ഭൂവിനും മദ്ധ്യേ തൂങ്ങിടുന്നു | (2) |
| 3. | സമൃദ്ധിയായ് ജീവജലം തരുവാൻ | പാനീയ യാഗമായ് തീർന്നവന് | (2) |
| | കൈപ്പുനീർ ദാഹത്തിനേകീടവേ | നിനക്കായ് അവനായതും പാനം ചെയ്തു | (2) |
| 4. | തൻ തിരുമേനി തകർന്നതിനാൽ | തങ്കനിണം ചിന്തിയതിനാൽ | (2) |
| | നിൻ വിലയല്ലോ നൽകിയവൻ | നിന്നെ സമ്പൂർണ്ണൻ ആക്കീടുവാൻ | (2) |

| | | | |
|---|---|---|---|
| 149 | കരുണയിൻ സാഗരമേ | ശോക കൊടും വെയിൽ ഏറിടുമ്പോൾ | (2) |
| | മേഘത്തിൻ തണലരുളി | എന്നെ സാന്ത്വനമായ് നടത്താൻ | (2) |
| | കൃപ അരുൾക കൃപ അരുൾക | അളവെന്യേ പകർന്നീടുക | |
| | ഈ ഭൂവിലെൻ യാത്രയതിൽ | ദൈവകൃപ അരുൾക | (2) |
| 1. | രോഗങ്ങൾ പീഢകളും | നിന്ദ പരിഹാസം ഏറിടുമ്പോൾ | (2) |
| | അമിതബലം അരുളി | എന്നെ സാന്ത്വനമായ് നടത്താൻ | (2) |
| 2. | കൂരിരുൾ താഴ്‌വരയിൽ | എന്റെ പാദങ്ങൾ ഇടറിടാതെ | (2) |
| | അഗ്നിത്തൂണിൻ പ്രഭയാൽ | യാനം ചെയ്യുവാനീ മരുവിൽ | (2) |
| 3. | ഉറ്റവർ ബന്ധുക്കളും | എല്ലാ സ്നേഹിതരും വെറുക്കിൽ | (2) |
| | സ്നേഹത്തിൻ ആഴമതിൽ | ഞാനും നിമജ്ഞനായ് തീർന്നീടുവാൻ | (2) |
| 4. | ലോകത്തെ മറന്നീടുവാൻ | എല്ലാം ചേതം എന്നെണ്ണീടുവാൻ | (2) |
| | ലോകത്തെ ജയിച്ചവനെ | നിന്നിൽ അഭയം ഞാൻ തേടിടുന്നു | (2) |

150 കരുണയിൻ ദൈവമേ നിൻ കൃപയെന്റെ ബലം
കരുതെന്നെ കൺമണിപോൽ പതറാതീ പാരിടത്തിൽ (2)

*( " തുണയെനിക്കേശുവേ " )*

1. നാശത്തിൻ ഗർത്തമതിൽ വീണു ഞാൻ കേണപ്പോൾ യേശുതൻ തിരുക്കരത്താൽ വിടുതൽ ഏകിയല്ലോ (2)
2. പാരിടമഖിലവുമേ നാശം ഭവിക്കുമെന്നാൽ കർത്തനിൽ ആശ്രയിപ്പോർ നിത്യമായ് നില നിന്നിടും (2)
3. ഇഹലോക ജീവിതത്തിൽ പതറാതെ അനുഗമിപ്പാൻ വഹിക്കണേ കരതലത്തിൽ വഴിയാകും യേശുനാഥാ (2)
4. യേശുവിൽ ആശ്രയിച്ച് ക്രിസ്തുവിൽ വളർന്നിടുവാൻ ഈശനേ നിൻകൃപയാൽ നിറയ്ക്കുക അനുദിനവും (2)
5. വിശ്വത്തിൽ ഉടനീളവും വിശ്വസ്തർ കുറഞ്ഞിടുമ്പോൾ വിശ്വാസികളേ നാം വിശ്വസ്തരായ് വിളങ്ങാം (2)
6. ഉലക മഹാന്മാരെല്ലാം മണ്ണിൽ മറഞ്ഞിടുമ്പോൾ വല്ലഭൻ യേശുമാത്രം ഉയിർത്തു ജീവിക്കുന്നു (2)
7. വേഗം വന്നീടാമെന്ന് നൽ വാഗ്ദത്തം നൽകിയോനേ വാഗ്ദത്തം പോലെ വേഗം വന്നെന്നെ ചേർക്കണമേ (2)

151 കരുണാ നിധിയേ കാൽവറി അൻപേ ആ..ആ..ആ..ആ നീ മാത്രം ആണെനിക്കാധാരം (2)

1. കൃപയേകേണം കൃപാനിധിയേ കൃപാനിധിയേ, കൃപാനിധിയേ (2)
മുമ്പേ പോയ നിൻ പിമ്പേ ഗമിപ്പാൻ ആ.ആ.ആ.ആ നീ മാത്രം ആണെനിക്കാധാരം (2)
2. താതനിന്നിഷ്ടം മന്നിൽ ഞാൻ ചെയ്‌വാൻ തന്നിൽ വസിപ്പാൻ ഉന്നതം ചേരാൻ (2)
ത്യാഗം ചെയ്യുന്നീ പാഴ്മണ്ണിനാശ ആ.ആ.ആ.ആ ഓടുന്നു നാടിനെ പ്രാപിപ്പാൻ (2)
3. മാറാ എലീമിൽ പാറയിൻ വെള്ളം മാറാത്തനേകം മാധുര്യ മന്ന (2)
പാറയാം യാഹെൻ രാപ്പകൽ ധ്യാനം ആ.ആ.ആ.ആ യോർദ്ദാന്റെ തീരമെൻ ആശ്വാസം (2)
4. എന്നെൻ സീയോനെ ചെന്നങ്ങു കാണും അന്നെൻ കണ്ണീരും മാറും കനാനിൽ (2)
ഭക്തർ ശ്രവിക്കും കർത്തൃ കാഹളം ആ.ആ.ആ.ആ വ്യക്തമായ് കാണുമെൻ രക്ഷകനെ (2)

152 കരുതുന്നവൻ ഞാനല്ലയോ കലങ്ങുന്നതെന്തിനു നീ (2)
കണ്ണുനീരിന്റെ താഴ്‌വരയിൽ കൈവിടുകയില്ല ഞാൻ നിന്നെ (2)

1. എന്റെ മഹത്വം കാണുക നീ എന്റെ കയ്യിൽ തരിക നിന്നെ (2)
എന്റെ ശക്തി ഞാൻ നിന്നിൽ പകർന്നു എന്നും നടത്തിടും കൃപയാൽ (2)
2. എല്ലാരും നിന്നെ മറന്നാലും ഞാൻ നിന്നെ മറന്നീടുമോ? (2)
എന്റെ കരത്താൽ നിന്നെ വഹിച്ചു എന്നും നടത്തിടും ധരയിൽ (2)
3. അബ്രഹാമിന്റെ ദൈവമല്ലയോ അത്ഭുതം ഞാൻ ചെയ്കയില്ലയോ (2)
ചെങ്കടലിലും വഴി തുറക്കാൻ ഞാനിന്നും ശക്തനല്ലയോ? (2)

153 കർത്തനെ വാഴ്ത്തി വാഴ്ത്തി വണങ്ങി എന്നെന്നേക്കും അവനെ സ്തുതിച്ചീടുവിൻ (2)

1. അവൻ നല്ലവനല്ലോ ദയ എന്നുമുള്ളത് സ്തോത്ര ഗീതം പാടി പുകഴ്ത്തുവിൻ രാജരാജനെ (2)
ഏകനായ് മഹാത്ഭുതങ്ങൾ ചെയ്തിടുന്നോനെ (2)
2. ചെങ്കടൽ പിളർന്നു നല്ല തുവർ നിലമാക്കി ശങ്കയെന്യേ തൻ ജനത്തെ നടത്തിയോനെ (2)
മിസ്രയീം സൈന്യത്തെ ന്യായം വിധിച്ചവനെ (2)
3. തീക്കൽ പാറയതിൽ നിന്നും യിസ്രായേലിന് വാഗ്ദത്തത്തിൻ ജീവജലം കൊടുത്തവനെ (2)
ശക്തന്മാരിൻ ഭോജനത്താൽ പോഷിപ്പിച്ചോനെ (2)
4. താഴ്ച്ചയിൽ നിന്നുയർത്തിയ ജീവനാഥനെ വാഴ്ച്ചയേകി സ്വർഗ്ഗ സ്ഥലത്തിരുത്തിയോനെ (2)
വൈരിയിന്മേൽ ജയം തന്ന യേശുരാജനെ (2)
5. അവൻ നല്ലവൻ എന്നോർത്തു പാടി പുകഴ്ത്തീടുവിൻ തന്റെ സ്നേഹ മധുരിമ എന്നും രുചിച്ചീടുവിൻ (2)
ശുദ്ധ കൈകളുയർത്തി പരനെ സ്തുതിപ്പിൻ ! (2)

154 കർത്തൻ സ്നേഹം എന്നുമുള്ളത് തൻ കരുണ തീരാത്തത്
പ്രഭാതത്തിൽ പുതിയത് നിൻ വിശ്വസ്തത വലിയത് (2)

1. യഹോവ എൻ ഓഹരിയല്ലോ എൻ പ്രത്യാശയും നീങ്കലല്ലയോ (2)
കാത്തിരിക്കുന്നവർക്ക് ആത്മശക്തി നീയല്ലോ യഹോവ എൻ ഓഹരിയല്ലോ (2)
2. യഹോവ എൻ ആശ്രയമല്ലോ എൻ ആത്മ ബലം നിങ്കലല്ലയോ (2)
ബലഹീനതയിൽ തുണ നൽകും ആത്മശക്തി നീയല്ലോ യഹോവ എൻ ആശ്രയമല്ലോ (2)
3. യഹോവ എൻ പക്ഷമല്ലയോ എൻ വാഞ്ഛ എന്നും നിങ്കലല്ലയോ (2)
കൂരിരുളിൻ പാതയിൽ ശത്രുവിൻ ശല്യത്തിലും യഹോവ എൻ പക്ഷം അല്ലയോ (2)

155 കർത്താവേ നിൻ പാദത്തിൽ ഞാൻ ഇതാ വന്നിടുന്നു
എന്നെ ഞാൻ സമ്പൂർണ്ണമായ് നിൻ കയ്യിൽ തന്നിടുന്നു (2)

1. എല്ലാം ഞാൻ ഏകിടുന്നെൻ മാനസം ദേഹി ദേഹം (2)
നിൻ ഹിതം ചെയ്തീടുവാൻ എന്നെ സമർപ്പിക്കുന്നു (2)
2. പോകട്ടെ നിനക്കായ് ഞാൻ പാടു സഹിച്ചിടുവാൻ (2)
ഓടട്ടെ നാടെങ്ങും ഞാൻ നിൻ നാമം ഘോഷിക്കുവാൻ (2)
3. ഹല്ലേലുയ്യാ മഹത്വം സ്തോത്രം എൻ രക്ഷകന് (2)
ഹല്ലേലുയ്യാ കീർത്തനം പാടും ഞാൻ കർത്താവിന് (2)

**156** കർത്തൻ നീ കർത്തൻ നീ — മരണത്തെ ജയിച്ചെഴുന്നേറ്റു നീ (2)
എല്ലാ മുട്ടും മടങ്ങും എല്ലാ നാവും പാടിടും — യേശു മാത്രം കർത്താവെന്ന് (2)

1. കുഞ്ഞാടെ വാഴ്ത്തുവിൻ — അവൻ ജീവൻ നൽകി വീണ്ടെടുത്തല്ലോ (2)
എല്ലാ മുട്ടും മടങ്ങും എല്ലാ നാവും പാടിടും — യേശു മാത്രം കർത്താവെന്ന് (2)

2. സ്തുതിയും സ്തോത്രവും — എന്നും സ്വീകരിപ്പാൻ യോഗ്യനായോൻ നീ (2)
എല്ലാ മുട്ടും മടങ്ങും എല്ലാ നാവും പാടിടും — യേശു മാത്രം കർത്താവെന്ന് (2)

**He is Lord He is Lord**
**He has risen from the dead and He is Lord**
**Every knee shall bow**
**Every tongue confess .. that Jesus Christ is Lord**
(2)

യീശൂ ഹേ പ്രഭുജി യീശൂ ഹേ പ്രഭുജി — വോ ദിർ സേ ജീ ഉഠാ മൃത്യു സേ (2)
ഹർ..ഏക് ഖുട്ട്നാ ഝുക്കേം — ഹർ..ഏക് ജീഫ് കബൂൽകരേം കി യീശു.മസീഹ് പ്രഭു.ഹേ (2)

തേ പ്രഭു ഛേ തേ പ്രഭു ഛേ — തേ സജീവൻ ധയോ തേണേ പ്രഭു ഛേ (2)
ദരേക് ഖുട്ട്നോ നംശേ ദരേക് ജീഫ് കബൂൽ കർശേ കേ യീശു ഖ്രിഷ്ട് പ്രഭു ഛേ (2)

**157** കർത്താവെന്റെ സങ്കേതവും — ഗോപുരവും കോട്ടയും താൻ (2)
പാർത്തലത്തിൽ ആർത്തിയോടെ — തൃപ്പാദം ഞാൻ ചേർന്നിടുന്നേ (2)
*"ഉയർത്തിടും ഞാനെന്റെ കൺകൾ"*

1. ശുദ്ധന്മാരിൻ സ്തുതികളിൻ — സിംഹാസനേ വാണിടുന്നോൻ (2)
സാറാഫുകൾക്കാരാദ്ധ്യനേ നീ — പരിശുദ്ധൻ പരിശുദ്ധൻ (2)

2. ആരാദ്ധ്യനേ വന്ദിതനേ — ആരിലും നീ ഉന്നതനേ (2)
ആരാധിക്കുന്നേഴയിപ്പോൾ — ആശിഷം നൽകീടുക നീ (2)

3.. "അബ്ബാ പിതാ"..വെന്നു വിളിച്ച് — അപ്പനേ നിൻ സന്നിധിയിൽ (2)
എപ്പോഴും അണഞ്ഞിടുവാൻ — അപ്പനേ കാംക്ഷിച്ചിടുന്നേൻ (2)

4. ജീവനുള്ള കാലവും ഞാൻ — ജീവനായകനെ വാഴ്ത്തും (2)
ജീവനാഥാ ദേവ ദേവാ — ജീവിച്ചിടും നിനക്കായ് ഞാൻ (2)

5. വാനമേഘേ എന്നു വരും — വാനാധി വാനവൻ യേശു (2)
വേഗത്തിൽ നീ വന്നീടണേ — വിണ്ണിൽ എന്നെ ചേർത്തിടുവാൻ (2)

**158** കർത്താവേ എൻ യേശു പരാ — നിത്യ രാജാധി രാജാവേ
നിന്റെ രാജ്യം എന്നിൽ വരേണമേ — നിന്റെ ഇഷ്ടം എന്നിൽ ചെയ്യേണമേ (2)

1. ഒരു നാൾ വഴി അറിയാതെ ഞാൻ — പാപത്തിൻ കുഴിയിൽ വീണപ്പോൾ
നിൻ കരം എന്നെ താങ്ങിയതാൽ — ഞാൻ എന്നും നിനക്കുള്ളവൻ (2)

2. നിൻ വചനത്തിന്റെ നേർവ്വീഥിയിൽ ഓടുവാൻ — കൃപയെ നീ എനിക്കേകിടേണമേ
കാലുകൾ ഇടറി ഞാൻ വീണിടാതെ — നീ എന്നെ താങ്ങേണമേ (2)

**159** കർത്താവിൻ സ്നേഹത്തിൽ എന്നും വസിച്ചിടുവാൻ — നിൻ കൃപ ഏകീടണേ
ഭിന്നത വിദ്വേഷം ഇല്ലാതെ ജീവിപ്പാൻ — നിൻ കൃപ നൽകീടണേ (2)
ലോകം പാപം പിശാചെന്നെ തൊടുകയില്ല — ദുഷ്ട ഘോര ശത്രു എന്നെ കാണുകയില്ല
യാഹിൻ ചിറകിൻ മറവിലാണു ഞാൻ — എന്റെ വിശ്വാസം വർദ്ധിപ്പിക്കണേ ! (2)

1. നിർത്തിയതാണു നീ നിന്നതല്ല ഞാൻ — എത്ര സ്തുതിച്ചീടേണം (2)
നിന്ദ പരിഹാസം ഏറെ സഹിച്ചു ഞാൻ — എത്ര നാൾ കാത്തിണേടം (2)

2. ഇന്നലെ മിന്നിയ ഉന്നത ശ്രേഷ്ഠന്മാർ — അന്യരാണിന്നു മന്നിൽ (2)
എന്നാലോ സാധു ഞാൻ സന്നിധേ നിന്നതോ — എന്നേശുവിൻ കൃപയാൽ (2)

3. ഒന്നിക്കും ഒരു നാൾ സ്വർഗ്ഗ കൂടാരത്തിൽ — വന്ദിക്കും ഞാൻ അന്നാളിൽ (2)
എങ്കിലും പ്രിയന്റെ പൊൻ മുഖം കാണുവാൻ — എന്നാശ ഏറിടുന്നേ (2)

**160** കർത്താവിൽ സന്തോഷം അവനെൻ ബലം — പാരിതിൽ പാർക്കും നാൾ അവനെൻ ബലം (2)
അവനെന്റെ സങ്കേതം വിശ്രമം നാൾ തോറും — അവൻ എന്റെ സർവ്വവുമേ (2)

1. പലനാൾ കരുതി ഞാൻ ഏകനെന്ന് — അന്നാളിൽ അവൻ എന്നോടു ചൊല്ലി (2)
ലോകാന്ത്യത്തോളവും കൂടെയിരിക്കുന്നോൻ — നിന്നോടു കൂടെയുണ്ട് (2)

2. ബലഹീനൻ എന്നു ഞാൻ കരുതിയ നാൾ — അന്നാളിൽ അവൻ എന്നോടു ചൊല്ലി (2)
ശക്തനാക്കുന്നവൻ ബലം പകരുന്നവൻ — നിന്നോടു കൂടെയുണ്ട് (2)

3. അസാദ്ധ്യമെന്നു ഞാൻ കരുതിയ നാൾ — അന്നാളിൽ അവൻ എന്നോടു ചൊല്ലി (2)
മനുഷ്യരാൽ അസാദ്ധ്യം സാദ്ധ്യമാക്കുന്നവൻ — നിന്നോടു കൂടെയുണ്ട് (2)

4. നിന്ദിതൻ എന്നു ഞാൻ കരുതിയ നാൾ — അന്നാളിൽ അവൻ എന്നോടു ചൊല്ലി (2)
ക്ഷീണിച്ചു പോകേണ്ട നിന്നെ മാനിക്കുന്നോൻ — നിന്നോടു കൂടെയുണ്ട് (2)

**161** കർത്താവിൽ എന്നും എന്റെ ആശ്രയം — കർത്തൃ സേവ തന്നെ എന്റെ ആഗ്രഹം (2)
കഷ്ടമോ നഷ്ടമോ എന്തു വന്നീടിലും — കർത്താവിൻ പാദം ചേർന്നു ചൊല്ലും ഞാൻ (2)

ആർത്തുപാടി ഞാൻ ആനന്ദത്തോടെ — കീർത്തനം ചെയ്തെന്നും വാഴ്ത്തും യേശുവേ (2)
ഇത്ര നൽ രക്ഷകൻ വേറെയില്ലൂഴിയിൽ — ഹല്ലേലുയ്യാ പാടും ഞാൻ (2)

1. വിശ്വാസത്താൽ ഞാൻ യാത്ര ചെയ്യുമെൻ — വീട്ടിൽ എത്തുവോളം ക്രൂശിൻ പാതയിൽ (2)
വൻ തിര പോൽ ഓരോ ക്ലേശങ്ങൾ വന്നാലും — വല്ലഭൻ ചൊല്ലിൽ എല്ലാം മാറിടും (2)
2. തൻ സ്വന്ത ജീവൻ തന്ന രക്ഷകൻ — തള്ളുകില്ല ഏതു ദു:ഖ നാളിലും (2)
തൻ തിരു കൈകളാൽ താങ്ങി നടത്തിടും — തൻ സ്നേഹം ചൊല്ലാൻ പോരാ വാക്കുകൾ (2)
3. എൻ സ്വന്ത ബന്ധു മിത്രർ ഏവരും — എന്നെ കൈ വിട്ടാലും ഖേദം എന്തിനായ് (2)
കൈ വിടില്ലെന്നു തൻ വാഗ്ദത്തം ഉള്ളതിൽ — ആശ്രയിച്ചെന്നും ആശ്വസിക്കും ഞാൻ (2)

**162** കർത്താവു താൻ ഗംഭീര നാദത്തോടും — പ്രധാന ദൈവദൂത ശബ്ദത്തോടും
സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നിടുമ്പോൾ — എത്രയോ സന്തോഷം (3) മദ്ധ്യാകാശത്തിൽ (2)

1. മണ്ണിൽ ഉറങ്ങീടുന്ന ശുദ്ധിമാന്മാർ — കാഹള നാദം കേൾക്കുന്ന മാത്രയിൽ (2)
പെട്ടെന്നുയിർത്തു വാനിൽ ചേർന്നീടുമേ — തീരാത്ത സന്തോഷം (3) പ്രാപിക്കുമവർ (2)
2. ജീവനോടീ ഭൂതലേ പാർക്കും ശുദ്ധർ — രൂപാന്തരം പ്രാപിക്കും ആ നേരത്തിൽ (2)
ഗീത സ്വരത്തോടും ആർപ്പോടും കൂടെ — വിണ്ണുലകം പൂകും (3) ദൂതതുല്യരായ് (2)
3. കുഞ്ഞാട്ടിൻ കല്യാണ മഹൽ ദിനത്തിൽ — തന്റെ കാന്തയാകും വിശുദ്ധ സഭ (2)
മണിയറയ്ക്കുള്ളിൽ കടക്കും അന്നാൾ — എന്തെന്തു സന്തോഷം (3) ഉണ്ടാമവൾക്ക് (2)
4. സിദ്ധന്മാരാം പൂർവ്വ പിതാക്കളെല്ലാം — മദ്ധ്യാകാശത്തിൽ കല്യാണ വിരുന്നിൽ (2)
ക്ഷണിക്കപ്പെട്ടു പന്തിയിൽ ഇരിക്കുമ്പോൾ — ആമോദമായ് പാടും (3) ശാലേമിൻ ഗീതം (2)
5. രാജത്വം പ്രാപിച്ചു താൻ ഭൂതലത്തിൽ — ആയിരം ആണ്ടു വാഴാൻ വന്നീടുമ്പോൾ (2)
ശത്രുവാം സാത്താനെ ബന്ധിച്ചിട്ടന്ന് — വാണിടും ഭൂമിയിൽ (3) രാജാധി രാജൻ (2)
6. ആകാശം ചുരുൾ പോലെ മാറിപ്പോകും — ഭൂമിയും അതിലുള്ള സമസ്തവും (2)
അഗ്നിയാൽ അശേഷം ചുട്ടഴിച്ചു താൻ — ശുദ്ധീകരിച്ചീടും (3) സർവ്വവല്ലഭൻ (2)

**163** കർത്തൃകാഹളം വാനിൽ കേൾക്കാറായ് — തന്റെ കാന്തയെ ചേർത്തിടാറായ്
ഒരുങ്ങി നിൽക്കാം തിരുസഭയേ — മണവാളൻ എഴുന്നെള്ളാറായ് (2)

ഒരുങ്ങിക്കൊൾക ഒരുങ്ങിക്കൊൾക
നിന്റെ ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങിക്കൊൾക (2)

1. ലോകയിമ്പങ്ങൾ വെറുത്തു നിൽക്ക — ആത്മശക്തി പുതുക്കി നിൽക്ക (2)
ആദ്യസ്നേഹത്തിൽ മടങ്ങിവരാം — മണവാളൻ എഴുന്നെള്ളാറായ് (2)
2. ജാതിജാതിയോടു പോർ വിളിക്കുന്നു — യുദ്ധഭീതികളും മുഴങ്ങിടുന്നു (2)
മാറാ രോഗങ്ങൾ ഹാ തീരാ വ്യാധികൾ — മണവാളൻ എഴുന്നെള്ളാറായ് (2)
3. കരിന്തിരികൾ മുറിച്ചു മാറ്റി — പാത്രങ്ങളിൽ എണ്ണ നിറയ്ക്ക (2)
ഉണർന്നിരിക്കാം തല ഉയർത്താം — മണവാളൻ എഴുന്നെള്ളാറായ് (2)

**164** കർത്തൃ കാഹളം യുഗാന്ത്യ കാലത്തിൽ ധ്വനിക്കുമ്പോൾ — നിത്യമാം പ്രഭാത ശോഭിതത്തിൻ നാൾ
പാർത്തലെ രക്ഷപ്പെട്ടോരക്കരെ കൂടി ആകാശേ — പേർ വിളിക്കും നേരം കാണും എൻ പേരും

പേർ വിളിക്കും നേരം കാണും (3) — പേർ വിളിക്കും നേരം കാണും എൻ പേരും

1. ക്രിസ്തനിൽ നിദ്ര കൊണ്ടോരീ ശോഭിത പ്രഭാതത്തിൽ — ക്രിസ്തൻ ശോഭ ധരിപ്പാൻ ഉയിർത്തു താൻ
ഭക്തർ ഭവനെ ആകാശം അപ്പുറം കൂടീടുമ്പോൾ (2)
2. കർത്തൻ പേർക്കു രാപ്പകൽ അദ്ധ്വാനം ഞാൻ ചെയ്തിങ്ങനെ — വാർത്ത ഞാൻ ചൊല്ലീടട്ടെ തൻ സ്നേഹത്തിൽ
പാർത്തലത്തിൽ എന്റെ വേല തീർത്തു ജീവിതാന്ത്യത്തിൽ (2)

**165** കഷ്ടതയിൽ എന്റെ ശൈലവും — കോട്ടയുമായ് ക്രിസ്തു ഉള്ളതാൽ
അല്പവും ഞാൻ ശങ്കിക്കയില്ല — രക്ഷകൻ എൻ നൽ സഹായകൻ (2)

യേശുവോടറിയിക്കും ഞാൻ — എൻ ദുഃഖം സങ്കടമെല്ലാം
എൻ പിതാവും തീർത്തീടും സർവ്വം — ഞാൻ അവന്റെ സ്വന്തം ആകയാൽ (2)

1. നീതിമാന്റെ സന്തതികളോ — അപ്പം അവർ യാചിക്കയില്ല
പോഷിപ്പിക്കും ദൈവം അവരെ — ക്ഷാമകാലെ ക്ഷേമമോടെ താൻ (2)
2. ദൈവമെന്റെ ബുദ്ധിമുട്ടുകൾ — തേജസ്സേറും മഹത്വമോടെ
തൻ ധനത്തിന്നൊത്ത വണ്ണമായ് — പൂർണ്ണമായി തീർത്തു തന്നിടും (2)
3. വൻ ധനം അതോടു കൂടെയും — കഷ്ടതയും ഉള്ളതിനേക്കാൾ
കർത്തനോടു കൂടെ ഉള്ളതാം — അല്പധനം ഏറ്റം ഉത്തമം (2)

| | | | | |
|---|---|---|---|---|
| 166 | കഷ്ടങ്ങൾ സാരമില്ല കണ്ണുനീർ സാരമില്ല | | നിത്യ തേജസ്സിൻ ഘനം ഓർത്തിടുമ്പോൾ | |
| | നൊടി നേരത്തേക്കുള്ള കഷ്ടങ്ങൾ സാരമില്ല | | കഷ്ടങ്ങൾ സാരമില്ല | (2) |
| 1. | പ്രിയന്റെ വരവിൻ ധ്വനി മുഴങ്ങും | | പ്രാക്കളെപ്പോലെ നാം പറന്നുയരും | (2) |
| | പ്രാണന്റെ പ്രിയനാം മണവാളനിൽ | | പ്രാപിക്കും സ്വർഗ്ഗീയ മണിയറയിൽ | (2) |
| 2. | മണവാളൻ വരും വാനമേഘത്തിൽ | | മയങ്ങാൻ ഇനിയും സമയമില്ല | (2) |
| | മദ്ധ്യാകാശത്തിങ്കൽ മഹൽ ദിനത്തിൽ | | മണവാട്ടിയായ് നാം പറന്നു പോകും | (2) |
| 3. | ജാതികൾ ജാതിയോടെതിർത്തിടുമ്പോൾ | | ജഗത്തിൻ പീഢകൾ വർദ്ധിച്ചിടുമ്പോൾ | (2) |
| | ജീവിത ഭാരങ്ങൾ വർദ്ധിച്ചീടുമ്പോൾ | | ജീവന്റെ നായകൻ വേഗം വന്നിടും | (2) |
| 4. | യുദ്ധവും ക്ഷാമവും ഭുകമ്പങ്ങളും | | യുദ്ധത്തിൻ ശ്രുതിയും കേൾക്കുന്നില്ലയോ | (2) |
| | യിസ്രായേലിൻ ദൈവം എഴുന്നെള്ളുന്നേ | | യേശുവിൻ ജനമേ ഒരുങ്ങുക നാം | (2) |

| | | | | |
|---|---|---|---|---|
| 167 | കാണുന്നു ഞാൻ യാഹിൽ | | എനിക്കാശ്രയമായ് ഒരു ശാശ്വത പാറ | (2) |
| 1. | സുസ്ഥിര മാനസൻ എവനും എൻ യാഹിൽ | | ആശ്രയം വയ്ക്കുകിൽ അനുദിനം നാഥൻ | (2) |
| | കാത്തിടും അവനെ നൽ സ്വസ്ഥതയോടെ | (2) | പാർത്ഥിവൻ അവൻ തിരുക്കരങ്ങളിൽ എന്നും | (2) |
| 2. | കുന്നുകൾ അകലും വൻ പർവ്വത നിരയും | | തന്നിടം വിട്ടു പിന്മാറി എന്നാലും | (2) |
| | നീങ്ങുകില്ലവൻ ദയ എന്നിൽ നിന്നതു പോൽ | (2) | നിലനിൽക്കും സമാധാന നിയമവും നിത്യം | (2) |
| 3. | ജ്വലിക്കിലും അവൻ കോപം ക്ഷണ നേരം മാത്രം | | നിലനിൽക്കും പ്രസാദമോ ജീവാന്ത്യത്തോളം | (2) |
| | വസിക്കിലും നിലവിളി രാവിലെൻ കൂടെ | (2) | ഉദിക്കുമേ ഉഷസ്സതിൽ ആനന്ദ ഘോഷം | (2) |
| 4. | ചെയ്‌വതില്ലവൻ നമ്മൾ പാപത്തിനൊത്ത പോൽ | | പ്രതിഫലം അരുളുന്നില്ലകൃത്യങ്ങൾ ഗണിച്ചും | (2) |
| | വാനമീ ഭൂവിൽ നിന്നുയർന്നിരിപ്പതു പോൽ | (2) | പരൻ ദയ ഭക്തർമേൽ വലിയതു തന്നെ | (2) |
| 5. | ഒടിയ്ക്കുകില്ലവൻ ഏറ്റം ചതഞ്ഞതാം ഓട | | കെടുക്കുകില്ലവൻ തിരി പുക വമിക്കുകിലും | (2) |
| | നടത്തും താൻ വിധി ജയം ലഭിക്കും നാൾവരെയും | (2) | തളരാതെ അവൻ ഭൂവിൽ സ്ഥാപിക്കും ന്യായം | (2) |
| 6. | വഴുതിടാതവൻ എന്നെ കരങ്ങളിൽ കാത്തു | | നിറുത്തും തൻ മഹിമയിൽ സവിധത്തിൽ നാഥൻ | (2) |
| | കളങ്കമറ്റാനന്ദ പൂർണ്ണതയോടെ | (2) | ഭവിക്കട്ടെ മഹത്വം അങ്ങവനെന്നും ആമേൻ ! | (2) |

| | | | |
|---|---|---|---|
| 168 | കാന്തനെ കാണുവാനാർത്തി വളരുന്നേ | ഇല്ല പ്രത്യാശ മറ്റൊന്നിലും | (2) |
| | കണ്ടാലും വേഗം ഞാൻ വന്നീടാം എന്നുര | ചെയ്ത പ്രിയൻ വരും നിശ്ചയം | (2) |
| 1. | ഈ പാഴ് മരുഭൂമിയിൽ ക്ലേശം സഹിക്കിലും | നിത്യ തുറമുഖത്തെത്തും ഞാൻ | (2) |
| | വിശ്രമിച്ചീടും ഞാൻ നിത്യ കൊട്ടാരത്തിൽ | നിസ്തുലമായ പ്രതാപത്തിൽ | (2) |
| 2. | തമ്മിൽ തമ്മിൽ കാണും ശുദ്ധന്മാർ വാനത്തിൽ | കോടാ കോടി ഗണം തേജസ്സിൽ | (2) |
| | സർവ്വാംഗ സുന്ദരൻ ആകുമെൻ പ്രിയനെ | കാണാം അതിൻ മദ്ധ്യേ ഏഴയും | (2) |
| 3. | ഞാൻ നിനക്കുള്ളവൾ നീ എനിക്കുള്ളവൻ | ഇന്നലെയും ഇന്നും എന്നേക്കും | (2) |
| | കണ്ടാൽ മതിവരാ സുന്ദര രൂപനെ | കൂടികാണ്മാൻ വാഞ്ഛ ഏറുന്നേ | (2) |

| | | | | |
|---|---|---|---|---|
| 169 | കാന്താ താമസം എന്തഹോ? | വരുവാനേശു കാന്താ! താമസം എന്തഹോ! | | |
| | കാന്താ! നിൻ വരവിനായ് | കാത്തിരുന്നെന്റെ മനം | | |
| | വെന്തുരുകുന്നു കണ്ണും | മങ്ങുന്നെമ്മാനുവേലേ | | (2) |
| 1. | വേഗത്തിൽ ഞാൻ വരുന്നെന്നു | പറഞ്ഞിട്ടെത്ര | വർഷം അതായിരിക്കുന്നു | |
| | മേഘങ്ങളിൽ വരുന്നെന്നു | പറഞ്ഞതോർത്തു | ദാഹത്തോടെ ഇരിക്കുന്നു | |
| | ഏക വല്ലഭനാകും യേശുവേ! നിന്റെ നല്ല | ആഗമനം ഞാൻ നോക്കി | ആശയോടിരിക്കയാൽ | (2) |
| 2. | ജാതികൾ തികവതിനോ? | ആയവർ നിന്റെ | പാദത്തെ ചേരുവതിനോ? | |
| | യൂദന്മാർക്കൂടുവതിനോ? | കാനാനിലവർ | കുടികൊണ്ടു വാഴുവതിനോ? | |
| | ഏതു കാരണത്താൽ നീ ഇതു വരെ | ഇഹത്തിൽ വരാതിരിക്കുന്നു? | നീതി സൂര്യനാകുന്ന യേശു | (2) |
| 3. | എത്രനാൾ ഭരിച്ചു കൊള്ളും? | പിശാചീ ലോകം | എത്രനാൾ ചതിച്ചു കൊള്ളും? | |
| | എത്രനാൾ പറഞ്ഞു കൊള്ളും? | അപവാദങ്ങൾ | ശുദ്ധിമാന്മാരുടെ മേലും | |
| | കർത്താവേ! നോക്കിക്കാൺക പാർത്തലത്തിൻ ദുരിതം സാത്താന്റെ ധിക്കാരത്തെ നീക്കുവാനായി പ്രിയാ | | | (2) |
| 4. | ദുഃഖം നീ നോക്കുന്നില്ലയോ? | എന്റെ വിലാപ | ശബ്ദം നീ കേൾക്കുന്നില്ലയോ? | |
| | തക്കം നോക്കീടുന്നില്ലയോ? | പിശാചെൻ മനം | വെക്കം ഹനിപ്പാനയ്യോ | |
| | തൃക്കണ്ണാൽ എന്നെ നോക്കി ദുരിതങ്ങളാകെ പോക്കി വേഗം നിൻ മണവാട്ടി ആക്കിക്കൊ=ുവാൻ പ്രിയാ | | | (2) |

| | | | |
|---|---|---|---|
| 170 | കാൽവറിയിൽ കാണും സ്നേഹം അത്ഭുതം | വർണ്ണ്യം അല്ലഹോ അതെന്റെ നാവിനാൽ | (2) |
| 1. | പാപത്തിൽ നിന്നെന്നെ വീണ്ടെടുത്ത സ്നേഹമേ | പാവന നിണം ചൊരിഞ്ഞ ക്രൂശിൻ സ്നേഹമേ | (2) |
| | എൻമനം കവർന്ന നിൻ അതുല്യ സ്നേഹമേ | മാറ്റമില്ലാ ദിവ്യസ്നേഹം എത്ര അത്ഭുതം | (2) |
| 2. | നീങ്ങിപ്പോകം പർവ്വതങ്ങൾ കുന്നുകൾ ഇവ | കാണുമീ പ്രപഞ്ചവും ധനം മഹിമയും | (2) |
| | മർത്യസ്നേഹം മാറിടും ക്ഷണത്തിലെങ്കിലും | മാറ്റമില്ലാ ദൈവസ്നേഹം എത്ര അത്ഭുതം | (2) |
| 3. | മൃത്യുവിന്റെ ബന്ധനം തകർത്ത സ്നേഹമേ | ശത്രുവിന്റെ ശക്തിയെ ജയിച്ച സ്നേഹമേ | (2) |
| | മർത്യരിൻ മരണഭീതി നീക്കും സ്നേഹമേ | മാറ്റമില്ലാ ദൈവസ്നേഹം എത്ര അത്ഭുതം | (2) |
| 4. | വാനമേഘേ സ്വർപ്പുരേ കരേറിപ്പോയവൻ | ഇന്നുമെന്നും കൂടെയുള്ള നല്ല സ്നേഹിതൻ | (2) |
| | എന്നെ വേഗം ആനയിക്കും സ്വർസ്സ ഗേഹത്തിൽ | മാറ്റമില്ലാ ദൈവസ്നേഹം എത്ര അത്ഭുതം | (2) |

**171** കാഹളം കാതുകളിൽ കേട്ടിടാറായ് ദൈവദൂതർ പൊൻ വീണകൾ മീട്ടിടാറായ് (2)
യേശു താൻ അരുളിയ വാഗ്ദത്തം നിറവേറാൻ കാലങ്ങൾ നമ്മെ വിട്ടു പായുകയായ് (2)

1. സമാധാനമില്ല ഭൂവിൽ അനുദിനം നിലവിളി പടർന്നുയരുകയായ് ധരണി തന്നിൽ (2)
ദൈവത്തിൻ പൈതങ്ങൾക്കാനന്ദം ധരണിയിൽ ക്ലേശിപ്പാൻ ലവലേശം സാദ്ധ്യമല്ല (2)

2. ജനിച്ചു പ്രവൃത്തി ചെയ്തു മരിച്ചു മൂന്നാം ദിനത്തിൽ മരണത്തെ ജയിച്ചേശു ഉയരത്തിൽ പോയ് (2)
പാപവും ശാപവും നീക്കി താൻ ജയം നൽകി പാപികൾക്കവൻ നിത്യ ശാന്തി നൽകി (2)

3. പാടുവിൻ ജയഗാനം അറിയിപ്പിൻ സുവിശേഷം ദൈവരാജ്യം ആസന്നമായ് മനം തിരിവിൻ (2)
യെരിഹോവിൻ മതിലുകൾ തകർത്തിടാൻ ഉണരുവിൻ കാഹളം മുഴക്കിടാം ദൈവ ജനമേ (2)

**172** കാഹളനാദം വാനിൽ മുഴങ്ങുമ്പോൾ പറന്നീടുമേ ഞാനും ആ.. ആ.. (2)

1. ശുദ്ധരോടൊന്നിച്ചു ഗാനങ്ങൾ പാടി കർത്തനെ സ്തുതിച്ചിടുമേ ആ..ആ.. കർത്തനെ സ്തുതിച്ചിടുമേ (2)
2. പാടും ഞാനെൻ കീർത്തനം ദിനവും ആനന്ദമോടെ ഞാൻ ആ..ആ.. ആനന്ദമോടെ ഞാൻ (2)
3. യേശു എൻ കാന്തൻ ഞാനവൻ കാന്ത വേളി കഴിച്ചിടുമേ ആ..ആ.. വേളി കഴിച്ചിടുമേ (2)
4. ലോകത്തിൻ പഴികളും ദുഷികളും ഏല്ക്കുമ്പോൾ ക്ഷീണിച്ചു പോകാതെ ആ..ആ..ക്ഷീണിച്ചു പോകാതെ (2)
5. കാൽവറി ക്രൂശിൽ കാണും സ്നേഹം ആരാൽ വർണ്ണിച്ചീടാം ആ..ആ..ആരാൽ വർണ്ണിച്ചീടാം (2)
6. കാന്തനും കാന്തയും ആയുള്ള വാസം ആരാൽ വർണ്ണിച്ചീടാം ആ..ആ..ആരാൽ വർണ്ണിച്ചീടാം (2)

**173** കുരിശിന്റെ തണലാണെന്റെ അഭയമെൻ യേശു നായകാ (2)
തുണ എനിക്കേകിടേണമേ അണയുന്നു പാദപീഠേ ഞാൻ (2)

1. ഉലക സ്ഥാപനം മുൻപെന്നെ ഫലമേകാൻ തെരഞ്ഞെടുത്തു (2)
ഉലകാവസാന നാളോളം അലയാതെ കാത്തിടും അവൻ (2)

2. നമ്മെ അവൻ അറിയുന്നെന്നും തിന്മയായ് ചെയ്കില്ല താനൊന്നും (2)
നന്മയ്ക്കായ് നൽകുന്നതോർത്തെന്നും സന്മനസ്സാൽ സഹിച്ചീടുക (2)

3. ശത്രു നമ്മെ എതിർത്തെന്നാലും മിത്രമായോർ കൈ വെടിഞ്ഞാലും (2)
തത്രപ്പെട്ടുള്ളം കലങ്ങല്ലേ കർത്തനിൽ വിശ്വസിച്ചുറയ്ക്കാം (2)

4. കാട്ടൊലിവായിരുന്ന നമ്മെ നാട്ടൊലിവോടവൻ ഒട്ടിച്ചു (2)
സൽഫലം കായ്ച്ചുലഞ്ഞീടട്ടെ വല്ലഭനുല്ലാസം ആകട്ടെ (2)

5. ലേകമാം ഈ സമുദ്രത്തൂടെ വിശ്വാസത്തിൻ പടകേറി നാം (2)
അക്കരെ കാണും പ്രകാരത്തെ ലക്ഷ്യമാക്കി യാത്ര തുടരാം (2)

**174** കുരിശെടുത്തെൻ യേശുവിനെ അനുഗമിക്കും ഞാൻ അന്ത്യം വരെ (2)

1. ഭാരങ്ങൾ നേരിടുമ്പോൾ കരങ്ങളാൽ താങ്ങിടുന്നു
മരണത്തിൻ താഴ്‌വര അതിലും എന്നെ പിരിയാത്ത മാധുര്യ നല്ല സഖി താൻ (2)
2. അവനെന്നെ അറിഞ്ഞിടുന്നു അവനിയിൽ കരുതിടുന്നു
ആവശ്യ ഭാരങ്ങൾ അണഞ്ഞിടുമ്പോൾ അവലംബമായ് എനിക്കവൻ മാത്രമാം (2)
3. മാറിടും മനുജരെല്ലാം മറന്നിടും സ്നേഹിതരും
മാറ്റമില്ലാത്തവൻ എൻ മാനുവേൽ മഹിമയിൽ വാഴുന്നു ഇന്നും എനിക്കായ് (2)
4. തീരണം പാരിലെൻ നാൾ തിരു പാദ സേവയതാൽ
ചേരും ഞാൻ ഒടുവിലെൻ പ്രിയന്നരികിൽ അരുമയോടവനെന്നെ മാറോടണയ്ക്കും (2)

**175** കൊട് നിനക്ക് നൽകപ്പെടും അള നിനക്ക് അളക്കപ്പെടും
അമർത്തികുലുക്കി കവിഞ്ഞു വീഴുംവണ്ണം അതിന്റെ പ്രതിഫലം പ്രാപിക്കുമേ (2)

1. മറിയ കൊടുത്തത് അറിയാമോ ബഥാനി (2) വെങ്കൽ ഭരണി പരിമള തൈലം
മനഃപൂർവ്വമായ് അവൾ കൊടുത്തല്ലോ (2) (എന്നാൽ) അതുപോൽ നീയും കൊട് (2)
2. വിധവ കൊടുത്തത് അറിയാമോ എളിയ (2) രണ്ടു കാശ് രണ്ടു കാശ്
ഉള്ളതു എല്ലാം കൊടുത്തല്ലോ (അവൾ) (2) അതുപോൽ നീയും കൊട് (2)
3. ബാലൻ കൊടുത്തത് അറിയാമോ അന്നു (2) അഞ്ച് അപ്പം രണ്ടു മീനും
തന്നാൽ ആയതു കൊടുത്തല്ലോ (അവൻ) (2) അതുപോൽ നീയും കൊട് (2)

**176** കൊടുങ്കാറ്റടിച്ചു അല ഉയരും വൻ സാഗരത്തിൻ അലകളിൻ മേൽ
തരും ജീവിതത്തിൻ പടകിൽ അവൻ തരും ശാന്തി തന്ന വചനങ്ങളാൽ (2)
ആഹാ ഇമ്പം ഇമ്പം ഇമ്പം ഇനി എന്നും ഇമ്പമേ
എൻ ജീവിതത്തിൻ നൗകയിൽ താൻ വന്ന നാൾ മുതൽ (2)

1. പോകൂ നിങ്ങൾ മറു കരയിൽ എന്നു മോദമായി അരുളിയവൻ (2)
മറന്നീടുമോ തൻ ശിഷ്യ ഗണത്തെ സ്വന്ത ജനനിയും മറന്നീടിലും (2)

2. വെറും വാക്കു കൊണ്ടു സകലത്തെയും നറും ശോഭയേകി മെനഞ്ഞവൻ താൻ (2)
ചുടു ചോര ചൊരിഞ്ഞല്ലോ രക്ഷിച്ചു തിരു ദേഹമായി നമ്മെ സൃഷ്ടിച്ചു (2)

3. വരും വേഗമെന്ന് അരുളിയവൻ വരും മേഘമതിൽ അടുത്തൊരു നാൾ (2)
തരും ശോഭയേറും കിരീടങ്ങളെ തിരു സേവ നന്നായ് തികച്ചവർക്കായ് (2)

| | | | |
|---|---|---|---|
| 177 | കുഞ്ഞാട്ടിൻ തിരുരക്തത്താൽ | ഞാൻ ശുദ്ധനായ് തീർന്നു | |
| | തൻ ചങ്കിലെ ശുദ്ധ രക്തത്താൽ | ഞാൻ ജയം പാടിടും | |
| | മഹത്വം രക്ഷകാ സ്തുതി നിനക്കെന്നും | ചേറ്റിൽ നിന്നെന്നെ നീ വീണ്ടെടുത്തതിനാൽ | |
| | സ്തുതിക്കും നിന്നെ ഞാൻ ആയുസിൻ നാളെല്ലാം | നന്ദിയോടടി വണങ്ങും | (2) |
| 1. | ആർപ്പോടു നിന്നെ ഘോഷിക്കും | ഈ സീയോൻ യാത്രയിൽ | |
| | മുമ്പോട്ടു തന്നെ ഓടുന്നു | എൻ വിരുതിന്നായി | |
| | ലഭിക്കും നിശ്ചയം എൻ വിരുതെനിക്ക് | ശത്രുക്കൾ ആരുമേ കൊണ്ടു പോകയില്ല | (2) |
| | പ്രാപിക്കും അന്നു ഞാൻ രാജൻ കൈയിൽ നിന്നും | ദൂതന്മാരുടെ മദ്ധ്യത്തിൽ | (2) |
| 2. | എൻ ഭാഗ്യകാലം ഓർക്കുമ്പോൾ | എന്നുള്ളം തുള്ളുന്നു | |
| | ഈ ലോകസുഖം തള്ളി | ഞാനാ ഭാഗ്യം കണ്ടപ്പോൾ | |
| | നിത്യമാം രാജ്യത്തിൽ അന്നു ഞാൻ പാടിടും | രാജൻ മുഖം കണ്ടു എന്നും ഞാൻ ഘോഷിക്കും | (2) |
| | രക്തത്തിൻ ഫലമായ് വാഴുമേ സ്വർഗ്ഗത്തിൽ | കോടി കോടി യുഗങ്ങളായി | (2) |
| 3. | മനോഹരമാം സീയോനിൽ | ഞാൻ വേഗം ചേർന്നീടും | |
| | എൻ ക്ലേശമാകെ നീങ്ങിപ്പോം | അവിടെ എത്തുമ്പോൾ | |
| | നിത്യമാം സന്തോഷം പ്രാപിക്കും അന്നു ഞാൻ | എൻ ശത്രുവിനത് എടുപ്പാൻ പാടില്ല | (2) |
| | ആനന്ദം കൂടിടും സാനന്ദം പാടിടും ഞാൻ | ശ്രീയേശു രാജൻ മുമ്പാകെ | (2) |

| | | | |
|---|---|---|---|
| 178 | കൂടുവിട്ടോടുവിൽ ഞാനെൻ നാട്ടിലെൻ | വീടിന്റെ ഉള്ളിലെത്തും | (2) |
| | പാടിടും ജയ ഗീതമേ ഞാൻ | പങ്കപ്പാടുകൾ ഏറ്റവനായ് | (2) |
| 1. | ഉറ്റവർ സ്നേഹിതർ പക്ഷം തിരിഞ്ഞു നിന്നു | മുറ്റും വിടക്കെന്നെന്നെ തള്ളിടുമ്പോൾ | (2) |
| | പറ്റിച്ചേർന്നവർ നിൽക്കുമേ | ഒടുവിലെൻ പക്ഷത്തു ചേർന്നീടുമേ | (2) |
| 2. | ലോകം എനിക്കു വേണ്ട ലോകത്തിൻ ഇമ്പം വേണ്ട | പോകണം യേശുവിൻ പാതേ നോക്കി | (2) |
| | ഏകുന്നു സമസ്തവും ഞാൻ എന്റെ | ഏകനാഥനെ നിനക്കായ് | (2) |
| 3. | പ്രാപഞ്ചികമാകും പ്രകൃതമെല്ലാം മാറും | പ്രാണപ്രിയനോടു കൂടെ എത്തുമ്പോൾ | (2) |
| | പ്രാക്കൾ കണക്കെ പറക്കും നാമന്ന് | പ്രാപിക്കും രൂപാന്തരം | (2) |

| | | | |
|---|---|---|---|
| 179 | കൂടെ പാർക്ക നേരം വൈകുന്നിതാ | കൂരിരുൾ ഏറുന്നു പാർക്ക ദേവാ | |
| | ആശ്രയം വേറില്ലാ നേരം തന്നിൽ | ആശ്രിത വത്സലാ കൂടെ പാർക്ക | (2) |
| 1. | ആയുസ്സാം ചെറു ദിനം ഓടുന്നു | ഭൂ സന്തോഷ മഹിമ മങ്ങുന്നു | |
| | ചുറ്റിലും കാണുന്നു മാറ്റം കേടു | മാറ്റമില്ലാ ദേവാ കൂടെ പാർക്ക | (2) |
| 2. | രാജരാജൻ പോൽ ഭയങ്കരനായ് | സാധുവെ ദർശിച്ചീടരുതെ നിൻ | |
| | ചിറകിൻകീഴ് സൗഖ്യവരമോടെ | നന്മ ദയ നല്കി കൂടെ പാർക്ക | (2) |
| 3. | ഏകി കഷ്ടതയിൽ സഹതാപം | അപേക്ഷയിൽ മനസ്സലിവോടെൻ | |
| | നിസ്സഹായരിൻ സഹായകനായ് | വന്നു രക്ഷിച്ചു നീ കൂടെ പാർക്ക | (2) |
| 4. | സദാ നിൻ സാന്നിദ്ധ്യം വേണം താതാ | പാതകന്മേൽ ജയം നിൻ കൃപയാൽ | |
| | തുണ ചെയ്‌വാൻ നീയല്ലാതാരുള്ളൂ? | സന്തോഷ സന്താപെ കൂടെ പാർക്ക | (2) |
| 5. | കണ്ണടഞ്ഞീടുമ്പോൾ നിൻ ക്രൂശിനെ | കാണിക്ക മേൽ ലോക മഹിമയും | |
| | ഭൂമിഥ്യ നിഴൽ ഗമിക്കുന്നിതാ | ഭാഗ്യോദയമായ് നീ കൂടെ പാർക്ക | (2) |

| | | | |
|---|---|---|---|
| 180 | കൃപയുടെ വാതിലിതാ പൂട്ടുവാൻ തുടങ്ങുന്നു | സോദരരേ ഓടി വന്നാൽ നിങ്ങൾക്കും പ്രവേശിക്കാം | (2) |
| 1. | കപ്പലിൽ ഉറങ്ങീടുന്ന യോനയെപ്പോൽ ഉള്ളോരേ | എത്രനാൾ ഉറങ്ങീടുമോ കർത്താവിപ്പോൾ വന്നീടും | (2) |
| 2. | ലോകമായ കപ്പലിതാ താഴുവാൻ തുടങ്ങുന്നു | ഉറങ്ങുന്ന സോദരരേ നിദ്ര വിട്ടുണരുവിൻ | (2) |
| 3. | ഞാനും എനിക്കുള്ളതെല്ലാം യേശുവിന്നു സ്വന്തമേ | അവൻ എന്നെ നടത്തുന്നു എനിക്കൊന്നിനും മുട്ടില്ല | (2) |

| | | | |
|---|---|---|---|
| 181 | കൃപയിൻ ഉറവാം കർത്താവേ നിൻ | കൃപമതി അടിയാനീ ഉലകിൽ | (2) |
| 1. | ബലഹീനതയിൽ താങ്ങി നടത്തും | ബലവാനേ നിൻ കൃപ മതിയേ | (2) |
| | പലവിധ ഭീതികളുയരും മരുവിൽ | കൃപയിൻ ചിറകാൽ പൊതിയണമേ | (2) |
| 2. | പാപത്തിൻ ശമ്പളം മരണം നീങ്ങി | കൃപയാലേ ദൈവ മകനായ് ഞാൻ | (2) |
| | അവകാശമായ് നിത്യ ജീവൻ ലഭിച്ചു | പ്രത്യാശയോടെ ഞാൻ മേവിടുന്നു | (2) |
| 3. | ക്രിസ്തുവിൻ കൃപയാൽ ശക്തി ലഭിച്ചു | രക്ഷയിൻ സുവിശേഷം ഘോഷിക്കും | (2) |
| | സകല മനുഷ്യർക്കും രക്ഷാകരമാം | ദൈവ കൃപയിൽ ഞാൻ നിലനിൽക്കും | (2) |

| | | | |
|---|---|---|---|
| 182 | കൃപ മതി യേശു നാഥാ | തവ കൃപ മതി എന്നുമെന്നും | (2) |
| | ബലഹീന വേളകളിൽ | ബലം നൽകും കൃപ മതിയേ | (2) |
| 1. | കൃപയാൽ പുതു ജീവൻ നൽകി | കൃപയാൽ എന്നെ സൗഖ്യമാക്കി | (2) |
| | കൃപയാൽ എന്നെ തെരഞ്ഞെടുത്തു | കൃപയാൽ എന്നെ നടത്തിടുന്നു | (2) |
| 2. | നിനയ്ക്കാത്ത വേദനകൾ | നിനയാത്ത നേരങ്ങളിൽ | (2) |
| | നീങ്ങിപ്പോകും തവകൃപയാൽ | നിന്റെ കൃപയെത്ര അത്ഭുതമേ ! | (2) |
| 3. | മദ്ധ്യ വാനിൽ വന്നിടുമ്പോൾ | മഹാ-ശബ്ദം കേട്ടിടുമ്പോൾ | (2) |
| | മമ കൺകൾ കണ്ടിടുമേ | മഹാ-കൃപയാൽ ചേർത്തിടുമേ | (2) |

| | | | |
|---|---|---|---|
| 183 | കൃപയേറും കർത്താവിൽ എൻ വിശ്വാസം | അതിനാൽ ഹൃദി എന്തു നല്ലാശ്വാസം | (2) |
| | ദുരിതങ്ങൾ നിറയുമീ ഭൂവാസം | കൃപയാൽ മനോഹരമായ് | (2) |
| | കൃപ കൃപ ഒന്നെന്നാശ്രയം ഹാലേലുയ്യാ | കൃപ കൃപ ഒന്നെന്നാനന്ദമായ് | (2) |
| | വൈരികൾ വന്നാലും എതിർ ഉയർന്നാലും | കൃപമതി എന്നാളും | (2) |
| 1. | ബലഹീനതയിൽ നല്ല ബലമേകും | മരുഭൂമിയിൽ ആനന്ദ തണലാകും | (2) |
| | ഇരുൾ പാതയിൽ അനുദിനം ഒളി നൽകും | കൃപ ഒന്നെൻ ആശ്രയമായ് | (2) |
| 2. | എന്റെ താഴ്ച്ചയിൽ അവൻ എന്നെ ഓർത്തല്ലോ | ഘോര വൈരിയിൻ ബലമവൻ തകർത്തല്ലോ | (2) |
| | തന്റെ കൈകളിൽ അവൻ എന്നെ ചേർത്തല്ലോ | സ്തോത്ര ഗീതം പാടിടും ഞാൻ | (2) |
| 3. | പ്രതികൂലങ്ങൾ അനവധി വന്നാലും | അനുകൂലം എനിക്കവൻ എന്നാളും | (2) |
| | തിരുജീവനെ തന്നവൻ ഇനിമേലും | കൃപയാൽ നടത്തും എന്നെ | (2) |

| | | | |
|---|---|---|---|
| 184 | കൃപ ലഭിച്ചോരെല്ലാം സ്തുതിച്ചിടട്ടെ | ദയ ലഭിച്ചോരെല്ലാം സ്തുതിച്ചിടട്ടെ | (2) |
| | ക്ഷമ ലഭിച്ചോരെല്ലാം സ്തുതിച്ചിടട്ടെ | നന്മ ലഭിച്ചോരെല്ലാം സ്തുതിച്ചിടട്ടെ | (2) |
| | ആരാധന ആരാധന | യാഹെന്ന ദൈവത്തിന്നാരാധന | (2) |
| | ആരാധന ആരാധന | ആത്മാവിലും സത്യത്തിലും ആരാധന | (2) |
| 1. | മമ്രേയുടെ തോപ്പിൽ ഇറങ്ങി വന്ന | അബ്രഹാമിൻ ദൈവത്തിന്നാരാധന | (2) |
| | മോറിയാ മലയിൽ നിറഞ്ഞു നിന്ന | യിസ്ഹാക്കിൻ ദൈവത്തിന്നാരാധന | (2) |
| 2. | യാബ്ബോക്കെന്ന കടവിലിറങ്ങി വന്ന | യാക്കോബിൻ ദൈവത്തിന്നാരാധന | (2) |
| | കാരാഗൃഹിൽ വീര്യ പ്രവൃത്തി ചെയ്ത | യോസേഫിൻ ദൈവത്തിന്നാരാധന | (2) |
| 3. | മരുഭൂമിയിൽ മന്ന ദാനം നൽകിയ | യിസ്രായേലിൻ ദൈവത്തിന്നാരാധന | (2) |
| | കർമ്മേലെന്ന മലയിൽ അഗ്നി അയച്ച | ഏലിയാവിൻ ദൈവത്തിന്നാരാധന | (2) |
| 4. | മിസ്രേമെന്ന ദേശത്തു മുഴങ്ങി നിന്ന | മോശയുടെ ദൈവത്തിന്നാരാധന | (2) |
| | സിംഹത്തിന്റെ കുഴിയിൽ ഇറങ്ങി വന്ന | ദാനിയേലിൻ ദൈവത്തിന്നാരാധന | (2) |

| | | | |
|---|---|---|---|
| 185 | ക്രിസ്തീയ ജീവിതം സൗഭാഗ്യ ജീവിതം | കർത്താവിൻ കുഞ്ഞുങ്ങൾക്കാനന്ദ ദായകം | (2) |
| | കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും | ക്രിസ്തേശു നായകൻ കൂട്ടാളിയല്ലോ | (2) |
| 1. | ലോകത്തിൻ താങ്ങുകൾ നീങ്ങിപ്പോയീടുമ്പോൾ | ലോകക്കാർ എല്ലാരും കൈവെടിഞ്ഞീടുമ്പോൾ | (2) |
| | സ്വന്ത സഹോദരർ തള്ളിക്കളയുമ്പോൾ | യോസേഫിൻ ദൈവമെൻ കൂട്ടാളിയല്ലോ | (2) |
| 2. | അന്ധകാരം ഭൂവിൽ വ്യാപരിച്ചീടുമ്പോൾ | രാജാക്കൾ നേതാക്കൾ ശത്രുക്കൾ ആകുമ്പോൾ | (2) |
| | അഗ്നി കുണ്ഡത്തിലും സിംഹക്കുഴിയിലും | ദാനിയേലിൻ ദൈവം എൻ കൂട്ടാളിയാണ് | (2) |
| 3. | ഇത്ര നല്ലിടയൻ ഉത്തമ സ്നേഹിതൻ | നിത്യനാം രാജാവെൻ കൂട്ടാള ആയാൽ | (2) |
| | എന്തിനീ ഭാരങ്ങൾ എന്തിനീ വ്യാകുലം | കർത്താവിൻ കുഞ്ഞുങ്ങൾ പാട്ടു പാടും | (2) |
| 4. | കാഹള ശബ്ദങ്ങൾ കേട്ടിടാൻ നേരമായ് | കഷ്ടങ്ങൾ ഏറ്റയെൻ പ്രിയനെ കാണാറായ് | (2) |
| | എന്നു നീ വന്നിടും എപ്പോൾ നീ വന്നിടും | എത്രനാൾ നോക്കി ഞാൻ പാർക്കണം പ്രിയനേ | (2) |

| | | | |
|---|---|---|---|
| 186 | ക്രിസ്തുവിൻ സേന വീരരേ | ഉയർത്തീടുവിൻ കൊടിയേ | (2) |
| | ധീരമായ് പോരാടിടാം കർത്തൻ വേല ചെയ്തിടാം ജയ ഗീതം പാടി ഘോഷിക്കാം | | (2) |
| | പോകനാം പോകനാം | ക്രിസ്തുവിന്റെ പിമ്പെ പോക നാം | (2) |
| 1. | സത്യ പാത കാട്ടിത്തന്നിടും | നീതി മാർഗ്ഗം ഓതിത്തന്നിടും | (2) |
| | ക്രൂശിന്റെ സാക്ഷിയായ് ധീര പടയാളിയായ് | ക്രിസ്തുവിന്നായ് യുദ്ധം ചെയ്തിടാം | (2) |
| 2. | കണ്ണുനീർ തുടച്ചു നീക്കിടും | ആശ്രിതർക്കാലംബം ഏകിടും | (2) |
| | ജീവനെ വെടിഞ്ഞു ലോക ഇമ്പം വെറുത്തു | ക്രിസ്തുവിനായ് പോർ ചെയ്തീടുക | (2) |
| 3. | പാപികൾക്കു രക്ഷയേകിടും | രോഗികൾക്കു സൗഖ്യം നൽകിടും | (2) |
| | പാപത്തെ വെറുത്തു തൻ ഹിതം ചെയ്തു | രക്ഷകന്റെ പിൻപെ പോയിടാം | (2) |

| | | | |
|---|---|---|---|
| 187 | ക്രിസ്തുവിൻ ഇമ്പ ഗാനം എന്നുമേ | എന്നുടെ ജീവ വാക്യം എന്നുമേ | |
| | തന്നുടെ ജീവ മൊഴി എന്നുമേ | എന്നുടെ ജീവന്നാധാരമേ | (2) |
| | ഞാൻ പിന്തുടർന്നിടും ഞാൻ പിൻഗമിച്ചിടും | എന്നുടെ ജീവിത യാത്രയതിൽ | |
| | ഈ മരുവിൽ ചൂടതേല്ക്കുമ്പോൾ | തൻ ചിറകെനിക്കു വിശ്രമം | (2) |
| 1. | ക്രിസ്തുവിൻ ദിവ്യ ഇഷ്ടം എന്നുമേ | എന്നുടെ ജീവിതത്തിൻ ആശയെ | |
| | നാളെന്നും ക്രൂശെടുത്തു ഞാൻ | താതനിഷ്ടം നിറവേറ്റുമേ | (2) |
| 2. | ക്രിസ്തുവിൻ നിന്ദ ഞാൻ വഹിക്കുമേ | എന്നുടെ ഭൂഷണം അതെന്നുമേ | |
| | നാളെന്നും അതെന്നുമെൻ നിക്ഷേപമായ് | തേജസ്സായെനിക്കു ലഭ്യമേ | (2) |
| 3. | ക്രിസ്തുവിൻ ശബ്ദം ഞാൻ ശ്രവിക്കുമേ | എന്നുടെ പാതയിൽ അതെന്നുമേ | |
| | നാളെന്നും അതിൽ നടന്നു ഞാൻ | തേജസ്സിൻ തീരത്തെത്തുമേ | (2) |
| 4. | ക്രിസ്തുവിൻ മുഖം ഞാൻ ദർശിക്കുമേ | ഘോരമാം സമുദ്രത്തിൻ നടുവിലായി | |
| | അനന്തമാം വിദൂരവേ ഞാൻ കാണുമ്പോൾ | ആ പൊന്മുഖം പ്രത്യാശയിൻ ഉറവിടം | (2) |

188 ക്രിസ്തേശു വരുന്നു മേഘത്തേരതിൽ പ്രത്യാശയോടെ കാത്തിരിക്കും തൻ വിശുദ്ധർക്കായ്
അത്യാശയേറുന്നേ എൻ പ്രിയനെക്കാണ്മാൻ (2) നിത്യ യുഗങ്ങൾ തൻ കൂടെ പാർക്കുവാൻ (2)

1. കണ്ണുനീരു മാറും എൻ ദു:ഖം തീർന്നിടും (2) കർത്തൻ തൻ കരത്താലെന്നെ ആശ്ലേഷിച്ചിടും (2)
നൃത്തം ചെയ്യും ഞാൻ വിശുദ്ധ സംഘത്തിൽ (2) നിത്യം പാടും ഞാൻ എൻ പ്രാണപ്രിയനായ് (2)
2. സ്വർലോകവാസം ഞാനോർത്തുപാർക്കുമ്പോൾ (2) ഈലോക ഇമ്പങ്ങൾ ചപ്പെന്നെണ്ണുന്നേ (2)
നാഥനൊരുക്കും എൻ നിത്യ ഗേഹത്തിൽ (2) നാൾകൾ കഴിപ്പാൻ ഉള്ളിൽ വാഞ്ചയേറുന്നേ (2)
3. പാപ ശാപ രോഗം എല്ലാം നീങ്ങിടും (2) പാവന നിണം ചൊരിഞ്ഞ യേശു നാമത്തിൽ (2)
പാരിൽ ജീവിക്കും നിൻ നാൾകൾ ഒക്കെയും (2) പാവനമായ് കാത്തുകൊൾക പാതയൊക്കെയും (2)

189 ക്രൂശിന്മേൽ ക്രൂശിന്മേൽ കാണുന്നതാരിതാ
പ്രാണനാഥൻ പ്രാണനാഥൻ എൻ പേർക്കായ് ചാകുന്നു (2)

1. ആത്മാവേ പാപത്തിൻ കാഴ്ച നീ കാണുക ദൈവത്തിൻ പുത്രാ നീ ശാപത്തിൽ ആയല്ലോ (2)
2. ഇത്രമാം സ്നേഹത്തെ എത്രനാൾ തള്ളി ഞാൻ ഈ മഹാ പാപത്തെ ദൈവമേ ഓർക്കല്ലേ (2)
3. പാപത്തെ സ്നേഹിപ്പാൻ ഞാനിനി പോകുമോ ദൈവത്തിൻ പൈതലായ് ജീവിക്കും ഞാനിനി (2)
4. കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ (2)

190 ഗീതം ഗീതം ജയ..ജയ ഗീതം പാടുവിൻ സോദരരേ നമ്മൾ
യേശുരാജൻ ജീവിക്കുന്നതിനാൽ ജയഗീതം പാടിടുവിൻ (2)

1. പാപം ശാപം സകലവും തീർപ്പാൻ അവതരിച്ചിഹെ നരനായ് (2)ദൈവ
കോപത്തീയിൽ വെന്തെരിഞ്ഞവനാം രക്ഷകൻ ജീവിക്കുന്നു (2)ഗീതം
2. ഉലകമഹാന്മാർ അഖിലരും ഒരുപോൽ ഉറങ്ങുന്നു കല്ലറയിൽ (2)നമ്മൾ
ഉന്നതൻ യേശു മഹേശ്വരൻ മാത്രം ഉയരത്തിൽ വാണിടുന്നു (2)ഗീതം
3. കലുഷത അകറ്റി കണ്ണുനീർ തുടപ്പിൻ ഉത്സുകർ ആയിരിപ്പിൻ (2)നമ്മൾ
ആത്മനാഥൻ ജീവിക്കവെ ഇനി അലസത ശരിയാണോ (2)ഗീതം
4. വാതിലുകളെ നിങ്ങൾ തലകളെ ഉയർത്തിൻ വരുന്നിതാ ജയരാജൻ (2)നിങ്ങൾ
ഉയർന്നിരിപ്പിൻ കതകുകളെ ശ്രീയേശുവെ സ്വീകരിപ്പാൻ (2)ഗീതം

191 ചിലർ നിനയ്ക്കും പോലെ കർത്തനുടെ വരവ് ഒട്ടും താമസിക്കില്ലിനിയും
പാപികൾ മനം തിരിഞ്ഞീടുവാനായ് ക്ഷമ കാട്ടിടുന്നതേയുള്ളു (2)

1. ശത്രുവിൻ ഗണം ഭൂവിൽ ഏറിടുന്നു ഓർത്താൽ വ്യതരെയും കീഴടക്കാൻ (2)
സാത്താനെ-ജയിപ്പാനായ് ദൈവത്തിൻ-കൃപകൾനാം പ്രാപിക്ക ഈ നാളിൽ (2)
2. നിന്റെ ആദ്യസ്നേഹം വിട്ടുപോയെന്നൊരു കുറവു കർത്തൻ കാണുന്നില്ലേ (2)
ലൗകിക സുഖങ്ങളോ ശാശ്വതമല്ലെന്ന് താതനരുളീടുന്നു (2)
3. രാജ്യം രാജ്യത്തോടും ജാതി ജാതിയോടും എതിർക്കുന്നത് കാണുന്നല്ലോ (2)
അപ്പനമ്മ മക്കൾ സോദരങ്ങളെല്ലാം ഛിന്നമായിടുന്നു (2)

192 ചേരുമേശുവിൽ ദിനം മാരുതൻ മാ കഠിനം എൻ വിശ്വാസം ദുർബലം യേശു താൻ സർവ്വാശ്രയം
നാളുകൾ ഗമിക്കിലും മാത്രകൾ പറക്കിലും എന്തെല്ലാം ഭവിക്കിലും യേശു താൻ സർവ്വാശ്രയം

1. പാത ശോഭയാം നേരം പാടും ഞാൻ അത്യധികം ക്ഷീണം എങ്കിലെൻ വഴി യാചിക്കും ക്ഷണം പ്രതി (2)
2. ആപത്തിൽ ഞാൻ വിളിക്കും യേശു നിശ്ചയം കേൾക്കും എന്റെ ശ്രേഷ്ഠസങ്കേതം യേശുതാൻ സർവ്വാശ്രയം (2)
3. ജീവകാലം ഒക്കെയും കൽപാന്ത കാലം വരെ സ്വർഗം ചേരാനെൻ ബലം യേശു താൻ സർവ്വാശ്രയം (2)

193 ജയ ജയ ഗീതങ്ങൾ പാടാം ജയോത്സവമായ് നാം മുന്നേറാം
ജയവീരനാം യേശുവിന്റെ സാക്ഷികളായ് നാം മുന്നേറാം (2)

1. പാപത്തിനടിമച്ചങ്ങലയിൽ നിന്നും മോചിതരാം നമ്മൾ
സുവിശേഷത്തിൻ രണാങ്കണത്തിൽ സാക്ഷികളായ് നാം മുന്നേറാം
ഹല്ലേലുയ്യാ ... ഹല്ലേലുയ്യാ ഹല്ലേലുയ്യാ (2)
2. മരണത്തെ ജയിച്ചവനേശുവുണ്ടേ നമ്മോടു കൂടെയുണ്ടേ
തൻവചനത്താലും ആത്മാവിനാലും സാത്താന്യ സേനയെ ജയിച്ചീടാം
ഹല്ലേലുയ്യാ ... ഹല്ലേലുയ്യാ ഹല്ലേലുയ്യാ (2)

194 ജയം ജയം ഹല്ലേലുയ്യാ ജയം ജയം എപ്പോഴും (2) യേശു നാഥൻ നാമത്തിനു ജയം ജയം എപ്പോഴും (2)

1. പാപത്തേയും രോഗത്തേയും ക്രൂശിന്മേൽ താൻ വഹിച്ചു (2) സാത്താനേയുംസൈന്യത്തേയും കാൽവറിയിൽതോൽപ്പിച്ചു (2)
2. ശത്രുഗണം ഒന്നാകവേ ചെങ്കടലിൽ മുങ്ങിപ്പോയ് (2) വൈരിയുടെ എതിർപ്പുകൾ ഫലിക്കയില്ലിനിമേൽ (2)
3. വാദ്യഘോഷങ്ങളോടെ നാം ജയത്തിന്റെ പാട്ടുകൾ (2) ആഘോഷമായ് പാടിടുക ശുദ്ധിമാന്മാർ സഭയിൽ (2)
4. രക്തം കൊണ്ടു മുദ്രയിടപ്പെട്ട ജനമൊന്നിച്ച് (2) കാഹളങ്ങൾ ഊതിടുമ്പോൾ ഭൂതലം വിറയ്ക്കുമേ (2)
5. തകർക്കുന്ന രാജരാജൻ സൈന്യത്തിന്റെ മുമ്പിലായ് (2) നായകനായ് ഉള്ളതിനാൽ ജയം ജയം നിശ്ചയം (2)
6. ഹല്ലേലുയ്യാ ഹല്ലേലുയ്യാ ഹല്ലേലുയ്യാ ജയമേ (2) ഹല്ലേലുയ്യാ ഹല്ലേലുയ്യാ ഹല്ലേലുയ്യാ ആമേൻ (2)

195 ജയം ജയം യേശു രാജന് ഹാലേലുയ്യാ ജയം ജയം യേശു രാജന് "ജയ് ജയ് പ്രഭു യീശു കീ"
നമ്മെ രക്ഷിപ്പാൻ മന്നിതിൽ വന്ന യേശുവെ സ്തുതിച്ചിടുവിൻ
പാടുവിൻ സ്തുതി ഗീതങ്ങൾ ഓ.. വല്ലഭൻ യേശുവിനായ്
പാപത്തെ നീക്കാൻ പാരിതിൽ വന്ന ഉന്നതൻ യേശു പരൻ (2)

1. രക്തത്തിൻ ഉറവ ഒഴുകുന്നു കുരിശിൽ പാപം കഴുകീടാൻ
പാപീ നീ വാ യേശുവിന്നരികിൽ പാപം കഴുകീടാൻ നിൻ (2)
2. യേശുവിനായി തുറക്കൂ നിൻ ഹൃദയം സ്നേഹത്തിൻ ഉറവയവൻ
അവൻ തരും ജീവൻ നിത്യ..ജീവൻ എത്തിയ്ക്കും സ്വർപ്പുരേ നിന്നെ (2)
3. വീണ്ടും വരുമേ നമ്മുടെ നാഥൻ കൂടെ ചേർത്തീടാൻ
എന്നുടെ ആശ എന്നും അതു താൻ നീയും വാ കൂടെ സോദരാ (2)
4. യേശുവിൻ സവിധത്തിൽ എപ്പോഴുമുണ്ട് നിത്യമാം ആനന്ദം
വരും അവൻ വീണ്ടും നിന്നെയും ചേർപ്പാൻ വേഗം ഒരുങ്ങുമോ നീ സോദരാ (2)

196 ജയിക്കുമേ! സുവിശേഷം ലോകം ജയിക്കുമേ! പേയുടെ ശക്തികൾ നശിക്കുമേ!
സകല ലോകരും യേശുവിൻ നാമത്തിൽ വണങ്ങുമേ തല കുനിക്കുമേ അതു ബഹു സന്തോഷമേ (2)

1. കൂടുവിൻ സഭകളേ വന്നു പാടുവീൻ യേശുവിൻ കീർത്തി കൊണ്ടാടുവിൻ സുവിശേഷം ചൊല്ലാൻ
ഓടുവിൻ നിദ്ര വിട്ടുണർന്നീടുവിൻ മനം ഒത്തെല്ലാരും നിന്നിടുവിൻ വേഗം (2)
2. ഇടിക്കേണം പേയിൻ കോട്ട നാം ഇടിക്കേണം ജാതി ഭേദങ്ങൾ മുടിക്കേണം സ്നേഹത്തിൽ കൊടി
പിടിക്കേണം യേശുരാജന്റെ സുവിശേഷ കൊടി ഘോഷത്തോടുയർത്തീടേണം നമ്മൾ (2)
3. മരിച്ചു താൻ നമുക്കു മോക്ഷത്തെ വരുത്തി താൻ വെളിച്ച മാർഗ്ഗത്തിൽ ഇരുത്തി താൻ എളിയ കൂട്ടരെ
ഉയർത്തി താൻ യേശുനാഥന്റെ രക്ഷയിൽ കൊടി ഘോഷത്തോടുയർത്തീടേണം നമ്മൾ (2)
4. ചെലവിടീൻ സുഖം ബലത്തെയും ചെലവിടീൻ ബുദ്ധി ജ്ഞാനത്തെയും ചെലവിടീൻ വസ്തു സമ്പത്തുകൾ
ചെലവിടീൻ യേശുരാജന്റെ മഹിമയിൽ കൊടി ഏവരും ഉയർത്തീടേണം നമ്മൾ (2)
5. യോഗ്യമേ ഇതു നമുക്കതി ഭാഗ്യമേ രക്ഷിതാവിന്റെ വാക്യമേ സ്വർഗ്ഗ ലോകരോ
ടൈക്യമേ യേശുരാജ്യ പ്രസിദ്ധിക്കായി നാം ഏവരും പ്രയത്നിച്ചീടേണമേ (2)

197 ജീവന്റെ ഉറവിടം ക്രിസ്തുവത്രേ നാവിനാൽ അവനെ നാം ഘോഷിക്കാം
അവനത്രേ എൻ പാപഹരൻ തൻ ജീവനാൽ എന്നെയും വീണ്ടെടുത്തു (2)

1. താഴ്ച്ചയിലെനിക്കവൻ തണലേകി താങ്ങിയെന്നെ വീഴ്ച്ചയിൽ വഴി നടത്തി (2)
തുടച്ചെന്റെ കണ്ണുനീർ പൊൻ കരത്താൽ തുടിക്കുന്നെൻ മനം സ്വർഗ്ഗ സന്തോഷത്താൽ (2)
2. കര കാണാതാഴിയിൽ വലയുവോരേ കരുണയെ കാംക്ഷിക്കും മൃതപ്രായരേ (2)
വരികവൻ ചാരത്തു ബന്ധിതരേ തരുമവൻ കൃപ മനഃശാന്തിയതും (2)
3. നമുക്കു മുൻചൊന്നതാം വിശുദ്ധന്മാരാൽ അലംകൃതമായ തിരുവചനം (2)
അനുദിനം തരും അവൻ പുതു ശക്തിയാൽ അനുഭവിക്കും അതി സന്തോഷത്താൽ (2)

198 ജീവിത യാത്രക്കാരാ കാലടികൾ എങ്ങോട്ട്?
നാശത്തിൻ പാതയോ ജീവന്റെ മാർഗ്ഗമോ ലക്ഷ്യം നിൻ മുൻപിലെന്ത്? (2)

1. അൻപിൻ രൂപി യേശു നാഥൻ നിന്നെ വിളിക്കുന്നില്ലേ?
പോകല്ലേ നീ അന്ധനായി ലോക സൗഭാഗ്യം തേടി (2)
പൊന്നിൻ ചിറകു നിനക്കു മീതെ കർത്തൻ വിരിച്ചതു കാണുന്നില്ലേ?
സൂര്യനിൻ താപമോ ഘോരമാം മാരിയോ നിന്നെ അലട്ടാ എൻ പൊൻ മകനേ (2)
2. വൈഷമ്യമാം മേടുകളെ എങ്ങനെ നീ കടക്കും?
എങ്ങനെ നീ യോർദ്ദാനിന്റെ അക്കരെ ചെന്നു ചേരും? (2)
നിൻ തോണിയിൽ കർത്തൻ യേശുവുണ്ടോ? നിൻ നാവിൽ പ്രാർത്ഥന ഗാനമുണ്ടോ?
പുത്തൻ ഗാനാലാപം പാടി സ്തുതിക്കുവാൻ ഹൃത്തിടെ സ്വർഗ്ഗീയ ശാന്തിയുണ്ടോ? (2)

199 ജീവനേ! എൻ ജീവനേ! നമോ! നമോ! പാപികൾക്കമിതാനന്ദ പ്രദനാം കൃപാകരാ (2)
നീ വാ, വാ, വാനോർ വാഴ്ത്തും നായകാ!

1. പാപനാശ കാരണാ നമോ - നമോ പാരിതിൽ നരനായുദിച്ച പരാപര പൊരുളേ (2)
2. സർവ്വ ലോക നായകാ നമോ - നമോ ജീവനറ്റവരിൽ കനിഞ്ഞ നിരാമയ വരദാ (2)
3. ജീവജാല പാലകാ നമോ - നമോ ദിവ്യകാന്തിയിൽ വ്യാപിച്ചന്ധത മാറ്റും ഭാസ്കരാ (2)
4. മന്നവേന്ദ്ര! സാദരം നമോ - നമോ മനുകുലത്തിനി വലിയ രക്ഷ നൽകിയ ദയാപരാ (2)

200 ഞാൻ എന്നും സ്തുതിക്കും എൻ പരനെ തിരുമനു സുതനെ
ആനന്ദ ഗാനങ്ങൾ പാടി പുകഴ്ത്തി ഞാനെന്നും സ്തുതിക്കും (2)

1. പാപത്തിൻ ശാപത്തിൽ നിന്നും എന്റെ പ്രാണനെ കാത്തവൻഎന്നും(2) പാരിൽ തന്നൻപിനു തുല്യമില്ലൊന്നും (2)
2. നൽകിയവൻ രക്ഷാദാനം തന്നിൽ കണ്ടുഞാൻ ദൈവിക ജ്ഞാനം (2) തൻപാദ സേവയതെന്നഭിമാനം (2)
3. ആയിരം നാവുകളാലും പതിനായിരം വാക്കുകളാലും (2) ഹാ! ദിവ്യ സ്നേഹം അവർണ്ണ്യം ആരാലും (2)
4. നിത്യത തന്നിൽ ഞാനെത്തും തന്റെ സ്തുത്യപാദങ്ങൾ ഞാൻ മുത്തും(2) ഭക്തിയിൽ ആനന്ദക്കണ്ണീർഞാൻ വീഴ്ത്തും (2)

| | | | |
|---|---|---|---|
| 201 | ഞാൻ പാപി ആയിരുന്നെൻ യേശു | എന്നെ തേടി വന്നല്ലോ | |
| | എന്നുടെ പാപം വഹിച്ചവൻ കുരിശിൽ | തന്നുയിർ തന്നല്ലോ | (2) |
| | എന്തത്ഭുതം ദൈവ സ്നേഹത്തിൻ | ആഴം അറിവാൻ എളുതല്ല | |
| | സങ്കടത്തിൽ താങ്ങി നടത്തും | തൻ കൃപ ചെറുതല്ല | (2) |
| 1. | രക്താംബരം പോൽ കടും ചുവപ്പാ.. | യിരുന്നെന്നുടെ പാപങ്ങൾ | (2) |
| | കർത്താവതു ഹിമ സമമായ് മാറ്റി | തൻ പ്രിയ മകനാക്കി | (2) |
| 2. | കാർമേഘം ഉയരാമെന്നാൽ | കർത്തൻ തള്ളുകയില്ലെന്നെ | (2) |
| | കാണും ഞാനതിൻ നടുവിൽ | കൃപയെഴും തൻ മഴവില്ലൊന്ന് | (2) |
| 3. | സീയോൻ ഗിരിയിൽ ഒരിക്കലിനി ഞാൻ | എത്തും സാനന്ദം | (2) |
| | കാണും പ്രിയനെ സ്തുതിയിൻ പല്ലവി | പാടും ഞാനെന്നും | (2) |

| | | | |
|---|---|---|---|
| 202 | ഞാൻ വരുന്നു ക്രൂശിങ്കൽ സാധു ക്ഷീണൻ കുരുടൻ | സർവ്വവും എനിക്കെച്ചിൽ പൂർണ്ണരക്ഷ കാണുംഞാൻ | (2) |
| | ശരണം എൻ കർത്താവേ വാഴ്ത്തപ്പെട്ട കുഞ്ഞാടേ | താഴ്മയായ് കുമ്പിടുന്നു രക്ഷിക്ക എന്നെ ഇപ്പോൾ | (2) |
| 1. | വഞ്ചിച്ചു നിന്നെ എത്ര ദോഷം വാണെന്നിൽ എത്ര | ഇമ്പമായ് ചൊല്ലുന്നേശു "ഞാൻ കഴുകീടും നിന്നെ" | (2) |
| 2. | മുറ്റും ഞാൻ തരുന്നിതാ ഭൂനിക്ഷേപം മുഴുവൻ | ദേഹംദേഹി സമസ്തം എന്നേയ്ക്കും നിന്റേതുഞാൻ | (2) |
| 3. | എൻ ആശ്രയം യേശുവിൽ വാഴ്ത്തപ്പെട്ട കുഞ്ഞാട്ടിൽ | താഴ്മയായ് കുമ്പീടുന്നു രക്ഷിക്കുന്നിപ്പോളേശു | (2) |

| | | | |
|---|---|---|---|
| 203 | ഞാൻ നിന്നെ ധ്യാനിക്കുമ്പോൾ നാഥാ | നിൻ കൃപ ഓർത്തിടുമ്പോൾ | |
| | എൻ മാനസം പൊങ്ങിടുന്നേ | ദേഹി ഉല്ലസിച്ചാർത്തിടുന്നേ | (2) |
| 1. | ചേറ്റിൽ കിടന്നോനാം എന്നെ നീ വീണ്ട് | പാറയാം നിന്മേൽ നിർത്തി | |
| | എൻ ഗമനത്തെ സുസ്ഥിരമാക്കി | നിൻ സ്തുതി തന്നതിനാൽ | (2) |
| 2. | കഷ്ടത പട്ടിണി നിന്ദ പരിഹാസം | എന്നിവ വന്നാലുമേ | |
| | നിൻ ദിവ്യ സ്നേഹത്തിൽ നിന്നെന്നെ മാറ്റുവാൻ | ഒന്നിനും സാദ്ധ്യമല്ല | (2) |
| 3. | ആത്മാവിനാൽ എന്നെ നിറച്ചതിനാൽ | ആത്മ സന്തോഷമുണ്ടേ | |
| | തേജസ്സിലാനന്ദ രൂപനാം യേശുവെ | കാണുമേ ഞാൻ നിജമായ് | (2) |
| 4. | കൂടാരമായ ഭവനം അഴിഞ്ഞാലും | നിത്യ ഭവനമുണ്ട് | |
| | ഞാൻ കുറയട്ടെ നീ വളരട്ടെ | നിന്നിൽ ഞാൻ വസിക്കട്ടെ | (2) |

| | | | |
|---|---|---|---|
| 204 | ഞാൻ യഹോവയെ നിത്യം സ്തുതിക്കും | അവനിൽ എന്നും ഞാൻ ആശ്രയിക്കും | (2) |
| | അവന്റെ പാതയെ പിന്തുടരും | തന്റെ കല്പന ആചരിക്കും | |
| | എന്റെ കഷ്ടങ്ങളിൽ എന്റെ ദു:ഖങ്ങളിൽ | നീ മാത്രം അല്ലാതെ ആരുമില്ല | (2) |
| 1. | ലോകത്തിൻ മോഹത്താൽ ഞാൻ ഓടിയപ്പോൾ | പാപത്തിൽ മുഴുകി ഞാൻ ജീവിച്ചപ്പോൾ | (2) |
| | പ്രിയന്റെ സ്നേഹം മാടി വിളിച്ചു എന്നെ | തൻ പ്രിയ മകനാക്കി തീർത്തുവല്ലോ | (2) |
| 2. | അവന്റെ കല്പനകൾ ആചരിപ്പാൻ | തന്റെ കൃപയിൽ നിത്യം വളരാൻ | (2) |
| | അന്നന്നു വേണ്ടുന്ന മന്നയെ നൽകി | അനുദിനം അവനെന്നെ പോറ്റിടുന്നു | (2) |

| | | | |
|---|---|---|---|
| 205 | ഞാൻ യഹോവയെ എല്ലാ നാളിലും വാഴ്ത്തിടും | തൻ സ്തുതി എപ്പോഴും എൻ നാവിന്മേലുണ്ട് | (2) |
| | എന്റെ ഉള്ളം യാഹിൽ പ്രശംസിച്ചിടുന്നു (2) | എന്റെ മാനസം പ്രിയനിൽ ആനന്ദിക്കുന്നു | (2) |
| 1. | തന്നിൽ മാത്രം നോക്കിടുന്നോർ ശോഭിതരായ് തീരും | ആയവർ മുഖം തെല്ലും ലജ്ജിക്കയില്ല | (2) |
| 2. | യാഹ് നല്ലവൻ അതെ ആസ്വദിച്ചറിയുവിൻ | തന്നിൽ ആശ്രയിച്ചിടുന്നോർ ഭാഗ്യമേറിയോർ | (2) |
| 3. | നീതിമാന്മാരിൻ അപേക്ഷ കേട്ടിടുന്നീ ദൈവം | കഷ്ടതയി ഉറ്റ സഖി ഉദ്ധരിക്കുന്നോൻ | (2) |
| 4. | മാനസം തകർന്നവർക്കു രക്ഷനൽകും ദൈവം | ദു:ഖിതർക്കാശ്വാസം ഏകാൻ കൂടെ ഉണ്ടെന്നും | (2) |
| 5. | നീതിമാന്മാരിൻ അനർത്ഥം ഏറി വന്നെന്നാലും | നീക്കുപോക്കു നൽകിടുന്നീ നിത്യനാം ദൈവം | (2) |
| 6. | ലോകത്തിൻ പ്രഭുക്കളിൽ ഞാൻ ആശ്രയം വെയ്ക്കില്ല | എൻ ദൈവം എന്നാശ്രയം അതെത്ര ഉത്തമം | (2) |

| | | | |
|---|---|---|---|
| 206 | ഞാനും പ്രിയനാമെൻ യേശുവെക്കാണും | ഞാനും പ്രിയനാമെൻ യേശുവെക്കാണും | |
| | ഹല്ലേലുയ്യാ എന്നുച്ചത്തിൽ ഞാനാർക്കും മോദത്താൽ | ശുദ്ധർ കൂടെ ഹല്ലേലുയ്യാ പാടും ഞാൻ | |
| | ഹാ! കാണും ഞാൻ ഹാലേലുയ്യാ പാടും ഞാൻ | ശുദ്ധർ കൂടെ ഹല്ലേലുയ്യാ പാടും ഞാൻ | |
| | കണ്ണുനീരില്ലായെൻ വീട്ടിൽ ചെന്നേശുവെ കാണുമ്പോൾ | ശുദ്ധർ കൂടെ ഹല്ലേലുയ്യാ പാടും ഞാൻ | (2) |
| 1. | കാണാൻ വാഞ്ചിച്ച ശുദ്ധരെ കാണാം | എന്തൊരാനന്ദം അന്നാളിലുണ്ടാം | |
| | ഹാനോക്കുണ്ടാകും ഏലിയാവുണ്ടാകും | മോശെയുണ്ടാകും ദാവീദുണ്ടാകും | |
| | അബ്രാഹാം ഉണ്ടാകും ഞാനും കാണും നിശ്ചയം | ശുദ്ധർ കൂടെ ഹല്ലേലുയ്യാ പാടും ഞാൻ | (2) |
| 2. | ജീവ വൃക്ഷത്തിൻ ഫലം ഭക്ഷിക്കാം | ജീവ ഉറവയിൽ പാനം ചെയ്തിടാം | |
| | പത്രോസുണ്ടാകും പൌലോസുണ്ടാകും | യാക്കോബുണ്ടാകും തീത്തോസുണ്ടാകും | |
| | അപ്പല്ലോസുണ്ടാകും ഞാനും കാണും നിശ്ചയം | ശുദ്ധർ കൂടെ ഹല്ലേലുയ്യാ പാടും ഞാൻ | (2) |

| | | | |
|---|---|---|---|
| 207 | ഞാൻ കർത്താവിൻ സ്വന്തം | എന്റേതല്ല ഞാൻ | |
| | ദൈവം എന്നെ സൃഷ്ടിച്ചു | എന്റേതല്ല ഞാൻ | (2) |
| 1. | ദൈവം നൽകി ജീവൻ    എന്റേതല്ല ഞാൻ | ദൈവം നൽകി രൂപം    എന്റേതല്ല ഞാൻ | (2) |
| 2. | ദൈവം നൽകി കാത്    തൻ ശബ്ദം കേൾപ്പാൻ | ദൈവം നൽകി കൺകൾ തൻരൂപം കാണ്മാൻ | (2) |
| 3. | ദൈവം നൽകി കാൽകൾ തൻ പാതേ പോകാൻ | ദൈവം നൽകി കൈകൾ തൻവേല ചെയ്‌വാൻ | (2) |

| | | | | |
|---|---|---|---|---|
| 208 | ഞാൻ പാടുമീ നാളിനി മോദാൽ കുഞ്ഞാട്ടിൻ | | വിലയേറും രക്തത്താൽ എന്നെ വീണ്ടതിനാൽ | (2) |
| 1. | വെറും വെള്ളിയല്ല എന്നെ വാങ്ങുവാൻ | | പൊൻ വീര്യമോ അല്ല മറുവിലയായ് | (2) |
| | എൻപേർക്കു യാഗമായ് തീർന്നവനാം ദൈവ കുഞ്ഞാട്ടിൻ | | വിലയേറും രക്തത്താലെന്നെ-വീണ്ടതിനാൽ | (2) |
| 2. | അതി ദു:ഖിതനായ് ഭൂവിൽ തീർന്നു ഞാൻ | | വൻ പീഢയാൽ വലഞ്ഞീടുമ്പോൾ | (2) |
| | എന്നേശു മാർവ്വതിലാശ്വാസം കൊണ്ടു നിത്യം പാടും മോദമായ് | | സ്തുതി സ്തോത്രം യേശുവിനായ് | (2) |
| 3. | കുരിശും ചുമലേന്തിയ നാഥനെ | | യെരുശലേം വഴി പോയവനെ | (2) |
| | കുരിശിൽ ചിന്തിയ ചോരയാൽ പുതു ജീവ മാർഗ്ഗത്തിൽ | | ഞാൻ നടപ്പാൻ നാഥാ അരുൾക കൃപ | (2) |
| 4. | തിരു വാഗ്ദത്തമാം ആത്മമാരിയാൽ | | എന്നെ നനയ്ക്കണമേ കൃപയാൽ | (2) |
| | നിന്നോളം പൂർണ്ണനായ് തീർന്നു ഞാൻ സർവ്വ ഖിന്നത | | ആകെയകന്നു വിണ്ണിൽ അങ്ങു ചേർന്നിടുവാൻ | (2) |

| | | | | |
|---|---|---|---|---|
| 209 | തളർന്ന കൈകളെ ബലപ്പെടുത്തുവിൻ | | കുഴഞ്ഞ മുഴങ്കാലുകൾ ഉറപ്പിച്ചീടുവിൻ | (2) |
| | ഭീതിയുള്ളവരേ! ധൈര്യപ്പെട്ടിടുവിൻ | | ദൈവത്തിന്റെ പ്രതിഫലം അടുത്തു വരുന്നതാൽ | (2) |
| | ആർത്തു ഘോഷിക്കാം ആർത്തുപാടിടാം | | രക്ഷയിൻ സുദിനം ആസന്നം ആയതാൽ | (2) |
| 1. | കഷ്ടത്തിന്നപ്പം ഞാൻ തിന്നെന്നാകിലും | (2) | ഞെരുക്കത്തിന്റെ പാനപാത്രം കുടിച്ചെന്നാകിലും | (2) |
| | എന്റെ നായകൻ പ്രാണനായകൻ | (2) | മറക്കയില്ലവൻ മറഞ്ഞിരിക്കയില്ലവൻ | (2) |
| 2. | യഹോവ ന്യായത്തിന്റെ ദൈവമാകയാൽ | (2) | അവന്നായ് കാത്തിരിക്കുന്നവർ ഭാഗ്യമേറിയോർ | (2) |
| | സിയോൻ സഞ്ചാരീ നീ കരയുക വേണ്ട | (2) | നിൻ കരച്ചിലിൽ നിനക്കു കരുണ ലഭ്യം നിശ്ചയം | (2) |
| 3. | ഏതു ശിക്ഷയും ആദ്യം ദുഃഖമായ് തോന്നും | (2) | പിന്നത്തേതിലോ അവർക്കു നീതി ലഭ്യമേ | (2) |
| | തളർന്ന കൈകളെ ബലപ്പെടുത്തുവിൻ | (2) | കുഴഞ്ഞ മുഴങ്കാലുകൾ ഉറപ്പിച്ചീടുവിൻ | (2) |

| | | | | |
|---|---|---|---|---|
| 210 | തന്നീടുക നിൻ കൃപാവരങ്ങൾ | | പോരാട്ടത്തിൽ ഞാൻ തളർന്നിടാതെ | (2) |
| | ശത്രു തന്നുടെ തീയമ്പുകളെ | | തൊടുത്തിടുന്നു തകർത്തിടുവാൻ | (2) |
| 1. | ഭാരം പ്രയാസം ഏറും നേരത്തിൽ | | ദു:ഖിതനായ് ഞാൻ തീരും നേരത്തിൽ | (2) |
| | മനം അറിയും അരുമ നാഥൻ | (2) | അരികിലുണ്ട് പതറുകില്ല | (2) |
| 2. | ഈശാനമൂലൻ അടിച്ചിടുമ്പോൾ | | ആശാ വിഹീനൻ ഞാനായിടുമ്പോൾ | (2) |
| | ഞാനാകുന്നവൻ ഞാനാകുന്നെന്ന് | (2) | ഇമ്പമാം ശബ്ദം പിമ്പിൽ കേട്ടിടും | (2) |
| 3. | ജീവകിരീടം തൻ കയ്യിലുള്ളോൻ | | ജീവപുസ്തകം തുറന്നിടുമേ | (2) |
| | ജീവിതശുദ്ധി പാലിച്ചവൻ തൻ | (2) | ചാരത്തണഞ്ഞു മോദിച്ചിടുമേ | (2) |
| 4. | തമ്മിൽ തമ്മിൽ കണ്ടാനന്ദിക്കുന്നാൾ | | നമ്മൾ കണ്ണുനീർ തുടച്ചീടുന്നാൾ | (2) |
| | എന്നു കാണാമോ എന്നു സാദ്ധ്യമോ | (2) | അന്നേ തീരുമീ പാരിൻ ദുരിതം | (2) |

| | | | |
|---|---|---|---|
| 211 | താഴ്ച്ചയിൽ നമ്മെ ഓർത്തവനാം | ദൈവാധി ദൈവത്തിനു സ്തോത്രം ചെയ്യാം | |
| | നല്ലവനല്ലോ അവൻ വല്ലഭനല്ലോ | അവന്റെ ദയയോ എന്നേക്കും ഉള്ളത് | (2) |
| 1. | മിസ്രയീമിൽ നിന്നും ജനത്തെ വിടുവിച്ചവൻ | ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജത്താലും | |
| | പാപമാം ഇരിമ്പുലയിൽ നിന്നും നമ്മെയും | രക്ഷിച്ച ദയയോ എന്നേക്കുമുള്ളത് | (2) |
| 2. | മേഘത്തിലും സമുദ്രത്തിലും സ്നാനം നൽകി | തൻ ജനത്തെ മോശെയോടു ചേർത്തുവല്ലോ | |
| | പുനർജ്ജന്മ സ്നാനത്താൽ ക്രിസ്തുവോടു | നമ്മെ ചേർത്തതാം ദയയോ എന്നേക്കുമുള്ളത് | (2) |
| 3. | ആകാശത്തിൻ വാതിലുകൾ തുറന്നു നൽകി | സ്വർഗ്ഗീയ മന്ന വർഷിപ്പിച്ച ദൈവമവൻ | |
| | ജീവനും ഭക്തിക്കും ആയതു നൽകിടും | അവന്റെ ദയയോ എന്നേക്കുമുള്ളത് | (2) |
| 4. | പാർപ്പാൻ തക്ക പട്ടണത്തിൽ ചെല്ലേണ്ടതിന് | നേരായുള്ള പാതയതിൽ നടത്തിയല്ലോ | |
| | വാഗ്ദത്ത ദേശമാം ശാലേമിൽ ചേരും വരെ | പാലിക്കും ദയയോ എന്നേക്കും ഉള്ളത് | (2) |

| | | | |
|---|---|---|---|
| 212 | തീ കത്തിക്ക എന്നിൽ തീ കത്തിക്ക | സ്വർഗ്ഗീയ രാജാവേ തീ കത്തിക്ക | (2) |
| 1. | ഭൂതലത്തിൻ അന്ധകാരം നീക്കാൻ | സ്വർഗ്ഗീയമാം അഗ്നി കത്തിച്ചോനേ | (2) |
| 2. | പണ്ടൊരു കാലത്തിൽ മോശ കണ്ട | മുൾ പടർപ്പിനുള്ളിൽ കത്തിയൊരു | (2) |
| 3. | മഹത്വത്തിൻ തീയെന്നിൽ കത്തിക്കണേ | മനസ്സിൻ അശുദ്ധിയെ നീക്കീടുവാൻ | (2) |
| 4. | പെന്തക്കോസ്തിൻ നാളിൽ അഗ്നി നാവാൽ | ചന്തമോടങ്ങു പകർന്ന പോലെ | (2) |
| 5. | എന്നെയും എനിക്കുള്ള സകലത്തെയും | യാഗമായ് അർപ്പണം ചെയ്യുന്നു ഞാൻ | (2) |

| | | | |
|---|---|---|---|
| 213 | തുണ എനിക്കേശുവേ കുറവിനിയില്ലതാൽ | അനുദിനം തൻ നിഴലിൻ മറവിൽ വസിച്ചിടും ഞാൻ | (2) |
| 1. | അവനെന്റെ സങ്കേതവും അവലംബവും കോട്ടയും | അവനിയിൽ ആകുലത്തിൽ അവൻ മതി ആശ്രയിപ്പാൻ | (2) |
| 2. | പകയന്റെ കണികളിലും പകരുന്ന വ്യാധിയിലും | പകലിലും രാവിലും താൻ പകർന്നിടും കൃപ മഴപോൽ | (2) |
| 3. | ശരണമവൻ തരും തൻ ചിറകുകളിൻ കീഴിൽ | പരിചയും പലകയുമായ് പരമനീ പാരിടത്തിൽ | (2) |
| 4. | വലമിടം ആയിരങ്ങൾ വലിയവർ വീണാലും | വലയമായ് നിന്നെന്നെ വല്ലഭൻ കാത്തീടുമേ | (2) |
| 5. | ആകുല വേളകളിൽ ആപത്തു നാളുകളിൽ | ആഗതനാം അരുകിൽ ആശ്വസിപ്പിച്ചീടുവാൻ | (2) |

214 തുംഗ പ്രതാപമാർന്ന ശ്രീയേശു നായകനേ
ഞങ്ങൾക്കു നന്മ ചെയ്ത കാരുണ്യ വാരിധിയേ (2)
വണങ്ങിടുന്നടിയാർ തവ പാദങ്ങൾ ആശ്രയമേ (2)

1. നിർമ്മലമായ രക്തം ശർമ്മദാ നീ ചൊരിഞ്ഞു കന്മഷം പോക്കി ദുഷ്കർമ്മ ഫലത്തിൽ നിന്നും (2)
വിടുതൽ ചെയ്തതിനാൽ ഞങ്ങൾ അടി വണങ്ങിടുമേ (2)

2. ഗത്സമേനയെന്ന തോട്ടത്തിലെത്തി ഭവാൻ രക്തം വിയർത്തധികം ദു:ഖമനുഭവിച്ച (2)
ചരിതം ഓർത്തിടുമ്പോൾ മനം ഉരുകിടുന്നു പരാ (2)

3. ഹന്നാസു കയ്യാഫാവും ഹേരോദും അന്നു നിന്നെ നിന്ദിച്ചു പീഢ ചെയ്തതെല്ലാം സഹിച്ചുവല്ലോ (2)
മറുത്തതില്ല തെല്ലും റോമാ ഗവർണ്ണർ മുമ്പിലും നീ (2)

4. പേശിപ്പുലമ്പി ദുഷ്ടർ ക്രൂശിച്ചിടും പൊഴുതും വാശിക്കധീനമായി തീർന്നില്ല നിൻ ഹൃദയം (2)
വിമല കാന്തി ചേർന്നു മുഖം വിളങ്ങി ശാന്തിയാർന്ന (2)

5. നിൻ സൗമ്യമാം സ്വഭാവം നന്നായ് പഠിച്ചടിയാർ വൻ പ്രാതികൂല മധ്യേ മുമ്പോട്ടു യാത്ര ചെയ്വാൻ (2)
തിരു മുഖ പ്രകാശം ഞങ്ങൾക്കരുളുക നീ സതതം (2)

6. ലോകൈക സൽഗുരുവേ സ്വർജീവനക്കരുവേ ദാസർക്കഭീഷ്ടമേകും മന്ദിരമാം തരുവേ (2)
തിരുവടി നിയതം ഞങ്ങൾക്കരുളണം അഭയം (2)

7. തത്വ വിത്താം മുനിയേ ദുഷ്ടലോക ശനിയേ സത്യവേദ ധ്വനിയേ ജീവാഗമക്കനിയേ (2)
കരുണയിൻ ധ്വനിയേ ഞങ്ങൾ വരുന്നിതാ തനിയേ (2)

215 തേനും പാലും ഒഴുകീടും കനാൻ നമുക്കേ സ്വന്തം എന്നരുളിയവൻ
നിന്നെയും എന്നെയും വിളിക്കുന്നവൻ പോകുവാൻ ഒരുങ്ങീടുക (2)

1. നീർത്തോടു കാംക്ഷിക്കും മാനിനെപ്പോൽ പുല്പ്പുറം തേടും കുഞ്ഞാടിനെപ്പോൽ
പുത്തൻ യെരുശലേം പൂകിടുവാൻ പോകുവാൻ ഒരുങ്ങീടുക (2)

2. നരച്ചാലും താങ്ങാം എന്നോതിയവൻ മരിച്ചാലും നിത്യ യുഗം വരെയും
നന്മയും കരുണയും നല്കുമവൻ പോകുവാൻ ഒരുങ്ങീടുക (2)

216 തേനിലും മധുരമായ് തേനിലും മധുരമായ് യേശുക്രിസ്തു മാധുര്യവാൻ
രുചിച്ചു നോക്കൂ കർത്തൻ കൃപകളെ യേശുക്രിസ്തു മാധുര്യവാൻ (2)

ചട്ടാൻ കീ മധ് സേ മീഠാ (2) പ്രഭു ചട്ടാൻ കീ മധ്സേ മീഠാഹേ
ചഖ്കർ ദേഖോ പ്രഭു ഭലാ ഹേ ചട്ടാൻ കി മധ് സേ മീഠാ ഹേ (2)

He tastes like honey in the rock (2) For He tastes like honey in the rock
Oh taste and see that the Lord is good For He tastes like honey in the rock
(2)

217 തേടി വന്നോ ദോഷിയാം എന്നെയും എന്നെയും നാഥാ (2)
ഇത്രമാ സ്നേഹം ഉയിർ കൊടുത്തെനിക്കായ് (2) മന്നവാ വർണ്ണിപ്പാൻ എളുതല്ല എനിക്ക് (2)

1. ക്ഷോണിതലേ ക്ഷീണം ഭവിച്ചിടാതെന്നെയും നാഥാ (2)
ആണിപ്പഴുതുള്ള പാണികളാൽ എന്നെ (2) പ്രീണിച്ചനുഗ്രഹിച്ചീടുക നിത്യം (2)

2. പോഷിപ്പിക്ക പത്ഥ്യ വചനമാം ക്ഷീരത്താൽ എന്നെ (2)
നിർമ്മല തോയം നിത്യം കുടിപ്പിച്ച് (2) പച്ചപ്പുൽ ശയ്യയിൽ കിടത്തിടുന്നോനെ (2)

3. നിർത്തീടുക കളങ്കമറ്റേശുവേ കറയില്ലാതെന്നെ (2)
പളുങ്കുകടൽ തീരത്തങ്ങു ഞാനെന്റെ (2) മധുരഗാന രഥമതിലേറി ഗമിപ്പാൻ (2)

4. കുഞ്ഞാടിന്റെ കൂടെ ഗമിച്ചവർ പാടുമേ മോദാൽ (2)
സീയോൻ മലയിൽ സീമയറ്റാനന്ദം (2) എന്നിനി ലഭിക്കുമോ മൽ പ്രാണനാഥാ (2)

218 തേജസ്സിൽ യേശുവിൻ പൊൻമുഖം ഞാൻ കാണും കാലമേറ്റം ആസന്നമേ (2)
അതെൻ ആശയെ അതെൻ ആനന്ദമേ അതെൻ പ്രത്യാശയിൻ പ്രഭാതമേ (2)

1. ആനന്ദ ദായകനാം എൻപ്രിയനെ കണ്ടിടുമ്പോൾ കണ്ണുനീരെല്ലാം നീങ്ങീടുമേ (2)
എന്റെ അല്ലലാകെ അകന്നിടും എനിക്കാനന്ദമേ യുഗായുഗം (2)

2. വാഗ്ദത്ത നാടതിലെ ശാശ്വതമാം വീട്ടിലെൻ സേവകർ ദൈവദൂതരല്ലോ (2)
ദൈവ പൊന്മുഖം ദിനം കണ്ടിടും ശുദ്ധരോടൊന്നായ് ഞാൻ സ്തുതിച്ചിടും (2)

3. ഈ മണ്ണിൽ എന്റെ ക്ലേശം അല്പകാലം മാത്രം മാഞ്ഞു പോം അതു കിനാവു പോൽ (2)
നിത്യതേജസ്സിൻ ഘനമാണതിൻ ഫലമെൻ പ്രിയനന്നു നൽകിടും (2)

4. ഹാ ഇത്ര ഭാഗ്യമെൻ ജീവിതത്തിനേകിയ പ്രാണപ്രിയൻ എൻ പ്രമോദമേ (2)
അവനെന്റെ ഉപനിധി കാത്തിടും വാനമേഘത്തിൽ എന്നെ ചേർത്തിടും (2)

219
ദയ ലഭിച്ചോർ നാം സ്തുതിച്ചീടുവോം    അതിനു യോഗ്യൻ ക്രിസ്തുവത്രേ (2)
മാധുര്യ രാഗമാം ഗീതങ്ങളാലേ    അവനെ നാം പുകഴ്ത്തീടാം (2)

1. നിൻ തിരു..മേനി അറുക്കപ്പെട്ടു നിൻ    രുധിരത്തിൻ വിലയാൽ വാങ്ങിയതാം (2)
ഗോത്രങ്ങൾ ഭാഷകൾ വംശങ്ങൾ    ജാതികൾ സർവവും ചേർത്തു കൊണ്ട് (2)

2. പാപത്തിന്നധീനതയിൽ നിന്നീ    അടിയാരെ നീ വിടുവിച്ചു (2)
അത്ഭുതമാർന്നൊളിയിൽ പ്രിയനോടെ    രാജ്യത്തിലാക്കിയതാൽ (2)

3. വീഴുന്നു പ്രിയനെ വാഴ്ത്തീടുവാൻ    സിംഹാസന വാസികളും താൻ (2)
ആയവനരുളിയ രക്ഷയിൻ മഹിമയ്ക്കായ്    കിരീടങ്ങൾ താഴെയിട്ടും (2)

4. ദൈവ..കുഞ്ഞാടവൻ യോഗ്യനെന്ന്    മോക്ഷത്തിൽ കേൾക്കുന്ന ശബ്ദമത് (2)
സ്തുതിച്ചിടാം വെള്ളത്തിൻ ഇരച്ചിൽപോൽ ശബ്ദത്താൽ    പരിശുദ്ധയാം സഭയേ (2)

5. യേശുതാൻ വേഗം വരുന്നതിനാൽ    മുഴങ്കാൽ മടക്കി നമസ്ക്കരിക്കാം (2)
നമ്മെ സ്നേഹിച്ച യേശുവെ കണ്ടീടുവോം നാം    ആനന്ദ നാളതിലേ (2)

220
ദിനം ദിനം ദിനം നീ വാഴ്ത്തുക    യേശുവിൻ പൈതലേ നീ    അനുദിനവും പാടി വാഴ്ത്തുക (2)

1. കാൽവറി രക്തമേ യേശുവിൻ രക്തമേ (2)    കാൽവറിയിൽ യേശുതാൻ സ്വന്ത രക്തം ചിന്തി നിൻ (2)
പാപത്തെ ശാപത്തെ നീക്കി തന്റെ രക്തത്താൽ (2)

2. രോഗം ശീലിച്ചവൻ പാപം വഹിച്ചവൻ (2)    കാൽവറി മലമുകൾ കൈകാൽകൾ വിരിച്ചവൻ (2)
രക്ഷിക്കും യേശുവിൻ പാദത്തിൽ സമർപ്പിക്ക (2)

3. എന്നേശു സന്നിധി എനിക്കെത്ര ആശ്വാസം (2)    ക്ലേശമെല്ലാം മാറ്റിടും രോഗമല്ലൊം നീക്കിടും (2)
വിശാസത്താൽ നിന്നെ യേശുവിൽ സമർപ്പിക്ക (2)

4. ഞാൻ നിത്യം ചാരിടും എന്നേശു മാർവ്വതിൽ (2)    നല്ലവൻ വല്ലഭൻ എന്നേശു എത്ര നല്ലവൻ (2)
എന്നേശു പൊന്നേശു എനിക്കെത്ര നല്ലവൻ (2)

5. ആത്മാവിൻ ജീവിതം ആനന്ദ ജീവിതം (2)    ആത്മാവിൽ നിറയുക ആനന്ദ നദിയിത് (2)
പാനം ചെയ്തീടുക യേശു വേഗം വന്നിടും (2)

221
ദിവ്യ തേജസ്സിന്നായ് വിളിക്കപ്പെട്ടോരെ    ദൈവ ഹിതം എന്തെന്നിപ്പോൾ തിരിച്ചറിയുക (2)

1. ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ    സത്യ ക്രിസ്ത്യാനിത്വം നിന്നിൽ വെളിപ്പെടുത്തുവാൻ
വിശുദ്ധന്മാർക്കങ്ങൊരിക്കലായി ഭരമേൽപ്പിച്ചതാം    വിശ്വാസത്തിനായ് നീയും പോർ ചെയ്തീടണം (2)

2. ലോകം നിന്നെ ഏറ്റവും പകച്ചിടുമ്പോഴും    സ്നേഹിതരും നിന്നെ കൈ വെടിയും നേരത്തും
അവൻ നിനക്കു മാതൃകാ പുരുഷനാകയാൽ    താൻ പോയ പാത ധ്യാനിച്ചെന്നും പിൻ പറ്റീടുക (2)

3. നീതിമാൻ പ്രയാസമോടു രക്ഷ നേടുകിൽ    അധർമ്മികൾക്കും പാപികൾക്കും ഗതി എന്തായിടും
ഇത്ര വലിയ രക്ഷയെ നീ അഗണ്യമാക്കിയാൽ    ദൈവ ന്യായവിധിയിൽ നിന്നും തെറ്റി ഒഴിയുമോ (2)

4. നിതികെട്ടോർ നീതികേടിൽ വർത്തിച്ചീടുമ്പോൾ    ദോഷവഴിയിൽ ജനങ്ങളേറ്റം വിരഞ്ഞോടിടുമ്പോൾ
നീതിമാന്മാർ ഇനിയും അധികം നീതി ചെയ്യട്ടെ    വിശുദ്ധൻ ഇനിയും തന്നെതന്നെ വിശുദ്ധീകരിക്കട്ടെ (2)

5. വിശ്വാസത്തിൻ അന്തമായ രക്ഷ പ്രാപിപ്പാൻ    ആത്മ ശക്തി തന്നിൽ നിന്നെ കാത്തു കൊള്ളുക
ലോകത്തെ ജയിച്ച ജയവീരനേശുവിൻ    വൻ കൃപയാൽ നീയും ലോകത്തെ ജയിക്കുക (2)

222
ദേവസുത സന്തതികളെ വിശുദ്ധരേ!    ദേവപുര വാസികളോടെന്നു ചേർന്നിടും (2)
ശോഭന പുരമതിൽ രാജനോടു കൂടെ നാം    മോദാൽ വസിപ്പാൻ പോകാം നമുക്ക് (2)

1. അക്കരെ നാടെത്തിയ വിശുദ്ധ സംഘക്കാർ (2)    കാത്തു പാർക്കുന്നുണ്ട് നാമും ചേർന്നിടുവാനായ് (2)
ആനന്ദക്കരം നീട്ടി ഏറ്റം പുഞ്ചിരി തൂകി    വിളിച്ചിടുന്നു പോകാം നമുക്ക് (2)

2. ദൂതർ സംഘം ഹല്ലേലുയ്യാ പാടി ആർക്കുന്നു (2)    വിശ്രമം കൂടാതെ ഖെറുബി സ്രാഫികളിതാ (2)
ഗീത-മോദമോടെന്നും വാഴ്ത്തിടുന്നു പരനെ    പോകാം നമുക്ക് സീയോൻ പുരിയിൽ (2)

3. തുല്യമില്ലാ തേജസ്സീൽ വിളങ്ങിടും സ്വർണ്ണ (2)    പട്ടണക്കാർ ആയവരെ എന്നു കണ്ടിടും (2)
മുത്തു ഗോപുരങ്ങളാൽ ശോഭന തെരുക്കളെ    കാണുന്നുണ്ടതിൽ പ്രഭാപൂരത്തെ (2)

4. അന്ധത അകന്നനന്ത നിത്യരാജ്യമെ (2)    ഇഹെ, അന്ധകാര സിന്ധുവിൽ ഉഴന്നിടുന്നെങ്ങൾ (2)
എന്നയച്ചിടും തവ നീതിയിൻ കതിരോനെ    താമസിക്കല്ലേ സീയോൻ രാജാവേ! (2)

223
ദേവാധി ദേവൻ രാജാധി രാജൻ    ദൂതന്മാർ രാപ്പകൽ വാഴ്ത്തിടുന്നോൻ
മണ്ണിലും വിണ്ണിലും ആരാധ്യനാമീ    ഉന്നത നന്ദനൻ നീ യോഗ്യനാം

നീ എന്നും യോഗ്യൻ നീയെന്നും യോഗ്യൻ    ദൈവത്തിൻ കുഞ്ഞാടെ നീ യോഗ്യനാം
സ്തോത്രം സ്തുതി ബഹുമാനങ്ങളെല്ലാം    സ്വീകരിപ്പാനെന്നും നീ യോഗ്യനാം (2)

1. സ്വർഗ്ഗ സുഖം വെടിഞ്ഞെൻ പാപം തീർപ്പാൻ    ദൈവത്തിൻ കുഞ്ഞാടായ് ഭൂവിൽ വന്നു
നീ അറുക്കപ്പെട്ടു നിൻ നിണം ചിന്തി    വീണ്ടെടുത്തെന്നെയും നീ യോഗ്യനാം (2)

2. ക്രൂശിലാ കൂരിരുളിൽ ഏകനായ്    ദൈവത്താൽ കൈവിടപ്പെട്ടവനായ്
നീ സഹിച്ചു ദൈവ ക്രോധമതെല്ലാം    എൻ പാപം മൂലമായ് നീ യോഗ്യനാം (2)

| | | | |
|---|---|---|---|
| 224 | ദേവേശാ യേശു പരാ | ജീവനെനിക്കായ് വെടിഞ്ഞോ | |
| | ജീവനറ്റ പാപികൾക്കു നിത്യ ജീവൻ | കൊടുപ്പാനായ് നീ മരിച്ചോ | (2) |
| 1. | ഗതസമന പൂവനത്തിൽ | അധിക ഭാരം വഹിച്ചതിനാൽ | |
| | അതി വ്യഥയിൽ ആയിട്ടും | താതനിഷ്ടം നടപ്പതിനനുസരിച്ചു | (2) |
| 2. | അന്നാസിൻ അരമനയിൽ | മന്നവാ നീ വിധിക്കപ്പെട്ടു | |
| | കന്നങ്ങളിൽ കരങ്ങൾ കൊണ്ടു | മന്നാ നിന്നെ അടിച്ചവർ പരിഹസിച്ചു | (2) |
| 3. | പീലാത്തോസ് എന്നവനും | വില മതിച്ചു കുരിശേല്പിച്ചു | |
| | തലയിൽ മുള്ളാൽ മുടിയും വച്ചു | പലർ പല പാടുകൾ ചെയ്തു നിന്നെ | (2) |
| 4. | ബലഹീനനായ നിന്മേൽ | വലിയ കുലമരം ചുമത്തി | |
| | തലയോടിട മല മുകളിൽ | അലിവില്ലാതയ്യോ യൂദർ നടത്തി നിന്നെ | (2) |
| 5. | തിരു കരങ്ങൾ ആണികൊണ്ട് | മരത്തോടു ചേർത്തടിച്ചു | |
| | ഇരു വശത്തും കുരിശുകളിൽ | ഇരു കള്ളർ നടുവിൽ നീ മരിച്ചോ പരാ? | (2) |
| 6. | കഠിന ദാഹം പിടിച്ചതിനാൽ | കാടി വാങ്ങാനിടയായോ | |
| | ഉടുപ്പും കൂടി ചിട്ടിയിട്ടു | ഉടമ്പും കുത്തി തുറന്നു രുധിരം ചിന്തി | (2) |
| 7. | നിൻ മരണം കൊണ്ടെന്റെ | വൻ നരകം നീയകറ്റി | |
| | നിൻ മഹത്വം തേടിയിനി | എൻ കാലം കഴിപ്പാൻ കൃപ ചെയ്യണമേ | (2) |

| | | | |
|---|---|---|---|
| 225 | ദൈവമെന്നെ നടത്തിയ വഴികളെയോർത്താൽ | ഹൃദയം നന്ദിയാൽ നിറഞ്ഞിടുന്നു | (2) |
| | ആനന്ദമായ്, അത്ഭുതമായ് | അതിശയമായവൻ നടത്തിടുന്നു | (2) |
| 1. | അന്നന്നു വേണ്ടുന്നതൊക്കെയും നൽകി | മുട്ടില്ലാതെന്നെ അവൻ നടത്തിടുന്നു | (2) |
| | ഉറ്റവർ പോലും വെറുത്തതാം നാൾകളിൽ | നിൻ സ്നേഹം എന്നെ തേടി വന്നു | (2) |
| 2. | ആരു സഹായിക്കും എങ്ങിനെ ഓടിടും | എന്നോർത്തു ഞാൻ നെടുവീർപ്പടക്കി | (2) |
| | ജീവിതം പോലും വെറുത്തതാം നാൾകളിൽ | നിൻ സ്നേഹം എന്നെ തേടിവന്നു | (2) |
| 3. | പാപത്തിൻ അടിമയായ് ജീവിച്ച നാൾകളിൽ | ആലംബ ഹീനനായ് തീർന്ന നാളിൽ | (2) |
| | സ്വർഗ്ഗരാജ്യത്തിൻ അവകാശിയാക്കുവാൻ | നിൻ സ്നേഹം എന്നെ തേടി വന്നു | (2) |

| | | | |
|---|---|---|---|
| 226 | ദൈവ സ്നേഹം ചൊൽവതിനായ് | നാൾകളേറെ ഇല്ലതാൽ | |
| | ദൈവ ശക്തി പകർന്നീടാൻ | നാഥൻ കൂടെ ഉള്ളതാൽ | (2) |
| | സ്വർഗ്ഗീയമാം സ്നേഹം | സ്വർഗ്ഗീയമാം ശക്തി | (2) |
| 1. | ക്രൂശിൽ രക്തം ചൊരിഞ്ഞെന്റെ | പാപം നീക്കി തന്നതാൽ | (2) |
| | ആർക്കും നൽകാ രക്ഷ എന്നിൽ | സാദ്ധ്യമാക്കി തീർത്തതാൽ | (2) |
| 2. | ആർക്കും തോന്നാ ദയ എന്നിൽ | അധികമായ് തന്നതാൽ | (2) |
| | കൂടുള്ളോരും വെടിഞ്ഞപ്പോൾ | എന്നെത്തേടി വന്നതാൽ | (2) |

| | | | |
|---|---|---|---|
| 227 | ദൈവ പിതാവേ അങ്ങയെ ഞാൻ | ആരാധിക്കുന്നു, സ്തുതിക്കുന്നു | (2) |
| | ജീവനും എന്റെ സർവ്വസ്വവും | മുമ്പിൽ അണച്ചു കുമ്പിടുന്നു | (2) |
| 1. | യേശുവേ നാഥാ, അങ്ങയെ ഞാൻ | ആരാധിക്കുന്നു, സ്തുതിക്കുന്നു | (2) |
| | ജീവനും എന്റെ സർവ്വസ്വവും | മുമ്പിൽ അണച്ചു കുമ്പിടുന്നു | (2) |
| 2. | പാവനാത്മാവേ , അങ്ങയെ ഞാൻ | ആരാധിക്കുന്നു, സ്തുതിക്കുന്നു | (2) |
| | ജീവനും എന്റെ സർവ്വസ്വവും | മുമ്പിൽ അണച്ചു കുമ്പിടുന്നു | (2) |
| 3. | ത്രിയേക നാഥാ, അങ്ങയെ ഞാൻ | ആരാധിക്കുന്നു, സ്തുതിക്കുന്നു | (2) |
| | ജീവനും എന്റെ സർവ്വസ്വവും | മുമ്പിൽ അണച്ചു കുമ്പിടുന്നു | (2) |

| | | | |
|---|---|---|---|
| 228 | ദൈവ പിതാവേ എന്നുടെ താതൻ നീ | ദൂതന്മാർ രാപ്പകൽ വാഴ്ത്തിടുന്നോൻ | (2) |
| | നന്ദിയാൽ വണങ്ങും തിരുമുമ്പിൽ ഇന്നേരം | എന്നും എന്നും നീ ആരാധ്യനായ് | (2) |
| | നീ പരിശുദ്ധൻ നീ എന്നും സ്തുത്യൻ | ദൈവമേ നീ മാത്രം യോഗ്യനായ് | |
| | ആരാധനയും സ്തുതി ബഹുമാനവും | സ്വീകരിപ്പാൻ എന്നും നീ യോഗ്യനായ് | (2) |
| 1. | പാവനാത്മാവേ ആശ്വാസപ്രദൻ നീ | ദൂതന്മാർ രാപ്പകൽ വാഴ്ത്തിടുന്നോൻ | (2) |
| | നന്ദിയാൽ വണങ്ങും തിരമുമ്പിൽ ഇന്നേരം | എന്നും എന്നും നീ ആരാധ്യനായ് | (2) |
| 2. | യേശുവേ നാഥാ കർത്തനാം രക്ഷകൻ നീ | ദൂതന്മാർ രാപ്പകൽ വാഴ്ത്തിടുന്നോൻ | (2) |
| | നന്ദിയാൽ വണങ്ങും തിരുമുമ്പിൽ ഇന്നേരം | എന്നും എന്നും നീ ആരാധ്യനായ് | (2) |

| | | | |
|---|---|---|---|
| 229 | ദൈവ കൃപയിൽ ഞൻ ആശ്രയിച്ച് | അവൻ വഴികളെ ഞാനറിഞ്ഞ് | (2) |
| | അനുഗമിച്ചിടും അവനുടെ ചുവടുകളെ | അനുഗമിച്ചിടും അവനുടെ ചുവടുകളെ | (2) |
| 1. | ഇഹ ലോകമോ തരുകില്ലൊരു | സുഖവും മനഃശാന്തിയതും | (2) |
| | എന്റെ യേശുവിന്റെ തിരുസന്നിധിയിൽ | എന്നും ആനന്ദം ഉണ്ടെനിക്ക് | (2) |
| 2. | മനോവേദന പലശോധന | മമ ജീവിത പാതയതിൽ | (2) |
| | മാറാതേറിടുമ്പോൾ ആത്മനാഥനവൻ | മാർവ്വിൽ ചാരി ഞാൻ ആശ്വസിക്കും | (2) |
| 3. | എത്ര നല്ലവൻ മാതിയായവൻ | എന്നെ കരുതുന്ന കർത്തനവൻ | (2) |
| | എന്റെ ആവശ്യങ്ങളെല്ലാം അറിഞ്ഞിടുന്ന | ഏറ്റം അടുത്ത സഹായകൻ താൻ | (2) |
| 4. | എന്റെ ആയുസ്സിൻ ദിനമൊക്കെയും | തന്റെ നാമ മഹത്വത്തിനായ് | (2) |
| | ഒരു കൈത്തിരിപോൽ കത്തി എരിഞ്ഞൊരിക്കൽ | തിരുമാറിൽ മറഞ്ഞിടും ഞാൻ | (2) |

| | | | |
|---|---|---|---|
| 230 | ദൈവമേ എൻ നിലവിളി കേൾക്കണേ | എൻ പ്രാർത്ഥന ശ്രവിക്കണേ | (2) |
| 1. | എൻ ഹൃദയം ക്ഷീണിക്കുമ്പോൾ | ഞാൻ നിന്നെ വിളിച്ചിടും | (2) |
| | എനിക്ക് അത്യുന്നതമാം പാറയിൽ | എന്നെ ദിനവും നടത്തണേ | (2) |
| 2. | നിന്റെ ചിറകിൽ എനിക്കഭയം | നിന്റെ മറവിൽ എനിക്കഭയം | (2) |
| | എന്റെ സങ്കേതം ബലവും | എന്റെ ഉറപ്പുള്ള പാറയും | (2) |
| 3. | ഭക്തർക്കൊരുക്കുന്ന വലിയ നന്മ | ഗുപ്തമായുള്ള വലിയ നന്മ | (2) |
| | കണ്ണു കണ്ടിട്ടില്ലാരും കേട്ടിട്ടില്ല | ഒരു ഹൃദയവും അറിയില്ല | (2) |

| | | | |
|---|---|---|---|
| 231 | ദൈവമേ നിനക്കു സ്തോത്രം പാടിടും | ഒരായിരം സ്തുതികൾ ഞാൻ കരേറ്റിടും | (2) |
| | സന്താപ കാലത്തും സന്തോഷ കാലത്തും | എപ്പോഴും എന്റെ നാവു നിന്നെ വാഴ്ത്തുമേ | (2) |
| 1. | നിന്നെയറിഞ്ഞിടാതെ പോയ പാതയിൽ | നീ എന്നെ തേടിവന്ന സ്നേഹം ഓർക്കുമ്പോൾ | (2) |
| | എൻ നാവതെങ്ങനെ മിണ്ടാതിരുന്നീടും | സ്തോത്രയാഗമെന്നുമർപ്പിച്ചീടും ഞാൻ | (2) |
| 2. | പാപച്ചെളിയിൽ നിന്നും വീണ്ടെടുത്തെന്നെ | പാറയാം ക്രിസ്തനിൽ സ്ഥിരപ്പെടുത്തി നീ | (2) |
| | എൻ നാവിൽ തന്നു നീ നവ്യ സങ്കീർത്തനം | സ്തോത്ര യാഗം എന്നും അർപ്പിച്ചീടും ഞാൻ | (2) |
| 3. | എന്നെയനുദിനം വഴിനടത്തണം | വീഴാതെ അന്നു നിന്നടുക്കൽ എത്തിടാൻ | (2) |
| | ആലംബമായിടും അത്മാവേ തന്നതാൽ | സ്തോത്ര യാഗമെന്നും അർപ്പിച്ചീടും ഞാൻ | (2) |
| 4. | എൻ കണ്ണുനീരെല്ലാം തുടച്ചിടുന്നു നീ | കൺമണി പോലെ നിത്യം കാത്തിടുന്നെന്നെ | (2) |
| | വൻകൃപ ഓർക്കുമ്പോൾ എന്നുള്ളം തുള്ളുന്നേ | സ്തോത്ര യാഗമെന്നും അർപ്പിച്ചീടും ഞാൻ | (2) |

| | | | |
|---|---|---|---|
| 232 | ദൈവത്താൽ അസാദ്ധ്യമായതൊന്നും ഇല്ലല്ലോ | യഹോവയ്ക്കു കഴിയാത്ത കാര്യമില്ലല്ലോ | |
| | യേശുവിന്റെ നാമത്താൽ സൗഖ്യമുണ്ടല്ലോ | യേശുവിന്റെ രക്തത്താൽ ജയമുണ്ടല്ലോ | (2) |
| | വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വം കാണാം | പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ പ്രവൃത്തി കാണാം | |
| | ആരാധിച്ചാൽ ദൈവത്തിന്റെ വിടുതൽ കാണാം | ആശ്രയിച്ചാൽ ദൈവത്തിന്റെ കരുതൽ കാണാം | (2) |
| 1. | അബ്രഹാം യഹോവയെ വിശ്വസിച്ചപ്പോൾ | ദൈവമതു നീതിക്കായി കണക്കിട്ടല്ലോ | (2) |
| | അതിമഹത്തായ പ്രതിഫലം കൊടുത്തു | ബഹു ജാതികൾക്കു പിതാവാക്കി തീർത്തല്ലോ | (2) |
| 2. | യിസ്ഹാക്കിൻ പ്രാർത്ഥനയ്ക്കു മറുപടിയായ് | നൂറു മേനി നൽകി ദൈവം അനുഗ്രഹിച്ചു | (2) |
| | വാഗ്ദത്തങ്ങൾ നിറവേറ്റി പരിപാലിച്ചു | തലമുറകൾ നൽകി അനുഗ്രഹിച്ചു | (2) |
| 3. | യാക്കോബും ദൈവത്തെ ആരാധിച്ചപ്പോൾ | യഹോവയ്ക്കു തക്ക മഹത്വം കൊടുത്തപ്പോൾ | (2) |
| | യാബോക്കെന്ന കടവിൽ അനുഗ്രഹമായ് | യിസ്രായേൽ എന്ന ബഹുമാനം കൊടുത്തു | (2) |

| | | | | |
|---|---|---|---|---|
| 233 | ദൈവത്തിനു സ്തോത്രം ദൈവത്തിനു സ്തോത്രം | ദൈവത്തിനു സ്തോത്രം | ഇന്നും എന്നേയ്ക്കും | (2) |
| 1. | കാൽവറി മലയിൽ ക്രൂശിൽ മരിച്ചോരു | രക്ഷകനു സ്തോത്രം | ഇന്നും എന്നേയ്ക്കും | (2) |
| 2. | പാപഭാരത്തിൽ നിന്നെന്നെ രക്ഷിച്ചോരു | ദൈവത്തിനു സ്തോത്രം | ഇന്നും എന്നേയ്ക്കും | (2) |
| 3. | ആത്മശക്തിയാൽ എൻ ഉള്ളം നിറച്ചോരു | ദൈവത്തിനു സ്തോത്രം | ഇന്നും എന്നേയ്ക്കും | (2) |
| 4. | രോഗ ശയ്യയിലെൻ കൂടെയിരിക്കുന്ന | ദൈവത്തിനു സ്തോത്രം | ഇന്നും എന്നേയ്ക്കും | (2) |
| 5. | ക്ഷാമകാലത്തെന്നെ ക്ഷേമമായ് പോറ്റുന്ന | ദൈവത്തിനു സ്തോത്രം | ഇന്നും എന്നേയ്ക്കും | (2) |
| 6. | ദൃഷ്ടി എന്റെ മേൽ വച്ചിഷ്ടമായ് നോക്കുന്ന | ദൈവത്തിനു സ്തോത്രം | ഇന്നും എന്നേയ്ക്കും | (2) |
| 7. | ഓരോനാളും എന്റെ ഭാരം ചുമക്കുന്ന | ദൈവത്തിനു സ്തോത്രം | ഇന്നും എന്നേയ്ക്കും | (2) |
| 8. | ശത്രുക്കൾ മുമ്പാകെ മേശ ഒരുക്കുന്ന | ദൈവത്തിനു സ്തോത്രം | ഇന്നും എന്നേയ്ക്കും | (2) |
| 9. | വൻ കൃപയിൽ എന്നെ ഇന്നയോളം കാത്ത | ദൈവത്തിനു സ്തോത്രം | ഇന്നും എന്നേയ്ക്കും | (2) |
| 10. | കണ്ണുനീർ തൂകുമ്പോൾ മനസ്സലിയുന്ന | ദൈവത്തിനു സ്തോത്രം | ഇന്നും എന്നേയ്ക്കും | (2) |
| 11. | പെറ്റ തള്ളയെക്കാൾ ഉറ്റു സ്നേഹിക്കുന്ന | ദൈവത്തിനു സ്തോത്രം | ഇന്നും എന്നേയ്ക്കും | (2) |

| | | | |
|---|---|---|---|
| 234 | ദൈവത്തിനു സ്തോത്രം ചെയ്തിടും | ഉപകാരങ്ങൾ ഓർത്തിടും | |
| | തൻ കൃപയിലെന്നും ചാരിടും | ജീവനുള്ള കാലമെല്ലാം | (2) |
| 1. | നാഥൻ നടത്തിയ വഴികൾ | ഞാൻ എന്നും ഓർത്തിടും | (2) |
| | ദേവൻ ചെയ്ത നന്മകൾ | എന്നും പാടിടും | (2) |
| 2. | നാഥൻ കരുതിയ ദിനങ്ങൾ | ഞാന ന്നേും ഓർത്തിടും | (2) |
| | താതൻ ചെയ്ത വാഗ്ദത്തം | എന്നും പാടിടും | (2) |

| | | | |
|---|---|---|---|
| 235 | ദൈവത്തിനു സ്തോത്രം ചെയ്തീടുവിൻ | അവൻ നല്ലവനല്ലോ ദയ എന്നുമുള്ളത് | |
| | ഏകനായ് മഹാത്ഭുതങ്ങൾ ചെയ്തിടുന്നോനെ | ഏകമായ് വണങ്ങി പാടിടാമെന്നും | (2) |
| | താൻ നല്ലവനല്ലോ ദയ എന്നും ഉള്ളത് | താൻ വല്ലഭനല്ലോ സ്തുതി എന്നും അവന് | (2) |
| | താൻ ഉന്നതനല്ലോ കൃപ ചെയ്തിടുമല്ലോ | തൻ സന്നിധിയിലെന്നും പ്രമോദം ഉണ്ടല്ലോ | (2) |
| 1. | ജ്ഞാനത്തോടാകാശത്തെ വാർത്തെടുത്തവൻ | ഭൂമിയെ വെള്ളത്തിന്മേൽ വിരിച്ചവൻ | (2) |
| | ജ്യോതി നൽകും സൂര്യ..ചന്ദ്ര താരവൃന്ദത്തെ | മോടിയോടു വാനത്തിൽ തൂക്കിയവനാം | (2) |
| 2. | നീട്ടിയ ഭുജത്താൽ യിസ്രായേലിനെ | വീണ്ടെടുത്തു രക്ഷിച്ചാനന്ദം നൽകി | (2) |
| | ചെങ്കടൽ പിളർന്നു തൻ ജനങ്ങളെ | തങ്കനിലത്തൂടെ താൻ നടത്തിയേ | (2) |
| 3. | നീണ്ട മരുഭൂമിയിൽ യാത്ര ചെയ്യുമ്പോൾ | വേണ്ടതെല്ലാം നൽകി ആദരിച്ചുതാൻ | (2) |
| | ഇമ്പദേശം എന്നെന്നേക്കും അവർക്കായ് | അൻപോടവകാശം താനരുളിയേ | (2) |
| 4. | താഴ്ച്ചയിൽ നമ്മെ ഓർത്താദരിച്ചല്ലോ | വീഴ്ച്ചയെന്നിയെ കാത്തോമനിച്ചല്ലോ | (2) |
| | വൈരിയിൻ കൈയിൽ നിന്നു വീണ്ടെടുത്തല്ലോ | ധൈര്യമായ് നമുക്കും പാടിടാമല്ലോ | (2) |
| 5. | മാനവരിൻ സ്നേഹം മാറിടുന്നേരം | മാറിടാത്ത നിത്യ സ്നേഹിതൻ തന്നെ | (2) |
| | നേരിടുന്ന എല്ലാ വ്യാകുലങ്ങളും | തീരുമേ തൻ ഉന്നത സന്നിധാനത്തിൽ | (2) |

| | | | |
|---|---|---|---|
| 236 | ദൈവത്തിൻ സ്നേഹം ഹാ എത്ര ശ്രേഷ്ഠം | ആയതിൻ ആഴം ആർക്കു വർണ്ണിക്കാം | (2) |
| | ജീവിത ക്ലേശ ഭാരങ്ങൾ മദ്ധ്യേ | നിൻ ചാരെ എത്തും സ്നേഹകരം | (2) |
| 1. | മരുഭൂവിൽ വാടിത്തളർന്നിടുമ്പോൾ | ചേതനയറ്റു പതിച്ചിടുമ്പോൾ | (2) |
| | പുതു ജീവൻ നൽകി പുതു ശക്തിയേകി | ആകാശ മദ്ധ്യേ ഉയർത്തും സ്നേഹം | (2) |
| 2. | ഉറ്റവർ നിന്ദിച്ചു തള്ളിടുമ്പോൾ | ശിക്ഷ വിധിച്ചു രസിച്ചിടുമ്പോൾ | (2) |
| | പെറ്റമ്മ പോലെ കൈകൾ പിടിച്ചു | മാറോടണയ്ക്കും ക്രൂശിൻ സ്നേഹം | (2) |

| | | | |
|---|---|---|---|
| 237 | ദൈവത്തിൻ പൈതലേ നിന്റെ | ജീവിതകാലം അതിൽ | |
| | ഓരോരോ ഭാരങ്ങളാലെ | പാരം വലഞ്ഞീടുമ്പോൾ | |
| | ചിന്താകുലങ്ങൾ ചിന്താകുലങ്ങൾ എല്ലാം | ഇട്ടുകൊൾ യേശുമേൽ | |
| | നിൻ പേർക്കായ് കരുതുന്നുണ്ടവൻ | | (2) |
| 1. | ലോകത്തിൻ ചിന്തകളാലും | രോഗ പീഢകളാലും | |
| | മറ്റു പ്രയാസങ്ങളാലും | മുറ്റും തളർന്നീടുമ്പോൾ | (2) |
| 2. | കർത്താവിന്നിഷ്ടമാം വണ്ണം | നിത്യം ജീവിച്ചീടുവാൻ | |
| | നിൻ പ്രയത്നങ്ങൾ എപ്പോഴും | നിഷ്ഫലമായ് വരുമ്പോൾ | (2) |
| 3. | ദൈവം നിന്നെ നടത്തുന്ന | നിൻ വഴിയിൽ മുഴുവൻ | |
| | അന്ധകാരം വരുമ്പോഴും | അന്തരംഗത്തിലെ നിൻ | (2) |
| 4. | നിന്നുടെ പേർക്കിഹ ലോകെ | വന്നു മരിച്ചവനാം | |
| | യേശുവിൻ വാക്കുകളെ | നീ വിശ്വസിച്ചു സതതം | (2) |

| | | | |
|---|---|---|---|
| 238 | ദൈവത്തിൻ നാമത്തിൻ നാം | ചേർന്നിടും സമയങ്ങളിൽ | |
| | മോദമായ് ധ്യാനിച്ചിടാം തന്റെ | വൻ കൃപകൾ ദിനവും | |
| 1. | കുന്നുകൾ അകന്നീടിലും മഹാ | പർവ്വതം മാറിടിലും | |
| | തന്റെ ദയയെന്നും ശാശ്വതമേ | തന്റെ മക്കൾക്കാശ്രയമേ | (2) |
| 2. | സീയോനിലവൻ നമുക്കായ് | അതി ശ്രേഷ്ഠമാം മൂലക്കല്ലായ് | |
| | തന്നോടു ചേർന്നു നാമും | തന്റെ ജീവക്കല്ലുകളായിടാം | (2) |
| 3. | കർത്തൻ തൻ വരവിൻ നാളിൽ | തന്റെ കാന്തയായ് നമ്മെ ചേർത്തിടും | |
| | എന്റെ കണ്ണുനീരെല്ലാം തുടയ്ക്കും | തന്റെ മാർവ്വോടു ചേർത്തീടുമേ | (2) |

| | | | |
|---|---|---|---|
| 239 | ദൈവത്തിൻ രാജ്യമോ ഭക്ഷണമോ | അല്ല നീതി സമാധാന സന്തോഷമേ | (2) |
| | സ്നേഹം നിറഞ്ഞ കൂട്ടമേ | മഹിമ വിളങ്ങും പൊൻതളമേ | |
| | ഏക ഇടയൻ ഒരു കൂട്ടമേ | ഹാ എത്ര ആനന്ദമേ | |
| 1. | കക്ഷി വൈരാഗ്യങ്ങൾ ഒന്നുമില്ല | തർക്ക സൂത്രങ്ങൾ ഒട്ടുമില്ല | (2) |
| | കൂട്ടം കൂട്ടം ചേർന്നു നിന്നു പാട്ടു പാടി പുകഴ്ത്തീടുമേ | ഹാ എത്രമോദം ആർ വർണ്ണിക്കും സ്വർഗ്ഗീയ ഭാഗ്യമത് | (2) |
| 2. | വീഥിയിൻ മദ്ധ്യേ കാണുന്നിതാ | മഹാ ശുഭ്രമേറിയോരു ജല പ്രവാഹം | (2) |
| | തീരങ്ങളിൽ ഇരുവശവും ജീവവൃക്ഷം ലസിച്ചിടുന്നു | മാസം തോറും പുതിയ ഫലം കായിച്ചു നിന്നു | (2) |
| 3. | രാത്രിയില്ലാത്ത ദേശമത് എന്നും | പട്ടാപ്പകൽ പോൽ പ്രകാശിച്ചിടും | (2) |
| | കുഞ്ഞാടുതന്നെ മന്ദിരമായ് തൻശോഭ തന്നെ വിളക്കുമായി | പുതിയ യെറുശലേം ആകമാനം ശോഭയാൽ മിന്നിടും | (2) |

| | | | |
|---|---|---|---|
| 240 | ദൈവത്തിൻ ജനമേ ഉയർത്തുക കൺകൾ | സഹായം വരും ഗിരിയിൽ | |
| | നമ്മെയും നമുക്കുള്ള സകലത്തേയും | നാം സമർപ്പണം ചെയ്യുക നാം | (2) |
| 1. | വിശുദ്ധനാം ദൈവത്തിൻ വിശുദ്ധിയിൽ നമ്മെ | അനുദിനം കരുതിടുവാൻ | |
| | ആത്മാവാം ദൈവം തൻ ആത്മാവാൽ നമ്മെ | ജയത്തോടെ നടത്തിടുവാൻ | (2) |
| 2. | രോഗങ്ങളാൽ ദു:ഖഭാരങ്ങളാൽ | നാം ക്ഷീണിതരായിടുമ്പോൾ | |
| | വചനത്തിൻ ശക്തിയും സൗഖ്യവും ശാന്തിയും | നൽകും അവൻ നമുക്കായ് | (2) |
| 3. | സ്വർഗ്ഗീയ മണവാളൻ യേശുവിന്റെ രാജ്യം | ആസന്നമായ് ഇഹത്തിൽ | |
| | നിഷ്കളങ്കമാം മണവാട്ടിയാം നാം | അങ്ങ് ഒരുങ്ങി ഉണർന്നിരിക്കാം | (2) |
| 4. | യേശു ഇന്നുമെന്നും നല്ലവനല്ലോ | എന്നെ നടത്തുവാൻ വല്ലഭനല്ലോ | |
| | എല്ലാക്കാലത്തും എല്ലാ നേരത്തും | തണലായ് തുണയായ് കൂടെയുണ്ടല്ലോ | (2) |

| | | | |
|---|---|---|---|
| 241 | ദൈവത്തിന്റെ പൈതൽ ഞാൻ | സ്വർഗ്ഗ രാജ്യം എന്റേത് പാടും ഞാൻ | |
| | സ്വർഗ്ഗ ദൈവ പിതാവിന്നും | രക്ഷകനാം യേശുവിന്നും | |
| | ശുദ്ധി വരുത്തിടും പരി | ശുദ്ധാത്മാവിന്നും സ്തുതി പാടും | |
| 1. | ദൈവം എന്നെ കാണുന്നു | ഞാൻ പാടുമ്പോൾ കേൾക്കുന്നു പാടും ഞാൻ | .. സ്വർഗ്ഗ |
| 2. | ദൈവത്തിന്റെ ദൂതന്മാർ | എന്നെക്കാവൽ ചെയ്യുന്നു പാടും ഞാൻ | .. സ്വർഗ്ഗ |
| 3. | യേശു എന്റെ സ്നേഹിതൻ | കൂടെ ഉണ്ടെല്ലായ്പോഴും പാടും ഞാൻ | .. സ്വർഗ്ഗ |
| 4. | ശുദ്ധിയിൽ എന്നെ കാക്കണം | ശുദ്ധ ദൈവ ത്രിയേകാ പാടും ഞാൻ | .. സ്വർഗ്ഗ |

242 ദൈവത്തിന്റെ ഏക പുത്രൻ പാപികളെ രക്ഷിപ്പാൻ
മാനുഷനായ് പാടു പെട്ടു കുരിശിന്മേൽ മരിച്ചു
ഇത്ര സ്നേഹം ഇത്ര സ്നേഹം ഇത്ര സ്നേഹം എരിവാൻ
മനുഷ്യരിൽ എന്തു നന്മ കണ്ടു നീ രക്ഷാകരാ

1. പാപികളും ദ്രോഹികളും ആയ നര വർഗ്ഗത്തെ വീണ്ടെടുപ്പാൻ എത്ര കഷ്ടം സഹിച്ചു നീ ശാന്തമായ് (2)
2. നിർമ്മലന്മാർ ഭുജിക്കുന്ന പരലോക അപ്പം താൻ പാപികൾക്കു ജീവൻ നല്കി രക്ഷിക്കുന്നീ രക്ഷകൻ (2)
3. കൃപയാലെ രക്ഷപെട്ട പാപിയായ ഞാനിതാ ഹൃദയത്തിൽ ദൈവ സ്നേഹം എരിവാൻ വാഞ്ചിക്കുന്നു (2)
4. പാപിയിൽ പ്രധാനിയായിരുന്ന എന്നെ രക്ഷിപ്പാൻ ശാപമൃത്യു ഏറ്റ നിന്നെ നിത്യകാലം വാഴ്ത്തും ഞാൻ (2)

243 ദുഷ്ടന്മാരിൻ ആലോചന കേട്ടു തെല്ലും നടക്കാതെ
ഭ്രഷ്ടന്മാരാം പാപികളിൻ വഴി നിൽക്കാതെ

Psalm 1

1. പരിഹാസം ചൊല്ലിടുന്ന മർത്ത്യർ കൂടെ ഇരിക്കാതെ
യാഹിൻ വചനത്തിൽ എന്നും മോദിച്ചിടുന്നോൻ
2. ദൈവത്തിൻ പ്രമാണങ്ങളെ രാപ്പകൽ ധ്യാനിച്ചിടുന്ന
ദൈവ ഭയമുള്ള മർത്ത്യൻ അതി ഭാഗ്യവാൻ
3. ആറ്റിന്നരികത്തു നട്ട തൽസമയേ ഫലം നൽകും
ഇലയൊട്ടും വാടിടാത്ത വൃക്ഷങ്ങൾ പോലെ
4. അവൻ ചെയ്യും കാര്യമെല്ലാം സഫലമായ് തീർന്നിടുമേ
ദൈവം അവൻ കൂടെയുണ്ട് സഹായമായി
5. ദുഷ്ടന്മാരോ നീങ്ങിപ്പോകും കാറ്റുപാറ്റും പതിർപോലെ
പിന്നീടാരും അവർ സ്ഥലം കാണുകയില്ല !
6. ദുഷ്ടന്മാരോ ന്യായസനേ നിവിർന്നു നിൽക്കുകമോ? ഇല്ല!
പാപികളോ നീതിമാന്റെ സഭയിൽ വരാ
7. ദൈവം നിതിമാന്മാരുടെ വഴികളെ അറിയുന്നു
ദുഷ്ടന്മാരിൻ വഴിയതോ നാശകരമേ !
8. ജീവന്റെ പുസ്തകമതിൽ പേരുള്ളോരെല്ലാരും ധന്യർ
അല്ലാത്തവർ വീണിടുമേ തീപ്പൊയ്കയതിൽ !

244 ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കൈയിൽ തന്നാൽ
സന്തോഷത്തോടതു വാങ്ങി ഹല്ലേലുയ്യാ പാടീടും ഞാൻ (2)

1. ദോഷമായിട്ടൊന്നും എന്നോടെന്റെ താതൻ ചെയ്കയില്ല
എന്നെ അവൻ അടിച്ചാലും അവൻ എന്നെ സ്നേഹിക്കുന്നു (2)
2. കഷ്ടനഷ്ടം ഏറി വന്നാൽ ഭാഗ്യവാനായ് തീരുന്നു ഞാൻ
കഷ്ടമേറ്റ കർത്താവോടു കൂട്ടാളിയായ് തീരുന്നു ഞാൻ (2)
3. ലോക സൗഖ്യം എന്തു തരും ആത്മ ക്ലേശമതിൻ ഫലം
സൗഭാഗ്യം ഉള്ളാത്മ ജീവൻ കഷ്ടതയിൽ വർദ്ധിക്കുന്നു (2)
4. ലോകത്തെ ഞാനോർക്കുന്നില്ല കഷ്ടനഷ്ടം ഓർക്കുന്നില്ല
എപ്പോഴെന്റെ കർത്താവിനെ ഒന്നു കാണാം എന്നേയുള്ളു (2)

245 ദൂരെ വാനിൽ സൂര്യ ചന്ദ്ര ഗോളവും കടന്നു ഞാൻ
പോയിടും പ്രിയന്റെ കൂടെ നിത്യമായ് വാഴുവാൻ (2)
ഇന്നലെ ഞാൻ ഒന്നും അല്ലീ മന്നിൽ എന്റെ പ്രിയരേ
എങ്കിലും കരുതി എന്നെ കണ്മണി പോൽ കാത്തവൻ (2)

1. കഷ്ടമുണ്ട് രോഗമുണ്ട് ദു:ഖമുണ്ടീ ഭൂമിയിൽ എത്രയോ കൊടിയ ദുഷ്ട വൈരിയുണ്ടീ യാത്രയിൽ (2)
ഭയമില്ലാ തെല്ലുമതിൽ പതറുകില്ല ഞാനിനി പ്രിയനോടു ചേരുവാൻ പറന്നുയരും വാനതിൽ (2)
2. വയൽ പൂ പോലെ വാടും ജീവിതമോ നശ്വരം മദ്ധ്യവാനിൽ പ്രിയൻ കൂടെ വാഴുവതോ ശാശ്വതം (2)
അന്നു കോടാകോടി ജനം തേജസ്സിലെൻ കാന്തനെ കണ്ടു നിത്യ വാസക്കാലം സ്തോത്ര ഗാനം പാടിടും (2)

246 നല്ല ദേവനെ ഞങ്ങൾ എല്ലാവരേയും നല്ലതാക്കി നിൻ ഇഷ്ടത്തെ ചൊല്ലീടേണമേ (2)

1. പച്ച മേച്ചിലിൽ ഞങ്ങൾ മേഞ്ഞിടു വാനായ് മെച്ചമായാഹാരത്തെ നീ നൽകീടേണമേ (2)
2. അന്ധകാരമാം ഈ ലോകയാത്രയിൽ ബന്ധുവായിരുന്നു വഴി കാട്ടിടേണമേ (2)
3. ഇമ്പമേറിയ നിൻ അൻപുള്ള സ്വരം മുമ്പേ നടന്നു സദാ കേൾപ്പിക്കേണമേ (2)
4. വേദ വാക്യങ്ങൾ ഞങ്ങൾക്കാദായം ആവാൻ വേദ നാഥനേ നിന്റെ ജ്ഞാനം നൽകുകേ (2)
5. സന്തോഷം സദാ ഞങ്ങൾ ചിന്തയിൽ വാഴാൻ സന്തോഷത്തെ ഞങ്ങൾക്കിന്നു ദാനം ചെയ്യുകേ (2)
6. താതനാത്മനും പ്രിയ നിത്യ പുത്രനും സാദരം സ്തുതി സ്തോത്രം എന്നും ചൊല്ലുന്നേൻ (2)

247 നടത്തിയ വിധങ്ങൾ ഓർത്താൽ — നന്ദി ഏകീടാതിരുന്നീടാമോ (2)
നാഥൻ നടത്തിയ വിധങ്ങൾ ഓർത്താൽ — നന്ദി ഏകീടാതിരുന്നീടാമോ (2)
കഷ്ടതയിലും കരം പിടിച്ചു — കണ്മണിപോൽ കരുതിയതാൽ (2)
നടത്തിയ വിധങ്ങൾ ഓർത്താൽ — നന്ദി ഏകീടാതിരുന്നീടാമോ (2)

1. ഭാരം ദുഃഖം ഏറിയപ്പോൾ, മനം നൊന്ത് കലങ്ങിയപ്പോൾ (2) — ചാരെയണച്ചു ആശ്വാസം നൽകി (2)
നടത്തിയ വിധങ്ങളോർത്താൽ — നന്ദി ഏകീടാതിരുന്നീടാമോ (2)
2. കൂട്ടുകാരിൽ പരമായെന്നെ, ആനന്ദ തൈലം പകർന്നു (2) — ശത്രുമദ്ധ്യേ എൻ തല ഉയർത്തി (2)
നടത്തിയ വിധങ്ങളോർത്താൽ — നന്ദി ഏകീടാതിരുന്നീടാമോ (2)
3. ജീവിതത്തിൻ മേടുകളിൽ, ഏകനെന്നു തോന്നിയപ്പോൾ (2) — ധൈര്യം നൽകി വചനം നൽകി (2)
നടത്തിയ വിധങ്ങളോർത്താൽ — നന്ദി ഏകീടാതിരുന്നീടാമോ (2)

248 നടത്തിടുന്നു ദൈവമെന്നെ നടത്തിടുന്നു — നാൾ തോറും തൻ കൃപയാലെന്നെ നടത്തിടുന്നു (2)

1. ഭൗമിക നാളുകൾ തീരും വരെ — ഭദ്രമായ് പാലിക്കും പരമനെന്നെ (2)
ഭാരമില്ല തെല്ലും ഭീതിയില്ല — ഭാവിയെല്ലാം അവൻ കരുതിക്കൊള്ളും (2)
2. കൂരിരുൾ തിങ്ങിടും പാതകളിൽ — കൂട്ടുകാർ വിട്ടുപോം വേളകളിൽ (2)
കൂട്ടിനവൻ എന്റെ കൂടെ വരും — കൂടാര മറവിൽ എന്നഭയം തരും (2)
3. ആരിലുമെൻ മനോഭാരങ്ങളെ — അറിയുന്ന വല്ലഭൻ ഉണ്ടെനിക്ക് (2)
ആകുലത്തിൽ എന്റെ വ്യാകുലത്തിൽ — ആശ്വാസം അവൻ എനിക്കേകിടുന്നു (2)
4. ശോധനയാൽ ഉള്ളം തകർന്നിടിലും — വേദനയാൽ കൺകൾ നിറഞ്ഞിടിലും (2)
ആനന്ദമാം പരമാനന്ദമാം — അനന്ത സന്തോഷത്തിൻ ജീവിതമാം (2)

249 നടത്തിടുന്നനുദിനവും — നാഥൻ തിരുക്കര ശക്തിയതാൽ (2)
കരുതിടും നമുക്കായവൻ — കലങ്ങേണ്ട തെല്ലുമിനി (2)

1. ഭാരങ്ങൾ ഏറിടുമ്പോൾ — കരങ്ങളിൽ വഹിക്കുമവൻ (2)
ആകുല നേരത്തു നിൻ — വ്യാകുലം അകറ്റിടും താൻ (2)
2. നിന്നെ അവൻ കരത്തിൽ — നന്നായി സമർപ്പിക്കുമോ? (2)
നാളെയെ ഓർത്തിടേണ്ടാ — നാളെന്നും അവൻ നടത്തും (2)
3. ക്ഷാമത്താൽ വലഞ്ഞിടുമ്പോൾ — ക്ഷേമമായ് പരിപാലിക്കും (2)
ശത്രുവിൻ പാളയത്തിലും — ഉത്തമ ഭോജ്യം തരും (2)
4. മേഘസ്തംഭം പകലിൽ — അഗ്നിത്തൂണായ് ഇരവിൽ (2)
കൂടെ വരും കൂട്ടിനായ് — വീട്ടിലെത്തും വരെയും (2)

250 നമുക്കഭയം ദൈവമത്രേ — മനുഷ്യഭയം വേണ്ടിനിയും (2)

1. എന്നും നൽ സങ്കേതം ദൈവം — തന്നു നമ്മെ കാത്തിടുന്നു (2)
മഞ്ഞും മലയും നിർമ്മിച്ചതിനും — മുന്നമേ താൻ വാഴുന്നു (2)
2. രാവിലെ തഴച്ചു വളർന്നു — പൂ വിടർന്ന പുല്ലു പോലെ (2)
മേവിടുന്ന മനുഷ്യർ വാടി — വീണിടുന്നു വിവശരായ് (2)
3. നന്മ ചെയ്തും നാട്ടിൽ പാർത്തും — നമുക്കു ദൈവ-സേവ ചെയ്യാം (2)
ആശ്രയിക്കാം അവനിൽ മാത്രം — ആഗ്രഹങ്ങൾ തരുമവൻ (2)
4. നിത്യ നാടു നോക്കി നമ്മൾ — യാത്ര ചെയ്യും ഇന്നീ മന്നിൽ (2)
എത്തും വേഗം നിശ്ചയം നാം — പുത്തൻ ശാലേം പുരമതിൽ (2)

251 നന്മയല്ലാതൊന്നും ചെയ്തിടാത്തവൻ — തിന്മയാകെ മായിക്കുന്നവൻ (2)
പാപമെല്ലാം മറക്കുന്നവൻ — പുതു ജീവനെന്നിൽ പകരുന്നവൻ (2)
യേശു, യേശു, അവൻ ആരിലും വലിയവൻ — യേശു, യേശു, അവൻ ആരിലും മതിയായവൻ (2)

1. ദൈവത്തെ സ്നേഹിക്കുമ്പോൾ — സർവ്വം നന്മയ്ക്കായ് ഭവിച്ചിടുന്നു (2)
തിരുസ്വരം അനുസരിച്ചാൽ — അവൻ ഒരുക്കിടും അവൻ അഖിലം (2)
കൃപ അരുളിടുമേ ബലം അണിയിക്കുമേ — "മാറാ" മധുരമായ് മാറ്റീടുമേ (2)
2. ഇരുൾ നമ്മെ മൂടിടുമ്പോൾ — ലോക വെളിച്ചമായ് അവൻ അണയും (2)
രോഗികൾ ആയിടുമ്പോൾ — സൗഖ്യ ദായകൻ അവൻ കരുതും (2)
അവന്നാലയത്തിൽ സ്വർഗ്ഗ നന്മകളാൽ — നമ്മെ നിറച്ചിടും അനുദിനവും (2)
3. കണ്ണുനീർ താഴ്‌വരകൾ — ജീവ ജല നദിയാക്കുമവൻ (2)
ലോകത്തിൻ ചങ്ങലകൾ — മണി വീണയായ് തീർക്കുമവൻ (2)
സിയോൻ യാത്രയതിൽ മോക്ഷമാർഗ്ഗമതിൽ — സ്നേഹക്കൊടിക്കീഴിൽ നയിക്കുമവൻ (2)

252 നന്ദിയാൽ എന്നുള്ളം തുള്ളുന്നേ — വല്ലഭാ നിൻ സ്നേഹം ഓർക്കുമ്പോൾ
വർണ്ണിച്ചീടാൻ സാദ്ധ്യമല്ലത് — എൻ ജീവിതത്തിൽ ചെയ്ത ക്രിയകൾ (2)

1. കൊടും പാപിയായിരുന്നെന്നെ — വൻ ചേറ്റിൽ നിന്നും കയറ്റി (2)
ക്രിസ്തു ആകും പാറമേൽ നിർത്തി — പുത്തൻ പാട്ടും എന്റെ നാവിൽ തന്നതാൽ (2)
2. വൻ ശോധന വേളയിൽ — തീച്ചൂളയിൻ നടുവിൽ (2)
ചാരത്തണഞ്ഞു രക്ഷിച്ച — മമ കാന്തനെ നിൻ സ്നേഹം ഓർക്കുമ്പോൾ (2)
3. ഈ ലോകം തരാത്ത ശാന്തിയെ — ഹൃത്തിൽ നിറച്ചു സ്നേഹവാൻ (2)
എന്നെന്നും കാത്തിടുന്നെന്നെ — നിത്യം കാന്തയായ് തൻ കൂടെ വാഴുവാൻ (2)

253 നന്ദിയാൽ സ്തുതി പാടാം എൻ യേശുവിന് ഉള്ളത്താൽ എന്നും പാടാം
നല്ലവൻ വല്ലഭൻ എൻ യേശു നല്ലവൻ ഇന്നും എന്നും മതിയായവൻ (2)

1. യെരിഹോ മതിലും മുന്നെ വന്നാലും യേശു എന്റെ മുമ്പേ പോകുന്നു (2)
കലങ്ങിടാതെ പതറിടാതെ സ്തുതികളാൽ തകർന്നു വീഴും (2)

2. ദേഹം ദേഹി ആത്മാവും തളർന്നീടും വേളയിലും (2)
സ്തുതി ഗീതങ്ങൾ പാടിടുവാൻ കർത്താവു ബലം നൽകിടും (2)

254 നല്ല പോരാട്ടം പോരാടി ഓട്ടം ഓടിടാം വല്ലഭന്റെ നല്ല പാത പിന്തുടർന്നിടാം (2)
ഭാരം പാപം തള്ളി ലക്ഷ്യം നോക്കി നേരേ മുമ്പോട്ടോടി ഓട്ടം തികയ്ക്കാം (2)

1. ഓട്ടക്കളത്തിൽ ഓടുന്നോർ അനേകരെങ്കിലോ വിരുതു പ്രാപിക്കുന്നോൻ ഏകൻ മാത്രമല്ലയോ? (2)
2. പിന്നിലുള്ളതൊക്കെയും മറന്നു പോയിടാം മുന്നിലുള്ള ലാക്കിലേയ്ക്കു വേഗം ഓടിടാം (2)
3. ആശ ഇച്ഛയൊക്കവേ അടക്കി ഓടുകിൽ ആശവച്ച പന്തയപ്പൊരുൾ ലഭിച്ചിടും (2)
4. ഏതു നേരത്തും പിശാചിടർച്ച ചെയ്തിടും ഭീതി വേണ്ട ദൂതരുണ്ടു കാത്തു കൊള്ളുവാൻ (2)
5. കാടു മേടു കണ്ടു സംശയിച്ചു നിൽക്കാതെ ചാടി ഓടിപ്പോകുവാൻ ബലം ധരിച്ചിടാം (2)
6. ഓട്ടം ഓടുവാൻ അനേകർ മുൻ വന്നെങ്കിലോ ലോത്തിൻ ഭാര്യ പോലെ പിന്നിൽ നോക്കി നിന്നു പോയ് (2)
7. അങ്ങുമിങ്ങും നോക്കിയാൽ നീ മുന്നിൽ പോയിടാ ഭംഗമില്ലാതോടിയാൽ കിരീടം പ്രാപിക്കാം (2)
8. ഓട്ടം തീരും നാൾ സമീപമായി കാഹളം കേട്ടിടാൻ സമയമായി വേഗം ഓടിടാം (2)
9. ആദി ഭക്തർ ഓട്ടമോടി വിശ്രമിച്ചിടും നാട്ടിൽ ചേർന്നു പാട്ടു പാടി ആനന്ദിച്ചിടാം (2)

255 നവഗാനങ്ങൾ യേശുവിൻ നാമത്തിൽ പാടി ദേവ ദേവനെ ആരാധിക്കാം (2)
നാം ഇന്നൊന്നായിടാം സ്തോത്രഗീതം പാടാം (2) നാഥൻ എന്നെന്നും നല്ലവനാം (2)

1. സാന്ത്വനം നൽകുമവൻ നിത്യ ശാന്തിയിൻ രാജനവൻ (2)
സർവ്വ വല്ലഭനും എന്നും ഉന്നതനും (2) സർവ്വ ശ്രേഷ്ഠനാം ദൈവം അവൻ (2)
2. ജീവന്റെ ഉറവയവൻ നിത്യ ജീവനെ നൽകുമവൻ (2)
ജീവിച്ചീടുന്നവൻ നമുക്കായിട്ടെന്നും (2) ദൈവ വലഭാഗെ യേശുപരൻ (2)
3. ശുദ്ധരെ ചേർപ്പതിനായ് വേഗം വന്നീടുമവൻ (2)
ശുഭ്രവസ്ത്രമതും പൊൻ കിരീടങ്ങളും (2) ശുദ്ധർക്കന്നേകും അവൻ (2)
4. വേഗം ഒരുങ്ങുക നാം മൽപ്രിയനെ എതിരേല്ക്കുവാൻ (2)
വാന മേഘമതിൽ പറന്നീടുവാനായ് (2) വിശുദ്ധരായ് മേവീടുക (2)

256 നഷ്ടങ്ങളിലും പതറിടല്ലേ കണ്ണുനീരിലും തളർന്നീടല്ലേ
ഞാൻ എന്നും നിന്റെ ദൈവം നീ എന്നും എന്റേതാണേ (2)

1. നിന്റെ വിശ്വാസമോ ഭംഗം വരികയില്ല അതു പ്രാപിച്ചിടും നിശ്ചയം (2)
അതു പ്രാപിക്കുമ്പോൾ നഷ്ടം ലാഭമാകും ദു:ഖം സന്തോഷമായ് മാറും (2)
2. നിന്നെ തകർക്കുവാനോ അല്ലേയല്ല ഈ വേദന (2)
നിന്നെ പണിതെടുത്ത് നല്ല പൊന്നാക്കുവാൻ അല്ലയോ ഈ ശോധന (2)
3. നിന്നെ കുറ്റം വിധിച്ച് തള്ളിക്കളഞ്ഞെന്നാലും പിൻമാറി പോയീടല്ലേ (2)
പിറുപിറുപ്പില്ലാതെ മുമ്പോട്ടു പോകുവാൻ യേശു എന്നും നിന്റെ കൂടെ (2)

257 നാഥൻ വരാറായി .. ഓ.. നാഥൻ വരാറായി .. ഓ.. നാം വേഗം ഒരുങ്ങീടാം (2)
ദീപം തെളിക്കാറായ് .. ഓ.. ദീപം തെളിക്കാറായ് .. ഓ.. നാം വേഗം ഒരുങ്ങീടാം (2)

1. ആർപ്പുവിളി കേൾക്കാറായ്.. ഓ.. ആർപ്പുവിളി കേൾക്കാറായ്.. ഓ.. നാം വേഗം ഒരുങ്ങീടാം (2)
2. നിന്ദകൾ തീരാറായ് .. ഓ.. നിന്ദകൾ തീരാറായ് .. ഓ.. നാം വേഗം ഒരുങ്ങീടാം (2)
3. കണ്ണുനീർ തോരാറായ്.. ഓ.. കണ്ണുനീർ തോരാറായ്.. ഓ.. നാം വേഗം ഒരുങ്ങീടാം (2)
4. മരിച്ചവർ ഉയിർക്കാറായ് .. ഓ.. മരിച്ചവർ ഉയിർക്കാറായ് .. ഓ.. നാം വേഗം ഒരുങ്ങീടാം (2)
5. വേളി കഴിക്കാറായ്.. ഓ.. എന്നെ വേളി കഴിക്കാറായ്.. ഓ.. നാം വേഗം ഒരുങ്ങീടാം (2)

258 നാം വിമുക്തന്മാർ ദൈവകൃപ ലഭിച്ചോർ യാഹിൽ സന്തോഷിച്ച് ആനന്ദിച്ചാർക്കുക നാം (2)

1. യാഹിലെ സന്തോഷം ബലം നമുക്ക് യാവരും തൻ തിരു സന്നിധിയിൽ (2)
ആത്മപൂർണ്ണരായ് ദിനവും നാം പാടി വാഴ്ത്തി സ്തുതിച്ചിടുക (2)

2. നാൾതോറും താൻ ചെയ്ത നന്മകൾക്കായ് നമ്മുടെ ഭാരങ്ങൾ വഹിച്ചതിനാൽ (2)
വന്ദ്യനാം പിതാവിനെ നാം നന്ദിയോടെ സ്തുതിച്ചീടുക, നാം (2)

3. നാനാവിധ പരിശോധനകൾ നാലുപാടും നമ്മെ മൂടിയപ്പോൾ (2)
താങ്ങി താൻ കൃപാകരത്താൽ നാം നന്ദിയോടെ സ്തുതിച്ചീടുക (2)

4. തൻ കൃപയാൽ രക്ഷ പ്രാപിച്ചു നാം വൻ കൃപയിൽ നമ്മെ സൂക്ഷിക്കുന്നു (2)
കൃപ! കൃപ! എന്നാർത്തുകൊണ്ട് നാം കൃപാസനത്തോടടുത്തീടുക (2)

5. ഇന്നയോളം പ്രിയൻ തൻ കൃപയിൽ കണ്മണിപോൽ നമ്മെ കാത്തതിനാൽ (2)
പൊന്നു നാമം ഉയർത്തി മോദാൽ നാം നന്ദിയോടെ സ്തുതിച്ചീടുക (2)

**259**

നാം എല്ലാരും ഒന്നായ് കൂടുവോം നാഥനെ കൊണ്ടാടി പാടുവോം
ഭൂതലത്തിൽ നമ്മെ ക്ഷേമമോടെ കാത്ത നായകനു സ്തോത്രം ആദരവായ് പാടുവോം (2)

ഹല്ലേലുയ്യാ ഗീതം പാടിടാം അല്ലൽ എല്ലാം മാറിപ്പോകുമേ
വല്ലഭൻ നമുക്ക് നല്ലവനായ് ഉണ്ട് എല്ലാ ദാനങ്ങളും ചെയ്തരുളും എന്നുണ്ട് (2)

1. വാദ്യ ഘോഷത്തോടെ ഏകമായ് വാനവർ സ്തുതിക്കും നാഥന്റെ (2)
വന്ദ്യതിരുപ്പാദം എല്ലാവരും തേടി മന്ദതയകന്നു ഇന്നും എന്നും പാടുവോം (2)

2. ഏറും ഖേദം എത്രയെന്നാലും എല്ലാറ്റെയും വിലക്കിയല്ലോ (2)
ഏഴകളിൻ ഭാരം ഏതും ചുമക്കുന്ന ഏക കർത്താവിന് സാദരം നാം പാടുവോം (2)

3. എല്ലാവിധ ആവശ്യങ്ങളും നല്ലതു പോൽ ചെയ്തു തരുന്ന (2)
എല്ലാ മുട്ടും തീർത്ത നല്ല കർത്താവിന് എല്ലാവരും ചേർന്ന് ഹല്ലേലുയ്യാ പാടുവോം (2)

4. ശത്രുവിൻ അഗ്നി അസ്ത്രങ്ങളാൽ ശക്തിയറ്റു ക്ഷീണിച്ചീടുമ്പോൾ (2)
ശത്രുവെ ജയിച്ച കർത്തൻ നമുക്കുണ്ട് ശുദ്ധർ കൂട്ടം നാമും നിത്യം സ്തുതി പാടുവോം (2)

5. സർവ്വ ബഹുമാനം സ്തുതിയും ഉർവ്വിനായകനു മഹത്വം (2)
സർവ്വരും സ്തുതിക്കും സർവ്വവല്ലഭന് അല്ലും പകലും നാം ഹല്ലേലുയ്യാ പാടുവോം (2)

**260**

നിത്യ സ്നേഹത്താൽ എന്നെ അവൻ സ്നേഹിച്ചു
അളവില്ലാത്ത തൻ കരുണയാൽ നീക്കിയെൻ അശുദ്ധിയെല്ലാം

യേശുവേ പ്രാണനാഥാ നിന്നോടു ചേരുന്നതെനിക്കു ലാഭം
ഹല്ലേലുയ്യാ പാടിടും ഞാൻ ശോഭിത നഗരത്തെ കാണുന്നിതാ
യോർദ്ദാനെ ഭയപ്പെടുമോ ഇനി കാണുന്നെൻ യേശുവെ മറുകരയിൽ (2)

1. സൗഖ്യദായകൻ യേശു നടത്തുന്നെന്നെ അവൻ അടിച്ചാലും ആയതെനിക്ക് നന്മയ്ക്കായ് തീർന്നീടുമേ (2)
2. വരുവാനുള്ള മഹിമ ഓർക്കുന്നടിയാൻ അകറ്റും എൻ ആമയം പൂർണ്ണമായി ആനന്ദമേ എനിക്ക് (2)
3. നിൻ വിശ്രാമത്തിൽ അണയും വിശുദ്ധർ ഗണം കാന്തയായ് വാഴുമേ സ്വർഗ്ഗത്തിൽ ഇതിൽ പരം ഭാഗ്യമുണ്ടോ (2)

**261**

നിത്യ സ്നേഹത്താൽ എന്നെ പുത്രനാക്കിയ യേശുവേ നിൻ സ്നേഹം ഓർക്കുന്നേ
രാവിലെയും ഉച്ചയ്ക്കും സന്ധ്യാ നേരത്തും നിന്നെ ഞാൻ സ്തുതിച്ചിടുന്നേ
യേശുവേ നിന്നെ ഞാൻ സ്തുതിച്ചിടുന്നേ നിന്നെ ഞാൻ ആരാധിക്കുന്നേ (2)

1. ഭൂമി നിന്റെ പാദപീഠവും സ്വർഗ്ഗം നിന്റെ സിംഹാസനവും
സർവ്വവ്യാപിയും നീ സർവ്വശക്തനും നീ സർവ്വജ്ഞാന സമ്പൂർണ്ണനും നീ
യേശുവേ നിന്നെ ഞാൻ സ്തുതിച്ചിടുന്നേ നിന്നെ ഞാൻ ആരാധിക്കുന്നേ .. (2)
2. പാരിടത്തിൽ നിത്യദീപവും മാനവർക്കു സത്യമാർഗ്ഗവും
സർവ്വനീതിയും നീ സർവ്വതേജസ്സും നീ നിത്യ സത്യ ദൈവവും നീ
യേശുവേ നിന്നെ ഞാൻ സ്തുതിച്ചിടുന്നേ നിന്നെ ഞാൻ ആരാധിക്കുന്നേ .. (2)

**262**

നിത്യ വന്ദനം നിനക്കു സത്യ ദൈവമേ! സ്തോത്രവും ജയവും യോഗ്യം അത്യുന്നതനേ!

1. മർത്യ കുലത്തിൻ സ്രഷ്ടാവേ! നിത്യ പിതാവേ! സത്യ വിശ്വാസികൾ ചെയ്യും സ്തോത്രം നിനക്കേ (2)
2. എത്രയോ മനോഹരം നിൻ കൃത്യങ്ങളെല്ലാം ചിത്രമതി ചിത്രമവ എത്രയോ ശ്രേഷ്ഠം (2)
3. കെറുബുകൾ മദ്ധ്യേ വസിക്കും സർവ്വശക്തനേ! ഉർവ്വിയെങ്ങും വ്യാപിച്ചീടും നിനക്കെന്നും സ്തോത്രം (2)
4. മാനവ കുലത്തിൽ പാപം മോചനം ചെയ്‌വാൻ ഹീനമാക്കുരിശിൽ ശാപം തീർത്ത പരനേ! (2)
5. നിന്നിൽ വിശ്വസിക്കുന്നവനെന്നേക്കും മോക്ഷം തന്നരുളാൻ ഉന്നതത്തിൽ ചേർന്ന പരനേ! (2)
6. സർവ്വ ബഹുമാനം സർവ്വ മഹത്വം സ്തുതിയും സർവ്വേശ്വരനായ യഹോവയ്ക്കു താൻ ആമേൻ (2)

**263**

നിത്യാനന്ദ കർത്തൻ യേശുവേ നിത്യവും പ്രകാശിക്കെന്മേൽ
പർവ്വതങ്ങളിലെ ഭക്തർ പാദങ്ങൾ പരിശുദ്ധമായ് മിന്നുന്നേ (2)

സീയോനിലെ സുവിശേഷകർ ജപൈക്യമായ് നിൽക്കുന്നേ
ജയം പൂണ്ടോരായ് ജപവീരരായ് കുരിശിൻ പടയാളികളായ് (2)

1. കുഞ്ഞാടുകൾക്കിടയനേശു നമ്മെയും കാത്തു നിൽക്കുന്നു (2)
തൻ മക്കൾ ആയിരം പതിനായിരം.. സേനക്കൂട്ടമായ് മാറ്റുവാൻ (2)

2. ഭൂലോകം എങ്ങും സുവിശേഷത്തിൻ.. ഉയർന്ന കൊടി പറക്കും (2)
തുറന്ന വാതിലുകൾ കടന്നു നാം പരിശുദ്ധ വേല ചെയ്യുക (2)

3. നാശമാർഗ്ഗേ പോകുന്നോർക്കായ്.. കരയാം രാവും പകലും (2)
നാം..തല തണ്ണീരാൽ കൺകൾ..കണ്ണീരാൽ നനച്ചാവലോടെ പ്രാർത്ഥിക്കാം (2)

4. അപമാനങ്ങൾ പരിഹാസങ്ങൾ അണഞ്ഞാലും നാം തിരിയാ (2)
ആത്മാക്കൾ ഭാരവും പ്രയാസവും .. രാവും പകലും ഓടിടാം (2)

5. എതിരാളികൾ എതിരെ വന്നു കലക്കം മുറ്റും വിതച്ചാൽ (2)
നാം..തല എണ്ണയാൽ അഭിഷേകിക്കും .. യെരിഹോവെയും വീഴ്ത്തിടും (2)

264 നിനക്കായ് കരുതും അവൻ നല്ല ഓഹരി
കഷ്ടങ്ങളിൽ നല്ല തുണ യേശു കണ്ണുനീർ അവൻ തുടയ്ക്കും (2)

1. വഴിയൊരുക്കും അവൻ ആഴികളിൽ വലങ്കൈ പിടിച്ചവൻ വഴി നടത്തും (2)
വാതിലുകൾ പലതും അടഞ്ഞീടിലും വല്ലഭൻ പുതുവഴി തുറന്നിടുമേ (2)
2. വാഗ്ദത്തം നമ്മുടെ നിക്ഷേപമേ വാക്കു പറഞ്ഞവൻ മാറുകില്ല (2)
വാനവും ഭൂമിയും മാറിടുമേ വചനങ്ങൾക്കോ ഒരു മാറ്റമില്ല (2)
3. രോഗങ്ങളാൽ നീ വലയുകയോ ഭാരങ്ങളാൽ നീ തളരുകയോ (2)
അടിപ്പിണരാൽ അവൻ സൗഖ്യം തരും വചനം അയച്ചു നിന്നെ വിടുവിച്ചിടും (2)

265 നിൻ കൃപയിൽ ഞാൻ ആശ്രയിക്കുന്നേ നിൻ മനസ്സലിവിൽ ഞാൻ ചാരുന്നേ
എൻ ആശ്വാസവും എന്റെ ആനന്ദവും ഈ അവനിയിൽ നീ മാത്രമേ (2)
പരിശുദ്ധനേ നിൻ പാദപീഠത്തിൽ നിൻ വിളി കേട്ടു വരുന്നൂ ഞാൻ
സമ്പൂർണ്ണമായ് എന്നെ സമ്പൂർണ്ണമായ് നിൻ ഹിതം ചെയ്‌വാൻ ഞാൻ സമർപ്പിക്കുന്നേ (2)

1. പാപത്തിൻ ആഴത്തിൽ ഞാൻ വലഞ്ഞപ്പോൾ ദൈവ-വഴികളെ അറിയാതലഞ്ഞപ്പോൾ (2)
നിൻ സ്നേഹം എന്നെയും തേടിവന്നു രക്ഷാ ദാനം എനിക്കേകിയതാൽ (2)
2. അറിയായ്മയുടെ കാലങ്ങളായ് മന്നിൽ അനവധി നാളുകൾ പാഴാക്കി ഞാൻ (2)
നിൻ സേവ ചെയ്തു ഞാൻ ജീവിക്കട്ടെ എന്നിൽ നിന്നിഷ്ടം നിറവേറട്ടെ (2)
3. എന്നിലെ എവ്വിധ ഭാരങ്ങളും എന്നിൽ മുറുകെ ചേർന്നിടും ദോഷങ്ങളും (2)
നീക്കുകെൻ പ്രിയനെ നിന്നാത്മ ശക്തിയാൽ എൻ ഓട്ടം ഞാൻ ഓടീടുവാൻ (2)

266 നിൻ ദാനം ഞാൻ അനുഭവിച്ചു നിൻ സ്നേഹം ഞാൻ രുചിച്ചറിഞ്ഞു (2)
യേശുവേ എൻ ദൈവമേ .. നീ എന്നും മതിയായവൻ (2)

1. യേശു എനിക്കു ചെയ്ത നന്മകൾ ഓർത്തിടുമ്പോൾ (2)
നന്ദി കൊണ്ടെൻ മനം പാടിടുന്നു സ്തോത്ര ഗാനത്തിൻ പല്ലവികൾ (2)
2. ദൈവമേ നിന്റെ സ്നേഹം എത്രനാൾ തള്ളി നീക്കി (2)
അന്നു ഞാൻ അന്യനായ് അനാഥനായ് എന്നാൽ ഇന്നോ ഞാൻ ധന്യനായ് (2)
3. എൻ ജീവൻ പോയെന്നാലും എനിക്കതിൽ ഭാരമില്ല (2)
എന്റെ ആത്മാവിനു നിത്യജീവൻ എന്നേശു ഒരുക്കിയല്ലോ (2)
4. നിത്യത ഓർത്തിടുമ്പോൾ എൻ ഹൃത്തടം ആശ്വസിക്കും (2)
സ്വർഗ്ഗീയ സന്തോഷ ജീവിതം വിശ്വാസക്കണ്ണാൽ ഞാൻ കണ്ടിടുന്നു (2)

267 നിന്നോടെൻ ദൈവമേ! ഞാൻ ചേരട്ടെ! നിൻ ക്രൂശു ഞാൻ വഹിക്കെന്നാലുമേ
എൻ ഗീതം എന്നുമേ നിന്നോടെൻ ദൈവമേ! (2)

1. ദാസൻ യാക്കോബെ പോൽ രാ കാലത്തിൽ വൻ കാട്ടിൽ
കല്ലിന്മേൽ  ഉറങ്ങുകിൽ എൻ സ്വപ്നത്തിലുമേ (2)
2. നീ എന്നെ നടത്തും പാത എല്ലാം വിൺ എത്തും ഏണി പോൽ
പ്രകാശമാം ദൂതർ വിളിക്കുന്നേ നിന്നോടെൻ ദൈവമേ! (2)
3. ഉണർന്നു ഞാൻ നിന്നെ സ്തുതിച്ചീടും കൽ തലയിണയേ ബഥേലാക്കും
എൻ തുമ്പത്താലുമേ നിന്നോടെൻ ദൈവമേ! (2)
4. ആകാശ മാർഗമായ് മഹോന്നതേ പറന്നു പോകിലും സന്തോഷമേ
എൻ ഗീതം എന്നുമേ നിന്നോടെൻ ദൈവമേ! (2)

268 നിലവിളിക്കാം നിലവിളിക്കാം എഴുന്നേറ്റു നിലവിളിക്കാം
രാക്കാലങ്ങളിൽ യാമാരംഭത്തിൽ (2) എഴുന്നേറ്റു നിലവിളിക്കാം (2)

1. പകർന്നീടുക മനമുരുകി വെള്ളം പോലെ കർത്തൻ സന്നിധി
വഴിത്തലയ്ക്കൽ തളർന്നിരിക്കും പൈതങ്ങൾക്കായ് നിലവിളിക്കാം (2)
2. ഉണർന്നീടുക സോദരരേ കണ്ണുനീരിൻ മറുപടിയ്ക്കായ്
ഹന്നായിൻ ദൈവം ഹാഗാറിൻ ദൈവം കണ്ണുനീരിൽ വെളിപ്പെടുമേ (2)
3. കടന്നുവരാം കർത്തന്നരികിൽ കരഞ്ഞിടാം മനം തകർന്ന്
തലമുറയെ അടിമയാക്കാൻ ശത്രു ശക്തി ഉയർത്തിടുമ്പോൾ (2)
4. കരഞ്ഞിടുമ്പോൾ കനിവുള്ളവൻ കരം തന്നു താങ്ങി നടത്തും
കരുതലോടെ കരവിരുതിൽ കൺമണി പോൽ കാത്തു പാലിക്കും (2)

269 നിന്റെ ഹിതം പോലെ എന്നെ നിത്യം നടത്തീടണമേ (2)
എന്റെ ഹിതം പോലെ അല്ലേ എൻ പിതാവേ എൻ യഹോവേ (2)

1. ഇമ്പമുള്ള ജീവിതവും ഏറെധനം മാനങ്ങളും (2) തുമ്പമറ്റ സൗഖ്യങ്ങളും ചോദിക്കുന്നില്ലേ അടിയാൻ (2)
2. നേരുനിരപ്പാം വഴിയോ നീണ്ട നടയോ കുറുതോ (2) പാരം കരഞ്ഞോടുന്നതോ പാരിതിലും ഭാഗ്യങ്ങളും (2)
3. അന്ധകാരം ഭീതികളോ അപ്പനേ പ്രകാശങ്ങളോ (2) എന്തുനീ കല്പിച്ചീടുന്നോ എല്ലാം എനിക്കാശീർവാദം (2)
4. ഏതുഗുണം എന്നറിവാൻ ഇല്ലജ്ഞാനം എന്നിൽനാഥാ (2) നിൻ തിരുനാമം നിമിത്തം നീതി മാർഗ്ഗത്തിൽ തിരിച്ചു (2)
5. അഗ്നിമേഘത്തൂണുകളാൽ അടിയാനെ എന്നുംനടത്തി (2) അനുദിനം കൂടെയിരുന്നു അപ്പനേ കടാക്ഷിക്കുക (2)

270 നീതിമാന്റെ പ്രാർത്ഥനകൾ ദൈവം കേൾക്കുന്നു
പന പോലെ അവൻ തഴച്ചു വളർന്നു വന്നീടും (2)

1. എന്റെ നാമത്തിങ്കൽ യാചിച്ചീടിൻ നിങ്ങൾക്കുത്തരം അരുളും ഞാൻ
അറിഞ്ഞിടാത്തതാം അത്ഭുത കാര്യങ്ങൾ വെളിപ്പെടുത്തീടും ഞാൻ (2)
2. ഇതുവരെ നിങ്ങൾ കർത്തൻ തൻ നാമത്തിൽ ഒന്നുമേ യാചിച്ചില്ല നിറഞ്ഞു കവിയും
സന്തോഷം യാചിക്കിൽ അനുഭവിച്ചു കൊൾവിൻ (2)
3. കർത്താവിനു വേണ്ടി കാത്തിരിക്കുന്നവർ പുതു ശക്തി പ്രാപിക്കും
കഴുകന്മാരെ പോൽ ചിറകടിച്ചവർ പറന്നു പോയിടും (2)
4. യാചിക്കുന്നതിലും നിനയ്ക്കുന്നതിലും എത്രയോ അധികമായ്
ബലത്തിൻ ക്രിയകൾ ചെയ്യും രക്ഷകന് സ്തോത്രം നിത്യമായ് (2)
5. കൈ വിടുകയില്ല ഞാൻ മാറിപ്പോകില്ല ഞാൻ നിന്നെ വിട്ടൊരു നാളും
നിങ്ങൾ അതിനാലെ ധൈര്യത്തോടു കൂടെ കർത്താവിൽ ആശ്രയിപ്പിൻ (2)

271 നീയെന്നും എൻ രക്ഷകൻ ഹാ! ഹാ! നീ മതി എനിക്കെല്ലാമായ് നാഥാ (2)
നിന്നിൽ ചാരുന്ന നേരത്തിൽ നീങ്ങുന്നെൻ വേദനകൾ (2)

1. നീയല്ലാതെൻ ഭാരം താങ്ങുവാനായ് ഇല്ലെനിക്കാരുമേ (2)
നിൻ കൈകളാലെൻ കണ്ണീർ തുടയ്ക്കും നീയെന്നെ കൈവിടാ (2)
2. തീരാത്ത ദു:ഖവും ഭീതിയും ആധിയും തോരാത്ത കണ്ണീരും (2)
പാരിതിൽ എന്റെ പാതയിൽ ഏറും നേരത്തും നീ മതി (2)
3. എന്നാശ തീർന്നങ്ങു വീട്ടിൽ വരുന്നാൾ എന്നാണെൻ നാഥനെ (2)
അന്നാൾ വരെയും മന്നിൽ നിൻ വേല നന്നായ് ചെയ്യും ഞാൻ (2)

272 നീയെന്റെ സങ്കേതവും നീയെന്റെ കോട്ടയും
നീയെന്റെ പ്രാണനാഥൻ നീയെൻ ദൈവം (2)

ആരാധിക്കും ഞാൻ പൂർണ്ണഹൃദയമോടെ തേടും നിൻ മുഖം ജീവകാലമെല്ലാം
സേവിച്ചിടും ഞാനെൻ സർവ്വവുമായ് അടിയനിതാ
അടിയനിതാ ദേവാ .. അടിയനിതാ ദേവാ.. അടിയനിതാ ദേവാ .. അടിയനിതാ (2)

1. നീയെന്റെ രക്ഷകനും നീയെന്റെ വൈദ്യനും നീയെന്റെ ആലംബവും നീയെൻ ദൈവം (2)
2. നീയെന്റെ പാലകനും നീയെന്റെ ആശ്വാസവും നീയെന്റെ മറവിടവും നീയെൻ ദൈവം (2)

273 നീയല്ലോ ഞങ്ങൾക്കുള്ള ദിവ്യ സമ്പത്തേശുവേ
നീ അല്ലാതില്ല ഭൂവിൽ ആഗ്രഹിപ്പാൻ ആരുമേ

1. നീയല്ലോ ഞങ്ങൾക്കായി മന്നിടത്തിൽ വന്നതും നീചരാം ഞങ്ങളുടെ പാപമെല്ലാം ഏറ്റതും (2)
2. കാൽവറി മലമുകളേറി നീ ഞങ്ങൾക്കായ് കാൽകരം ചേർന്നു തൂങ്ങി മരിച്ചുയിരേകിയ (2)
3. അന്നന്നു ഞങ്ങൾക്കുള്ളതെല്ലാം തന്നു പോറ്റുന്നോൻ ഇന്നുമെന്നും കൂടെയുണ്ടെന്നുള്ള വാക്കു തന്നവൻ (2)
4. ശത്രുവിൻ അഗ്നിയസ്ത്രം ശക്തിയോടെതിർക്കുന്ന മാത്രയിൽ ജയം തന്നു കാത്തു സൂക്ഷിച്ചീടുന്ന (2)
5. ജനകനുടെ വലം അമർന്നു നീ ഞങ്ങൾക്കായ് ദിനം പ്രതി പക്ഷവാദം ചെയ്തു ജീവിച്ചീടുന്ന (2)
6. ലോകത്തിൽ ഞങ്ങൾക്കുള്ളതെല്ലാം നഷ്ടമാകിലും ലോകക്കാർ നിത്യം ദുഷിച്ചീടിലും പൊന്നേശുവേ (2)
7. നിത്യ ജീവ മൊഴികൾ നിന്നിലുണ്ടു പരനേ നിന്നെ വിട്ടിട്ടടിയങ്ങൾ എങ്ങു പോയി വസിക്കും (2)

274 പതിനായിരം പേർകളിൽ പരമ സുന്ദരനായ മണവാളൻ ഒരുവൻ മാത്രം (3)
പരിശുദ്ധ ഗണങ്ങളിൽ നടുവിൽ വെച്ചവൻ എന്നെ വേളി കഴിച്ചിടുമേ (2)

1. ശുഭമുഹൂർത്തം എന്നാണെൻ പരമപ്രിയൻ എന്നെ വേളി കഴിച്ചിടുമ്പോൾ... വേളി കഴിച്ചിടുമ്പോൾ (2)
ശുഭദിനം കാത്തു കാത്തുറ്റിരിക്കും മദ്ധ്യേ സമയമായ് എന്നുരച്ചിടുമ്പോൾ (2)
2. വിശുദ്ധിയിൻ അലങ്കാര പുടവ ധരിച്ചുകൊണ്ട് മണവാട്ടി ഒരുങ്ങി നിൽക്കേ മണവാട്ടി ഒരുങ്ങി നിൽക്കേ (2)
മണവാളൻ ക്രിസ്തു തൻ പരിവാര സമന്വിതം പരിലസിച്ചീടും മദ്ധ്യേ (2)
3. ദൈവാധി ദൈവത്തിൻ വാദ്യമേളങ്ങളെല്ലാം ഉച്ചത്തിൽ ധ്വനിച്ചിടുമ്പോൾ ഉച്ചത്തിൽ ധ്വനിച്ചിടുമ്പോൾ (2)
ആദിയന്തമില്ലാത്ത പരിശുദ്ധ ദൈവമാ മംഗല്യം നടത്തിടുമേ (2)
4. ഇവയോർത്തിട്ടാനന്ദ നൃത്തം ചെയ്യാൻ എന്റെ കാലുകൾ കുതിച്ചിടുന്നേ കാലുകൾ കുതിച്ചിടുന്നേ (2)
കാന്തയായ് പരിലസിച്ചന്തമില്ലാ യുഗം തേജസ്സിൽ കൂടെ വാഴുവാൻ (2)

275 പദം പദം ഉറച്ചു നാം ക്രൂശുമേന്തി പോകണം ജീവനെങ്കിൽ ജീവൻവെച്ചു ഭാരതം നേടീടണം (2)

1. പാരതന്ത്ര ബദ്ധരാം ഭാരതീയ സോദരരേ പാപ ബന്ധം നീക്കുമേ യേശുവിങ്കൽ ഓടി വാ (2)
2. പോരുവിൻ യുവാക്കളേ ചേരുവിൻ സോദരരേ ക്രിസ്തുനാഥൻ പോരിന്നായ് ഓടിഓടി കൂടുവിൻ (2)
3. സ്വതന്ത്രന്മാർക്കും ലഭ്യമാം ക്രിസ്തുവിന്റെ ക്രൂശതിൽ സ്വാതന്ത്ര്യമിന്നും ഘോഷിക്കാം ഭാരതത്തിലെങ്ങുമേ (2)
4. ജീവനെ ത്യജിച്ചതാം രക്തസാക്ഷി സംഘത്തിൻ ആയുധത്തെ ഏന്തി നാം അയോധനം ചെയ്തീടണം (2)
5. പീഢകൾ നടുവിലും പാലനം ചെയ്തീടുമേ പാവനാത്മ ദായകൻ പാരിലേശു നായകൻ (2)
6. ക്രിസ്തു യേശുരക്ഷകൻ ക്രിസ്തുവിന്റെ ശക്തിയാൽ ലഭ്യമാകും ഏവർക്കും തന്റെ പോർ ചെയ്തീടുവാൻ (2)
7. സ്നേഹത്തിൻ ഇരിപ്പിടം ത്യാഗത്തിൻ വിളനിലം രക്ഷയിൻ സങ്കേതവും യേശുരാജൻ തന്നെയാം (2)

276 പരമ പിതാവിനു സ്തുതി പാടാം | അവനല്ലോ ജീവനെ നൽകിയവൻ (2)
പാപങ്ങൾ ആകവെ ക്ഷമിച്ചിടുന്നു | രോഗങ്ങൾ അഖിലവും നീക്കിടുന്നു (2)

1. അമ്മയെപ്പോൽ എന്നെ ഓമനിച്ചു | അപകട വേളയിൽ പാലിച്ചവൻ
ആഹാര പാനീയമേകിയവൻ | നിത്യമാം ജീവനെ നൽകിടുന്നു (2)
2. ഇടയനെപ്പോൽ എന്നെ തേടിവന്നു | പാപക്കുഴിയിൽ നിന്നേറ്റിയവൻ
സ്വന്തമാക്കി നമ്മെ തീർത്തീടുവാൻ | സ്വന്ത രക്തം നമുക്കേകിയവൻ (2)
3. കൂടുകളെക്കൂടെ കൂടിളക്കി | പറക്കുവാനായ് നമ്മെ ശീലിപ്പിച്ചു
ചിറകുകൾ അതിന്മേൽ വഹിച്ചു നമ്മെ | നിലംപരിചായ് നാം നശിച്ചിടാതെ (2)
4. സ്തോത്രം ചെയ്യാം ഹൃദയാംഗമായി | കുമ്പിടാം അവൻ മുൻപിൽ ആദരവായ്
ഹല്ലേലുയ്യാ പാടാം മോദമോടെ | അവനല്ലോ നമ്മുടെ രക്ഷാകരൻ (2)

277 പരമരാജാ ഗുരു വരനേ സ്തുതിക്കുന്നു | ദിനം തോറും അതി രാവിലെ
തരിക നാഥാ പുതിയ വരം അരുളുക | രാവിലെയിന്നേഴകൾക്കു
ജീവൻ കൊടുക്കുന്ന പുതിയ മന്ന | ഏഴകളാം ഞങ്ങൾക്കേകിടുക (2)

1. അതിരാവിലെ തിരുമുഖത്തെ | നോക്കിടുന്ന ജനം ശോഭിച്ചിടും
തിരു വാഗ്ദത്തത്തിൽ ആശ്രയിച്ചു | പരമ പിതാവിനെ സ്തുതിച്ചിടുന്നു (2)
2. മഗ്ദൽ മേരി അതി രാവിലെ | കൂട്ടരുമായ് അങ്ങേ തേടി വന്നു
ഇദ്ദിനത്തിൽ ഏഴയിതാ രാവിലെ | തിരു മുമ്പിൽ വണങ്ങീടുന്നേ (2)
3. നേര്യ സ്വരം പരമ സുതാ | അതി രാവിലെ ഞങ്ങൾക്കരുളേണമേ
കുരിശെടുത്തു ഗുരു വരന്റെ | അതിരറ്റ വേലകൾ ചെയ്തിടുവാൻ (2)

278 പരനേ നിൻ തിരു മുമ്പിൽ വരുന്നോരീ സമയേ ശരിയായ് പ്രാർത്ഥന ചെയ്‌വാൻ കൃപയെ തന്നരുൾക (2)

1. ഉരുകി ഇന്നടിയാർ നിന്നോടു യോജിച്ചീടുവാൻ | തരിക നിന്നാത്മാവേ പുതുമാരി പോലെ (2)
2. ഞരങ്ങി ഞങ്ങളിൽ പേർക്കായിരന്നീടുന്നവനേ | വരികിന്നീ അടിയാരിൽ ചൊരിക നിൻ വരങ്ങൾ (2)
3. അനുഗ്രഹ മുറിയിൽ പൂട്ടുകൾ താനേ തുറപ്പാൻ | മനസ്സിന്നേശുവിനോടു ലയിപ്പാനായ് അരുൾക (2)
4. ഉണർത്തിക്കും വരമെല്ലാം ക്ഷണം തന്നീടെണമേ | തുണ നീയെന്നിയെ വേറില്ലറിഞ്ഞു നല്കണമേ (2)
5. പരമാനന്ദ മോദം വന്നകമെ തിങ്ങണമേ | പരനാം നിന്നോടാനന്ദിച്ചീടുവാൻ നല്കണമേ (2)

279 പരപരമേശാ വരം അരുളീശാ | നീയത്രേ എൻ രക്ഷാസ്ഥാനം (2)

1. നിന്നെക്കാണും ജനങ്ങൾക്കു | പിന്നെ ദു:ഖമൊന്നുമില്ല (2)
2. നിന്റെ എല്ലാ നടത്തിപ്പും | എന്റെ ഭാഗ്യ നിറവല്ലോ (2)
3. ആദിയിങ്കൽ കയ്പാകിലും | അന്ത്യമോ മധുരമത്രേ (2)
4. കാർമേഘത്തിൻ ഉള്ളിലും ഞാൻ | മിന്നും സൂര്യ ശോഭകാണും (2)
5. സന്ധ്യയിങ്കൽ വിലാപവും | സന്തോഷം ഉഷസ്സിങ്കലും (2)
6. നിന്നോടൊന്നിച്ചുള്ള വാസം | എന്റെ കണ്ണീർ തുടച്ചീടും (2)
7. നിന്റെ മുഖ ശോഭ മൂലം | എന്റെ ദു:ഖം തീർന്നു പോകും (2)

280 പരിശുദ്ധ പരനേ സ്തുതി നിനക്കു | സുര ലോകം വിട്ടവനേ സ്തുതി നിനക്ക്
തിരു മനസ്സാലീ ധരയിൽ വന്നോനേ | കരുണക്കടലേ സ്തുതി നിനക്ക് (2)

1. പെരിയ ശത്രുവിനാൽ നരഗണമാകെ | കരകണ്ടീടുവതിന്നറിയാതെ
തിരഞ്ഞു വഴി വെടിഞ്ഞു നടന്നു വലഞ്ഞീടുന്ന | തറിഞ്ഞു നിൻ തിരുമനം കനിഞ്ഞോനേ (2)
2. നീതിയിൽ സൂര്യാ നിഖിലേശാ! നിൻ | തൃപ്പാദമല്ലാതൊരു ഗതിയേതു?
ഭൂതല ദുരിതങ്ങളഖിലവും ശിരസ്സിൽ നീ | ചുമന്നൊഴിച്ചതിനെ ഞാൻ മറവേനോ (2)
3. ദാസരിൻ ബലമേ മനുവേലാ നിന്നിൻ | ചാരിടുന്നവരോടനുകൂലാ
കോപത്തീയതിൽ വീണു മുഴുകാതെ എന്നെ | കാവൽ ചെയ്തൂടുക ദിനം തോറും (2)
4. പെരിയ ശത്രുവിനാൽ നരകാഗ്നിക്കിട | വരുവതിന്നിടയായ് വന്നിടാതെ
അരുമ രക്ഷകനേ തിരു കൃപയാൽ എന്നെ | പരിശുദ്ധനാക്കി നിൻ ഇടം ചേർക്ക. (2)

281 പരിശുദ്ധൻ ആകുന്ന മശിഹായേ | പാരിൽ നരനായ് വന്നവനേ
ദൂത ഗണത്താൽ ആരാദ്ധ്യാ | സുതരാം അടിയാർ സ്തുതിക്കുന്നേ (2)
*"യാഹെന്ന ദൈവമെന്നിടയനഹോ"*

1. വഴി അറിയാതെ അലഞ്ഞപ്പോൾ | വഴിയും സത്യവും ജീവനാം നീ (2)
നിൻ വഴിയെന്നെ കാണിച്ച | നിൻ മഹാ കൃപയെന്താശ്ചര്യം (2)
2. വിരുതു മറന്നു ഞാൻ ഗമിച്ചപ്പോൾ | അരുതരുതെന്നു ചൊന്നവനേ (2)
കരുണാക്കടലാം പരമേശാ | കരുതുക ഈ നിൻ ദാസനെ നീ (2)
3. താതൻ വലഭാഗേ ഇരിപ്പവനേ | നാഥാ കൃപതാ ഏഴയ്ക്കെന്നും (2)
നിൻ രുധിരത്താൽ കഴുകെന്നെ | നിൻ വരവിന്നായ് ഒരുങ്ങീടാൻ (2)
4. ജീവജലത്തിൻ ഉറവിടമേ | ജീവൻ എനിക്കായ് തന്നവനേ (2)
ജീവിച്ചിടും ഞാൻ നിനക്കായി | ജീവിതകാലം മുഴുവനും ഞാൻ (2)

282 പരിശുദ്ധൻ മഹോന്നത ദേവൻ പരമെങ്ങും വിളങ്ങും മഹേശൻ
സ്വർഗ്ഗീയ സൈന്യങ്ങൾ പാടി സ്തുതിക്കുന്ന സ്വർലോക രാജനാം മശിഹാ
ഹാ ഹാ ഹാ ഹാലേലൂയ്യാ ഹാ ഹാ ഹാ ഹാലേലൂയ്യാ, ആമേൻ

1. അവൻ അത്ഭുത മന്ത്രിയാം ദൈവം നിത്യ താതനാം വീരനാം ദൈവം
ഉന്നത ദേവൻ നീതിയിൻ സൂര്യൻ രാജാധി രാജനാം മശിഹാ (2)
2. കോടാ കോടി വിൺ ദൂത സൈന്യവുമായ് മേഘാ രൂഢനായ് വരുന്നിതാ വിരവിൽ
തൻ പ്രിയ സുതരെ തന്നോടു ചേർക്കാൻ വേഗം വരുന്നേശു മശിഹാ (2)

283 പരിശുദ്ധാത്മാവേ ശക്തി പകർന്നിടണേ (2)
അവിടുത്തെ ബലം ഞങ്ങൾക്കാവശ്യമെന്ന് കർത്താവേ നീ അറിയുന്നു (2)

1. ആദ്യ നൂറ്റാണ്ടിലെ അനുഭവം പോൽ അതിശയം ലോകത്തിൽ നടന്നീടുവാൻ (2)
ആദിയിൽ എന്ന പോൽ ആത്മാവേ അമിതബലം തരണേ (2)
2. ലോകത്തിൻ മോഹം വിട്ടോടീടുവാൻ ഞങ്ങൾ സാത്താന്യ ശക്തിയെ ജയിച്ചീടുവാൻ (2)
ധീരതയോടു നിൻ വേല ചെയ്‌വാൻ അഭിഷേകം ചെയ്തീടണേ (2)
3. കൃപകളും വരങ്ങളും ജ്വലിച്ചീടുവാൻ ഞങ്ങൾ വചനത്തിൽ വേരൂന്നി വളർന്നീടുവാൻ (2)
പിന്മഴയെ വീണ്ടും അയയ്ക്കണമേ നിൻ ജനം ഉണർന്നീടുവാൻ (2)

284 പരിശുദ്ധാത്മാവിൻ ശക്തിയാലെ ഇന്ന് നിറയ്ക്കണേ നാഥാ ശക്തരായി തീരാൻ (2)
ആത്മ സന്തോഷം കൊണ്ടു നിറയ്ക്കണേ പ്രിയനേ
ആത്മ ചൈതന്യം എന്നിൽ പകരുക പരനേ
ജയത്തോടെ ജീവിതം ധരയിൽ ഞാൻ ചെയ്‌വാൻ (2)

1. തിരു കൃപയല്ലോ ശരണമതെന്റെ വൻ കടങ്ങൽ അകറ്റാൻ കഴിവുള്ള പരനേ (2)
2. മായയാമീ ലോകം തരും സുഖമെല്ലാം മറന്നു ഞാൻ ഓടുവാൻ തിരു രാജ്യം ചേരാൻ (2)
3. കുശവന്റെ കയ്യിൽ കളിമണ്ണു പോലെന്നെ പണിയുക പരനെ തിരു ഹിതം പോലെ (2)

285 പരിമള പർവ്വത നിരകളിൽ നിന്നും പറന്നു വരുന്ന പ്രാവുകളേ
മൂറിൻ മലയുടെ താഴ്‌വരയിൽ നിങ്ങൾ എന്റെ പ്രിയനെ കണ്ടുവോ (2)
ഹാലേലൂയ്യാ .. ഹാലേലൂയ്യാ ഹാലേലൂയ്യാ .. ഹാലേലൂയ്യാ (2)

1. നിൻ മൃദു-സ്നേഹ മനോഹര-രൂപം കാണുവാനായി
ഇരവും പകലും ഈ മരു-ഭൂമിയിൽ കാത്തിരിക്കുന്നു (2)
2. മുന്തിരിവള്ളി-ക്കുടിലിൽ ഇരിക്കും ചെറുമാൻ പേടയവൻ
കാട്ടുമരങ്ങൾക്കിടയിൽ വളരും നല്ലൊരു നാരകമായ് (2)
3. യുഗ വെയിൽ മാറും സന്ധ്യാവേളയിൽ അവൻ അരുളിയ ഗാനം
വീണ്ടും വരും എന്നവൻ ഉര ചെയ്തു താമസമില്ലിനിയും (2)

286 പാതാളമേ ! മരണമേ ! നിന്നുടെ ജയം എവിടെ
കുഞ്ഞാട്ടിൻ നിണം കോട്ടതൻ ഭക്തർക്ക് സംഹാരകൻ കടന്നുപോയ് (2)
ജയത്തിൻ ഘോഷം ഉല്ലാസ ഘോഷം ഭക്തരിൻ കൂടാരത്തിൽ എന്നും പുതു ഗീതം (2)
മഹത്വ രാജനായ് സേനയിൻ വീരനായ് അഭയം താൻ അവർക്കെന്നുമേ (2)

1. ഭീകരമാം ചെങ്കടലും മിസ്രയീം സൈന്യ നിരയും
ഭീഷണിയായ് മുമ്പും പിമ്പും ഭീതിപ്പെടുത്തിടുമ്പോൾ (2)
2. ശക്തരായ രാജാക്കളാം സീഹോനും ഓഗും വന്നാൽ
ശങ്കവേണ്ട ഭീതി വേണ്ട ശക്തൻ നിൻ നായകൻ താൻ (2)
3. അഗ്നി നിന്നെ ദഹിപ്പിക്കില്ല നദി നിന്മേൽ കവിയുകില്ല
അഗ്നിയതിൽ നാലാമൻ താൻ ആഴിമേൽ നടകൊണ്ടോൻ താൻ (2)
4. കൂരിരുൾ പാതയിൽ നീ നടന്നാൽ വെളിച്ചമായ് അവൻ നിനക്ക്
കൂട്ടിനു വരും തൻ കോലും വടിയും കൂടെന്നും ആശ്വാസമായ് (2)
5. ഭൂമിയും പണിയും അഴിഞ്ഞു പോകും നിലനിൽക്കും തൻ വചനം
മരണം മാറും നാം വാഴും ജീവനിൽ തൻകൂടെ യുഗായുഗമായ് (2)

287 പാടി പുകഴ്ത്തിടാം ദേവ ദേവനേ പുതിയതാം കൃപകളോടെ (2)
ഇന്നലെയും ഇന്നും എന്നും മാറാ യേശുവേ നാം പാടി പുകഴ്ത്താം (2)
യേശു എന്ന നാമമെ എൻ ആത്മാവിൻ ഗീതമേ (2)
എൻ പ്രിയ യേശുവേ ഞാൻ എന്നും വാഴ്ത്തി പുകഴ്ത്തിടുമേ (2)

1. ഘോര ഭയങ്കര കാറ്റും അലയും കൊടിയതായ് വരും നേരത്തിൽ (2)
കാക്കും കരങ്ങളാൽ ചേർത്തു മാർവണച്ച സ്നേഹം നിത്യം പാടും ഞാൻ (2)
2. യോർദ്ദാൻ സമ മന ശോധനയിലും താണു വീണു പോകാതെ (2)
ആർപ്പിൻ ജയധ്വനിയോടെ കാത്തു പാലിക്കുന്ന സ്നേഹം ആശ്ചര്യം (2)
3. പെറ്റ തള്ള കുഞ്ഞിനെ മറന്നാലും ഞാൻ മറക്കാ എന്ന വാർത്തയാൽ (2)
താഴ്ത്തി എന്നെ തൻ കരത്തിൽ വച്ചു ജീവ പാത എന്നും ഓടും ഞാൻ (2)
4. ഭൂമി എങ്ങും പോയി സാക്ഷി ചൊല്ലുവീൻ എന്നുരച്ച കൽപ്പനയതാൽ (2)
ദേഹം ദേഹി എല്ലാം ഒന്നായ് ചേർന്നു പ്രിയനായി വേല ചെയ്യും ഞാൻ (2)

| | | | |
|---|---|---|---|
| 288 | പാടി പുകഴ്ത്തിടാം യേശുവിനെ നാം | പാരിൽ ജീവിച്ചീടും നാളെല്ലാം | (2) |
| 1. | കാലത്തിൻ പൂർണ്ണത വന്നപ്പോൾ | കാലിത്തൊഴുത്തിൽ പരാപരനേശു | (2) |
| | കന്യകാ സുതനായി പിറന്നു | കാൽവറിയിൽ ബലി ആകുവാൻ | (2) |
| 2. | മാനവരിൻ പാപമഖിലം | മാനുവേൽ തന്മേൽ വഹിച്ചു | (2) |
| | പാപ രഹിതനാം യേശു | പാപികൾക്കായ് മരിച്ചുയിർത്തു | (2) |
| 3. | നാശപാതയിൽ പോകും നരരേ | യേശുവിൻ പാദത്തിൽ വരുവിൻ | (2) |
| | മോശമാകുന്ന വഴികൾ വിട്ടാൽ | മോക്ഷ മാർഗ്ഗത്തിൽ ആക്കിടും നിന്നെ | (2) |
| 4. | വാഗ്ദത്തം അഖിലവും നൽകും | വാക്കുമാറാത്ത മൽപ്രിയനേശു | (2) |
| | വാനവും ഭൂമിയും മാറിയാലും | വചനങ്ങളോ ഒന്നും മാറുകില്ല | (2) |
| 5. | "സ്നേഹിപ്പിൻ സ്നേഹിപ്പിൻ നിങ്ങൾ" | സ്നേഹ നാഥന്റെ കല്പനയല്ലോ | (2) |
| | സ്നേഹിച്ചീടാം നാം ഒന്നായ് എന്നും | ദൈവസ്നേഹത്തിൽ എന്നും വസിക്കാം | (2) |

| | | | |
|---|---|---|---|
| 289 | പാടുവിൻ പ്രിയരെ മോദമായ് വാഴ്ത്തുവിൻ | പാടുകൾ ഏറ്റവൻ യേശുവേ | (2) |
| | | *("സീയോൻ സഞ്ചാരി ഞാൻ യേശുവിൽ ചാരി ഞാൻ" എന്ന രീതി)* | |
| 1. | കാൽവറി കുരിശതിൽ നമ്മുടെ പേർക്കവൻ | കാൽ കരം വിരിച്ചല്ലോ നമ്മെ രക്ഷിപ്പാൻ | (2) |
| | പാപവും ശാപവും ഉണ്മയായ് നീക്കിടാൻ | പാവന ശോണിതം ഊറ്റിയേ! | (2) |
| 2. | നാഥനാം യേശുവിൻ പൊൻ കരങ്ങളിൽ | നാൾ തോറും നമ്മെ കാത്തിടുമല്ലോ | (2) |
| | വീഴാതെ സൂക്ഷിപ്പോൻ താഴാതെ കാക്കുവോൻ | വന്ദ്യനാണിന്നും എന്നേക്കുമേ | (2) |
| 3. | കാലങ്ങൾ ഇനിയും അധികമില്ലല്ലോ | കാന്തൻ താൻ വന്നിടും നമ്മെ ചേർപ്പാനായ് | (2) |
| | ഒരുങ്ങിടാം പ്രിയരേ നാഥനെ എതിരേൽപ്പാൻ | ഒരുമനപ്പെട്ടു നാം പോയിടാം | (2) |

| | | | |
|---|---|---|---|
| 290 | പാടും ഞാനേശുവിൻ അതുല്യ സ്നേഹത്തെ | പാരിൽ പരദേശിയായ് പാർക്കുന്ന വീട്ടിൽ | (2) |
| | പാവനമാം ചട്ടമെന്റെ കീർത്തനങ്ങൾ അത്രേ | നാൾതോറും അവകളെ ധ്യാനിക്കുന്നു | (2) |
| | യേശു എൻ പ്രിയൻ | ക്രിസ്തേശു എൻ പ്രിയൻ | |
| | യേശുവെപ്പോൽ | വേറെ പ്രിയൻ ഇല്ലായേ | (2) |
| 1. | പർവ്വതമാം സമം പ്രശ്നങ്ങളാലെ | നിർവ്വാഹം ഇല്ലാതെ ഞാൻ അലയുമ്പോൾ | (2) |
| | നിർമ്മാണ പദ്ധതി തന്നിൽ അവൻ എന്നെ നടത്തി | കർമ്മയോഗി ആക്കുന്നെന്നെ അനുദിനവും | (2) |
| 2. | കണ്ണുനീർ വഴിത്താരെ ഞാൻ നടന്നാലും | എണ്ണപ്പെട്ടോർ ആരും കൂട്ടില്ലെന്നാലും | (2) |
| | എന്തിനു എൻ ഉള്ളം വ്യഥാ കലങ്ങുന്നു അണുവും | എന്നെ സ്നേഹിക്കുന്ന യേശു ബലഹീനനോ | (2) |
| 3. | മണ്ണാമെൻ കൂടാരം പൊളിഞ്ഞീടും എന്നോ | എൻ പ്രിയൻ വരവു സമീപമായെന്നോ | (2) |
| | ഏതിനും ഞാൻ ഒരുങ്ങുന്നു കൃപയാൽ നാൾതോറും | എനിക്കെന്റെ ഇമ്പവീട്ടിൽ പോയാൽ മതി | (2) |

| | | | |
|---|---|---|---|
| 291 | പാടും ഞാൻ പരമേശനു സതതം | എന്റെ പാപാമെല്ലാം പോക്കിയതാൽ | (2) |
| 1. | അത്രയുമല്ലാശീർവ്വാദം ഒക്കെയും ലഭിച്ചിടുവാൻ | ആർത്തി പൂണ്ടു കാത്തിരുന്ന കാലമതിങ്കൽ | (2) |
| | ആർത്തിയെ തീർത്തവനെ ഞാൻ | ആർത്തു ഘോഷിച്ചിടുവാനെൻ | (2) |
| | ആർത്തിയറിഞ്ഞവൻ തന്റെ | വാർത്ത എനിക്കേകിയതാൽ | (2) |
| 2. | പാനം ചെയ്‌വാൻ കഷ്ടതയിൻ പാനപാത്രം അവൻകൂടെ | സ്നാനമേൽപ്പാൻ കൃപനൽകി പ്രീതിയായവൻ | (2) |
| | മരിച്ചു ഞാൻ കല്ലറയിൽ | അടക്കപ്പെട്ടവൻ കൂടെ | (2) |
| | മഹത്വമായ് ജീവിച്ചിടാൻ | മഹിമയിൻ ആവിയാലെ | (2) |
| 3. | ആർക്കുമേവാൻ സാദ്ധ്യമല്ലാത്താത്മ ശക്തി ലഭ്യമാകാൻ | പാർത്ഥിവൻ മുന്നാർത്തിയോടെ കാത്തിരുന്നു ഞാൻ | (2) |
| | പാർത്തവൻ എൻ ദുരിതങ്ങൾ | ഓർത്തവനെൻ പ്രാർത്ഥനകൾ | (2) |
| | തീർത്തവനെൻ ദുരിതങ്ങൾ | വാഗ്ദത്തത്തിൻ ആവിയാലെ | (2) |
| 4. | ദൂതർക്കും കൂടവകാശം ലഭ്യമാകാതുള്ള രക്ഷാ | ദൂതറിയിച്ചിടാൻ ഭാഗ്യം ലഭിച്ചെനിക്ക് | (2) |
| | ദൂതഗണം കാവലായ് | തന്നനുദിനം എനിക്കവൻ | (2) |
| | നൂതനമാം ദൂതുകളും | ഊനമെന്യേ നൽകിടുന്നു | (2) |
| 5. | കഷ്ടതയോ പട്ടിണി ഉപദ്രവമോ നഗ്നതയോ | കഷ്ടം ഏറ്റെൻ യേശുവേപ്പോൽ ആക്കിടുന്നെന്നെ | (2) |
| | ഒട്ടനേകം സിദ്ധന്മാരോടൊത്തു | ചേർന്നു നിന്നു സ്തുതിച്ച് | (2) |
| | ആർത്തിടുവാൻ അവൻ എന്നെ | യോഗ്യനാക്കി തീർത്തതോർത്തു | (2) |
| 6. | കാത്തിരിക്കുന്നവനെ ഞാൻ കണ്ടിടുവാൻ എന്റെ കൺകൾ | കൊതിച്ചിടുന്നധികമായ് കുതുകമോടെ | (2) |
| | കാലമേറെ ചെല്ലുംമുമ്പെ | കാഹളനാദം കേൾക്കുവാൻ | (2) |
| | കാതുകളും കൊതിക്കുന്നേ | കാരുണ്യ വാരിധേ ദേവാ | (2) |
| 7. | വാട്ടവും മാലിന്യവും ഒട്ടും ഏശിടാതെ ഉള്ളൊ.. | രുത്തമമാം അവകാശം ലഭ്യമാകുവാൻ | (2) |
| | തിട്ടമായിട്ടവൻ എന്നെ | ചേർത്തിടും മണിയിറയിൽ | (2) |
| | പാട്ടു പാടും കൂട്ടരുമായ് | കോടി കോടി യുഗം വാഴാൻ | (2) |

| | | | | |
|---|---|---|---|---|
| 292 | പാരിച്ച ദുഃഖത്താൽ പോരാട്ടം ആകിലും | | നേരോടെ ജീവിച്ചു ആറുതൽ പെടും ഞാൻ | (2) |
| | തീരും എൻ ദുഃഖം വിലാപവും | | ചേരും ഞാൻ സ്വർഗ്ഗേ വേഗം ഹല്ലേലുയ്യാ | (2) |
| 1. | കഷ്ടതയാകിലും നഷ്ടങ്ങൾ വന്നാലും | (2) | ഇഷ്ടന്മാർ വിട്ടാലും തുഷ്ടിയായ് ജീവിക്കും | (2) |
| 2. | കൂട്ടു കുടുംബക്കാർ തിട്ടമായ് വിട്ടീടും | (2) | കൂട്ടു സഹോദരർ ഭ്രഷ്ടരായ് തള്ളീടും | (2) |
| 3. | എന്തു മനോഹരം ഹന്ത ചിന്തിക്കുകിൽ | (2) | സന്തോഷ ദേശമേ നിന്നിൽ ഞാൻ ചേർന്നിടും | (2) |
| 4. | ദൂരത്തായ് കാണുന്നു സോദരർ കൂട്ടത്തെ | (2) | യോർദ്ദാനിൻ അക്കരെ സ്വാഗത സംഘത്തെ | (2) |
| 5. | ബോട്ടിൽ ഞാൻ കയറീടും പാട്ടോടെ യാത്രയ്ക്കായ് | (2) | കോട്ടം ഇല്ലാതുള്ള വീട്ടിൽ ഞാൻ എത്തീടും | (2) |
| 6. | രാജമുടി ചൂടി രാജാധി രാജനെ | (2) | ആലിംഗനം ചെയ്യും നാളിൽ എന്താനന്ദം | (2) |

| | | | |
|---|---|---|---|
| 293 | പാവന നാഥാ നിന്റെ പാദാരവിന്ദം പുൽകാൻ | പാരിതിൽ ചരിച്ചിടും നിൻപാതയിൽ അനുദിനം | (2) |
| | ആശയേറീടുന്നഹോ പ്രാണനാഥനെ കാണ്മാൻ | ആശു എന്നാശ തീർക്കാൻ ഈശനേ വന്നീടുക | (2) |
| 1. | ഈ ലോകെ തുമ്പങ്ങളാൽ ഞാനേറ്റം വലയുമ്പോൾ | മേലോക ഇമ്പങ്ങളെൻ ആശ്വാസമായിടുന്നു | (2) |
| | ലോകത്തെ ജയിച്ചോനാം എന്നേശു മഹോന്നതൻ | ലോഭമില്ലാതെ തന്റെ ജയം എനിക്കേകിടുന്നു | (2) |
| 2. | കാരുണ്യ നാഥാ യേശൂ! നീയെത്ര വലിയവൻ | കാരിരുമ്പാണികളാൽ നിൻ കാൽകരം തകർന്നല്ലോ | (2) |
| | പാപിയാം എന്റെ സർവ്വ പാപവും നീക്കീടുവാൻ | പാപിയെപ്പോലെ നാഥൻ പാടുകൾ സഹിച്ചല്ലോ | (2) |
| 3. | മേഘത്തിൽ വന്നിടും എൻ ശ്രീയേശു മണവാളൻ | വേഗത്തിൽ ചേർത്തിടുമേ കൂടെന്നും വസിച്ചീടാൻ | (2) |
| | ശുദ്ധരേ പാർത്തീടുക വിശുദ്ധന്മാരായ് ദിനവും | സിദ്ധന്മാർ തൻകൂടെ വാണീടും നിത്യകാലം | (2) |
| 4. | നിത്യ തുറമുഖത്ത് ഞാനെത്തും അതിശീഘ്രം | സ്വർഗ്ഗ സീയോനിലേക്ക് ദൂരമിനി ഏറെയില്ല | (2) |
| | പൂർത്തി വരുത്തിടുന്ന യേശുവെ നോക്കിയീ ഞാൻ | ആർത്തിയോടെ എന്നുടെ യാത്ര തുടരുന്നു ഞാൻ | (2) |

| | | | |
|---|---|---|---|
| 294 | പിളർന്നൊരു പാറയേ നിന്നിൽ ഞാൻ മറയട്ടെ | തുറന്ന നിൻ ചങ്കിലെ രക്തം ജലം പാപത്തെ | |
| | നീക്കി സുഖം നല്കട്ടെ | മുറ്റും രക്ഷിക്ക എന്നെ | (2) |
| 1. | കല്പന കാത്തീടുവാൻ | ഒട്ടും പ്രാപ്തനല്ല ഞാൻ | |
| | വൈരാഗ്യം ഏറിയാലും | കണ്ണുനീർ ചൊരിഞ്ഞാലും | |
| | വന്നിടാ പാപനാശം | നീ താൻ രക്ഷിക്ക വേണം | (2) |
| 2. | വെറും കൈയായ് ഞാനങ്ങു | ക്രൂശിൽ മാത്രം നമ്പുന്നു | |
| | നഗ്നൻ ഞാൻ നിൻ വസത്രം താ | ഹീനൻ ഞാൻ നിൻ കൃപ താ | |
| | മ്ലേച്ഛനായ് വരുന്നിതാ | സ്വച്ഛനാക്കു രക്ഷകാ | (2) |
| 3. | എന്നിലോടുന്നീ ശ്വാസം | വിട്ടെൻ കൺ മങ്ങും നേരം | |
| | സ്വർല്ലോക ഭാഗ്യം ചേർന്നു | നിന്നെ ഞാൻ കാണുന്നന്നു | |
| | പിളർന്നൊരു പാറയേ | നിന്നിൽ ഞാൻ മറയട്ടെ | (2) |

| | | | |
|---|---|---|---|
| 295 | പുത്തനാം യെറുശലേമിൽ | എത്തും കാലം ഓർക്കുമ്പോൾ | |
| | ഇദ്ധരയിൽ ഖേദമെല്ലാം | മാഞ്ഞു പോകുന്നേ | (2) |
| | കഷ്ടത പട്ടിണി ഇല്ലാത്ത നാട്ടിൽ നാം | കർത്താവൊരുക്കുന്ന സന്തോഷ വീട്ടിൽ നാം | |
| | തേജസ്സേറും മോഹന കിരീടങ്ങൾ ധരിച്ചു നാം | രാജരാജൻ യേശുവോടു കൂടെ വാഴുമേ | (2) |
| 1. | നീതി സൂര്യ ശോഭയാലെൻ അല്ലലിരുൾ മാറിടും | ഭീതിയും അനീതിയും അങ്ങില്ല ലേശവും | |
| | സന്തോഷ ശോഭനം ആ നല്ല നാളുകൾ | ലോകം ഭരിച്ചീടും കർത്താവിൻ നാളുകൾ | |
| | ശോകം രോഗം യുദ്ധം ക്രുദ്ധ ജാതികളിൽ വിപ്ലവം | പോകുമെല്ലാം യേശുരാജൻ ഭുവിൽ വാഴുമ്പോൾ | (2) |
| 2. | സത്യ ശുദ്ധ പാതയിൽ നടന്നു വന്ന ശുദ്ധന്മാർ | വീണ്ടെടുക്കപ്പെട്ട സർവ്വ ദൈവമക്കളും | |
| | ഉല്ലാസ ഘോഷമായ് സീയോനിൽ വന്നിടും | ദുഃഖം നെടുവീർപ്പും സർവ്വവും തീർന്നിടും | |
| | നിത്യ നിത്യ സന്തോഷം ശിരസ്സിൽ ഹാ! വഹിച്ചവർ | നിത്യതയ്ക്കുള്ളിൽ മറയും തീരും കാലവും | (2) |

| | | | |
|---|---|---|---|
| 296 | പെന്തക്കോസ്തിൻ നാളിൽ മുൻമഴ പെയ്യിച്ച | പരമപിതാവേ പിന്മഴ നൽക | |
| | പിൻമഴനൽകേണം മാലിന്യം മാറ്റേണം | നിൻജനം ഉണർന്നു നിൻവേല ചെയ്യുവാൻ | (2) |
| 1. | ചലിക്കുന്ന എല്ലാ പ്രാണികളും ഇന്ന് | ചലനമുണ്ടാക്കി ജീവൻ പ്രാപിപ്പാൻ | (2) |
| | ചൈതന്യം നൽകേണം നവജീവൻ വേണം | നിത്യതയിൽ എത്തി ആശ്വസിക്കുവാൻ | (2) |
| 2. | മുട്ടോളമല്ല അരയോളം പോരാ | വലിയൊരു ജീവ നദിയൊഴുകാൻ | (2) |
| | നീന്തിയിട്ടല്ലാതെ കടപ്പാൻ വയ്യാത്ത | നീരുറവ എന്നിൽ തുറക്കൂ നാഥാ | (2) |
| 3. | സൈന്യത്താലെ അല്ല ശക്തിയാലെ അല്ല | ദൈവത്തിന്റെ ആത്മ..ശക്തിയാലത്രേ | (2) |
| | ആർത്തു പാടി സ്തുതിക്കാം ഹല്ലേലുയ്യാ പാടാം | ആണിക്കല്ലു കയറ്റാം ദൈവസഭ പണിയാം | (2) |

| | | | |
|---|---|---|---|
| 297 | പൊന്നേശു തമ്പുരാൻ നല്ലോരു രക്ഷകൻ | എന്നെ സ്നേഹിച്ചു തൻ ജീവൻ വച്ചു | (2) |
| 1. | സ്വർഗ്ഗ സിംഹാസനം താതന്റെ മാർവ്വതും | ദൂതന്മാർ സേവയും വിട്ടെൻ പേർക്കായ് | |
| | ദാസനെപ്പോൽ അവൻ ജീവിച്ചു പാപി എൻ | ശാപം ശിരസ്സതിൽ ഏറ്റീടുവാൻ | (2) |
| 2. | തള്ളയെപ്പോൽ നമുക്കുള്ളോരു രക്ഷകൻ | കൊള്ളക്കാരൻ പോലെ ക്രൂശിൽ തൂങ്ങി | |
| | ഉള്ളം ഉരുകുന്നെൻ ചങ്കു തകരുന്നെൻ | കണ്ണു നിറയുന്നെൻ രക്ഷകനെ | (2) |
| 3. | എന്തൊരു സ്നേഹമീ സാധുവേ ഓർത്തു നീ | സന്താപസാഗരം തന്നിൽ വീണു | |
| | എന്നെ വിളിച്ചു നീ എന്നെ എടുത്തു നിൻ | ഓമനപ്പൈതലായ് തീർക്കേണമേ | (2) |
| 4. | പാപം പെരുകിയ സ്ഥാനത്തു കൃപയും | ഏറ്റം പെരുകിയതാശ്ചര്യമേ | |
| | പാപിയിൽ പ്രധാനിയായിരുന്ന ഞാനും | സ്നേഹത്തിൽ പുത്രന്റെ രാജ്യത്തിലായ് | (2) |
| 5. | ഭൂലോക മായയിൽ മോഹം പതിച്ചെന്റെ | കാലം പാഴിൽ കളഞ്ഞീടാതെന്നിൽ | |
| | സ്വർലോക രാജ്യത്തിൽ തങ്കക്കിരീടത്തിൽ | ഉല്ലാസമേകണേ പൊന്നേശുവേ | (2) |
| 6. | പാപം ചെയ്യാതെന്നെ കാവൽ ചെയ്തീടുവാൻ | സർവ്വേശനെ കൈയ്യിൽ ഏല്പിക്കുന്നു | |
| | രാപ്പകൽ നീയെന്നെ വീഴ്ചയിൽ നിന്നെന്റെ | സ്വപ്നത്തിലും കൂടെ കാക്കേണമേ | (2) |
| 7. | കർത്താവു വേഗത്തിൽ മേഘങ്ങളിൽ കോടി | ദൂതന്മാരാർപ്പുമായ് വന്നീടുമ്പോൾ | |
| | എന്നിൽ കനിഞ്ഞെന്നെ മാർവ്വോടണച്ചെന്റെ | സങ്കടം തീർക്കണം രക്ഷകനെ | (2) |

| | | | | |
|---|---|---|---|---|
| 298 | **പൊന്നേശു നരർ തിരുബലി മരണം നിനപ്പാൻ** | **തന്നാനൊരു നിയമം അതിശയമേ** | | (2) |
| 1. | പൊന്നായ തിരുജഡം നരർക്കു വേണ്ടി നുറുങ്ങി | ഒന്നോടെ തിരുരക്തം ചൊരിയും എന്നും | | (2) |
| 2. | അപ്പം ഒന്നെടുത്തവൻ വാഴ്ത്തി നുറുക്കി നൽകി | തൃപ്പാദം തൊഴുന്ന തന്നുടെ ശിഷ്യർക്ക് | | (2) |
| 3. | കാസായിൽ ദ്രാക്ഷാരസം പകർന്നുയർത്തി അരുളി | യേശുവിൻ രക്തമതു സ്മരിച്ചീടുവാൻ | | (2) |
| 4. | മാഹാത്മ്യം ഇതിന്നനവധിയുണ്ടു രഹസ്യമേ | ഏകൻ പോയല്ലോ ബലി കഴിവതിന് | | (2) |

| | | | | |
|---|---|---|---|---|
| 299 | **പോകണം ഒരുനാൾ കൂടാരം വിട്ടു നാം** | **പരദേശ വാസികളേ സ്വന്ത വീടുണ്ടക്കരെ നാട്ടിൽ** | | (2) |
| 1. | സീയോൻ പ്രയാണികളെ നമുക്കിഹ വാസം | ഏറെ തുമ്പം തന്നിടുമ്പോൾ | | (2) |
| | മാലില്ലാ നാട്ടിലെ ആമോദം ഓർത്താൽ | ഹാ എന്തൊരാനന്ദം | ഓ.. ഓ.. | (2) |
| 2. | ക്രൂശിൽ മരണ ഭീതി തകർത്ത | താതൻ മുൻ ചെല്ലുന്നതാൽ | | (2) |
| | പിമ്പേ നാം പോകാം ഈ മോക്ഷ യാത്ര | അതിവേഗം തീർന്നിടും | ഓ.. ഓ.. | (2) |

| | | | |
|---|---|---|---|
| 300 | **പോർക്കളത്തിൽ നാം പൊരുതുക ധീരരായ്** | **യേശുവിൻ നാമം അതേന്തി** | |
| | **പോയിടാം സുവിശേഷം ഓതിടാം നാടെങ്ങും** | **അനന്ത സന്തോഷം ഉണ്ടൊടുവിൽ** | (2) |
| 1. | ആയിരങ്ങൾ പതിനായിരങ്ങൾ ഇതാ | പാപത്തിൻ ആഴത്തിൽ വീണു | (2) |
| | കയറുവാൻ കരകാണാതുഴലുന്ന നേരം | നേടിടാം സ്നേഹക്കൊടിയാൽ | (2) |
| 2. | കണ്ണീരിൽ വിതച്ചീടിൽ ആർപ്പോടു കൊയ്യും | പോയിടാം അവൻ തിരുമുമ്പിൽ | (2) |
| | വാങ്ങാം പ്രതിഫലം ചൂടാം കിരീടങ്ങൾ | പാടിടാം സ്തോത്ര സംഗീതം | (2) |
| 3. | കഷ്ടങ്ങൾ വന്നാലും ക്ലേശം സഹിക്കിലും | ഓടും നിൻ പാത തേടി | (2) |
| | കുരിശിലെ സ്നേഹം ഓർത്തിടും നേരം | വേണ്ടെനിക്കീ ലോക സൗഖ്യം | (2) |
| 4. | ഐക്യമായ് നിന്നു നാം വേല ചെയ്തീടുകിൽ | ഇടിച്ചിടാം പേയിൻ കോട്ട | (2) |
| | ജയമെടുത്തീടാം ജയവീരൻ വരുവാൻ | താമസം ഇല്ലിനി ഏറെ | (2) |

| | | | | |
|---|---|---|---|---|
| 301 | **പ്രതിഫലം തന്നീടുവാൻ** | **യേശുരാജൻ വന്നീടുവാൻ** | | |
| | **അധികം ഇല്ലിനിയും നാളുകൾ നമ്മുടെ** | **ആധികൾ തീർത്തീടുവാൻ** | | (2) |
| 1. | ദൈവിക ഭവനമതിൽ | പുതു വീടുകൾ ഒരുക്കിയവൻ | വരും | |
| | മേഘമതിൽ നമ്മെ ചേർത്തിടുവാൻ | നടുവാനതിൽ ദൂതരുമായ് | | (2) |
| 2. | തൻ തിരുനാമത്തിനായ് | മന്നിൽ നിന്ദകൾ സഹിച്ചവരെ | തിരു | |
| | സന്നിധൗ ചേർത്തു തൻ കൈകളാൽ അവരുടെ | കണ്ണുനീർ തുടച്ചിടുവാൻ | | (2) |
| 3. | സ്വന്ത ജനത്തിനെല്ലാം | പല പീഢകൾ ചെയ്തവരെ | വന്നു | |
| | ബന്ധിതരാക്കി അധർമ്മികളാം | അവർക്കന്തം വരുത്തീടുവാൻ | | (2) |
| 4. | കാലം എല്ലാം കഴിയും | ഇന്നു കാണ്മതെല്ലാം അഴിയും | പിന്നെ | |
| | പുതുയുഗം വിരിയും തിരികെ വരാതെ നാം | നിത്യതയിൽ മറയും | | (2) |

| | | | |
|---|---|---|---|
| 302 | **പ്രത്യാശയോടിതാ ഭക്തർ അങ്ങുണരുന്നേ** | **വന്നുദിക്കും പൊന്നുഷസ്സേ ഓർക്കും തോറും രമ്യം** | (2) |
| 1. | ലക്ഷ്യമെങ്ങും കാണുന്നല്ലോ കർത്തൻ തൻ വരവിൻ | നിത്യമായ രക്ഷയെ തൻ പക്ഷമായ് നൽകീടും | (2) |
| | ലക്ഷത്തിൻ സുന്ദരൻ അക്ഷയനാം രക്ഷകൻ | എത്രയും ക്ഷണത്തിൽ നമ്മെ അക്ഷയരാക്കീടും | (2) |
| 2. | രാജൻ യേശു വന്നീടും നീ ഒരുങ്ങീട്ടുണ്ടോ? | നാളുതോറും നീയവന്റെ സാക്ഷി ആകുന്നുണ്ടോ? | (2) |
| | മൽപ്രിയ സോദരാ നിനക്കു വേണ്ടി താൻ സഹിച്ച | കഷ്ടതയിൻ പങ്ക് ഇന്നു നീ വഹിക്കുന്നുണ്ടോ? | (2) |
| 3. | എണ്ണയുണ്ടോ നിൻവിളക്കിൽ നീ ഒരുങ്ങീട്ടുണ്ടോ | നിർമ്മലമാം നീതിവസ്ത്രം നീ ധരിച്ചിട്ടുണ്ടോ? | (2) |
| | സ്നേഹത്തിന്നാഴവും നീളമതിൻ വീതിയും | ത്യാഗവും സമ്പൂർണ്ണതയും നീ ഗ്രഹിച്ചിട്ടുണ്ടോ? | (2) |
| 4. | പാരിലാരും പാടിടാത്ത പാട്ടു നമ്മൾ പാടും | പാരിലാരും ചൂടിടാത്ത വാടാമുടി ചൂടും | (2) |
| | ജീവന്റെ നാഥനായ് ത്യാഗം സഹിച്ചതാം | സ്നേഹ മണവാളനോടു സീയോൻ പുരം വാഴും | (2) |

| | | | |
|---|---|---|---|
| 303 | **പ്രത്യാശ ഏറിടുന്നേ** | **എന്റെ പ്രിയനും ആയുള്ള** | |
| | **വാസത്തെ ഓർത്തിടുമ്പോൾ** | **പ്രത്യാശ ഏറിടുന്നേ** | (2) |

1. ലോകത്തിൻ മായയിൽ ഞാൻ മുഴുകി പാപത്തിൽ മേവിടുമ്പോൾ താതന്റെ സ്നേഹംഎന്നിൽ ഊറ്റിയതോർത്തീടുമ്പോൾ
ലോകം വെറുത്ത മോക്ഷ മാർഗ്ഗത്തിൽ ഓടിടുവാൻ താതന്റെ സ്നേഹം എന്നെ നിർബന്ധിക്കുന്നതിനാൽ (2)
2. പിൻപിലുള്ളതിനെ ഞാൻ മറന്നു മുൻപിലുള്ളതിനായിട്ടാഞ്ഞു കൊണ്ടു ലാക്കിലേയ്ക്കോടിടുന്നേ
പാരിൽ പലവിധമാം പാടുകൾ ഏറിടുമ്പോൾ പാദം പതറിടാതെ പാതയിൽ ഓടിടും ഞാൻ (2)
3. കൂടാരമാം ഭവനം അഴിഞ്ഞാൽ കൈപ്പണി അല്ലാത്ത നിത്യഭവനമെൻ നാഥൻ ഒരുക്കിടുന്നു
മുത്തുമണികളാലെ നിർമ്മിതമാം പുരത്തിൽ കർത്തനോടൊത്തു മോദാൽ വാസം ചെയ്യുന്നതോർത്താൽ (2)
4. രാക്കാലം ഇല്ലവിടെ നിത്യം കുഞ്ഞാടതിൻ വിളക്കായ് വിലസിടുന്ന സൗഭാഗ്യ പട്ടണത്തിൽ
എന്നു ഞാൻ ചേർന്നിടുമോ ആനവ്യ ഗേഹമിതിൽ നിത്യ യുഗങ്ങൾ മോദാൽ ശുദ്ധരോടൊത്തു വാഴാൻ (2)

| | | | |
|---|---|---|---|
| 304 | **പ്രാർത്ഥനയാൽ സാധിക്കാത്ത കാര്യമില്ലൊന്നും** | **പ്രാർത്ഥിക്കാത്ത കാരണത്താൽ ലഭിക്കുന്നില്ലൊന്നും** | (2) |
| | **യാചിക്കുന്നതെല്ലാം നിങ്ങൾ പ്രാപിച്ചുവെന്നോ** | **വിശ്വാസത്തോടെ യാചിക്കുകിൽ നിശ്ചയം ഫലം** | (2) |
| 1. | നിങ്ങൾ എന്നിൽ എൻവചനം നിങ്ങൾക്കുള്ളിലും | വാസം ചെയ്കിൽ യാചനകൾ സാദ്ധ്യമായിടും | |
| | എന്നോടു ചേർന്നൊരു നാഴിക ഉണർന്നിരിക്കാമോ | പാപക്കെണികൾ ഒഴിഞ്ഞുപോകാൻ മാർഗ്ഗമതല്ലയോ | (2) |
| 2. | മടുത്തുപോകാതൊടുക്കത്തോളം പ്രാർത്ഥിച്ചീടുകിൽ | തടുത്തു വച്ചാൽ ഒടുങ്ങിടാത്ത ശക്തി പ്രാപിക്കാം | |
| | ഇന്നുവരെ എൻ നാമത്തിൽ ചോദിച്ചില്ലല്ലോ | ചോദിക്കുവിൻ നിങ്ങൾക്കേകാം പൂർണ്ണ സന്തോഷം | (2) |

## 305 പ്രാർത്ഥന കേൾക്കണമേ കർത്താവേ എൻ യാചന നൽകണമേ (2)

| | | | | |
|---|---|---|---|---|
| 1. | പുത്രന്റെ നാമത്തിൽ ചോദിക്കും കാര്യങ്ങൾ | (2) ക്കുത്തരം തന്നരുളാം | എന്നുള്ളോരു വാഗ്ദത്തംപോൽ ദയവായ് | (2) |
| 2. | താതനും മാതാവും നീയെനിക്കല്ലാതെ | (2) ഭൂതലം തന്നിലില്ലേ | വേറാരുമെൻ ആതങ്കം നീക്കിടുവാൻ | (2) |
| 3. | നിത്യതയിൽ നിന്നുള്ളത്യന്ത സ്നേഹത്താൽ | (2) ശത്രുതയെ അകറ്റി | എനിക്കു നീ പുത്രത്വം തന്നതിനാൽ | (2) |
| 4. | സ്വന്ത കുമാരനെ ആദരിയാതെന്മേൽ | (2) സിന്ധുസമം കനിഞ്ഞ | സംപ്രീതിയോർത്തന്തികെ ചേർന്നിടുന്നേൻ | (2) |
| 5. | ഭൃത്യരനേകരിൻ പ്രാർത്ഥന കേട്ടുനീ | (2) ഉത്തരം നൽകിയതോർത്ത് | അത്യാദരം തൃപ്പാദം തേടിടുന്നേൻ | (2) |
| 6. | കള്ളന്റെ യാചന കേട്ടുള്ളലിഞ്ഞ നിൻ | (2) തുല്യമില്ലാ ദയയോർത്ത് | ഇതാ വന്നേൻ നല്ലവനേ സദയം | (2) |
| 7. | യേശുവിൻ മൂലമെൻ യാചന നൽകുകെ | (2) ന്നാശയിൽ കെഞ്ചിടുന്നത് | അല്ലാതെന്നിൽ ലേശവും നന്മയില്ലേ | (2) |

## 306

| | | | |
|---|---|---|---|
| | പ്രാർത്ഥനയ്ക്കുത്തരം നൽകുന്ന ദൈവം | ഭാരങ്ങൾ എല്ലാം നീക്കുമെൻ ദൈവം | |
| | പാരിതിൽ ജയമായ് നടത്തിടുന്നവനാം | യേശുവത്രേ എൻ ആശ്രയമെന്നും | (2) |
| 1. | പാപമാം ചേറ്റിൽ ഞാൻ താണതാം നേരം | കാൽവറി സ്നേഹത്താൽ എന്നെ ഉയർത്തി | |
| | സുസ്ഥിര പാറമേൽ പാദം നിറുത്തി | നവ്യമാം ഗാനവും നാവിന്മേൽ നൽകി | (2) |
| 2. | ശത്രു എന്റെ നേരെ തുടർന്നെത്തിയാലും | തൻതിരു ചിറകിൽ മറയ്ക്കുമെൻ പ്രിയൻ | |
| | വിശ്വസ്തനാണല്ലോ വിളിച്ച എൻ ദൈവം | അവസാനത്തോളവും കാത്തിടുമെന്നെ | (2) |
| 3. | ക്രിസ്തുവിൻ സാക്ഷിയായ് തീർന്നതിനാലെൻ | വീട്ടുകാരേവരും തള്ളിവിട്ടാലും | |
| | അമ്മയെപ്പോലെന്നെ അണയ്ക്കുമെൻ നാഥൻ | കരുതിടും എനിക്കവൻ വേണ്ടുന്നതെല്ലാം | (2) |
| 4. | പ്രാർത്ഥന ധൂപമായ് ഉയർന്നിടുമ്പോഴെന്റെ | ദുരിതങ്ങൾ ഹിമസമം അലിഞ്ഞുപോയിടുന്നു | |
| | പെരുവെള്ള ഇരച്ചിൽ പോൽ നിന്ദകൾ ഏറുമ്പോൾ | സ്തുതിച്ചിടാൻ അവനെന്റെ നാവുണർത്തുന്നു | (2) |
| 5. | ആശ്രയം അവനിൽ ഞാൻ പുതുക്കിടുന്തോറും | ആനന്ദം അനുദിനം ഏറിടുന്നെന്നിൽ | |
| | ആശയേറിടുന്നേ പ്രിയനെ കാണുവാൻ | ആനാളിനായ് ഞാനും കാത്തു പാർത്തിടുന്നേ | (2) |

## 307

| | | | |
|---|---|---|---|
| | പ്രാർത്ഥനയ്ക്കുത്തരം നൽകുന്നോനേ | നിന്റെ സന്നിധിയിൽ ഞാൻ വരുന്നേ | (2) |
| | സ്വർഗ്ഗീയനുഗ്രഹ ഭണ്ഡാരത്തിൻ | വാതിൽ തുറക്കണമേ | (2) |
| | കേൾക്കണേ എൻ പ്രാർത്ഥന | നൽകണേ എൻ യാചന | (2) |
| 1. | പുത്രന്റെ നാമത്തിൽ ചോദിക്കുമ്പോൾ | ഉത്തരം തരുമെന്നരുളിയോനേ | (2) |
| | നീക്കം വരാത്ത നിൻ വാഗ്ദത്തമെൻ | പേർക്കു നീ തന്നുവല്ലോ | (2) |
| 2. | വചനം എന്നാത്മാവിൻ ദാഹം തീർപ്പാൻ | അരുളുക ദാസരിൽ വരമധികം | (2) |
| | പകരുക ആത്മാവിൻ തിരു ശക്തിയാൽ | നിറയുവാൻ നിൻ ജനങ്ങൾ | (2) |
| 3. | പാപവും ശാപവും അകറ്റിടുമാ | രുധിരത്തിൻ അത്ഭുത ശക്തിയിന്ന് | (2) |
| | അറിയുവാൻ ഇവിടെ വിശ്വാസത്തിന്റെ | ഹൃദയങ്ങൾ തുറക്കണമേ | (2) |

## 308

| | | | | |
|---|---|---|---|---|
| | പ്രാക്കളെപ്പോൽ നാം പറന്നീടുമേ | | പ്രാണപ്രിയൻ വരവിൽ | (2) |
| | പ്രത്യാശയേറുന്നേ പൊൻമുഖം കാണുവാൻ | (2) | പ്രാണപ്രിയൻ വരുന്നു | (2) |
| 1. | കഷ്ടങ്ങളെല്ലാം തീർന്നിടുമേ | | കാന്തനാം യേശു വരുമ്പോൾ | (2) |
| | കാത്തിരുന്നിടാം ആത്മബലം ധരിക്കാം | (2) | കാലങ്ങൾ ഏറെയില്ല | (2) |
| 2. | യുദ്ധങ്ങൾ ക്ഷാമങ്ങൾ ഏറിടുമ്പോൾ | | ഭാരപ്പെടേണ്ടതുണ്ടോ? | (2) |
| | കാഹളം ധ്വനിക്കും വാനിൽ മണവാളൻ വന്നീടും | (2) | വിശുദ്ധിയോടൊരുങ്ങി നിൽക്കാം | (2) |
| 3. | ഈ ലോക ക്ലേശങ്ങൾ ഏറിടുമ്പോൾ | | സാരമില്ലെന്നെണ്ണീടാം | (2) |
| | നിത്യ സന്തോഷം ഹാ.. ഹാ.. എത്ര ഉന്മേഷം | (2) | നിത്യമായങ്ങു വാണിടും | (2) |
| 4. | വീണ്ടെടുക്കപ്പെട്ടോർ നാം പാടിടും | | “മൃത്യുവിൻ ജയമെവിടെ?” | (2) |
| | യുഗായുഗമായ് പ്രിയൻ കൂടെന്നും | (2) | തേജസ്സിൽ വാസം ചെയ്തിടും | (2) |

## 309

| | | | |
|---|---|---|---|
| | പ്രിയൻ വേഗം വരും നിത്യ രാജാവായ് | തന്റെ കാന്തയെ ചേർപ്പതിനായ് | |
| | ഒരുങ്ങുകെൻ മനമേ നിൻ പതിയെ സ്വീകരിപ്പാൻ | തിടുക്കമോടോരോ നാളും തിടുക്കമോടോരോ നാളും | |
| | യേശുവെ നോക്കി നീ ജീവിച്ചീടുക | വിശ്വാസത്തിൻ നല്ല പോർ പൊരുതീടുക | |
| | പ്രതിഫലം താൻതരും തൻ പ്രിയന്മാർക്കു | പ്രത്യാശയോടോടുക പുരിയിലേക്ക് | (2) |
| 1. | സ്വർഗ്ഗത്തിൽ നിൻ നിക്ഷേപം എന്നെണ്ണീടുക | സ്വർഗ്ഗരാജ്യം അത്രേ നിന്റെ നിത്യ ഗേഹം | (2) |
| | സ്വർഗ്ഗരാജ്യവും അതിൻ നീതിയും മുന്നമേ | അന്വേഷിക്കനുദിനവും | (2) |
| 2. | കീർത്തനങ്ങളോടെ നീ ഓടീടുവാൻ | കർത്തൻ കരുതീടും നിനക്കായ് വേണ്ടതെല്ലാം | (2) |
| | സ്വർഗ്ഗത്തിൻ മന്നയും പാറയിൻ വെള്ളവും | മരുഭൂപ്രയാണമതിൽ | (2) |
| 3. | പോർ ജയിച്ചീടുവാൻ ബലം ധരിപ്പിക്കും താൻ | പരിചയായ് കാക്കും നിന്നെ | (2) |
| | മതിൽ ചാടിക്കടക്കും നീ തൻ ഭുജബലത്താൽ | പാർത്തീടും ഉന്നതികളിൽ | (2) |
| 4. | ആകയാൽ എൻ മനമേ നീ ആനന്ദിക്ക | ആമോദമോടെ നീ പാടീടുക | (2) |
| | അവൻ നിന്റെ കോട്ടയും രക്ഷയിൻ പാറയും | അർപ്പണം ചെയ്യുക നീ | (2) |

| | | | |
|---|---|---|---|
| 310 | ഭയം ലേശം വേണ്ടിനിയും മമ യേശു എന്നഭയം | വൻ തുമ്പ നേരത്തിലും യേശു താൻ എന്നോടിരിക്കും | (2) |
| 1. | കൺമണി പോലെന്നെ സൂക്ഷിച്ചു | ഉള്ളം കൈയിലെന്നെ വരച്ചു | (2) |
| | പരനറിയാതെ ഒന്നും വന്നതില്ല | തിരുമാർവതിൽ ചാരിടും ഞാൻ | (2) |
| 2. | കർത്തനോടൊത്തു ഞാൻ നടന്നു | നിത്യ ശാന്തിയെന്നിൽ പകർന്നു | (2) |
| | വെളിപ്പാടിനാൽ ദിനവും വിശുദ്ധമാം | വഴികളിൽ നയിച്ചിടുമേ | (2) |
| 3. | കഷ്ടങ്ങൾ നഷ്ടങ്ങൾ വന്നാലും | യോർദ്ദാൻ കവിഞ്ഞൊഴുകിയാലും | (2) |
| | ഏലിയാവിൻ ദൈവത്താൽ ശത്രുവിന്മേൽ | ജയഭേരി മുഴക്കിടുമേ | (2) |
| 4. | എത്രയോ അത്ഭുത നന്മകൾ | കർത്തൻ ചെയ്തതു നിനച്ചിടുകിൽ | (2) |
| | ഇതുവരെ ശുഭമായ് നടത്തിയോൻ | ഇനിമേലും നടത്തിടുമേ | (2) |

| | | | |
|---|---|---|---|
| 311 | ഭയപ്പെടാതെ നാം പോയിടാം | യിസ്രായേലിൻ ദൈവം കൂടെയുണ്ട് | (2) |
| | അന്ധകാരമാം ഈ ലോക യാത്രയിൽ | അനുദിനം അവൻ നമ്മെ നടത്തിടുന്നു | (2) |
| 1. | മരുഭൂമിയിലെ യാത്രയിലും നീ | മാറാത്ത ദൈവമല്ലോ | (2) |
| | കാട പക്ഷിയും മന്നായും കൊണ്ടവൻ | തൃപ്തരായ് നടത്തിടുന്നു | (2) |
| 2. | തിരമാലകൾ വൻ ഭാരങ്ങളിലും നീ | മാറാത്ത ദൈവമല്ലോ | (2) |
| | കാറ്റെ ശാസിച്ച കാൽവറി നാഥൻ | കാത്തു സൂക്ഷിച്ചിടുന്നു | (2) |
| 3. | പല വ്യാധികളാൽ വലഞ്ഞിടും നേരം | മാറാത്ത ദൈവമല്ലോ | (2) |
| | ആത്മ വൈദ്യനാം ശ്രീയേശു നായകൻ | സൗഖ്യം പ്രദാനം ചെയ്യും | (2) |
| 4. | മരണത്തിൻ കൂരിരുൾ താഴ്വരയിലും നീ | മാറാത്ത ദൈവമല്ലോ | (2) |
| | ഈ ലോകത്തിലെ യാത്ര തീർന്നിടുമ്പോൾ നാം | ചേർന്നിടും ഭാഗ്യനാട്ടിൽ | (2) |

| | | | |
|---|---|---|---|
| 312 | ഭയപ്പെടേണ്ടാ ഇനി ഭയപ്പെടേണ്ടാ | ഇമ്മാനുവേൽ നിന്റെ കൂടെയുണ്ട് | (2) |
| | എണ്ണമില്ലാതുള്ള നന്മകൾ ഓർത്താൽ | വർണ്ണിപ്പാൻ ആയിരം നാവുകൾ പോരാ | (2) |
| 1. | സിംഹങ്ങൾ നടുവിൽ തള്ളപ്പെട്ടാലും | ഭയപ്പെടേണ്ടിനിയും | |
| | തീച്ചൂള നിന്നെ മൂടിയെന്നാലും | ഭയപ്പെടേണ്ടിനിയും | |
| | കണ്മണി പോൽ നിന്നെ കാക്കുന്ന ദൈവം | തന്നുള്ളം കയ്യിൽ വഹിച്ചിടും എന്നും | (2) |
| 2. | കൂട്ടിനായ് ആരും കൂടില്ലെന്നാലും | ഭയപ്പെടേണ്ടിനിയും | |
| | കൂടെ സഹിപ്പാൻ ആരുമില്ലെന്നാലും | ഭയപ്പെടേണ്ടിനിയും | |
| | തന്നുള്ളം കൈയ്യിൽ വരച്ചവൻ നിന്റെ | കൂടെ നടക്കും കൂടെ വസിക്കും | (2) |

| | | | |
|---|---|---|---|
| 313 | ഭാഗ്യ നാട്ടിൽ പോകും ഞാൻ എന്റെ | ഭാഗ്യ നാട്ടിൽ പോകും ഞാൻ | |
| | ഭാഗ്യ നാട്ടിൽ ചെന്നു ശുദ്ധരോടൊന്നിച്ച് | യേശുവെ വാഴ്ത്തീടുമേ | (2) |
| 1. | മായ ഇമ്പം വിടുന്നേ എന്റെ | ലോക സുഖങ്ങളെല്ലാം | |
| | നായകനാം എന്റെ മന്നനെ ഓർത്തു ഞാൻ | തൻ തിരു നാമത്തിനായ് | (2) |
| 2. | സ്വർഗ്ഗ ഭാഗ്യമോർക്കുമ്പോൾ .. എന്റെ | ഉള്ളം ആനന്ദിക്കുന്നേ | |
| | തുള്ളിക്കളിച്ചെന്റെ സന്തോഷ രാജ്യത്തിൽ | വേഗം ഞാൻ ചേർന്നീടുമേ | (2) |
| 3. | ഓരോ ദിവസവും ഞാൻ എന്റെ | പ്രിയനെ നോക്കിക്കൊണ്ട് | |
| | നേരായ പാതയിൽ സേവനം ചെയ്തു ഞാൻ | മാർവ്വോടണഞ്ഞീടുമേ | (2) |

| | | | |
|---|---|---|---|
| 314 | ഭൂ വാസികളേ, യഹോവയ്ക്കാർപ്പിടുവിൻ | സന്തോഷത്തോടെ സ്തുതി പാടുവിൻ | |
| | സംഗീതത്തോടെ വന്നു കൂടുവിൻ | അവൻ നല്ലവനല്ലോ ദയ എന്നുമുള്ളത് | (2) |
| 1. | യഹോവ തന്നെ ദൈവം എന്നറിവിൻ | അവൻ നമ്മെ മെനഞ്ഞുവല്ലോ | (2) |
| | അവൻ നമുക്കുള്ളവൻ നാം അവനുള്ളവർ | അവനെ വാഴ്ത്തീടുവിൻ | (2) |
| 2. | യഹോവ തന്നെ വിശ്വസ്തൻ എന്നറിവിൻ | അവൻ നമ്മെ വിടുവിച്ചല്ലോ | (2) |
| | അവൻ നല്ല ഇടയൻ തന്റെ ആടുകൾ നാം | അവനെ സ്തുതിച്ചീടുവിൻ | (2) |

| | | | | |
|---|---|---|---|---|
| 315 | മനമേ ചഞ്ചലമെന്തിനായ് | കരുതാൻ വല്ലഭനില്ലയോ ജയവീരനായ് ആ.ആ..ആ | | |
| 1. | നാളയെ നിനച്ചു നടുങ്ങേണ്ടാ | ദു:ഖ വേളകൾ വരുമെന്നു കലങ്ങേണ്ടാ | | (2) |
| | കാലമെല്ലാം ഉള്ള മനുവേലൻ | കരുതാതെ കൈവിടുമോ | ആ.. ആ.. ആ.. | (2) |
| 2. | വാനിലെ പറവകൾ പുലരുന്നു നന്നായ് | വയലിലെ താമര വളരുന്നു | | (2) |
| | വാനവ നായകൻ നമുക്കേതും | നൽകാതെ മറന്നിടുമോ | ആ.. ആ.. ആ.. | (2) |
| 3. | കൈവിടുകില്ലിനി ഒരു നാളും എന്നു | വാക്കു പറഞ്ഞവൻ മാറിടുമോ | | (2) |
| | വാനവും ഭൂമിയും പോയാലും | വാഗ്ദത്തം സുസ്ഥിരമാം | ആ.. ആ.. ആ.. | (2) |
| 4. | മുന്നമേ ദൈവത്തിൻ രാജ്യവും നാമതിൻ | ഉന്നത നീതിയും തേടിടേണം | | (2) |
| | തന്നിടും നായകൻ അതിനോടെ | അന്നന്നു വേണ്ടതെല്ലാം | ആ.. ആ.. ആ.. | (2) |
| 5. | നിൻ വഴി ദേവനെ ഭരമേൽപ്പിക്കുക | നിർണ്ണയം അവനതു നിറവേറ്റും | | (2) |
| | ഭാരം യഹോവയിൽ വച്ചീടുകിൽ | നാൾതോറും നടത്തുമവൻ | ആ.. ആ.. ആ.. | (2) |
| 6. | വരുവാൻ കാലം അടുത്തല്ലോ, അവൻ | ഒരുക്കിയ വീട്ടിൽ നാം ചേർന്നീടുവാൻ | | (2) |
| | ഒരു നാളും ഇനി പിരിയാതെ | മരുവും നാം ആനന്ദമായ് | ആ.. ആ.. ആ.. | (2) |

| | | | |
|---|---|---|---|
| 316 | മനമേ വാഴ്ത്തുക നീ<br>താൻ മാത്രം സ്തുത്യനാം | വല്ലഭൻ യേശുവിനെ<br>മനമേ വാഴ്ത്തുക നീ | (2) |
| | | *"മൻ കാ ദീപ് ജലാ ജീവൻ ദീപ് ജലാ"* | |
| 1. | പൂർണ്ണ ഹൃദയമോടാദരവായ് നീ<br>വർണ്ണിപ്പിൻ ഉപകാരങ്ങളെ | പൂർണ്ണനാകും യേശുവിന്റെ<br>വർണ്ണനാതീതം തൻ കൃപയേ | (2) |
| 2. | തൻ ദയ ജീവനിലും ഉത്തമം<br>വാനവും ഭൂമിയും മാറിയാലും | തൻ കരുണയോ അതു തലമുറയായ്<br>തൻ വചനം അതു മാറുകില്ല | (2) |
| 3. | മാനവർക്കായ് മരിച്ചുയിരേകിയോൻ<br>ഊനമില്ലാതെ വസിച്ചിടിൽ നീ | വാനത്തിൽ ശീഘ്രമായ് വന്നീടാറായ്<br>തൻ കൂടെ പോയിടും നിശ്ചയമായ് | (2) |

| | | | |
|---|---|---|---|
| 317 | മനസ്സൊരുക്കുക നാം ഒരു പുതുക്കത്തിനായ്<br>ഒത്തുചേർന്നിടാം ഒത്തു പാടിടാം | കർത്തൻ യേശു സാക്ഷികളായ്<br>തന്റെ നാമ മഹത്വത്തിനായ് | (2)<br>(2) |
| 1. | കണ്ണുനീരിൽ നാം ഒരുമിച്ചു വിതച്ചീടുകിൽ<br>ആത്മശക്തിയാൽ അടരാടുവാൻ | ആർപ്പോടു കൊയ്തെടുക്കാം<br>അവനായ് നാം ജയമെടുക്കാം | (2)<br>(2) |
| 2. | നീർ തോടിനായ് ദാഹിക്കും മാൻപേട പോൽ<br>ആത്മ മാരിക്കായ് പ്രാർത്ഥിച്ചീടുമ്പോൾ | അതി ദാഹത്തോടെ നമ്മൾ<br>അവൻ നമ്മെ നിറച്ചീടുമേ | (2)<br>(2) |
| 3. | ദൈവ സ്നേഹത്തിൽ നാം ഒത്തു വസിച്ചീടുമ്പോൾ<br>സദാ ഏകമായ് ഒരു ദേഹമായ് | ലോകമാകവെ അറിയും<br>പ്രഭ വീശണം ഇഹത്തിൽ | (2)<br>(2) |

| | | | |
|---|---|---|---|
| 318 | മനസ്സോടെ ശാപ മരത്തിൽ തൂങ്ങിയ<br>നിനക്കീ വേദന വരുത്തി വെച്ചതി | മനുവേലേ ദൈവ ജാതാ!<br>നീചൻ ഞാനയ്യോ | (2) |
| 1. | പരമനീതി എൻ ദുരിതത്താൽ എന്നെ<br>പരമൻ നീ അതാൽ അരിയപ്പെട്ടിടാൻ | അരിവാൻ നിന്നൊരു നേരം<br>ഇറങ്ങി വന്നല്ലോ | (2) |
| 2. | മലപോലെ ശാപം ജ്വലിച്ചിറങ്ങിയ<br>അലിഞ്ഞു നീ ശാപം തലയിൽ കൊണ്ടീടാൻ | നിലത്തിൻ പാതകം മൂലം<br>വലിമ വിട്ടല്ലോ! | (2) |
| 3. | നന്ദികെട്ട ഈ നരരെ നരക<br>മന്നവാ! തിരു പൊൻ കുരുതി | അഗ്നിയിൽ നിന്നു നേടാൻ<br>നീ ചിന്നി നിന്നല്ലോ! | (2) |
| 4. | ദൈവ കോപത്തിൻ ദർശനം വിട്ടു<br>സർവ്വ ലോകത്തിൻ നായകാ നിൻ | പാപി ഞാൻ ഒളിച്ചീടാൻ<br>വിലാവും വിണ്ടല്ലോ | (2) |
| 5. | മരിച്ചവർക്കമൃതായ് നിൻ ദേഹത്തെ<br>മുറിഞ്ഞുടഞ്ഞ നിൻ തിരു മെയ്യിൻ രക്തം | നുറുക്കിയോ ജീവനാഥാ!<br>ചൊരിഞ്ഞല്ലോ പാരിൽ | (2) |
| 6. | അരിഷ്ട പാപി നിൻ തിരു പുണ്യങ്ങളിൽ<br>തിരു പ്രതിമയാക്കടിമയെ | ശരണം വെച്ചു വന്നയ്യോ<br>കൃപ നിറഞ്ഞ കർത്താവേ! | (2) |

| | | | |
|---|---|---|---|
| 319 | മധുരതരം തിരുവേദം | മാനസമോദ വികാസം | (2) |
| 1. | തിരുമിതു നിത്യം പരിചയച്ചീടിൽ | നിരവധി നന്മകളുണ്ടാകും പരമധനമിതിൽ കണ്ടാൽ | (2) |
| 2. | വാനൊളി നീങ്ങി ഇരുളാകും അന്നേരം | ഭാനുവിൽ ദീപ്തിപോൽ നിന്നു ഭാസ്സുരുളീടും ഇതെന്നും | (2) |
| 3. | ബഹുവിധ കഷ്ടമാം കയ്പുകൾ മൂലം | മധുരം അശേഷം പോകെ മധുവിധു നല്കീടും ചാലെ | (2) |
| 4. | നിസ്വത നിന്നെ കൃതനാക്കുമ്പോൾ | രത്ന വ്യാപാരി തന്നെ പ്രത്നധനിയാക്കും നിന്നെ | (2) |
| 5. | അജ്ഞനു ജ്ഞാനം അന്ധനു നയനം | നല്കിടുമീശ്വര വചനം പുൽകുന്നു വിജ്ഞരിതിനെ | (2) |

| | | | |
|---|---|---|---|
| 320 | മദ്ധ്യാകാശത്തിങ്കൽ മണിപ്പന്തലിൽ<br>മഹിമയിൽ വാഴുന്ന മണവാളനായ് | മണവാട്ടി സഭയുടെ വേളി നടക്കും<br>മാലിന്യമേൽക്കാതെ നാം ഒരുങ്ങിനിൽക്കാം | (2)<br>(2) |
| | വാനത്തിൽ മേഘത്തിൽ മദ്ധ്യ വാനത്തിൽ<br>വീണ്ടെടുക്കപ്പെട്ട ദൈവ ജനമേ | വന്നിടും കാന്തനായ് ഒരുങ്ങി നിൽക്കാം<br>വിശുദ്ധിയെ തികച്ചു നാം ഒരുങ്ങിനിൽക്കാം | (2)<br>(2) |
| 1. | ഇത്രയും സ്നേഹം കിട്ടിയ<br>ഇത്രയും ഭാഗ്യം ഏറിയ<br>ഇനിയും കുറഞ്ഞോന്നു കഴിയുന്നേരം | ഒരു മണവാട്ടി വേറെ ഇല്ലല്ലോ<br>ഒരു മണവാട്ടി പാരിൽ ഇല്ലല്ലോ<br>വരുവാനുള്ളവൻ വേഗം വന്നിടും | (2)<br>(2)<br>(2) |
| 2. | കുഞ്ഞാട്ടിൻ കല്യാണ നാളിൽ<br>കാന്തനോടു ചേർന്നീടുവാൻ<br>"ഇവിടെ കയറി വരിക" എന്ന് | അന്ന് ക്ഷണിക്കപ്പെട്ടോർ എല്ലാവരും<br>അവർക്കന്നാളിൽ ഭാഗ്യമുണ്ടാകും<br>കർത്താവിൻ ഗംഭീര നാദമുണ്ടാകും | (2)<br>(2)<br>(2) |
| 3. | ഇത്രയും സ്നേഹം നൽകിയ<br>ഇത്രമാം രക്ഷ നൽകിയ<br>സ്വന്തമാം ജീവനെ തന്നു വീണ്ടവൻ | ഒരു മണവാളൻ വേറെ ഇല്ലല്ലോ<br>ഒരു മണവാളൻ ഭൂവിൽ ഇല്ലല്ലോ<br>തിരു രക്തം ചൊരിഞ്ഞു രക്ഷയേകിയോൻ | (2)<br>(2)<br>(2) |

| | | | |
|---|---|---|---|
| 321 | മൺ മയമാം ഈയുലകിൽ കാണ്മതും മായ | വൻ മഹിമ ധന സുഖങ്ങൾ സകലവും മായ | |
| 1. | മന്നിൽ നമ്മൾ ജീവിതമോ | പുല്ലിനെ പോലെ | |
| | ഇന്നു കണ്ടു നാളെ വാടും | പൂക്കളെ പോലെ | (2) |
| 2. | ധാന്യം ധനം ലാഭം കീർത്തി | ഹാ നഷ്ടമാകും | |
| | മാന്യ മിത്രരാകെ നമ്മെ | പിരിഞ്ഞിനി പോകും | (2) |
| 3. | ഏഴു പത്തോ ഏറെ ആയാൽ | എൺപതു മാത്രം | |
| | നീളും ആയുസ്സതു നിനച്ചാൽ | കഷ്ടത മാത്രം | (2) |
| 4. | ലോക മരുഭൂവിൽ | മർത്യർ ആശ്രയം തേടി | |
| | ശോക കൊടും വെയിലിൽ അയ്യോ | വീഴുന്നു വാടി | (2) |
| 5. | ദൈവ മക്കൾ നമുക്കു സ്വർഗ്ഗം | ഹാ! സ്വന്ത ദേശം | |
| | കേവലമീ പാരിടമോ | വെറും പരദേശം | (2) |

| | | | |
|---|---|---|---|
| 322 | മറവിടത്തിൽ എന്നെ മറയ്ക്കണേ നാഥാ | മരുവിൽ മറവിടം നീ മാത്രം | |
| | മനുകുലത്തിൽ എന്നെ മാനവർ എല്ലാം | മറന്നപ്പോൾ നീ കരുതിയല്ലോ | (2) |
| 1. | എന്റെ കണ്ണുനീർ തുടച്ചവനെ | എന്നെ മാറോടു ചേർത്തവനെ | (2) |
| | നന്ദിയോടെ ഞാൻ പാടീടുമേ | മന്നിൽ ഞാൻ ഉള്ള നാളുകൾ | (2) |
| 2. | ഞാൻ ഭാരത്താൽ വലഞ്ഞപ്പോൾ | എന്റെ ചാരത്തായ് അണഞ്ഞവനേ | (2) |
| | രോഗത്തിൽ എന്നെ താങ്ങിയോനേ | വിടുതൽ പകർന്നവനേ | (2) |
| 3. | ആത്മ ശക്തി അയയ്ക്കേണമേ | കൃപാദാനങ്ങൾ നൽകേണമേ | (2) |
| | പിൻമാരിയെ നീ ഊറ്റണമേ | സഭയെ ഉണർത്തണമേ | (2) |

| | | | |
|---|---|---|---|
| 323 | മറവിടമായ് എനിക്കേശുവുണ്ട് | മറച്ചിടും അവനെന്നെ ചിറകടിയിൽ | |
| | മറന്നിടാതിവിടെന്നെ കരുതിടുവാൻ | മാറാതെ അവനെന്റെ അരികിലുണ്ട് | (2) |
| 1. | അനുദിനവും അനുഗമിപ്പാൻ | അവൻ നല്ല മാതൃക ആകുന്നെനിക്ക് | (2) |
| | ആനന്ദ ജീവിത വഴിയിലിന്ന് | അനുഗ്രഹമായ് എന്നെ നടത്തിടുന്നു | (2) |
| 2. | വിളിച്ച ദൈവം വിശ്വസ്തനല്ലോ | വഴിയിൽ വലഞ്ഞു ഞാൻ അലയാനിട | (2) |
| | വരികയില്ലവൻ എന്നെ പിരികയില്ല | വലതുകൈ പിടിച്ചെന്നെ നടത്തിടുന്നു | (2) |
| 3. | ഇതാ വേഗം ഞാൻ വാന വിരവിൽ | ഇനിയും വരുമെന്ന് അരുളിച്ചെയ്ത | (2) |
| | ഈ നല്ല നാഥനെ കാണുവാനായ് | ഇരവും പകലുമെന്യേ വസിച്ചിടുന്നു | (2) |

| | | | |
|---|---|---|---|
| 324 | മരണമേ! വിഷമെങ്ങു നിന്റെ വിജയവും എവിടെ? എന്നേശു | | |
| | മരണത്തെ ജയിച്ചു! തനിക്കു സ്തുതി ഹല്ലേലുയ്യാ | | (2) |
| 1. | തൻ ക്രൂശിൽ ഞാനും ഹാ മരിച്ചു നിത്യമാം ജീവൻ കൈവരിച്ചു | തന്നിൽ ഞാൻ സർവ്വവും ലയിച്ചു ഹല്ലേലുയ്യാ | (2) |
| 2. | എൻ ജീവൻ ക്രിസ്തുവിൽ ഭദ്രം മനമേ പാടുക സ്തോത്രം | എന്നഭയം തൻ കൃപ മാത്രം ഹല്ലേലുയ്യാ | (2) |
| 3. | വൃഥാവിലല്ല ഞാൻ ചെയ്യും പ്രയത്നം ഒടുവിൽ ഞാൻ കൊയ്യും | തടയുവാന ഇല്ലൊരു കയ്യും ഹല്ലേലുയ്യാ | (2) |
| 4. | പ്രത്യാശയറ്റവരെപ്പോൽ അല്ല നാം ക്രിസ്തുവിൽ മരിച്ചോർ | ഉയിർക്കും താൻ വരുമപ്പോൾ ഹല്ലേലുയ്യാ | (2) |
| 5. | സ്വർലോക കാഹളം ധ്വനിക്കും മരിച്ചോർ അക്ഷണം ഉയിർക്കും | തൻ തേജസ്സക്ഷയം ധരിക്കും ഹല്ലേലുയ്യാ | (2) |
| 6. | എൻ ദേഹം മൺമയം എന്നാൽ ഇനിയും താൻ വരും അന്നാൾ | വിളങ്ങും തേജസ്സിൽ നന്നായ് ഹല്ലേലുയ്യാ | (2) |

| | | | |
|---|---|---|---|
| 325 | മൽ പ്രിയനേ എന്നേശു നായകനേ | എപ്പോൾ വരും | (2) |
| | എൻ കണ്ണീർ തുടച്ചീടുവാൻ | അങ്ങയെ ആശ്ലേഷിപ്പാൻ | (2) |
| | എന്നേശുവേ വാനമേഘേ വേഗം | വന്നീടണേ | (2) |
| 1. | മദ്ധ്യാകാശേ സ്വർഗ്ഗീയ ദൂതരുമായ് | വന്നീടുമ്പോൾ | (2) |
| | എനിക്കായ് മുറിവേറ്റതാം | ആ പൊന്മുഖം മുത്തുവാൻ | (2) |
| | വെള്ളത്തിനായ് കേഴുന്ന വേഴാമ്പൽ പോൽ | വാഞ്ഛിക്കുന്നേ | (2) |
| 2. | വെണ്മ വസ്ത്രം ധരിച്ചുയിർത്ത വിശുദ്ധ | സംഘമതിൽ | (2) |
| | ചേർന്നു നിൻ സവിധേ വന്നു | ഹല്ലേലുയ്യാ പാടുവാൻ | (2) |
| | ബുദ്ധിയുള്ള നിർമ്മല കന്യകേപ്പോൽ | ഒരുങ്ങുന്നേ | (2) |
| 3. | സൂര്യചന്ദ്ര താരങ്ങളെ കടന്നു | സ്വർഗ്ഗ നാട്ടിൽ | (2) |
| | ആ പളുങ്കു നദി തീരേ | ജീവ വൃക്ഷത്തിൻ തണലിൽ | (2) |
| | എൻ സ്വർഗ്ഗ വീട്ടിൽ എത്തുവാൻ കൊതിച്ചീടുന്നേ | എൻ മണാളാ | (2) |

| | | | |
|---|---|---|---|
| 326 | മൽ പ്രിയനേ ഇദ്ധരയിൽ നിന്നു | നിൻ ശുദ്ധരെ ചേർത്തിടേണേ | (2) |
| 1. | നാളുകൾ ഏറെയായ് നാഥനെ | ആഗമം ഓർത്തു നിൻ ദാസരും | (2) |
| | പാർത്തലത്തിൽ കഷ്ടമേറ്റു ആർത്തി പൂണ്ടു നിന്നിടുന്നു | പാർത്ഥിവാ നീ വന്നിടണേ വേഗമായ് | (2) |
| 2. | വേഗം ഞാൻ വന്നിടാം എന്ന നിൻ | വാർത്തയിൽ ആശ്രയം വച്ചതാൽ | (2) |
| | ഭൂതലത്തിലുള്ള സ്വന്ത ഗേഹവും വെടിഞ്ഞു സ്വന്ത | ജീവനും പകച്ചു എത്ര ത്യാഗികൾ | (2) |
| 3. | പൊന്മുഖം കാണുവാൻ ആശയായ് | കാത്തു കൊണ്ടെത്രയോ സിദ്ധരും | (2) |
| | സ്നേഹത്തിൽ വിശുദ്ധിയോടു സൗമ്യതക്കിരിപ്പിടമായ് | ശാന്തരായ് ഒരുങ്ങി നിൽക്കുന്നേകമായ് | (2) |
| 4. | സർവ്വ സൃഷ്ടികളും ഏകമായ് | ഏങ്ങിടും രോദനം കേൾക്കണേ | (2) |
| | രക്ഷകാ നീ വന്നിടാതെ ഇക്ഷിതിയിൽ എന്തു ശാന്തി | ക്ഷിപ്രമായ് എഴുന്നെള്ളേണം യേശുവേ | (2) |
| 5. | പുത്തനെറുശലേം ശോഭയായ് | വിണ്ണൊളി വീശുന്ന ദർശനം | (2) |
| | നിത്യവും ലഭിച്ചു സ്വന്ത ചിത്തവും പരത്തിലാക്കി | സ്വർഗ്ഗലോകം നോക്കി ഞാനും ഓടുന്നേ | (2) |

327 മഹൽ സ്നേഹം മഹൽ സ്നേഹം    പരലോക പിതാവു തൻ
മകനെ മരിപ്പതിനായ്    കുരിശിൽ കൈവെടിഞ്ഞോ (3)

1. സ്വർഗ്ഗ സ്ഥലങ്ങളിൽ ഉള്ളനുഗ്രഹം നമുക്കായ്    സകലവും നൽകിടുവാൻ പിതാവിനു ഹിതമായ് (3)
2. ഉലക സ്ഥാപനത്തിൻ മുമ്പുളവായൊരൻപാൽ    തെരഞ്ഞെടുത്തവൻ നമ്മെ തിരുമുമ്പിൽ വസിപ്പാൻ (3)
3. മലിനത മാറി നമ്മൾ മഹിമയിൽ വിളങ്ങാൻ    മനുവേലിൻ നിണം ചിന്തി നരരെ വീണ്ടെടുപ്പാൻ (3)
4. അതിക്രമ മോചനമാം അനുഗ്രഹം അവനിൽ    അനുഭവിക്കുന്നു നമ്മൾ അവൻ തന്ന കൃപയാൽ (3)
5. മരണത്താൽ മറയാത്ത മഹൽ സ്നേഹ-പ്രഭയാൽ    പിരിയാ ബന്ധമാണിതു യുഗകാലം വരെയും (3)

328 മഹത്വമേ മഹത്വമേ മഹത്വം തൻ നാമത്തിന് (2)
മഹത്വത്തിനും സ്തോത്ര യാഗത്തിനും യോഗ്യൻ (2) എ..ല്ലാ..നാ..ളും (2)

1. പറവകൾ മൃഗജാതി ഇഴയുന്ന ജന്തുക്കളും (2)
രാജാക്കൾ മഹത്തുക്കൾ പ്രഭുക്കന്മാർ വംശക്കാർ (2) ര..ക്ഷ..ക..നെ

2. സൂര്യചന്ദ്രാദികൾ കർത്തനെ സ്തുതിച്ചിടട്ടെ (2)
സ്വർഗ്ഗാധി സ്വർഗ്ഗവും മേലുള്ള വെള്ളവും (2) താ..ര..ങ്ങ..ളും

3. തീക്കൽ മഴ ഹിമം ആവി കൊടുങ്കാറ്റിവ (2)
പർവ്വതങ്ങൾ എല്ലാ കുന്നു മലകളും (2) വാ..ഴ്..ത്തീ..ട..ട്ടെ

4. ബാലന്മാർ വൃദ്ധന്മാർ യുവതികൾ യുവാക്കന്മാരും (2)
തപ്പുകൾ കിന്നരം കൈത്താള മേളത്താൽ (2) വാ..ഴ്..ത്തീ..ട..ട്ടെ

329 മഹാ ദൈവമേ മഹാ ദൈവമേ    മനസ്സലിഞ്ഞു കൃപ പകരൂ
മാളിക മുറിയിൽ പകർന്ന പോലെ    ആത്മാവിൻ ശക്തി പകർന്നീടുക (2)

1. സഭയുണരാൻ ഉണർവ്വയയ്ക്ക    ഉണർന്നു ഞങ്ങൾ ഒരുങ്ങീടട്ടെ (2)
കരിന്തിരികൾ മുറിച്ചു മാറ്റി    വിളക്കിലെണ്ണ നിറച്ചീടുക (2)

2. തല ഉയർത്തി ഒരുങ്ങി നിൽക്കാൻ    തരിക കൃപ അളവില്ലാതെ (2)
എൻ പ്രിയനോ വന്നിടാറായ്    ഏക ഹൃദയമായ് കാത്തിരിക്കും (2)

3. മണവാളനാം ക്രിസ്തേശുവിന്റെ    മണവാട്ടിയായ് ഒരുങ്ങീടുവാൻ (2)
മഹാ ദൈവമേ എന്നേശു നാഥാ    കൃപ ചൊരിയൂ മഹാ മാരിയായ് (2)

330 മഹിമ കണ്ട സാക്ഷികളേ    മണവാട്ടിയാം തിരുസഭയേ (2)
ഒരുങ്ങീടുക ബലം ധരിച്ചീടുക    മണവാളൻ യേശുവെ എതിരേൽക്കുവാൻ (2)

1. സകലവിധ ഭാരങ്ങളും    മുറുകെപ്പറ്റും പാപങ്ങളും (2)
വെടിഞ്ഞീടുക ജീവൻ പുതുക്കീടുക    സ്ഥിരതയോടെ ഓട്ടം തികച്ചീടുക (2)

2. പളുങ്കു കടൽ തീരത്തു നാം    കളങ്കമില്ലാതെ വാണിടുവാൻ (2)
പുതിയൊരു പാട്ടു പാടിടുവാൻ    യുഗായുഗമായ് ആന്ദിപ്പാൻ (2)

3. തകർത്ത ഇടി മുഴക്കം പോലെ    പെരുവെള്ളത്തിൻ ഇരച്ചിൽ പോലെ (2)
ഹല്ലേലൂയ്യാ ഗീതം പാടിടുവാൻ    ഉല്ലസിച്ചു മഹത്വം കൊടുപ്പാൻ (2)

331 മഹിമ വിളങ്ങും പരിശുദ്ധനേ    മഹത്വത്തിൽ എങ്ങും വസിപ്പവനേ
മനുഷ്യനായ് ലോകത്തിൽ വന്നവനേ    മക്കളെ ചേർപ്പാൻ നീ വരുമല്ലോ

വരുമല്ലോ യേശു വരുമല്ലോ    നിൻ മക്കളെ ചേർപ്പാൻ നീ വരുമല്ലോ
മനുഷ്യനായ് ലോകത്തിൽ വന്നവനേ    മക്കളെ ചേർപ്പാൻ നീ വരുമല്ലോ

*"മഹിമാ സേ തൂ ജോ ഭരാ ഹുവാ"*

1. മണ്ണിലും വിണ്ണിലും ഒതുങ്ങാത്തതാം    മഹത്വത്താൽ ജ്വലിക്കും പരിശുദ്ധനേ
മേഘാഗ്നി സ്തംഭത്തിൽ വെളിപ്പെട്ട പോൽ    മഹത്വ പ്രഭാപൂരം ചൊരിയുക നീ
ചൊരിയുക നീ വീണ്ടും ചൊരിയുക നീ    മഹത്വ പ്രഭാപൂരം ചൊരിയുക നീ
മേഘാഗ്നി സ്തംഭത്തിൽ വെളിപ്പെട്ട പോൽ    മഹത്വ പ്രഭാപൂരം ചൊരിയുക നീ

2. ദാനിയേലിൻ വിളി കേട്ടവനേ    എസ്രാ നെഹെമ്യാവെ തുണച്ചവനേ
ഉണർവ്വിൻ കാറ്റിനെ വീശിയോനേ    ഉണർവ്വരുൾക നിൻ ദാസർക്കിപ്പോൾ
ഉണർവ്വരുൾക വീണ്ടും ഉണർവ്വരുൾക    ഉണർവ്വരുൾക നിൻ ദാസർക്കിപ്പോൾ
ഉണർവ്വിൻ കാറ്റിനെ വീശിയോനേ    ഉണർവ്വരുൾക നിൻ ദാസർക്കിപ്പോൾ

3. രാജാധി രാജനാം യേശുനാഥൻ    രക്ഷകനായി മരിച്ചുയിരേകിയോൻ
വീണ്ടും വാനത്തിൽ വന്നീടുമേ    വല്ലഭാ നീ വേഗം വന്നീടണേ
വന്നീടണേ വേഗം വന്നീടണേ    വല്ലഭാ നീ വേഗം വന്നീടണേ
വീണ്ടും വാനത്തിൽ വന്നീടുമേ    വല്ലഭാ നീ വേഗം വന്നീടണേ

| | | | |
|---|---|---|---|
| 332 | മാനവരെ രക്ഷിച്ചീടുവാനായ് | വാനത്തിൽ നിന്നിഹത്തിൽ വന്നു താൻ | |
| | ജീവൻ ഏകിയോരേശു | ഭൂവിൽ തിരികെ വരും | |
| | വേഗമേശു രക്ഷകൻ ആഗമിച്ചീടും | മേഘമതാം വാഹനേ | (2) |
| 1. | തൻ ശുദ്ധരെ ആകാശെ കൂട്ടുവാൻ | യേശു വരുന്നു താമസം വിനാ | |
| | പാർത്തലത്തിൽ നിന്നവൻ | ചേർത്തീടും തൻ സന്നിധൗ | (2) |
| 2. | നിങ്ങളുടെ അരകൾ കെട്ടിയും | ഭംഗിയോടെ ദീപം വിളങ്ങിയും | |
| | കർത്താവിൻ വരവിന്നായ് | കാത്തീടുവിൻ സർവ്വദാ | (2) |
| 3. | കുഞ്ഞാട്ടിന്റെ കല്യാണം വന്നിതാ | കാന്ത അലംകൃത മനോഹരി | |
| | ക്ഷണിക്കപ്പെട്ടോർ എല്ലാം | ധന്യർ അഹോ എന്നുമേ | (2) |

| | | | |
|---|---|---|---|
| 333 | മാൻ നീർത്തോടിനായ് ദാഹിച്ചു | കാംക്ഷിക്കും പോലവെ | |
| | എന്നാത്മാവിൻ ദാഹവും | നിനക്കായ് എൻ ദൈവമേ | |
| | ആശ്രയം നീ ശൈലവും നീ | കോട്ടയും നീ എന്നും കാക്കും | (2) |
| 1. | ജീവിക്കും ദൈവത്തിനായ് | ദാഹിക്കും എൻ മനമേ | (2) |
| | ദേവാ നിൻ സന്നിധിയിൽ നിന്നീടാൻ | ആത്മാവു വാഞ്ഛിക്കുന്നു | (2) |
| 2. | ആത്മാവേ ഉള്ളമതിൽ | ഖേദത്താൽ ഞരങ്ങുന്നുവോ | (2) |
| | അവൻ നിൻ രക്ഷയുമേ നിന്നുടെ | മുഖപ്രകാശവുമേ | (2) |
| 3. | യോർദ്ദാൻ തലങ്ങളിലും | ഹെർമ്മോൻ മലകളിലും | (2) |
| | എല്ലാ ഇടങ്ങളിലും നിന്നെ | നിരന്തരം ഓർത്തിടുമേ | (2) |

| | | | |
|---|---|---|---|
| 334 | മാറിടാത്ത യേശുനാഥൻ മാറ്റും നിന്റെ വേദന | പാപത്താലും രോഗത്താലും കലങ്ങിടേണ്ട കടന്നുവാ | (2) |
| | കടന്നു വാ കടന്നു വാ | യേശു നിന്നെ വിളിക്കുന്നു | (2) |
| 1. | ലോകത്തിൻ ഭാരം ചുമക്കും | യേശുവിങ്കൽ നീ കടന്നു വാ | (2) |
| | തളർന്ന നിന്റെ അന്തരാത്മ | ക്ലേശം നീക്കും കടന്നു വാ | (2) |
| 2. | ലോകബന്ധം കൈവെടിയും | ദ്രോഹിച്ചു നിന്നെ പുറം തള്ളും | (2) |
| | പാവനൻ താൻ സ്നേഹത്തോടെ | അരികിലുണ്ട് കടന്നു വാ | (2) |

| | | | |
|---|---|---|---|
| 335 | മുട്ടോളമല്ല അരയോളം പോരാ | നീന്തീട്ടല്ലാതെ കടപ്പാൻ വയ്യാത്ത | |
| | ആത്മാവിൻ ശക്തിയാൽ നിറച്ചീടുക | പരനെ സ്തുതിച്ചിടുവാൻ | (2) |
| | വേഗം വരണേ യേശുമണാളാ | ഏഴകൾക്കായ് വീണ്ടും | (2) |
| 1. | വാനവും ഭൂമിയും മാറിപ്പോകും | അവൻ ദയയോ എന്നേയ്ക്കുമേ | (2) |
| | വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനായ് | ഇനിമേലും നടത്തിടുമേ | (2) |
| 2. | ഉന്നതനായവൻ മന്നിൽ വന്നു | എൻ പാപമെല്ലാം ചുമന്നുവല്ലോ | (2) |
| | കാൽവറിയോളവും വേദനയാൽ | പ്രാണനെ വെടിഞ്ഞുവല്ലോ | (2) |
| 3. | നിൽക്കുന്നവൻ വീഴാതെ നിൽക്കുവാൻ | വചനത്തിൽ ഉറച്ചിടുക | (2) |
| | അലറും സിംഹം നേർ വരുമ്പോൾ | ദാവീദിൻ ബലം ധരിക്കാം | (2) |

| | | | |
|---|---|---|---|
| 336 | യഹോവ എൻ നല്ലിടയൻ | എനിക്കൊരു മുട്ടും ഇല്ല | |
| | പച്ചയായ പുൽപ്പുറത്തിൽ | കിടത്തുന്നെന്നെ | Psalm 23 |
| 1. | സ്വസ്ഥമായ വെള്ളത്തിൻ | അരികത്തെന്നെ നടത്തുന്നു | |
| | എന്റെ പ്രാണനെ നാഥൻ താൻ | തണുപ്പിക്കുന്നു | |
| 2. | തിരുനാമം നിമിത്തമായ് | നീതി പാതേ നടത്തുന്നു | |
| | കൂരിരുളിൻ താഴ്‌വരയിൽ | ഭയപ്പെടില്ല | |
| 3. | ദൈവമെന്റെ കൂടെയുണ്ട് | എന്നും എന്നെ നടത്തിടാൻ | |
| | തൻ വടിയും കോലുമെന്നെ | ആശ്വസിപ്പിക്കും | |
| 4. | എന്റെ ശത്രുക്കൾ..കാൺകെ | താൻ വിരുന്നെനിക്കൊരുക്കുന്നു | |
| | എൻ തലയെ എണ്ണകൊണ്ട് | അഭിഷേകിക്കും | |
| 5. | എന്റെ പാനപാത്രം എന്നും | നിറഞ്ഞു കവിഞ്ഞിടുന്നു | |
| | നന്മയും കരുണയും എന്നെ | പിന്തുടർന്നിടും | |
| 6. | യഹോവയിൻ വിശുദ്ധമാം | ആലയേ ഞാൻ വസിച്ചിടും | |
| | നിത്യം സ്തുതിക്കും ഞാനെന്റെ | ജീവനാഥനെ | |
| 7. | സ്തുതി സ്തുതി നിത്യം സ്തുതി | അവനെന്നും യോഗ്യമല്ലോ | |
| | സ്തുതിച്ചിടാം തിരുമുമ്പിൽ | ആദരവോടെ | |

| | | | |
|---|---|---|---|
| 337 | യഹോവ ദൈവമാം വിശുദ്ധ ജാതി നാം | അവനവകാശമാം ജനം നാം | |
| | പരദേശികൾ നാം ഭാഗ്യശാലികൾ | ഇതു പോൽ ഒരു ജാതിയുണ്ടോ | (2) |
| 1. | ആപത്തിൽ നമ്മുടെ ദിവ്യ സങ്കേതവും | ബലവും ദൈവം ഒരുവനത്രേ | (2) |
| | ആകയാൽ പാരിടം ആകെ ഇളകിലും | നാമിനി ഭയപ്പെടുകയില്ല | (2) |
| 2. | അവനീതലത്തിൽ അപമാനം നമുക്ക് | അവകാശം എന്നോർത്തീടണം | (2) |
| | അവനായ് കഷ്ടത ഏൽക്കുകിൽ തേജസ്സിൽ | അനന്ത യുഗം വാണിടും നാം | (2) |
| 3. | നിരനിര നിരയായ് അണി നിരന്നീടുവിൻ | കുരിശിൻ പടയാളികളെ | (2) |
| | ജയ ജയ ജയ കാഹളം ഊതീടുവിൻ | ജയവീരനാം യേശുവിന് | (2) |

| | | | |
|---|---|---|---|
| 338 | യഹോവ യിരേ യിരേ യിരേ | യഹോവ യിരേ യിരേ യിരേ | |
| | തൻ മക്കൾക്കായ് ദൈവം | കരുതും ഉന്നതമായി | |
| | ആകുലമോ ഇനിയും? | യഹോവ യിരേ | (2) |
| 1. | എൻ ഹൃദയേ സമാധാനം യഹോവ യിരേ | എൻ ഭവനേ സർവ്വ നന്മകളും യഹോവ യിരേ | (2) |
| | തൻ മകനായ് ജീവിക്കും ഞാൻ | തൻ വഴിയെ നടക്കും ഞാൻ | |
| | തൻ വചനം ഘോഷിക്കും ഞാൻ | യഹോവ യിരേ | (2) |
| 2. | എനിക്കുള്ള ആഹാരം യഹോവ യിരേ | പാർപ്പിടവും വസ്ത്രങ്ങളും യഹോവ യിരേ | (2) |
| | തൻ രൂപം എൻ വാഴ്‌വിലും | തൻ സ്തുതികൾ എൻ നാവിലും | |
| | നിരന്തരമായ് സൂക്ഷിക്കും ഞാൻ | യഹോവ യിരേ | (2) |
| 339 | യഹോവ നിസ്സി    യഹോവ നിസ്സി | യഹോവ നിസ്സി എന്നാർത്തു പാടുവിൻ | |
| | എൻ കൊടി വിജയത്തിൻ കൊടി | എൻ കൊടി വിജയത്തിൻ കൊടി | |
| 1. | ചെങ്കടൽ സമാന പ്രശ്നം വരുകിലും | ചന്തമായ് നടത്തിടും കർത്താവവൻ | |
| | സ്വന്തക്കാരാൽ തള്ളപ്പെട്ടെന്നാകിലും | സ്വന്തമായ് ചേർത്തിടും പിതാവവൻ | (2) |
| 2. | മരണ ഭീതിയാൽ നടുങ്ങും നേരവും | മരിച്ചുയിർത്ത യേശു നാഥൻ വന്നിടും | |
| | എൻ ശരീരം ജീർണ്ണമായ് തീരിലും | വിൺ ശരീരം നൽകി എന്നെ ചേർത്തിടും | (2) |
| 340 | യഹോവ യിരേ ദാതാവാം ദൈവം | നീ മാത്രം മതിയെനിക്ക് | (2) |
| 1. | യഹോവ റാഫാ സൗഖ്യദായകൻ | നിൻ അടിപ്പിണരാൽ സൗഖ്യം | |
| | യഹോവ ശമ്മാ കൂടെയിരിക്കും | നൽകും എൻ ആവശ്യങ്ങൾ | |
| | നീ മാത്രം മതി  നീ മാത്രം മതി | നീ മാത്രം മതി എനിക്ക് | (2) |
| 2. | യഹോവ ഏലോഹീം സൃഷ്ടാവാം ദൈവം | നിൻ വചനത്താൽ ഉളവായെല്ലാം | |
| | യഹോവ ഏല്യോൻ അത്യുന്നതൻ | നിന്നെപ്പോലെ മറ്റാരുമില്ല | |
| | യഹോവ ശാലോം എൻ സമാധാനം | നൽകി നിൻ ശാന്തി എന്നിൽ | |
| | നീ മാത്രം മതി  നീ മാത്രം മതി | നീ മാത്രം മതി എനിക്ക് | (2) |
| 341 | യാക്കോബിൻ ദൈവമിന്നും നമുക്കുള്ളവൻ | നമ്മെ ജീവപര്യന്തം കാത്തീടുമേ | |
| | ഓരോ ദിവസവും കൃപ നൽകി നമ്മെ | ഇമ്മാനുവേൽ അവൻ താൻ നടത്തിടുമേ | (2) |
| | ഹല്ലേലുയ്യാ അവൻ ആത്മരക്ഷകൻ | ഹല്ലേലുയ്യാ അവൻ സൗഖ്യദായകൻ | |
| | ഹല്ലേലുയ്യാ ശുദ്ധാത്മദായകൻ | നമ്മെ നിത്യതയ്ക്കായ് ഒരുക്കീടുമേ | (2) |
| 1. | ആഴിയിൽ നാം കടന്നു പോയിടിലും | അതു നമ്മെ കവിഞ്ഞിടാതെ കാത്തീടുമേ | (2) |
| | തീയിൽ നാം ആകിലും ജ്വാല നമ്മെ തെല്ലും | ഏശാതിമ്മാനുവേൽ താൻ നടത്തീടുമേ | (2) |
| 2. | സാക്ഷാൽ രോഗങ്ങൾ അവൻ വഹിച്ചതിനാൽ | എല്ലാ വേദനയും അവൻ ചുമന്നതിനാൽ | (2) |
| | അടിപ്പിണരാൽ അവൻ സൗഖ്യമാക്കി നമ്മെ | ഇമ്മാനുവേൽ അവൻ താൻ നടത്തീടുമേ | (2) |
| 3. | സീയോൻ പ്രയാണികളെ ആനന്ദിപ്പിൻ നമ്മൾ | ദുഃഖവും നെടുവീർപ്പും ഓടീടുമേ | (2) |
| | നിത്യാനന്ദം നമ്മിൽ പകർന്നു നമ്മെ ഇന്നും | ഇമ്മാനുവേൽ അവൻ താൻ നടത്തീടുമേ | (2) |
| 4. | ജയശാലിയായ് അവൻ വന്നീടുമേ | എല്ലാ പ്രതിഫലവും അവൻ തന്നീടുമേ | (2) |
| | ആത്മാവിനാൽ അതിനായ് ഒരുക്കി നമ്മെ ഇന്നും | ഇമ്മാനുവേൽ അവൻ താൻ നടത്തീടുമേ | (2) |
| 342 | യാക്കോബിൻ വല്ലഭന്റെ ഭുജബലത്താൽ | വിടുതലുണ്ട് വിടുതലുണ്ട് | |
| | ശാലേമിൻ രാജനാം യേശുവിങ്കൽ | വീണ്ടെടുപ്പുള്ളതിനാൽ | (2) |
| 1. | മരണത്തിൻ പാശങ്ങൾ ചുറ്റിയാലും | പാതാള വേദനകൾ ഞെരുക്കിയാലും | (2) |
| | മരണത്തിൻ ഭീകര താഴ്‌വരയിൽ | ബലമുള്ള ഭുജത്താൽ താങ്ങിടും താൻ | (2) |
| 2. | അനർത്ഥങ്ങൾ അസംഖ്യമായ് ഏറിയാലും | പ്രതികൂലത്താൽ മനം നീറിയാലും | (2) |
| | അകൃത്യങ്ങൾ ക്ഷമിച്ചു എൻ ആത്മനാഥൻ | അതിലെല്ലാം ജയം തരും ഭുജബലത്താൽ | (2) |
| 3. | ശത്രു സൈന്യം പാളയം ഇറങ്ങിയാലും | അന്ധകാര ശക്തികൾ പെരുകിയാലും | (2) |
| | ക്രിസ്തുവാകും പാറമേൽ ഉറച്ചു നില്പ്പാൻ | ജയത്തിൻ കൊടി വീണ്ടും ഉയർത്തിടാമേ | (2) |
| 343 | യാഹ് നല്ല ഇടയൻ എന്നും എന്റെ പാലകൻ | ഇല്ലെനിക്കു ഖേദമൊന്നുമേ! | (2) |
| 1. | പച്ചയായ പുൽപ്പുറങ്ങളിൽ | സ്വച്ഛമാം നദിക്കരികിലും | (2) |
| | ക്ഷേമമായ് പോറ്റുന്നെന്നെയും | സ്നേഹമോടെൻ യേശു നായകൻ | (2) |
| 2. | ശത്രുവിന്റെ പാളയത്തിലും | ശ്രേഷ്ഠ ഭോജ്യം ഏകിടുന്നവൻ | (2) |
| | നന്മയും കരുണയൊക്കെയും | നിത്യമെന്നെ പിന്തുടർന്നിടും | (2) |
| 3. | കൂരിരുളിൻ താഴ്‌വരയതിൽ | ഏകനായ് സഞ്ചരിക്കിലും | (2) |
| | ആധിയെന്യേ പാർത്തിടുന്നതും | ആത്മനാഥൻ കൂടെയുള്ളതാൽ | (2) |
| 4. | കഷ്ടനഷ്ട ശോധനകളിൽ | പൊന്മുഖം ഞാൻ നേരിൽ കണ്ടിടും | (2) |
| | ശാശ്വത ഭുജങ്ങളിൻ മീതേ | നിർഭയനായ് ഞാൻ വസിച്ചിടും | (2) |

| | | | |
|---|---|---|---|
| 344 | യാഹെന്ന ദൈവം എൻ ഇടയനഹോ | യാതൊരു കുറവും ഇല്ലെനിക്കിനിയും | |
| | പച്ചപ്പുൽ പുറത്തെന്നെ കിടത്തുന്നവൻ | നിശ്ചല ജലമെന്നെ കുടിപ്പിക്കുന്നു | (2) |
| 1. | സന്തതമെന്നുള്ളം തണുപ്പിക്കുന്നു | തൻ തിരുപ്പാതയിൽ നടത്തുന്നെന്നെ | (2) |
| | കൂരിരുൾ താഴ്‌വരയതിൽ നടന്നാൽ | സാരമില്ലെനിക്കൊരു ഭയവുമില്ല | (2) |
| 2. | ഉന്നതൻ എന്നോടു കൂടെയുണ്ട് | തന്നിടുന്നാശ്വാസം തൻ വടിയാൽ | (2) |
| | എനിക്കൊരു വിരുന്നു നീ ഒരുക്കിടുന്നു | എന്നുടെ വൈരികളിൻ നടുവിൻ | (2) |
| 3. | ശിരസ്സിനെ അഖിലവും അനുദിനവും | പൂശുന്നു സൗരഭ്യ തൈലമതാൽ | (2) |
| | എന്നുടെ പാനപാത്രം ദിനവും | ഉന്നതൻ കരുണയാൽ കവിഞ്ഞിടുന്നു | (2) |
| 4. | നന്മയും കരുണയും എന്നായുസ്സിൽ | ഉണ്മയായ് തുടർന്നിടും ദിനവുമഹോ | (2) |
| | സ്വർഗ്ഗീയ ആലയം തന്നിലീ ഞാൻ | ദീർഘകാലം വസിക്കും ശുഭമായ് | (2) |

| | | | |
|---|---|---|---|
| 345 | യാഹേ! നീയെൻ ദൈവം വാഴ്ത്തും ഞാൻ നിന്നെ | സ്തുത്യർഹമേ തവനാമം | (2) |
| 1. | ആഴി എന്നോർത്തില്ല ആഴം ആരാഞ്ഞില്ല | അലകേൾക്കും ഞാൻ തെല്ലും ഭയപ്പെടില്ല | (2) |
| | ഇറങ്ങി ഞാൻ പ്രിയനേ സമുദ്രത്തിൻ നടുവിൽ | നിൻ വിളി കേട്ടു പിൻ വരുവാൻ | (2) |
| 2. | അലറുന്നീ ആഴിയിൽ അല അതിഘോരം | തോന്നുന്നു ഭീതി എൻ ഹൃദി പാരം | (2) |
| | പാദങ്ങൾ ആഴത്തിൽ താഴുന്നു പ്രിയനേ | ഏന്തുക തൃക്കരം അതിനാൽ | (2) |
| 3. | എന്നിലും ഭക്തർ എന്നിലും ശക്തർ | വീണുതകർന്നീ പോർക്കളത്തിൽ | (2) |
| | കാണുന്നു ഞാൻ അസ്ഥികൂടങ്ങൾ ഭീകരം | വീരപുമാൻകളിൽ വീണവരിൻ | (2) |
| 4. | ഈയിഹ ശക്തികൾ അഖിലവും ഭക്തന് | വിപരീതം നീ അറിയുന്നേ | (2) |
| | താങ്ങുക കരത്തിൽ കാക്കുക ബലത്തിൽ | സ്വർഗ്ഗസീയോൻ പുരി വരെയും | (2) |
| 5. | പോർക്കള മുമ്പിൽ പിന്മാറുകയോ | പടിവാതിലിൽ ഇനി ഞാൻ തളരുകയോ | (2) |
| | ഒന്നു ഞാൻ ചെയ്യുന്നു മുമ്പിലേക്കോടുന്നു | വിരുതൊന്നു താനെൻ ലക്ഷ്യം | (2) |
| 6. | അർപ്പണം ചെയ്യുന്നാത്മ നിയോഗാൽ | അല്പം എനിക്കിന്നുള്ളതെല്ലാം | (2) |
| | ഉന്നതനെ തവ സേവയിൻ ജീവിതം | ഒന്നു മതി എനിക്കുലകിൽ | (2) |

| | | | |
|---|---|---|---|
| 346 | യെറുശലേമെൻ ഇമ്പ വീടെ | എപ്പോൾ ഞാൻ വന്നു ചേരും | |
| | ധരണിയിലെ പാടും കേടും | എപ്പോൾ ഇങ്ങൊഴിയും | (2) |
| 1. | ഭക്തരിൻ ഭാഗ്യ തലമേ! പരിമള സ്ഥലം നീയേ! | ദുഃഖം വിചാരം പ്രയത്നം നിങ്കലങ്ങില്ലേ! | (2) |
| 2. | രാവും അന്ധകാരം വെയിൽ ശീതവും അങ്ങില്ലേ! | ദീപ തുല്യം ശുദ്ധരങ്ങു ശോഭിച്ചീടുന്നേ | (2) |
| 3. | രത്നങ്ങളല്ലോ നിന്മതിൽ പൊന്നും മാണിക്യങ്ങൾ! | പന്ത്രണ്ടു നിൻ വാതില്കളും മിന്നും മുത്തല്ലോ ! | (2) |
| 4. | യെറുശലേമെൻ ഇമ്പവീടെ എന്നു ഞാൻ വന്നു ചേരും! | പരമ രാജാവിൻ മഹത്വം അരികിൽ കണ്ടീടും | (2) |
| 5. | ശ്രേഷ്ഠ നടക്കാവുകളും തോട്ടങ്ങളും എല്ലാം | കാട്ടുവാൻ ഇണയില്ലാത്ത കൂട്ടമരങ്ങൾ | (2) |
| 6. | ജീവനദി ഇമ്പ ശബ്ദം മേവി അതിലൂടെ | പോവതും ഈരാറു വൃക്ഷം നില്പതും മോടി | (2) |
| 7. | ദൂതരും അങ്ങാർത്തു സദാ സ്വരമണ്ഡലം പാടി | നാഥനെ കൊണ്ടാടിടുന്ന ഗീതം മാമോടി | (2) |
| 8. | യെറുശലേമിൽ അധിപനേശു തിരുമുൻ ഞാൻ സ്തുതിപാടാൻ | വരുംവരെയും അരികിൽഭവാൻ ഇരിക്കേണംനാഥാ | (2) |

| | | | |
|---|---|---|---|
| 347 | യിസ്രായേലിൻ ദൈവമേ നീ | മേഘത്തേരിൽ എന്നു വരും | (2) |
| 1. | കാത്തു കാത്തിരിക്കുന്നേ ഞാൻ | തേജസ്സേറും മുഖം കാണ്മാൻ | |
| | പ്രിയൻ കൂടെന്നും വാണീടുവാൻ | യുഗാ യുഗങ്ങളായ് ആനന്ദിപ്പാൻ | (2) |
| 2. | ഈ ലോകം പകച്ചിടുമ്പോൾ | നാഥൻ മാർവ്വിൽ ഞാൻ ചാരിടുമേ | |
| | ആശ്വസിപ്പിക്കും പ്രാണനാഥൻ | തൃക്കരത്തിൽ താൻ എന്നെ താങ്ങും | (2) |
| 3. | കൂടാരമാം ഭവനം | വിട്ടൊഴിഞ്ഞാൽ ഏതുമില്ല | |
| | സ്വർപ്പുരിയിലെ വാസം ഓർത്താൽ | പാരിൽ ദുഃഖങ്ങൾ സാരമില്ല | (2) |
| 4. | കാഹളങ്ങൾ ഊതീടുമേ | ദൂതർ വീണ മീട്ടിടുമേ | |
| | നാഥൻ മേഘത്തിൽ വന്നീടുമേ | വേഗം ഒരുങ്ങിടാം സോദരരേ | (2) |

| | | | |
|---|---|---|---|
| 348 | യേശു മഹോന്നതനേ നിനക്കു | സ്തോത്രമുണ്ടാക എന്നേക്കും ആമേൻ | (2) |
| 1. | നീചരാം ഞങ്ങളെ വീണ്ടിടുവാൻ | വാനലോകം വെടിഞ്ഞോടിവന്നു | |
| | താണു നരാകൃതി പൂണ്ടതിനെ | കാണുവാൻ നീ കൃപ ചെയ്യണമേ | (2) |
| 2. | വാനസേനാദികളിൽ സ്തുതിയും | ആനന്ദമാം സ്വർഗ്ഗഭാഗ്യമതും | |
| | ഹീനരായീടുമീ ഞങ്ങളെ | ഊനമകറ്റുവാനായ് വെടിഞ്ഞോ | (2) |
| 3. | ഭൂതലെ ചുറ്റി നീ സഞ്ചരിച്ചു | പാപികളെയരികെ വിളിച്ചു | |
| | നീതിയിൽ മാർഗ്ഗമെല്ലാമുരച്ചു | വേദനയേറ്റവും നീ സഹിച്ചു | (2) |
| 4. | പാപനിവാരണനായ നിന്മേൽ | പാപമശേഷവുമേറ്റുകൊണ്ട് | |
| | പാപബലിക്കു നിൻ ചോര ചിന്തി | പാരിൻമദ്ധ്യെ മരത്തിൽ മരിച്ച | (2) |
| 5. | ഈ യുപകാരമെന്റെ മനസ്സിൽ | രാപ്പകലോർത്തു നിന്നോടണഞ്ഞു | |
| | ലോകയിമ്പങ്ങളേ തള്ളീടുവാൻ | നീ കൃപ ചെയ്ക ദിനം പ്രതി മേൽ | (2) |

**349** **യേശു എത്ര നല്ലവൻ പൊന്നേശു എത്ര നല്ലവൻ   ഏഴയാമീ എന്നെ സ്നേഹിച്ചേശു എത്ര നല്ലവൻ**

1. സ്വർഗ്ഗ ഭാഗ്യം വിട്ടെനിക്കു നിത്യ ഭാഗ്യമേകുവാൻ   കഷ്ടത അനുഭവിച്ച യേശു എത്ര നല്ലവൻ (2)
2. കഷ്ടതയിൽ മക്കളോടു കൂടെയുള്ള രക്ഷകൻ   ദുഃഖിതർക്കു മോദമേകും യേശു എത്ര നല്ലവൻ (2)
3. ആരും എനിക്കില്ലെന്നാലും എന്നെ കൈവിടാത്തവൻ   ജീവ വാപി ആകും എന്റെ യേശു എത്ര നല്ലവൻ (2)
4. സോദരാ നീ യേശുവിന്റെ ദിവ്യ സ്നേഹം ഓർക്കുക   ജീവനെ എനിക്കു തന്ന യേശു എത്ര നല്ലവൻ (2)

**350** **യേശു എൻ പക്ഷമായ് തീർന്നതിനാൽ   എന്തൊരാനന്ദമീ ഭൂവിൽ വാസം**
**ഹാ എത്ര മോദം പാർത്തലത്തിൽ   ജീവിക്കും നാൾ** (2)

1. ലോകം വെറുത്തവർ യേശുവോടു   ചേർന്നിരുന്നെപ്പോഴും ആശ്വസിക്കും (2)
ഹാ.. ഭാഗ്യകനാൻ ചേരും വരെ കാത്തിടേണം (2)
2. ഈ ലോകർ ആക്ഷേപം ചൊല്ലിയാലും   ദുഷ്ടർ പരിഹാസം ഓതിയാലും (2)
എൻ പ്രാണനാഥൻ പോയതായ പാത മതി (2)
3. വേഗം വരാം എന്നുരച്ചവനെ   നോക്കി നോക്കി കൺകൾ മങ്ങീടുന്നേ (2)
എപ്പോൾ വരുമോ..പ്രാണപ്രിയാ.. കണ്ടീടുവാൻ (2)
4. ലോകം എനിക്കൊരാശ്വാസമായ്   കാണുന്നില്ലേ എന്റെ പ്രാണനാഥാ (2)
നാൾ .. തോറും എനി..ക്കാശ്വാസമായ് തീർന്നീടണേ (2)

**351** **യേശു എൻ സങ്കേതം എൻ നിത്യ പാറയുമേ   ആശ്രയം താൻ മാത്രം ആ നാമം സുസ്ഥിരമേ** (2)
**പിളർന്നതൊരിക്കൽ ക്രൂശിൽ   ചൊരിഞ്ഞ രക്തമതാൽ**
**വളർന്നു ഞാൻ ദൈവ പൈതൽ   തൻ മഹാ സ്നേഹത്താൽ** (2)

1. യോഗ്യമല്ലാത്ത ഈ ലോകം പേറുന്ന മാലിന്യങ്ങൾ   മാർഗ്ഗത്തിൽ ഏറി വന്നെന്നെ ഭീതിപ്പെടുത്തിടുമ്പോൾ (2)
ചാരും കാൽവറി മേട്ടിൽ തകർന്ന മാറിടത്തിൽ   തോരും കണ്ണുനീരെല്ലാം യേശുവിൻ കൈകളിൽ (2)
2. ലോകത്തിൽ ആശ്രയമൊന്നും ശാശ്വതമല്ലായ്കയാൽ   ശോക കൊടുങ്കാറ്റിലൂടെ ഓടി മറയുന്നു ഞാൻ (2)
ദൂരെ ദൂരെ കാണും എൻ നിത്യ ഭവനത്തെ   വേഗം ഞാനങ്ങു ചേരും അതെത്ര ഭാഗ്യമേ (2)
3. കൺകൾക്കിമ്പം ആയതൊക്കെയും നശ്വരമേ   മണ്ണിൻ ഭാഗ്യമെല്ലാം മാറി മറഞ്ഞിടുമേ (2)
വേദന മാത്രമാണെന്നും ജീവിത നാളുകളിൽ   മോദങ്ങൾ മാത്രമാണെന്നും സ്വർഗ്ഗീയ നാടതിൽ (2)
4. മുഴങ്ങും കാഹളമെല്ലാം ഗംഭീര നാദത്തോടെ   ധ്വനിക്കും ദൈവത്തിൻ ശബ്ദം വിശുദ്ധരുയിർക്കുമേ (2)
തേജസ്സമ്പൂർണ്ണനാം യേശു മേഘത്തിൽ വന്നിടുമ്പോൾ   ജ്യോതിസ്സു പോലെന്നെന്നേക്കും തൻകൂടെ വാഴും ഞാൻ (2)
5. രാത്രി ഇല്ലാത്തൊരു ദേശം എന്നേക്കും പാർപ്പിടമായ്   മർത്യമല്ലാത്തൊരു വേഷം പ്രാപിക്കും നിശ്ചയമായ് (2)
എണ്ണമില്ലാത്ത വിശുദ്ധർ പൊൻ കുരുത്തോലയുമായ്   വർണ്ണിക്കും ദൈവത്തിൻ നീതി സ്വർഗ്ഗീയ ഗാനത്താൽ (2)

**352** **യേശു എൻ ഉള്ളത്തിൽ വന്നനാളിൽ   എന്തു മാറ്റം വന്നു എന്നിൽ**
**തന്നെ ഞാൻ ഉള്ളത്തിൽ ഏറ്റതാലെ   എന്തു മോദം വന്നു എന്നിൽ** (2)

1. വൻ വിനകൾ തൻ നടുവിൽ സഹായം ഏകി   എന്റെ പാപ ശാപമെല്ലാം തൻമേൽ ഏറ്റി (2)
ക്രൂശിൽ തൻ ചോരയെൻ പേർക്കായൂറ്റി (2)   എന്തു മാറ്റം വന്നു എന്നിൽ (2)
2. ഇജ്ജഗത്തിൻ മാലിന്യങ്ങൾ നീക്കി മുറ്റും   സ്വന്തമാക്കി എന്റെ പാപ ബന്ധം നീക്കി (2)
തൻ പിതാവൊത്തു താൻ ബന്ധമേകി (2)   എന്തു മാറ്റം വന്നു എന്നിൽ (2)
3. എൻ വഴിയിൻ ദുർഘടങ്ങൾ എല്ലാം നീങ്ങി   എന്റെ ആശ എന്റെ ലാക്കും ഒന്നുമാത്രം (2)
ഇല്ലിനി മൃത്യുവിൻ ഭീതി എന്നിൽ (2)   എന്തു മാറ്റം വന്നു എന്നിൽ (2)
4. രാത്രികാലം തീർന്നിടാറായ് പ്രഭാതം എത്തി   പ്രഭാത താരം യേശു വാനിൽ കണ്ടിടാറായ് (2)
എന്നുമെൻ ഗാനം ഇതൊന്നു മാത്രം (2)   എന്തു മാറ്റം വന്നു എന്നിൽ (2)

**353** **യേശു എൻ അഭയ കേന്ദ്രം   മാറ്റമില്ലാ സ്നേഹിതൻ**
**സ്തോത്രം സ്തുതികൾക്കു യോഗ്യൻ   വാഴ്ത്തും നിന്നെ എന്നും ഞാൻ** (2)

1. വ്യാകുലങ്ങൾ നേരിട്ടാലും   ഭാരമുള്ളിൽ വന്നാലും (2)
രോഗിയായ് തീർന്നെന്നാലും   യേശുവിൽ ഞാൻ ചാരിടും (2)
2. എന്നെ ശുദ്ധീകരിച്ചിടാൻ   ബാല ശിക്ഷ നൽകിയാൽ (2)
താതനു നന്ദി കരേറ്റും   ഹല്ലേലുയ്യാ പാടും ഞാൻ (2)
3. യേശു രാജനെന്നെ ചേർപ്പാൻ   മേഘാരൂഢനായ് വരും (2)
ആകുലങ്ങളില്ലാ നാട്ടിൽ   ചേരും സ്വർഗ്ഗ വീട്ടിൽ ഞാൻ (2)

**354** **യേശു എൻ അടിസ്ഥാനം   ആശയവനിലത്രേ**
**ആശ്വാസത്തിൻ പൂർണ്ണത   യേശുവിൽ കണ്ടേ ഞാനും** (2)

1. എത്ര മധുരം അവൻ നാമം എനിക്കു പാർത്താൽ (2)   ഓർത്തു വരുന്തോറും എൻ ആർത്തി മാഞ്ഞു പോകുന്നു (2)
2. ദു:ഖം ദാരിദ്ര്യം എന്നിവയ്ക്കുണ്ടോ ശക്തിയെന്മേൽ (2)   കൈയ്ക്കു പിടിച്ചു നടത്തിക്കൊണ്ടു പോകുന്നവൻ (2)
3. രോഗം എന്നെ പിടിച്ചെൻ ദേഹം ക്ഷയിച്ചാലുമേ (2)   വേഗം വരുമെൻ നാഥൻ ദേഹം പുതുതാക്കീടാൻ (2)
4. പാപത്താൽ എന്നിൽ വന്ന ശാപക്കറകൾ നീക്കി (2)   ശോഭിത നീതി വസ്ത്രം ആവരണമായ് നൽകും (2)
5. വമ്പിച്ച ലോകത്തിരക്കമ്പം തീരുവോളവും (2)   മുമ്പും പിമ്പുമായവൻ അൻപോടെന്നെ നടത്തും (2)
6. ലോകം എനിക്കു വൈരി ലോകമെന്നെ ത്യജിച്ചാൽ (2)   ശോകം എന്തെനിക്കതിൽ ഏതും ഭയപ്പെടാ ഞാൻ (2)
7. വെക്കം തൻ മണവാട്ടി ആക്കീടും എന്നെ അന്ന് (2)   വാക്കുണ്ടെനിക്കു തന്റെ നീക്കം ഇല്ലതിനൊട്ടും (2)

355 യേശു എനിക്കെത്ര നല്ലവനാം ക്ലേശം ഏശാതെന്നെ കാത്തവനാം
താഴ്ചകൾ വന്നാലും വീഴ്ചകൾ വന്നാലും താങ്ങി നടത്തുവാൻ വല്ലഭനാം (2)

എക്കാലത്തും തൻ ഭക്തരെ തൃക്കയ്യാൽ താങ്ങി നടത്തുമവൻ
കഷ്ടതയിൽ നൽ തുണ താൻ ദുഃഖത്തിൽ ആശ്വാസ ദായകൻ താൻ (2)

1. ഉള്ളം കലങ്ങും പ്രയാസം വന്നാൽ ഉണ്ടെനിക്കഭയ സ്ഥാനമൊന്ന് (2)
ഉറ്റവർ സ്നേഹിതർ വിട്ടുപോം എന്നാലും ഉന്നതൻ മാറില്ല കൈവിടില്ല (2)

2. ആഴിയിൽ പാത ഒരുക്കും അവൻ ആശ്രിതർക്കാപത്തൊഴിക്കും അവൻ (2)
ആ ദിവ്യ പാദത്തിൽ ആശ്രയിച്ചോരാരും ആലംബ ഹീനരായ് തീർന്നതില്ല (2)

3. വാന വിതാനത്തിൽ ദൂതരുമായ് വന്നു വിളിയ്ക്കുമ്പോൾ ആ ക്ഷണത്തിൽ (2)
മണ്ണിൽ മറഞ്ഞാലും മന്നിലിരുന്നാലും വിണ്ണിൽ തൻ സന്നിധൗ ചേർന്നിടും ഞാൻ (2)

356 യേശു എന്റെ അടിസ്ഥാനം ആശ്രയം അവനിലത്രെ
അവനെന്നെ നടത്തീടുന്നു അലയാതെ മരുഭൂമിയിൽ (2)

1. എന്റെ രക്ഷ ഇവിടെയല്ല ഈ ലോകം ശാശ്വതമല്ലാ
എനിക്കായിട്ടേശു നായകൻ ഒരുക്കുന്നുണ്ടൊരു ഭവനം (2)
2. കാത്തിരിക്കും വിശുദ്ധരെല്ലാം കഴുകനെ പോലെ ഗമിക്കും
മദ്ധ്യാകാശ മണിയറയിൽ കാന്തനുമായ് വേളി ചെയ്യുവാൻ (2)
3. എന്റെ പ്രിയൻ അതിസുന്ദരൻ പതിനായിരങ്ങളിൽ ശ്രേഷ്ഠൻ
ലാസറിനെ ഉയർപ്പിച്ചവൻ പാപികളെ വീണ്ടെടുത്തവൻ (2)
4. എന്റെ പ്രിയൻ വാനിൽ വരാറായ് കാഹളങ്ങൾ മുഴങ്ങീടാറായ്
സോദരരേ ഉണർന്നിടുവീൻ ഉയർത്തിടാം ജയക്കൊടികൾ (2)

357 യേശു നല്ലവൻ എന്നേശു നല്ലവൻ അവന്റെ നാമം വലിയത് ദയ എന്നേക്കുമുള്ളത് (2)

1. വീരനായ ദൈവമായ് നിത്യനാം പിതാവുമായ് ഏകനായ് മഹാത്ഭുതങ്ങൾ പ്രവർത്തിക്കുന്നവൻ (2)
2. ശത്രുവിൻ കരത്തിലും കണിയിലും വിപത്തിലും വീണിടാതെ നിത്യവും കാത്തിടുന്നവൻ (2)
3. എന്നെ വീണ്ടെടുക്കുവാൻ സ്വന്തജീവൻ ഏകിയോൻ ഇന്നും എന്റെ പേർക്കു പക്ഷവാദം ചെയ്യുന്നോൻ (2)
4. വിളിച്ചപേക്ഷിച്ചീടുമ്പോൾ ഉത്തരം തരുന്നവൻ എനിക്കു വേണ്ടി സകലവും നിർവ്വഹിക്കുന്നോൻ (2)
5. ഇത്ര വലിയ രക്ഷയും പദവിയും പ്രത്യാശയും ഏഴയിൽ പകർന്ന യേശു എത്ര നല്ലവൻ (2)

358 യേശു നല്ലവൻ അവൻ വല്ലഭൻ അവൻ ദയയോ എന്നുമുള്ളത്
പെരുവെള്ളത്തിൻ ഇരച്ചിൽ പോലെ സ്തുതിച്ചീടുക അവന്റെ നാമം (2)

ഹല്ലേലുയ്യാ ഹല്ലേലുയ്യാ ഹല്ലേലുയ്യാ ഹല്ലേലുയ്യാ
മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനം ശക്തിയും ബലവും എന്നേശുവിന് (2)

1. ഞാൻ യഹോവയ്ക്കായ് കാത്തു കാത്തല്ലോ അവനെങ്കലേയ്ക്കു ചാഞ്ഞു കേട്ടല്ലോ (2)
നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും കയറ്റി (2)

2. എന്റെ കർത്താവേ! എന്റെ യഹോവേ! നീയൊഴികെ എനിക്കൊരു നന്മയുമില്ല (2)
ഭൂമിയിലുള്ള വിശുദ്ധന്മാരോ അവരെനിക്കു ശ്രേഷ്ഠന്മാർ തന്നെ (2)

3. എന്റെ കാൽകളെ പാറമേൽ നിർത്തി എൻ ഗമനത്തെ സുസ്ഥിരമാക്കി (2)
പുതിയൊരു പാട്ടെനിക്കു തന്നു എൻ ദൈവത്തിന് സ്തുതി തന്നെ (2)

359 യേശു മണവാളൻ നമ്മെ ചേർക്കുവാൻ മദ്ധ്യവാനിൽ വെളിപ്പെടുവാൻ
കാലം ആസന്നമായ് പ്രിയരേ ഒരുങ്ങാം വിശുദ്ധിയോടെ (2)
ചേരും നാം വേഗത്തിൽ ഇമ്പവീടതിൽ കാണും നാം അന്നാളിൽ പ്രിയൻ പൊൻമുഖം (2)

1. ഝടുതിടെ ഉയിർക്കും വിശുദ്ധരെല്ലാം കാഹളനാദം കേൾക്കുമ്പോൾ (2)
പാരിൽ പാർത്തിടും നാം അന്നാളിൽ രൂപാന്തരം പ്രാപിക്കും (2)

2. രോഗ ദു:ഖങ്ങളും മരണമതും തെല്ലും നീ ഭയപ്പെടാതെ (2)
ദേഹം മണ്ണോടു ചേർന്നെന്നാലും രൂപാന്തരം പ്രാപിക്കും (2)

3. യുദ്ധങ്ങളും ക്ഷാമവും ഭൂകമ്പവും അടിക്കടി ഉയർന്നിടുമ്പോൾ (2)
കാന്തൻ യേശു വരാൻ കാലമായ് രൂപാന്തരം പ്രാപിക്കും (2)

360 യേശു മഹോന്നതനെ മഹോന്നതനെ വേഗം കാണാം മൽ പ്രേമ കാന്തനെ കാണാം

1. സുന്ദരരൂപനെ ഞാൻ ഈ മേഘമതിൽ വേഗം കാണാം മൽ പ്രേമ കാന്തനെ കാണാം (2)
കഷ്ടതയേറെ സഹിച്ചവരും കല്ലേറടി ഇടികൊണ്ടു മരിച്ചവരന്നു മശിഹായോടു വാഴുമാ നാട്ടിൽ (2)

2. പൊന്മണി മാലയവൻ എനിക്ക തരും ശുഭ്ര വസ്ത്രം നാഥൻ എന്നെ ധരിപ്പിക്കുമെന്ന് (2)
കണ്ണുനീരാകെ ഒഴിഞ്ഞീടുമെ ആയിരമാണ്ടു വസിക്കുമവനുടെ നാട്ടിൽ എനിക്കായൊരുക്കിയ വീട്ടിൽ (2)

3. രാപകലില്ലവിടെ പ്രശോഭിതമായൊരു നാട് നാലു ജീവികൾ പാടുമവിടെ (2)
ജീവജല നദി ഉണ്ടങ്ങവിടെ ജീവമരങ്ങളുമായ് നിലകൊണ്ടൊരു ദേശം നല്ലൊരു ഭുവനദേശം (2)

| | | | |
|---|---|---|---|
| 361 | യേശു നാഥാ നിൻ കൃപയ്ക്കായ് | സ്തോത്രം എന്നേക്കും | |
| | ഈശനേ നിൻ നാമം എന്റെ | ക്ലേശം അകറ്റും | (2) |
| 1. | നാശമയൻ ആയോരെന്നിൽ ജീവനരുളാൻ വൻ | ക്രൂശിനെ സഹിച്ചപമാനം വഹിച്ചോരു | (2) |
| 2. | പാവനമാം നീതിയിൽ ഞാൻ എന്നും ഇരിപ്പാൻ നിന്റെ | ജീവനിൽ ഒരംശം എനിക്കേകി അതിനാൽ | (2) |
| 3. | നിൻ ഹൃദയം തന്നിലെന്നെ മുൻ കുറിച്ചപ്പോൾ എൻ | ജനനം തന്നെയും ഞാനെന്നറിഞ്ഞില്ലേ | (2) |
| 4. | തൻ ജഡ ശരീര മരണം നിമിത്തം നീ നിൻ | പിതാവോടെന്നെ നിരപ്പിച്ചതു മൂലം | (2) |
| 5. | എത്ര കാലം നിൻ കൃപയെ വ്യർത്ഥമാക്കി ഞാൻ | അത്രനാളും അന്ധകാരം തന്നിലിരുന്നേൻ | (2) |
| 6. | ജീവലതയായ നിന്നിൽ ഞാൻ നിലനില്പാൻ നിൻ | ജീവരസം എന്നിലെന്നും തന്നു പാലിക്ക | (2) |
| 7. | വിശ്രമ ദേശത്തിലീ ഞാനെത്തും വരെക്കും നിൻ | വിശ്രുത കൃപകളെന്നെ പിന്തുടരേണം | (2) |

| | | | |
|---|---|---|---|
| 362 | യേശു നായകാ പാപശാപ നാശകാ | വീണ്ടെടുത്ത നിൻ ജനത്തിനാത്മ ദായകാ | (2) |
| 1. | കണ്ടു ഞാനീ ദൈവസ്നേഹം ഈശൻ ക്രൂശിന്മേൽ | പണ്ടു ഞാൻ അറിഞ്ഞതില്ലെന്നോർത്തു നീറുന്നേ | (2) |
| | ഉണ്ടെനിക്കു നാടു മേലിൽ എന്നതോർക്കുമ്പോൾ | വേണ്ടെനിക്കീ മിസ്രയീമിൻ നിക്ഷേപങ്ങളെ | (2) |
| 2. | നിൻ വരവിൻ ലക്ഷ്യങ്ങളും എങ്ങും കാണുന്നേ | ജാതി-ജാതിയോടു പോരിന്നായുധങ്ങളാൽ | (2) |
| | വ്യാധിമൂലം ഖേദിക്കുന്നീ മാനവരെല്ലാം | ക്ഷാമവും ഭൂകമ്പവും അവിടവിടെയായ് | (2) |
| 3. | അന്ത്യകാല സംഭവങ്ങളാലെ ഭൂവനം | മാരകായുധങ്ങളാലെ ലോകരാഷ്ട്രങ്ങൾ | (2) |
| | സായുധ സമരത്തിനായ് കളം ഒരുക്കുന്നേ | കാന്തനെ നിൻ വരവിനെന്തു താമസിക്കുന്നു | (2) |
| 4. | വെള്ളി പൊന്നുമല്ല എന്നെ വീണ്ടെടുത്തത് | നിസ്തുല നിണം കരുണയായ് കഴുകയായ് | (2) |
| | വസ്തുതകൾ വർണ്ണ്യമല്ല എന്റെ നാവിനാൽ | കർത്തൻ ക്രൂശിൽ നിർവ്വഹിച്ച ദൈവ നിർണ്ണയം | (2) |
| 5. | കണ്ണു കണ്ടിട്ടില്ല വിണ്ണിൻ ഭാവിരൂപങ്ങൾ | കേൾപ്പതില്ല സീർഗ്ഗ സീയോൻ ഇമ്പഗാനങ്ങൾ | (2) |
| | ഒന്നു ഞാനറിയുന്നേ എൻ വാസമോർക്കുമ്പോൾ | മന്നിടം മറന്നു ഗാനം അന്നു പാടുമേ | (2) |

| | | | |
|---|---|---|---|
| 363 | യേശു രക്ഷിതാവെൻ സ്വന്തമാകയാൽ | ഞാനവൻ സന്താനം ആയിത്തീർന്നതാൽ | |
| | എന്തു മോദമെന്റെ അന്തരംഗത്തിൽ | പാടും ഞാൻ സന്തോഷത്താൽ | (2) |
| | രക്ഷാദാനമോ അതെത്ര മാധുര്യം | എന്നെ വീണ്ടതോ അതെത്ര ആശ്ചര്യം | |
| | കർത്തൻ സ്വന്തമായിട്ടെന്നെ തീർത്തതാൽ | കീർത്തിക്കും ഞാൻ നന്ദിയാൽ | (2) |
| 1. | രക്ഷകാ നിന്നിഷ്ടം നിറവേറ്റുവാൻ | നീക്കുക എന്നിഷ്ടം മുറ്റുമെൻ ഭവാൻ | |
| | നടത്തെന്നെ നിന്നത്ഭുത മാർഗ്ഗത്തിൽ | പാലിക്കെന്നെ കൃപയിൽ | (2) |
| 2. | പോരിൽ ഞാൻ തളർന്നു വീണു പോകായ്‌വാൻ | ശത്രു എന്റെ മേൽ ജയം കൊണ്ടീടായ്‌വാൻ | |
| | യേശുവേ നിൻ ശക്തി എന്നിൽ നൽകുകേ | ആത്മാവിൽ നിറയ്ക്കുകേ | (2) |
| 3. | സ്വർഗ്ഗേ വന്നു നിന്നെ ഞാൻ കണ്ടീടുമ്പോൾ | എന്റെ സർവ്വ ഖേദം അന്നു തീരുമ്പോൾ | |
| | കർത്തനെ ഞാൻ മോദാൽ ചുംബിച്ചീടുമേ | ഹല്ലേലുയ്യാ പാടുമേ | (2) |

| | | | |
|---|---|---|---|
| 364 | യേശു ക്രിസ്തു ഉയിർത്തു ജീവക്കുന്നു | പര ലോകത്തിൽ ജീവിക്കുന്നു | (2) |
| | ഇഹ ലോകത്തിൽ താനിനി വേഗം വരും | രാജരാജനായ് വാണിടുവാൻ | (2) |
| | ഹാ.. ഹല്ലേലുയ്യാ ജയം ഹല്ലേലുയ്യാ | യേശു കർത്താവു ജീവിക്കുന്നു | (2) |
| 1. | കൊല്ലുന്ന മരണത്തിൻ ഘോര തര | വിഷ..പ്പല്ലു തകർന്നതാകയാൽ .. ഇനി | (2) |
| | തെല്ലും ഭയമെന്യേ മൃത്യുവിനെ | നമ്മൾ വെല്ലു വിളിയ്ക്കുകയാം | (2) |
| 2. | എന്നേശു ജീവിക്കുന്നായതിനാൽ ഞാനും | എന്നേക്കും ജീവിക്കയാം .. ഇനി | (2) |
| | തന്നെപ്പിരിഞ്ഞൊരു ജീവിതം | ഇല്ലെനിക്കെല്ലാം എൻ യേശുവത്രേ | (2) |
| 3. | മന്നിൽ അല്ലെൻ നിത്യ വാസം എൻ യേശുവിൻ | മുന്നിൽ മഹത്വത്തിലാം .. ഇനി | (2) |
| | വിണ്ണിലാ വീട്ടിൽ ചെന്നെത്തുന്ന നാളുകൾ | എണ്ണി ഞാൻ പാർത്തിടുന്നു | (2) |

| | | | |
|---|---|---|---|
| 365 | യേശു വരുന്നേ പൊന്നേശു വരുന്നേ | വരവിന്നായ് തൻ വചനം പോൽ നീ ഒരുങ്ങീടുന്നുവോ? | (2) |
| 1. | ഇവിടെക്കയറി വരുവിൻ എന്ന ദൈവശബ്ദം | കേൾപ്പതിനുവേണ്ടി ഉണർന്നു നീ ഒരുങ്ങിടുന്നുവോ? | (2) |
| 2. | അംബരത്തിൻ ശക്തികൾ ഭ്രമിച്ചിടുന്നതാൽ | അമ്പരപ്പിനാലീ ലോകം നടുങ്ങിടുന്നിതാ | (2) |
| 3. | നീക്കും ലോകവാഴ്ച്ച യേശു രാജരാജനായ് | സ്ഥാപിക്കും സ്വർഗ്ഗീയ വാഴ്ച്ച തൻ വിശുദ്ധർക്കായ് | (2) |
| 4. | മുൾമുടി അണിഞ്ഞു രക്തധാരിയായവൻ | പൊൻകിരീടം ചൂടി തേജപൂർണ്ണനായിതാ | (2) |
| 5. | ദൈവം തൻ വിശുദ്ധന്മാരിൻ കണ്ണുനീരെല്ലാം | നീക്കിയേകും നിത്യജീവൻ എന്നെന്നേക്കുമായ് | (2) |
| 6. | ഹാ ! സ്വർഗ്ഗീയ നാളതിൻ പ്രഭാതമായിതാ | ഹാ ! എൻപ്രിയൻ വാനിൽ ദൂതസേനയോടിതാ | (2) |

| | | | |
|---|---|---|---|
| 366 | യേശു സന്നിധി മമ ഭാഗ്യം | ക്ലേശം മാറ്റി മഹാ സന്തോഷം ഏകുന്ന | |
| | ശുദ്ധത്മാവനു ദിനം എന്നുള്ളിൽ വസിച്ചെന്നെ! | പ്രാർത്ഥിപ്പാൻ പഠിപ്പിക്കുന്നേരം എപ്പോഴും | (2) |
| 1. | ദൈവ വചനമതിൽ ധ്യാനിച്ചീടുവാൻ അതി | രാവിലെ തൻ പാദം പ്രാപിക്കുന്നേരം | (2) |
| 2. | പാപത്താൽ അശുദ്ധനായ് തീരും സമയം | അനുതാപ ഹൃദയമോടെ ഞാൻ അണയുമ്പോൾ | (2) |
| 3. | ലോക ചിന്തകളാകും ഭാരച്ചുമടതിനാൽ | ആകുലപ്പെട്ടു തളർന്നീടുന്ന നേരം | (2) |
| 4. | ദുഃഖങ്ങൾ ഹൃദയത്തെ മുറ്റും തകർത്തിടുമ്പോൾ | ഒക്കെയും സഹിച്ചീടാൻ ശക്തി നല്കുന്ന | (2) |
| 5. | യാതൊരു സമയമെന്നന്ധത അതു മൂലം | പാതയറിയാതെ ഞാൻ വലയുമ്പോൾ | (2) |
| 6. | തക്ക സമയമെല്ലാ മുട്ടും പ്രയാസവും തൻ | മക്കൾക്കു തീർത്തു കൊടുത്തീടുന്നോരെൻ | (2) |
| 7. | ശത്രുവിൻ പരീക്ഷയെൻ നേരെ വന്നിടുന്നോരു | മാത്രയിൽ ജയം നല്കി രക്ഷിച്ചീടുന്ന | (2) |
| 8. | മന്നിടമതിൽ എന്റെ കണ്ണടഞ്ഞതിൻ ശേഷം | പൊന്നു ലോക വാസത്തിൽ എന്നും എന്നേക്കും | (2) |

367 യേശുവിൽ ആശ്രയം വച്ചിടുന്നോർ ക്ലേശങ്ങൾ വന്നാലും പേടിക്കില്ല
വൈരിയിൻ കൈയിൽ നിന്നും രക്ഷിക്കും ധൈര്യമായ് നിർത്തിടും തൻ സമീപേ (2)

1. വാഴ്ത്തുക നീ എൻ മനമേ വാക്കു മാറാത്തവൻ നിൻ രക്ഷകൻ (2)
നിത്യവും കാക്കുന്ന ഇമ്മാനുവേൽ നിത്യതയോളവും നടത്തിടും (2)
2. നീതിമാൻ വിശ്വാസത്താൽ ജീവിക്കും ഭീതിയിൻ കാറുകൾ ഏറിടിലും (2)
ശൈലവും കോട്ടയും ക്രിസ്തുവത്രെ ദൈവവും രക്ഷയിൻ ഗോപുരവും (2)
3. ആഴമാം വാരിധി മദ്ധ്യത്തിൽ നീ ആണ്ടു പോയെന്നാലും പേടിക്കേണ്ട (2)
തൻ കരം നീട്ടി കരേറ്റിടും താൻ വൻ പരിശോധന നേരമതിൽ (2)

368 യേശുവിൻ പിൻപേ പോകാനുറച്ചു (3) പിന്മാറാതെ പിൻഗമിക്കും (2)

1. ക്രൂരരെന്റെ മുൻപിൽ ലോകമെൻ പിൻപിൽ (3) പിന്മാറാതെ പിൻഗമിക്കും (2)
2. യേശുവെൻ മിത്രം സാത്താൻ എൻ ശത്രു (3) പിന്മാറാതെ പിൻഗമിക്കും (2)

യീശൂ കേ പീഛേ മേം ചൽനേ ലഗാ (3) ന ലൗട്ടൂംഗാ ന ലൗട്ടൂംഗാ (2)

1. ഗർ കോയി മേരേ സാഥ് ന ആവേ (3) ന ലൗട്ടൂംഗാ ന ലൗട്ടൂംഗാ (2)
2. സൻസാർ കോ ഛോഡ്കർ സലീബ് കോ ലേക്കർ (3) ന ലൗട്ടൂംഗാ ന ലൗട്ടൂംഗാ (2)
3. അഗർ മേം ഉസ്ക്കാ ഇൻകാർ ന കരൂം (3) താജ് പാവൂംഗാ താജ് പാവൂംഗാ (2)

I have decided to follow Jesus (3) No turning back, no turning back (2)

1. The world behind me, the Cross before me (3) No turning back, no turning back (2)
2. Though no one joins me, still I will follow (3) No turning back, no turning back (2)
3. You take the whole world, but give me Jesus (3) No turning back, no turning back (2)

369 യേശുവിൻ ദിവ്യ സ്നേഹം എന്നോടു വർണ്ണിക്ക തൻ ജീവനെ എൻ പേർക്കായ് വച്ച വൃത്താന്തവും
ആയതെനിക്കെപ്പോഴും ആനന്ദം നൽകുന്നു തൻ സ്നേഹ കൊടിക്കീഴിൽ വസിക്കും ഞാൻ എന്നും
യേശുവിൻ ദിവ്യസ്നേഹം (3) എന്നോടു വർണ്ണിക്ക

1. യേശുവിൻ ദിവ്യ സ്നേഹം എന്നോടു വർണ്ണിക്ക എൻ ഹൃദയത്തെ അതു കവർന്നിരിക്കുന്നു
ചിന്തിക്കും തോറും ഏറ്റം മാധുര്യമാം അതു ഇവ്വിധമാം സന്തോഷം ഉർവ്വിയിൽ ഇല്ലെങ്ങും (2)
4. യേശുവിൻ ദിവ്യ സ്നേഹം എന്നോടു വർണ്ണിക്ക അറിവിനെ കവിയും ആ സ്നേഹത്തിൻ നീളം
വീതി ഉയരം ആഴം എന്തെന്നു ഗ്രഹിപ്പാൻ നിത്യതയിങ്കലും ഞാൻ ശക്തനായ് തീരുമോ? (2)
3. യേശുവിൻ ദിവ്യ സ്നേഹം എന്നോടു വർണ്ണിക്ക ഭൂവിൽ അതെന്നാശ്വാസം ജീവിക്കും നാളെല്ലാം
ആകർഷിച്ചീടുന്നെന്നെ തങ്കലേക്കെപ്പോഴും വേഗം ഞാൻ ചേരും തന്റെ ഭാഗ്യ സന്നിധിയിൽ (2)

370 യേശുവിൻ നാമം മധുരിമ നാമം ഇണയില്ലാ നാമം ഇമ്പനാമം (2)

1. പാപത്തിൻ ഭാരം ശാപവും നീക്കും പരമ സന്തോഷം ഏകിടും നാമം (2)
2. പരിമള തൈലം പോൽ യേശുവിൻ നാമം പാരെങ്ങും വാസന വീശിടും നാമം (2)
3. വാനിലും ഭൂവിലും മേലായ നാമം വാനാധി വാനവൻ യേശുവിൻ നാമം (2)
4. വാഗ്ദത്തം അഖിലവും നൽകിടും നാമം ആശ്രിതർക്കാലംബ ദായക നാമം (2)
5. മുഴങ്കാലുകൾ എല്ലാം മടങ്ങിടും നാമം ഏവരും ഒരുപോൽ വണങ്ങീടും നാമം (2)
6. എത്ര മഹാത്ഭുതം യേശുവിൻ നാമം പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധ നാമം (2)

371 യേശുവിൻ നാമം എന്നേശുവിൻ നാമം എന്റെ ജീവിതത്തിൽ ഏക ആശ്രയമേ (2)
ഞാനെന്നും സ്തുതിക്കും ഞാനെന്നും വാഴ്ത്തും യേശുവൻ നാമം എനിക്കെത്ര ആനന്ദം (2)

1. പാപി ആയിരുന്നെന്നെ രക്ഷിപ്പാനായ് യേശു ക്രൂശിലേറി തന്റെ ജീവനർപ്പിച്ചു (2)
യേശു എത്ര നല്ലവൻ യേശു എത്ര വല്ലഭൻ പതിനായിരത്തിൽ അതി ശ്രേഷ്ഠനവൻ (2)
2. നല്ലിടയനായ യേശുനാഥൻ നിരന്തരമായ് എന്നെ വഴി നടത്തും (2)
അവനെന്നെ ശാസിക്കും അവനെന്നെ ശിക്ഷിക്കും തൻ കൊടിക്കീഴിൽ എന്നെ നിത്യം നടത്തുമവൻ (2)
3. സമാധാനം ഇല്ലാതെ ഞാൻ അലഞ്ഞു യേശു സമാധാനമായ് എന്റെ അരികിൽ വന്നു (2)
അവനെന്നെ അണച്ചു അവനെന്നെ താങ്ങി തൻ ഭുജബലത്താൽ എന്നെ നടത്തും ആഅൻ (2)

372 യേശുവിൻ നാമം എത്രയോ ശ്രേഷ്ഠം വാഴ്ത്തി സ്തുതിച്ചിടുവിൻ (2)
സർവ്വ നാമത്തിനും മീതെ സ്തുത്യനാം യേശു വീണു വണങ്ങിടുവിൻ (2)

*"എന്തതിശയമേ ദൈവത്തിൻ സ്നേഹം"*

1. പാപികളായ മാനവർക്കായി പാരിതിൽ നരനായി (2)
പരിപാവനനാം എന്റെ യേശുമഹേശൻ തൻ ഉയിർ ഏകിയല്ലോ (2)
2. തന്നെത്താൻ താഴ്ത്തി വൻകുരിശേറി തൻ ജീവൻ തന്നുവല്ലോ (2)
വാനത്തിൻ കീഴെ ഭൂമിക്കു മുകളിൽ രക്ഷിപ്പാൻ യേശുമാത്രം (2)
3. അത്ഭുത മന്ത്രി വീരനാം ദൈവം നിത്യപിതാവും അവൻ (2)
നിത്യ ശാന്തിയിൻ രാജൻ വീണ്ടും വരുന്നു വേഗം ഒരുങ്ങുക നാം (2)
4. എല്ലാ മുഴങ്കാലും മടങ്ങിടും തിരുമുമ്പിൽ നാവെല്ലാം ഏറ്റു പാടും (2)
സർവ്വ വല്ലഭാ നീയല്ലാതില്ലേ ഇല്ലാരുമേ നീ മാത്രം സ്തുതിക്കു യോഗ്യൻ (2)

373 യേശുവിൻ നാമം മനോഹരം ഹാ... എത്ര മാധുര്യം
വിണ്ണിനു താഴെ മണ്ണിനു മീതെ വേറൊരു നാമമില്ല (2)
പാവന ജീവനേകി പാപിയെ രക്ഷിപ്പാനായ് ദാസ വേഷം പൂണ്ട് പാരിൽ വന്ന നാഥാ
നിൻ നാമം വാഴ്ത്തുന്നു ഞങ്ങൾ നിൻ നാമം ഘോഷിക്കും ഞങ്ങൾ (2)
വന്നീടുകിന്നീ ഞങ്ങൾ തൻ മദ്ധ്യേ ആശിഷം ഏകിടാനായ് (2)

1. കാൽവറി മാമലയിൽ കാരിരുമ്പാണികളാൽ കർത്തനെ നിൻ മേനി ക്രൂശിൽ തറച്ചുവോ (2)
2. നശ്വരമാം ഈ ഭൂവിൽ സ്ഥാന മാനം വേണ്ടാ ശാശ്വത ഇമ്പ നാട്ടിൽ ഞങ്ങളെ ചേർത്തിടണെ (2)

374 യേശുവിൻ തിരുപ്പാദത്തിൽ ഇരുന്നു കേൾക്ക നാം തന്റെ വിശുദ്ധ വാക്യത്തിൽ നമ്മുടെ ജീവനാം
യേശുവിൻ സുവിശേഷം ദിവ്യമാം ഉപദേശം കേൾക്കുക നാം കാക്കുക നാം ജീവന്റെ വാക്യങ്ങൾ

1. ദൈവ വചനം ജീവനും ശക്തിയും ആകയാൽ ആത്മ രക്ഷയുണ്ടേവനും ഉള്ളത്തിൽ കൈക്കൊണ്ടാൽ (2)
ആത്മ മരണം മാറും നീതിയിൽ അവൻ വാഴും കേൾക്കുക നാം കാക്കുക നാം ജീവന്റെ വാക്യങ്ങൾ (2)
2. അജ്ഞനെ ജ്ഞാനി ആക്കുവാൻ വചനം ജ്ഞാനമാം സത്യത്തിൽ അതു കാക്കുവാൻ സ്വർഗ്ഗത്തിൻ ദാനമാം (2)
ഒഴിയുവാൻ നിത്യ നാശം കാലിനൊരു പ്രകാശം കേൾക്കുക നാം കാക്കുക നാം ജീവന്റെ വാക്യങ്ങൾ (2)
3. സത്യ ദൈവത്തിൻ ഭക്തന്മാർ വചനം കാക്കയാൽ സൽപ്രവൃത്തിക്കു ശക്തന്മാർ ആകുന്നു നാൾക്കുനാൾ (2)
ദൈവ മുഖ പ്രസാദം നിത്യം അവർക്കാഹ്ളാദം കേൾക്കുക നാം കാക്കുക നാം ജീവന്റെ വാക്യങ്ങൾ (2)
4. ലോകങ്ങൾ അവസാനിക്കും വാനവും ഇല്ലാതാം ദൈവ വാക്കു പ്രമാണിക്കും ഭക്തനോ നിത്യനാം (2)
വാട്ടം മാലിന്യം നാശം ഇല്ലാത്തോരവകാശം കേൾക്കുക നാം കാക്കുക നാം ജീവന്റെ വാക്യങ്ങൾ (2)

375 യേശുവിൻ സ്നേഹത്താൽ എന്നുള്ളം പൊങ്ങുന്നേ തൻ സ്നേഹ മാധുര്യം ചിന്താതീതം അത്രേ (2)
ഹാ എത്ര ആഴമേ യേശുവിൻ സ്നേഹമേ ആയതിൻ ധ്യാനമെൻ ജീവിത ഭാഗ്യമേ (2)

1. ലോകസ്ഥാപനം മുൻപെന്നെയും കണ്ടല്ലോ (2) ലോകത്തിൽ വന്നു തൻ ജീവനെ തന്നല്ലോ (2)
എത്രയോ ശ്രേഷ്ഠമാം സ്വർഗ്ഗീയ വിളിയായ് (2) എന്നെയും യോഗ്യനായ് എണ്ണിയ സ്നേഹമേ (2)
2. സീയോനിൽ എനിക്കായ് മൂലക്കല്ലാകുവാൻ (2) സീയോനിൽ എന്നെയും ചേർത്തു പണിയുവാൻ (2)
സ്വർഗ്ഗീയ താതനിൻ വേലയും തികച്ച (2) സ്വർഗ്ഗീയ ശിൽപിയാം യേശുവിൻ സ്നേഹമേ (2)
3. അത്ഭുത സ്നേഹമാം സ്വർഗ്ഗീയ ദാനത്താൽ (2) സമ്പൂർണ്ണൻ ആക്കിടും എന്നെയും തന്നെപ്പോൽ (2)
ശത്രുവാം എന്നെയും തൻ സ്വന്തമാക്കിയ (2) സ്നേഹ സ്വരൂപനിൻ അതുല്യ സ്നേഹമേ (2)
4. കർത്താവാം കുഞ്ഞാട്ടിൻ കല്യാണ നാളതിൽ (2) കാന്തയായ് തൻ മുമ്പിൽ എന്നെയും നിർത്തുവാൻ (2)
ഘോരമാം പാടുകൾ ക്രൂരരാം യൂദരാൽ (2) കാരണം ഇല്ലാതെ സഹിച്ച സ്നേഹമേ (2)
5. ജീവകിരീടവും ജ്യോതിയാം വസ്ത്രവും (2) നീതിയിൻ ചെങ്കോലും ധരിച്ചു വാഴുവാൻ (2)
മുൾമുടി ധരിച്ചു നിന്ദയും സഹിച്ച (2) മന്നാധി മന്നാ നിൻ മാറാത്ത സ്നേഹമേ (2)
6. വീണ്ടെടുപ്പിൻ ഗാനം പാടും ഞാൻ സീയോനിൽ (2) വിൺ ദൂതർക്കും പാടാൻ അസാദ്ധ്യമേ അത് (2)
കാൽവറി ഗിരിയിൽ കാൽകരം തുളച്ച (2) കുഞ്ഞാടാം പ്രിയനിൻ സ്നേഹം എൻ ഗാനമേ (2)

376 യേശുവിൻ സാക്ഷികൾ നമ്മൾ അവന്റെ വിശുദ്ധ ജനം നമ്മൾ
ഉയിർത്തവനുടെ പരമവിളിക്കു യോഗ്യരാം നമ്മൾ (2)
സ്തുതിക്കാം ഹല്ലേലുയ്യാ സ്തുതിക്കാം ഹല്ലേലുയ്യാ (2)
നമ്മുടെ രക്ഷയാം പാറയ്ക്കാർപ്പിടാം സ്തുതിക്കാം ഹല്ലേലുയ്യാ (2)

1. ലക്ഷ്യം തെളിവായ് മുൻപിൽ ഉണ്ട് മാർഗ്ഗവും ഒരിക്കലായ് അരുളീട്ടുണ്ട്
സുവിശേഷ ദീപം തോളി ൽ ഏന്തി ലോകത്തിൻ വിളക്കാകാം (2)
2. ചെങ്കടൽ ഓളങ്ങൾ മുൻപിൽ ഉണ്ട് വൻ പട ഘോരമായ് പിൻപിലുണ്ട്
ഇടവും വലവും നോക്കിടാതെ മുന്നേറി ചെന്നിടാം (2)

377 യേശുവിനെ ഞാൻ സ്തുതിച്ചീടട്ടെ നന്ദിയോടെന്നും വാഴ്ത്തീടട്ടെ (2)
എന്നുടെ പാപം ക്രൂശതിൽ തീർത്ത പൊന്നു കർത്താവേ നിനക്ക് സ്തോത്രം (2)

1. പൂർണ്ണഹൃദയത്തോടെ ഞാൻ നിന്നെ സ്തുതിക്കും അത്ഭുതങ്ങളെ എല്ലാം ഞാനെന്നും വർണ്ണിക്കും (2)
നാവിന്മേൽ പുകഴ്ത്തും എന്നും ഉല്ലസിക്കും യേശുവിൻ നാമം എന്നെന്നും കീർത്തിക്കും (2)
2. ഏതു പ്രശ്നം വന്നാലും യേശു മാത്രം ആശ്രയം എന്നുമെന്നെ നടത്തും ജയത്തിലേക്കെത്തിക്കും (2)
ദുഷ്ടങ്കൽ നിന്നു നീ രക്ഷിച്ചു കാത്തിടും കഷ്ടകാലത്തു നീ അഭയസ്ഥാനം തന്നെ (2)
3. സാധുവായ എന്നെയും യേശു മറക്കയില്ല പ്രത്യാശയ്ക്കൊരിക്കലും ഭംഗം വരികില്ല (2)
ഞാനെന്റെ സർവ്വവും ക്രിസ്തുവിൽ അർപ്പിക്കും മഹത്വം കരേറ്റും സ്തോത്രഗീതം പാടും (2)

378 യേശുവിന്റെ തിരു നാമത്തിന്നു എന്നുമെന്നും സ്തുതി സ്തോത്രമെ (2)

1. വാനിലും ഭൂവിലും മേലായ നാമം വന്ദിത വല്ലഭ നാമമതു ദൂതർ
വാഴ്ത്തി പുകഴ്ത്തിടും നാമമതു (2)
2. പാപത്തിൽ ജീവിക്കും പാപിയെ രക്ഷിപ്പാൻ പാരിതിൽ വന്നൊരു നാമമതു
പര ലോകത്തിൽ ചേർക്കും നാമമതു (2)
3. ഉത്തമ ഭക്തന്മാർ പാടി പുകഴ്ത്തിടും ഉന്നതമാം ദൈവ നാമമതു
ഉലകെങ്ങും ധ്വനിക്കുന്ന നാമമതു (2)
4. സങ്കടം ചഞ്ചലം ശോധന വേളയിൽ താങ്ങി നടത്തിടും നാമമതു
ഭയം മുറ്റും അകറ്റിടും നാമമത് (2)

379 യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടതാം തന്റെ പ്രിയ ജനമേ ഉണർന്നീടുക (2)
തന്റെ വേലയെ തികച്ചു നാം ഒരുങ്ങീടുക (2)
കാലം ഏറെ ഇല്ലല്ലോ കാഹളം നാം കേട്ടിടാൻ (2) കാന്തൻ വരാറായ് നാമും പോകാറായ് (2)

1. യേശുവിന്റെ രക്തത്താൽ വിടുതൽ നമുക്കുണ്ട് സാത്താനോടെതിർത്തിടാം ദൈവജനമേ (2)
ഇനി തോൽവിയില്ല ജയം നമുക്കവകാശമേ (2)
2. ആത്മബലത്താലെ-നാം കോട്ടകൾ തകർത്തിടും രോഗം ദു:ഖം മാറിടും യേശുനാമത്തിൽ (2)
ഇനി ഭീതി വേണ്ട ജയം നമുക്കവകാശമേ (2)
3. ശാപങ്ങൾ തകർന്നിടും യേശുവിന്റെ നാമത്തിൽ ഭൂതങ്ങൾ-വിട്ടോടിടും യേശുനാമത്തിൽ (2)
ഇനി ശോകമില്ല ജയം നമുക്കവകാശമേ (2)

380 യേശുവേ എൻ പ്രാണനായകാ ജീവൻ എനിക്കേകിയോനേ (2)
എൻ സങ്കടങ്ങൾ അറിഞ്ഞെന്റെ വൻകടങ്ങൾ തീർത്തെന്റെ കണ്ണുനീർ തുടച്ചല്ലോ നീ (2)

1. പാപിയായ് ഞാൻ ജീവിച്ചപ്പോൾ പാത തെറ്റി ഓടിയപ്പോൾ (2)
പാലകൻ നീ തേടിയീ പാതകൻ അടിയാനെ പാവന മാർഗ്ഗേ ചേർത്തല്ലോ (2)
2. എന്നെ നിന്നിൽ ധന്യൻ ആക്കുവാൻ വന്നിതോ എന്നുള്ളിൽ രാജനായ് (2)
തന്നിതോ നിൻ നീതിയും ദിവ്യമാം സന്തോഷവും നിത്യമാം സമാധാനവും (2)
3. ഭാരമെന്യേ ജീവിക്കുവാൻ എൻ ഭാരമെല്ലാം ചുമന്നവനേ (2)
ആശ്രയം നീ മാത്രമെൻ ആശയിൻ പ്രകാശമേ ആശിഷം നിൻ കാരുണ്യമേ (2)
4. വന്നിടും ഞാൻ അതി വേഗത്തിൽ എന്നുരച്ചു പോയവനേ (2)
വന്നുനിൻ മഹിമയിൻ രാജ്യം അതിൽ ചേർക്കുവാൻ ആശയാൽ ഞാൻ കാത്തിടുന്നേ (2)

381 യേശുവെ നോക്കി ഓടുവിൻ വിശ്വാസികളെ യേശുവെപ്പോലെ ഓടുവിൻ (2)
വിശ്വാസ വീരനാകും യേശുവിൻ പാതയിൽ (2) വിശ്വാസത്തോടെ ഓടുവിൻ പ്രിയരേ (2)

*"ലോകത്തിൽ ഏകയാശ്രയം എന്നേശു മാത്രം"*

1. പാപവും ഭാരവുമെല്ലാം വെടിഞ്ഞിടേണം ലാക്കിനെ നോക്കി ഓടുവാൻ (2)
ലോകത്തിൻ മോഹത്തെയും വിട്ടു നാം ഓടണം (2) വിൺ..ലോകം പൂകിടുവാനായ് (2)
2. കാൽവറി ക്രൂശിനെ നോക്കൂ രക്ഷകന്റെ കാൽക്കൽ നമസ്ക്കരിക്കുവിൻ (2)
കാൽകരം ആണിക്കായ് ക്രൂശിന്മേൽ ഏല്പിച്ചോൻ (2) ക്ഷീണമെല്ലാം അകറ്റീടും നിൻ (2)
3. നാമിന്നു കാണുന്നതെല്ലാം ഒഴിഞ്ഞു പോകും ന്യായവിധി ദിനമതിൽ (2)
പുതുവാന ഭൂമിയതും പുത്തനെരുശലേമും (2) കർത്തൻ ഒരുക്കുന്നുണ്ടല്ലോ നമുക്കായ് (2)
4. വീഴാതെ നമ്മെ സൂക്ഷിക്കും നാഥനവൻ വാഴുവാൻ കാലമായല്ലോ (2)
വീഴാതെ നമ്മെയും സൂക്ഷിച്ചാൽ മാത്രമേ നാം (2) വാഴുവാൻ യോഗ്യരായിടൂ രാജൻ..കൂടെ (2)

382 യേശുവേ മണാളനേ പ്രത്യാശയിൻ പ്രദീപമേ എന്നാശ ഒന്നു മാത്രമേ നിന്നെ കാണുവാൻ വിൺ തേജസ്സിൽ (2)

കണ്ടിടും കണ്ടിടും പ്രിയനെ ഞാൻ കണ്ടിടും
അന്യനല്ല സ്വന്ത കണ്ണാൽ തന്റെ മുഖം കണ്ടിടും (2)
യേശുവേ മണാളനേ പ്രത്യാശയിൻ പ്രദീപമേ (2)

1. കണ്ണുനീർ നിറഞ്ഞ ലോകമേ നിന്നിൽ നിന്നു ഞാൻ മറയട്ടെ (2)
കണ്ണിമയ്ക്കും ഞൊടി നേരത്തിൽ എത്തും ഞാൻ ബെയൂലാ തീരത്തിൽ (2)
2. മേഘം പൊങ്ങിക്കാണുന്നേ നിത്യ കൂടാരത്തിൽ ചേരാറായ് (2)
ആശാ പാശമാകും കുറ്റികൾ കയറുമായ് അറുത്തു നീക്കണം (2)
3. മണ്മറഞ്ഞ സിദ്ധരും ജീവനോടിരിക്കും ശുദ്ധരും (2)
വിണ്ണിൽ കാഹളം ധ്വനിക്കുമ്പോൾ മണ്ണിൻ നിന്നും വാനിൽ പോകുമേ (2)
4. ഉയിർപ്പിൻ സുപ്രഭാതത്തിൽ ദൂതർ വീണമീട്ടും സംഘത്തിൽ (2)
ആ പൊൻ കിരീടക്കൂട്ടത്തിൽ എന്റെ പേർ വിളിക്കും നേരത്തിൽ (2)
5. എൻ ഓട്ടവും അദ്ധ്വാനവും ഞാൻ കാത്തതാം വിശ്വാസവും (2)
വ്യർത്ഥമല്ല അതു നിശ്ചയം വേഗം കാണും എൻ മണാളനെ (2)

383 യേശുവേ രക്ഷാ ദായകാ നിന്റെ സന്നിധേ വരുന്നു
എന്റെ പാപ ഭാരവുമായ് വല്ലഭാ ഏകൂ രക്ഷയെ (2)

1. ഉന്നതി വെടിഞ്ഞവനേ മന്നിൽ താണു വന്നവനേ (2)
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽ ജീവനെ തന്നത് (2)
2. പാപം ചെയ്തിടാത്തവനേ പരിക്ഷീണനായവനേ (2)
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽ ദാഹിച്ചു കേണത് (2)
3. ശാപ രോഗം ഏറ്റവനെ പാപമായി തീർന്നവനെ (2)
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽ പാടുകളേറ്റത് (2)
4. എന്റെ രോഗം നീ വഹിച്ചു എന്റെ പാപം നീക്കി മുറ്റും (2)
നിനക്കായിട്ടെന്നെന്നും ഞാനിനി ജീവിക്കും നിശ്ചയം (2)
5. സ്വീകരിക്ക എന്നെ ഇന്ന് ആത്മ ദേഹി ദേഹത്തേയും (2)
തരുന്നു നിൻ കൈകളിൽ തീർക്ക എന്നെ നിന്റെ ഹിതം പോൽ (2)

384 യേശുവേ നിൻ പാദം കുമ്പിടുന്നേ യേശുവേ നിൻ പാദം കുമ്പിടുന്നേ യേശുവേ നിൻ പാദം കുമ്പിടുന്നേ

1. നിസ്തുല സ്നേഹത്താലെ ക്രിസ്തുവേ എന്നെയും നീ (2)
നിൻ മകനാക്കുവാൻ തിന്മകൾ നീക്കുവാൻ വിൺ മഹിമ വെടിഞ്ഞു, ഹാലേലുയ്യാ, ആമേൻ (2)
2. സ്നേഹത്തിൻ ആഴി തന്നിൽ മുങ്ങി ഞാൻ ഇന്നു മന്നിൽ (2)
ആമയം മാറിയും ആനന്ദം ഏറിയും വാഴുന്നു ഭീതിയെന്യേ, ഹാലേലുയ്യാ, ആമേൻ (2)
3. എന്നുമേ ഞാൻ ഇനിയും നിന്നുടെ സ്വന്തം അത്രേ (2)
ഒന്നുമേ ശക്തമല്ലീ ബന്ധം മാറ്റുവാൻ എന്തൊരു ഭാഗ്യമിത് ഹാലേലുയ്യാ, ആമേൻ (2)
4. ഭൂതലം വെന്തുരുകും താരകങ്ങൾ മറയും (2)
അന്നും എൻ യേശുവിൻ അൻപിൻ കരങ്ങളിൽ സാധു ഞാൻ വിശ്രമിക്കും ഹാലേലുയ്യാ, ആമേൻ (2)

385 യേശുവേ നിന്റെ രൂപമീ എന്റെ കണ്ണുകൾക്കെത്ര സൗന്ദര്യം
ശിഷ്യനാകുന്ന എന്നെയും നിന്നെ പ്പോലെ ആക്കേണം മുഴുവൻ (2)

1. സ്നേഹമാം നിന്നെ കണ്ടവൻ പിന്നെ സ്നേഹിക്കാതെ ജീവിക്കുമോ
ദഹിപ്പിക്കണം എന്നെ അശേഷം സ്നേഹം നല്കണം എൻ പ്രഭോ! (2)
2. ദീനക്കാരെയും ഹീനന്മാരെയും ആശ്വസിപ്പിക്കാൻ വന്നോനെ
ആനന്ദത്തോടു ഞാൻ നിന്നെപ്പോലെ കാരുണ്യം ചെയ്‌വാൻ നല്കുകേ (2)
3. ദാസനപ്പോലെ സേവയെ ചെയ്ത ദൈവത്തിൻ ഏക ജാതനേ
വാസം ചെയ്യേണം ഈ നിൻ വിനയം എന്റെ ഉള്ളിലും നാഥനേ (2)
4. പാപികളുടെ വിപരീതത്തെ എല്ലാം സഹിച്ച കുഞ്ഞാടേ!
കോപിപ്പാനല്ല ക്ഷമിപ്പാനുള്ള ശക്തി എനിക്കും നല്കുകേ (2)
5. തന്റെ പിതാവിൻ ഹിതം എപ്പോഴും മോദമോടുടൻ ചെയ്തോനെ
എന്റെ ഇഷ്ടവും ദൈവ ഇഷ്ടത്തിൻ അനുരൂപം ആക്കേണമേ (2)
6. തിരുവെഴുത്തു ശൈശവം തൊട്ടു സ്നേഹിച്ചാരാഞ്ഞ യേശുവേ
ഗുരു നീ തന്നേ വചനം നന്നെ ഗ്രഹിപ്പിക്ക നിൻ ശിഷ്യനെ (2)
7. രാത്രി മുഴുവൻ പ്രാർത്ഥിച്ചുണർന്ന ഭക്തി ഉള്ളോരു യേശുവേ
പ്രാർത്ഥിപ്പാനായും ഉണരാനായും ശക്തി തരേണം എന്നുമേ (2)
8. ലോകസ്ഥാനങ്ങൾ സാത്താൻ മാനങ്ങൾ വെറുക്കും ദൈവ വീരനേ
ഏകമാം മനം തന്നിട്ടെൻ ധനം ദൈവം താൻ എന്നോർപ്പിക്കുകേ (2)
9. കൗശലങ്ങളും ഉപായങ്ങളും പകെക്കും സത്യ രാജാവേ
ശിശുവിന്നുള്ള പരമാർത്ഥത എന്നിലും നിത്യം കാക്കുകേ (2)
10. ഇഹ ലോകത്തിൽ ചിന്തകൾ ഒട്ടും ഇല്ലാത്താശ്രിത വത്സലാ
മഹൽ ശക്തിയാം നിൻ ദൈവാശ്രയം കൊണ്ടെന്നുള്ളം ഉറപ്പിക്ക (2)
11. മനുഷ്യരിലും ദൂതന്മാരിലും അതി സുന്ദരൻ ആയോനെ
അനുദിനം നിൻ ദിവ്യ സൗന്ദര്യം എന്നാമോദം ആക്കേണമേ (2)

386 യേശുവെപ്പോലെ ആകുവാൻ യേശുവിൻ വാക്കു കാക്കുവാൻ
യേശുവെ നോക്കി ജീവിപ്പാൻ ഇവയെ കാംക്ഷിക്കുന്നു ഞാൻ (2)

ഉറപ്പിക്കെന്നെ എൻ നാഥാ നിറയ്ക്ക എന്നെ ശുദ്ധാത്മാ
ക്രിസ്തൻ മഹത്വത്താലെ ഞാൻ മുറ്റും നിറഞ്ഞു ശോഭിപ്പാൻ (2)

1. ശൈശവ പ്രായ വീഴ്ച്ചകൾ മോശയാലുള്ള താഴ്ച്ചകൾ നീക്കുക എല്ലാം നായകാ ഏകുക നിൻ സമ്പൂർണ്ണത (2)
2. പ്രാർത്ഥനയാലെപ്പോഴും ഞാൻ ജാഗരിച്ചു പോരാടുവാൻ നിന്റെ സഹായം നൽകുക എന്റെ മഹാപുരോഹിതാ (2)
3. വാഗ്ദത്തമാംനിക്ഷേപംഞാൻ ആകെയെൻസ്വന്തമാക്കുവാൻ പൂർണ്ണ പ്രകാശം രക്ഷകാ പൂർണ്ണ വിശ്വാസത്തെയും താ (2)
4. ഭീരുത്വത്താൽ അനേകരും ദൂരെ പിന്മാറി ഖേദിക്കും ധീരത നൽകുകേശുവേ വീരനാം സാക്ഷി ആക്കുകെ (2)
5. തേടുവാൻ നഷ്ടമായതും നേടുവാൻ ഭ്രഷ്ടമായതും കണ്ണുനീർ വാർക്കും സ്നേഹംതാ വന്നു നിൻ അഗ്നി കത്തിക്ക (2)
6. കഷ്ടതയിലും പാടുവാൻ നഷ്ടമതിൽ കൊണ്ടാടുവാൻ ശക്തിയരുൾക നാഥനേ ഭക്തിയിൽ പൂർണ്ണൻ ആക്കുകെ (2)
7. യേശുവിൻ കൂടെ താഴുവാൻ യേശുവിൻ കൂടെ വാഴുവാൻ യേശുവിൽ നിത്യം ചേരുവാൻ ഇവയെ കാംക്ഷിക്കുന്നു ഞാൻ (2)

387 യേശുവോടു ചേർന്നിരിപ്പതെത്ര മോദമേ യേശുവിനായ് ജിവിക്കുന്നതെത്ര ഭാഗ്യമേ (2)
ആശ തന്നോടെന്നും എന്നിൽ വർദ്ധിച്ചീടുന്നേ (2) ആശു തന്റെ കൂടെവാഴാൻ കാംക്ഷിച്ചീടുന്നേ (2)

1. പോക്കി എന്റെ പാപമെല്ലാം തന്റെ യാഗത്താൽ നീക്കി എന്റെ ശാപമെല്ലാം താൻ വഹിച്ചതാൽ (2)
ഓർക്കുന്തോറും സ്നേഹമെന്നിൽ വർദ്ധിച്ചീടുന്നേ (2) പാർക്കുന്നേ തൻ കൂടെ വാഴാൻ എന്നു സാദ്ധ്യമോ (2)
2. ശ്രേഷ്ഠമേറും നാട്ടിലെന്റെ വാസം ആക്കുവാൻ ശോഭയേറും വീടെനിക്കൊരുക്കിടുന്നവൻ (2)
കൈകളാൽ തീർക്കാത്ത നിത്യ പാർപ്പിടം തന്നിൽ (2) വാണിടുന്ന നാളിനായ് ഞാൻ നോക്കിപ്പാർക്കുന്നേ (2)
3. എന്നു തീരും എന്റെ കഷ്ടം ഇന്നീ മന്നിലെ അന്നു മാറുമെന്റെ ദു:ഖം നിശ്ചയം തന്നെ (2)
അന്നു തന്റെ ശുദ്ധരൊത്തു പാടിയാർക്കുമേ (2) എന്നെനിക്കു സാദ്ധ്യമോ മഹൽ സമ്മേളനം (2)
4. നല്ലവനെ വല്ലഭനെ പൊന്നു കാന്തനെ അല്ലൽ തീർക്കാൻ എന്നുവന്നു ചേർത്തിടും എന്നെ (2)
തുല്യം ഇല്ലാ മോദത്തോടു വീണകൾ ഏന്തി (2) ഹല്ലേലുയ്യാ ഗാനം പാടി വാണിടുവാനായ് (2)

**388** യോർദ്ദാനക്കരെ കാണുന്നു എൻ വാഗ്ദത്ത ദേശം ശോഭയായ്
ശോഭയായ് .. ശോഭയായ് .. എൻ വാഗ്ദത്ത ദേശം ശോഭയായ് (2)

1. യോർദ്ദാൻ നദിയെ തരണം ചെയ്യുമെൻ രക്ഷകൻ ബോട്ടിൽ ധൈര്യമായ് (2)
ധൈര്യമായ് .. ധൈര്യമായ് .. എൻ രക്ഷകൻ ബോട്ടിൽ ധൈര്യമായ് (2)
2. ഓളങ്ങൾ എന്മേൽ കവിഞ്ഞു വരുമ്പോൾ രക്ഷകൻ മാർവ്വിൽ ചാരും ഞാൻ (2)
ചാരും ഞാൻ .. ചാരും ഞാൻ .. എൻ രക്ഷകൻ മാർവ്വിൽ ചാരും ഞാൻ (2)
3. ജീവന്റെ വൃക്ഷത്തെ അക്കരെ ദേശത്തു കാൺകയാൽ ഞാൻ ഓടുന്നു (2)
ഓടുന്നു.. ഓടുന്നു.. ഞാൻ അക്കരെ ദേശത്തേക്കോടുന്നു (2)
4. വൈണികന്മാരുടെ ഇമ്പഗാനം കേൾക്കുന്നു ഞാൻ അക്കരെ (2)
കേൾക്കുന്നു.. കേൾക്കുന്നു.. ഞാൻ ഹല്ലേലുയ്യാ ഗീതം കേൾക്കുന്നു (2)
5. യേശുവിൻ കാന്തയായ് നാഥനോടൊത്തു ഞാൻ വാഴുന്ന കാലം ശീഘ്രമായ് (2)
ശീഘ്രമായ്..ശീഘ്രമായ് ഞാൻ വാഴുന്ന കാലം ശീഘ്രമായ് (2)

**389** രക്ഷിതാവിനെ കാൺക പാപി! നിന്റെ പേർക്കല്ലയോ ക്രൂശിന്മേൽ തൂങ്ങുന്നു (2)

1. കാൽവറി മലമേൽ നോക്കു നീ കാൽകരം ചേർന്നിതാ ആണിമേൽ തൂങ്ങുന്നു (2)
2. ധ്യാന പീഠമതിൽ കയറി ഉള്ളിലെ കണ്ണുകൾ കൊണ്ടു നീ കാണുക (2)
3. പാപത്തിൽ ജീവിക്കുന്നവനേ നിന്റെ പേർക്കല്ലയോ തൂങ്ങുന്നീ രക്ഷകൻ (2)
4. തള്ളുക നിന്റെ പാപമെല്ലാം കള്ളമേതും നിനയ്ക്കേണ്ടാ നിന്നുള്ളിൽ നീ (2)
6. ഉള്ളം നീ മുഴുവൻ തുറന്നു തള്ളയാം യേശുവിൻ കൈയിൽ ഏല്പിക്ക നീ (2)

**390** രാജാധി രാജൻ യേശുരാജൻ ഭൂമിയിൽ വാണീടുമേ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ അവനെ സ്തുതിച്ചിടുവിൻ (2)

*"രാജാവോം കാ രാജാ യീശുരാജാ ജഗത് മേം"*

1. യാഹാം ദൈവത്തെ സ്തുതിച്ചിടുവീൻ അവനെന്നും നല്ലവനാം
അവന്റെ ദയയോ എന്നേക്കുമേ അവനെ സ്തുതിച്ചിടുവിൻ (2)
2. ദേവാധി ദേവനാം യേശുവിനെ വീണു വണങ്ങിടുവിൻ
അവന്റെ ദയയോ എന്നേക്കുമേ അവനെ സ്തുതിച്ചിടുവിൻ (2)
3. പരിശുദ്ധാത്മാവിനെ സ്തുതിച്ചിടുവിൻ അവനെന്നും കൂടെയുണ്ട്
അവന്റെ ദയയോ എന്നേക്കുമേ അവനെ സ്തുതിച്ചിടുവിൻ (2)
4. ത്രീയേക ദൈവം പോൽ അത്ഭുതവാൻ മറ്റാരും എങ്ങുമില്ല
അവന്റെ ദയയോ എന്നേക്കുമേ അവനെ സ്തുതിച്ചിടുവിൻ (2)

**391** രാജാധി രാജൻ വരുന്നിതാ തന്റെ വിശുദ്ധരെ ചേർത്തീടുവാൻ (2)

1. കർത്തൻ വരവിനായ് കാത്തിരിക്കുന്നേ ഞാൻ (2) കാരുണ്യനിധിയെ കാണുവാൻ വെമ്പുന്നേ (2)
കാലങ്ങൾ ദീർഘമാക്കല്ലേ ഇനീ .. കാലങ്ങൾ ദീർഘമാക്കല്ലേ (2)
2. വാനവും ഭൂമിയും ഒഴിഞ്ഞു പോകുമേ (2) നിത്യരാജ്യം എനിക്കായ് നാഥൻ ഒരുക്കുന്നേ (2)
എന്നതിൽ പൂകിടും ഞാൻ പ്രിയാ .. എന്നതിൽ പൂകിടും ഞാൻ (2)
3. പീഢകൾ വന്നാലും ഭയം എനിക്കില്ല (2) പാടുകൾ സഹിച്ച ക്രിസ്തു എൻ നായകൻ (2)
വൻകൃപ തന്നീടുമേ തന്റെ .. വൻകൃപ തന്നീടുമേ (2)
4. എൻ ദേഹം രോഗത്താൽ ക്ഷയിച്ചെന്നാകിലും (2) ദേഹസഹിതനായ് പ്രിയനെ കാണും ഞാൻ (2)
അവനെന്റെ വൈദ്യനല്ലോ ഇന്നും .. അവനെന്റെ വൈദ്യനല്ലോ (2)
5. സ്വർഗ്ഗീയ സീയോനിൽ പ്രിയനോടെന്നും ഞാൻ (2) വാണിടും നാളിനായ് കാത്തിടുന്നേ പ്രിയാ (2)
ആമേൻ കർത്താവേ വരണേ വേഗം .. ആമേൻ കർത്താവേ വരണേ (2)

**392** രാജാധി രാജൻ മഹിമയോടെ വാന മേഘത്തിൽ എഴുന്നെള്ളാറായ് (2)

1. ക്ലേശം തീർന്നു നാം നിത്യം വസിപ്പാൻ വാസം ഒരുക്കാൻ പോയ പ്രിയൻ താൻ (2)
വാസം ഒരുക്കാൻ പോയ പ്രിയൻ താൻ (2)
2. നിന്ദ കഷ്ടത പരിഹാസങ്ങൾ ദുഷികളെല്ലാം തീരാൻ കാലമായ് (2)
ദുഷികളെല്ലാം തീരാൻ കാലമായ് (2)
3. പ്രാണപ്രിയന്റെ പൊന്നു മുഖത്തെ തേജസ്സോടെ നാം കാണ്മാൻ കാലമായ് (2)
തേജസ്സോടെ നാം കാണ്മാൻ കാലമായ് (2)
4. കാന്തനുമായി വാസം ചെയ്യുവാൻ കാലം സമീപമായ് പ്രിയരെ (2)
കാലം സമീപമായ് പ്രിയരെ (2)
5. ഒരുങ്ങി നിന്നോർ തന്നോടു കൂടെ മണിയറയിൽ വാഴാൻ കാലമായ് (2)
മണിയറയിൽ വാഴാൻ കാലമായ് (2)
6. യുഗായുഗമായ് പ്രിയൻ കൂടെ നാം വാഴും സുദിനം ആസന്നമായി (2)
വാഴും സുദിനം ആസന്നമായി (2)
7. കാഹളധ്വനി കേൾക്കും മാത്രയിൽ മറുരൂപമായ് പറന്നിടാറായ് (2)
മറുരൂപമായ് പറന്നിടാറായ് (2)

**393** രാജ്യം ഒരുക്കി താൻ വേഗം വരുന്നല്ലോ പ്രിയൻ തൻ മണി നാദം
അങ്ങു ദൂരെ കേൾക്കുന്നല്ലോ അങ്ങു ദൂരെ കേൾക്കുന്നല്ലോ (2)

1. പുതുമകൾ നിറയും പുലരിയിൽ നല്ലൊരു ജയ ജയ ഗീതം പാടീടാം (2)
ആനന്ദ ഗാനം പാടും വിശുദ്ധർ ഒന്നായ് ചേർന്നു വരുന്നല്ലോ ആ. ആ. (2)
2. ഉണരുക ഉണരുക ദൈവ ജനമേ ഇഹത്തിലെ ദുരിതങ്ങൾ തീരാറായ് (2)
കാന്തൻ വന്നീടും കണ്ണീർ തുടയ്ക്കും ദു:ഖങ്ങൾ എല്ലാം തീരാറായ് ആ. ആ. (2)
3. ആയിരം ആയിരം ദൂതഗണങ്ങൾ ചുറ്റും നിന്നു സ്തുതി ചെയ്തിടുമ്പോൾ (2)
ആ നല്ല സുദിനം കാത്തു ഞാൻ നിൽക്കുന്നേ വേഗം വരേണേ എൻ കാന്താ ആ. ആ. (2)

| | | | |
|---|---|---|---|
| 394 | രാത്രിയിലുള്ള നിന്റെ കരുതലിനും | രാവിലെയുള്ള നിന്റെ വിശ്വസ്തതയ്ക്കും | (2) |
| | എന്തു യോഗ്യത, എനിക്കെന്തു യോഗ്യത | യേശുവിന്റെ ദാനമല്ലാതെന്തു യോഗ്യത | (2) |
| 1. | ഞാൻ അവന്റെ മുമ്പിൽ താണിരുന്നപ്പോൾ | എന്നെ മുറ്റുമായി സമർപ്പിച്ചപ്പോൾ | (2) |
| | എന്നെ കരുതുന്നവൻ എന്നെ കാക്കുന്നവൻ | എന്റെ യേശു അല്ലാതാരും അല്ലല്ലോ | (2) |
| 2. | അല്പ സമയത്തേക്കവൻ എന്നെ മറന്നാൽ | ക്രോധത്തോടെ തന്റെ മുഖം മറച്ചാൽ | (2) |
| | മനം തിരിഞ്ഞ് ഞാൻ മടങ്ങി വന്നാൽ | അരുകിൽ വന്നാശ്വാസം പകരും അവൻ | (2) |
| 3. | അബ്രഹാമിന്റെ ദൈവം വിശ്വസ്തനല്ലോ | മോശയുടെ ദൈവം സൗഖ്യമാക്കുന്നോൻ | (2) |
| | ദാനിയേലിൻ ദൈവം വാക്കു മാറാത്തോൻ | ഹന്നയുടെ ദൈവം കണ്ണുനീർ തുടയ്ക്കും | (2) |
| 4. | യേശുനാഥന്റെ വരവടുത്തു പോയി | മാനസാന്തരത്തിന്റെ സമയമായി | (2) |
| | നമുക്കും പോകാം യേശു നാഥന്റെ കൂടെ | ധൈര്യത്തോടെ നിൽക്കാം ന്യായാസനത്തിൽ | (2) |

| | | | |
|---|---|---|---|
| 395 | രാവും പകലും ഗീതങ്ങൾ പാടി | പവിത്ര ജീവിത ശോഭയെ നേടി | |
| | ശൂലമിയെ പേൽ കാത്തിരിക്ക നീ | കാന്തൻ വരുമേ ഉണരൂ സീയോനെ | (2) |
| 1. | തങ്ക നിണത്തിൻ വിലയല്ലോ നീ | ചങ്കു പോൽ നിന്നെ സ്നേഹിച്ചതല്ലോ | (2) |
| | തങ്കൽ ഏക ചിന്തയതാലെ | പങ്കമെന്യേ മേവുക സുതയെ | (2) |
| 2. | ചാവിൻ നിഴലിൽ ഭയം നിനക്കെന്ത് | ജീവൻ ക്രിസ്തുവിൽ മറഞ്ഞിരിപ്പില്ലെ | (2) |
| | ജീവനായകൻ വെളിപ്പെടും നേരം | തേജസ്സിൽ നീയും കണ്ടീടുമല്ലോ | (2) |
| 3. | ഭരണ കൂടങ്ങൾ തകരുവതെന്ത്? | അരച വാഴ്ചയും നീങ്ങുവതെന്ത്? | (2) |
| | ഭരണം യേശു താൻ ഏറ്റിടുവാനായ്? | ത്വരിതമായ് അതിൻ വഴിയൊരുക്കല്ലോ | (2) |
| 4. | വീടും വയലും തോട്ടവും എല്ലാം | നേടുവാനുള്ള സമയം ഇതല്ല | (2) |
| | കാടും മലയും ആവലോടോടി | നേടുക നീ ആത്മാക്കളെയും | (2) |
| 5. | കാലം ഏറെ ചെല്ലുവതില്ല | നാളെയെന്നതു നിനക്കുള്ളതല്ല | (2) |
| | കാലത്തികവിൽ കാന്തൻ വന്നീടും | കാത്തിരിക്ക നീ ശൂലമിയാളെ | (2) |

| | | | |
|---|---|---|---|
| 396 | ലക്ഷ്യം അതാണേ എൻ ആശ അതാണേ | എൻ ജീവ നാഥനെ ഞാൻ എന്നു കാണുമോ | (2) |
| 1. | ക്രൂശിൽ യാഗമായ് തൻ ചോര ഊറ്റിയ | എൻ പേമ കാന്തനെ ഞാൻ എന്നു കാണുമോ | (2) |
| | ദേവ ദേവനേ എൻ ത്യാഗ വീരനേ | എൻ ജീവിത സുഖം നീ മാത്രമാകുന്നേ | (2) |
| 2. | പ്രത്യാശ നാടിനെ ഞാൻ ഓർത്തിടുന്നേരം | പ്രത്യാശ എന്നുള്ളിൽ പൊങ്ങിടുന്നിതാ | (2) |
| | നിത്യ സൗഭാഗ്യം ലഭ്യമാകുവാൻ | എത്രകാലം ഞാൻ കാത്തിടേണമോ | (2) |
| 3. | പൂർവ്വ പിതാക്കൾ നോക്കി പാർത്തതാം | നിത്യ സൗധത്തിൽ നാം എത്തിടുവാനായ് | (2) |
| | യുവ സോദരങ്ങളെ യുവ കേസരികളേ | നാം ഒന്നു ചേരുക ജയക്കൊടി ഉയർത്തുക | (2) |
| 4. | ഈ പാഴ് മരുഭൂമി എനിക്കാനന്ദമല്ലേ | സീയോൻ പുരിയതോ അധിക കാമ്യമേ | (2) |
| | എന്നു ചെന്നു ഞാൻ എൻ വീട്ടിൽ ചേരുമേ | അന്നു തീരുമേ ഈ പാരിൻ ദുരിതം | (2) |

| | | | |
|---|---|---|---|
| 397 | ലോകമാം ഗംഭീര വാരിധിയിൽ | വിശ്വാസക്കപ്പലിൽ ഓടിയിട്ട് | |
| | നിത്യ വീടൊന്നുണ്ടവിടെ എത്തി | കർത്തനോടു കൂടെ വിശ്രമിക്കും | (2) |
| | യാത്ര ചെയ്യും ഞാൻ ക്രൂശെ നോക്കി | യുദ്ധം ചെയ്യും ഞാൻ യേശുവിനായ് | |
| | ജീവൻ വച്ചീടും രക്ഷകനായ് | അന്ത്യശ്വാസം വരെയും | (2) |
| 1. | കാലം കഴിയുന്നു നാൾകൾ പോയി | കർത്താവിൻ വരവു സമീപമായ് | (2) |
| | മഹത്വ നാമത്തെ കീർത്തിപ്പാനായ് | ശക്തീകരിക്ക നിൻ ആത്മാവിനാൽ | (2) |
| 2. | പൂർവ്വ പിതാക്കളാം അപ്പോസ്തലർ | ദൂരവേ ദർശിച്ചീ ഭാഗ്യദേശം | (2) |
| | ആകയാൽ ചേതം എന്നെണ്ണി ലാഭം | അനർ എന്നണ്ണി ഈ ലോകമതിൽ | (2) |
| 3. | ഞെരുക്കത്തിൻ അപ്പം ഞാൻ തിന്നെന്നാലും | കഷ്ടത്തിൻ കണ്ണുനീർ കുടിച്ചാലും | (2) |
| | ദേഹി ദു:ഖത്താൽ ക്ഷയിച്ചെന്നാലും | എല്ലാം പ്രതികൂലം ആയെന്നാലും | (2) |
| 4. | ജീവനെൻ യേശുവിൽ അർപ്പിച്ചിട്ട് | അക്കരെ നാട്ടിൽ ഞാൻ എത്തിടുമ്പോൾ | (2) |
| | ശുദ്ധ പളുങ്കിൻ കടൽ തീരത്തിൽ | യേശുവിൻ പൊൻമുഖം മുത്തിടും ഞാൻ | (2) |
| 5. | ലോകത്തിൻ ബാലത കോമളത്വം | വസ്തുവകകൾ പൊൻ നാണയങ്ങൾ | (2) |
| | സ്ഥാനങ്ങൾ മാനങ്ങൾ നശ്വരമാം | മേലുള്ളൊരുശലേം നിത്യഗേഹം | (2) |
| 6. | ലാഭമായ് തീരും സമസ്തവും ഞാൻ | കാഴ്ച്ചയായ് വയ്ക്കുന്നു തൃപ്പാദത്തിൽ | (2) |
| | അംഗ പ്രത്യംഗമേ ഇന്ദ്രിയങ്ങൾ | ദൈവനാമത്തിൻ പുകഴ്ച്ചക്കായി | (2) |
| 7. | ലോകം ത്യജിച്ചതാം സിദ്ധന്മാരും | നിർമ്മല ജ്യോതിസ്സാം ദൂതന്മാരും | (2) |
| | രക്തസാക്ഷികളാം സ്നേഹിതരും | സ്വാഗതം ചെയ്യും മഹൽ സദസ്സിൽ | (2) |
| 8. | വീണ്ടെടുപ്പിൻ ഗാനം പാടി വാഴ്ത്തി | രക്ഷകൻ യേശുവെ കുമ്പിടും ഞാൻ | (2) |
| | കഷ്ടത തുഷ്ടിയായ് ആസ്വദിക്കും | സാധുക്കൾ മക്കൾക്കീ ഭാഗ്യം ലഭ്യം | (2) |

| | | | |
|---|---|---|---|
| 398 | ലോകമേതും യോഗ്യമല്ലല്ലോ | ഭക്തർക്കീ ഭുവതിൽ പാർപ്പാൻ | (2) |
| | പാപം പെരുകിടുന്നേ, ശാപം പെരുകിടുന്നേ | ദൈവത്തെ മറന്നു ജനം ഓടീടുന്നേ | (2) |
| 1. | പാപശാപ രോഗ ദു:ഖം വേദനകൾ എല്ലാം നീക്കി | പാപക്ഷമ നൽകിയോനെ ഓർക്കുന്നുണ്ടോ നീ | (2) |
| | ക്രൂശിൽ തൂങ്ങി രക്ഷ നൽകി നിത്യജീവൻ ദാനം ചെയ്ത | കർത്തനെ നീ മറന്നിടല്ലേ ജീവിത പാതേ | (2) |
| 2. | വിശ്വാസ പരിശോധനയിൽ തെല്ലും പതറീടല്ലേ | കർത്തൻനാമം മുറുകെ നമ്മൾ പിടിച്ചുകൊള്ളണമേ | (2) |
| | അഗ്നി പരിശോധനയിലും കർത്തൻ വരും ശക്തിയോടെ | ഭക്തരുടെ നടുവിൽ അവൻ നാലാമനായി | (2) |

399 ലോകെ ഞാനെൻ ഓട്ടം തികച്ചു സ്വർഗ്ഗഗേഹേ വിരുതിനായി
പറന്നീടും ഞാൻ മറുരൂപമായ് പരനേശു രാജൻ സന്നിധൗ (2)

ദൂതസംഘം ആകവെ എന്നെ എതിരേൽക്കുവാൻ സദാ സന്നദ്ധരായ് നിന്നിടുന്നേ
ശുഭ്രവസ്ത്ര ധാരിയായ് എന്റെ പ്രിയന്റെ മുമ്പിൽ ഹല്ലേലുയ്യാ പാടിടും ഞാൻ (2)

1. ഏറെനാളായ് കാണ്മാൻ ആശയായ് കാത്തിരുന്ന എന്റെ രാജനെ (2)
തേജസ്സോടെ ഞാൻ കാണുന്ന നേരം തിരു..മാർവ്വോടണഞ്ഞീടുമേ (2)

2. നാഥൻ പേർക്കായ് സേവ ചെയ്തതാൽ താതനെന്നെ മാനിക്കുവാനായ് (2)
തരും ഓരോരോ ബഹുമാനങ്ങൾ വിളങ്ങീടും കിരീടങ്ങളായ് (2)

3. നീതിമാന്മാരായ സിദ്ധന്മാർ ജീവനും വെറുത്ത വീരന്മാർ (2)
വീണകളേന്തി ഗാനം പാടുമ്പോൾ ഞാനും ചേർന്നു പാടീടുമേ (2)

4. കൈകളാൽ തീർക്കപ്പെടാത്തതാം പുതുശാലേം നഗരമതിൽ (2)
സദാകാലം ഞാൻ മണവാട്ടിയായ് പരനോടു കൂടെ വാഴുമേ (2)

400 ലോകത്തിൻ മോഹങ്ങൾ കൊണ്ടു വിരഞ്ഞോടി ഞാൻ സ്വർഗ്ഗഭാഗ്യങ്ങൾ വെടിഞ്ഞു (2)
പാപിയായ് ജീവിച്ചപ്പോൾ പാതയ്ക്കു ദീപമില്ല സ്വർഗ്ഗസന്തോഷമില്ല നിത്യസ്നേഹിതരില്ല (2)

1. അന്നേ മരിച്ചുപോയെങ്കിൽ എന്റെ ദൈവമേ ഞാൻ ചെന്നേ വൻ നരകമതിൽ (2)
തന്നു നിൻ കൃപദാനം ഇന്നും ജീവിച്ചിടുവാൻ നിൻ ആത്മ ശക്തിയാലെ നിത്യം നടത്തേണമെ (2)

2. ആർക്കും വർണ്ണിച്ചു കൂടാത്ത സ്വർഗ്ഗ സന്തോഷ മാർഗ്ഗത്തിൽ ആക്കിയല്ലോ നീ (2)
മാറ്റം വരാതെ എന്നെ കാക്കണം പൊന്നു നാഥാ ഈ ലോകം വിട്ടു നിന്റെ മേലോകം ചേരുവാനായ് (2)

3. എന്നു മേഘത്തിൽ വരുമോ മദ്ധ്യാകാശത്തിൽ തന്റെ കാന്തയെ ചേർക്കുവാൻ (2)
വന്നു വിളിച്ചിടുമ്പോൾ അങ്ങു വസിച്ചിടും ഞാൻ ഇങ്ങുള്ള കഷ്ടം മറന്നങ്ങു ഞാൻ ഗാനം പാടും (2)

401 ലോകത്തിൽ ഏക ആശ്രയം എന്നേശു മാത്രം ശോകങ്ങൾ ഏറി വന്നാലും
വേണ്ട ഈ ലോക ഇമ്പം പ്രിയനെ നീ മതി എന്നും വാഴ്ത്തിപ്പാടും ഞാൻ (2)

1. മാറായുണ്ടീ മരുവിൽ സാരമില്ല മാറായിൻ നാഥനാം യേശു (2)
മാറാത്ത വാക്കു തന്നോൻ മാറുമോ ആയവൻ (2) മാറാ മധുരം ആക്കിടും (2)

2. ഉറ്റവരായിരുന്നവർ ദ്വേഷിച്ചാലും മാറ്റം ഇല്ലാത്ത സ്നേഹിതൻ (2)
ക്ലേശം നിറഞ്ഞ ലോക യാത്രയിൽ താങ്ങിടും (2) വിൺ ശക്തിയാലെ നിത്യവും (2)

3. തേടിയതല്ല ഞാൻ നിന്നെ ക്രൂശിൻ സ്നേഹം നേടിയീ പാപിയാം എന്നെ (2)
ഓടുന്നു ലാക്കിലേക്കു പാടുകൾ ഏറ്റു ഞാൻ (2) മാറുവാൻ ആവതല്ലിനി (2)

4. വിശ്വാസക്കപ്പൽ താഴുമോ ഈ ഉലകിൽ ഈശാനമൂലൻ ഏറുന്നേ (2)
ആശ്വാസം ഏകുവാൻ നീ വേഗമായ് വന്നാലും (2) വിശ്വാസ നായകാ പ്രിയാ (2)

5. വിൺ ശക്തി കാഴ്ച്ച ശബ്ദങ്ങൾ ഏറെ വേണം വിശ്വാസ പോരിൽ നിൽക്കുവാൻ (2)
പത്മോസിൽ എത്രനാൾ ഞാൻ ഏകനായ് പാർക്കണം(2) വിശ്വാസ ത്യാഗമില്ലാതെ (2)

402 വന്ദനം ചെയ്തീടുവീൻ ശ്രീയേശുവെ വന്ദനം ചെയ്തീടുവീൻ .. നിരന്തരം (2)

1. സന്തതം സകലരും സന്തോഷ ധ്വനിയിൽ (2) സ്തോത്ര സംഗീതം പാടി (2) ശ്രീയേശുവെ വന്ദനം
2. രാജിത മഹസ്സെഴും മാമനുസുതനെ (2) രാജ സമ്മാനിതനെ (2) ശ്രീയേശുവെ വന്ദനം
3. കല്ലറ തുറന്നവൻ മൃത്യുവെ ജയിച്ചു (2) വല്ലഭൻ ആയവനെ (2) ശ്രീയേശുവെ വന്ദനം
4. നിത്യവും നമുക്കുള്ള ഭാരങ്ങൾ അഖിലം (2) തീർത്തു തരുന്നവനെ (2) ശ്രീയേശുവെ വന്ദനം
5. ഭീതിയാം കൂരിരുൾ അഖിലവും നീക്കും (2) നീതിയിൻ സൂര്യനാകും (2) ശ്രീയേശുവെ വന്ദനം
6. പാപമില്ലാത്ത തൻ പരിശുദ്ധ നാമം (2) പാടി സ്തുതിച്ചിടുവിൻ (2) ശ്രീയേശുവെ വന്ദനം

403 വന്ദനം വന്ദനം വന്ദനം ശ്രീയേശുവേ വന്ദ്യനാം ഉന്നതന്റെ നന്ദനാ വന്ദനം (2)

ഞാനെന്നും പാടിടും ഞാനെന്നും വാഴ്ത്തിടും
നിൻ മഹാ സ്നേഹത്തെ ധ്യാനിച്ചിട്ടെന്നെന്നും (2)

*"തേരാ പ്യാർ ഹേ മഹാൻ തേരാ പ്യാർ ഹേ യഹാം"*

1. കരുണാ സമ്പന്നൻ നിത്യനാം ദൈവം തൻ കൃപയാൽ എനിക്കായ് തൻ പുത്രനെ തന്നു (2)
ഞാൻ എന്തു കൊടുക്കും പകരം താതന് വീണു വണങ്ങിടും ആദരവോടെ ഞാൻ (2)

2. ഞാൻ നിന്നെ മറന്ന് പാപത്തിൽ മരിച്ചു നിൻ മഹാ സ്നേഹമോ എന്നെയും തേടിയേ (2)
എൻ പാപശാപവും ക്രൂശിൽ വഹിച്ച നീ എന്നുടെ പ്രാണനെ ജീവിപ്പിച്ചേശുവേ (2)

3. നാശത്തിൻ കുഴിയിലും പാപത്തിൻ ചേറ്റിലും ആശയില്ലാത്തോനായ് വീണു ഞാൻ കേണപ്പോൾ (2)
യേശുവേ നീയെന്നെ തേടി ആ കുഴിയതിൽ ആശു വന്നെന്നെ നീ രക്ഷിച്ചതാശ്ചര്യം (2)

4. എന്നുടെ രട്ടഴിച്ചെന്നെ നിൻ നീതിയിൻ പൊന്നാട ധരിപ്പിച്ച അൻപുള്ള യേശുവേ (2)
എന്നുടെ നാവിന്മേൽ പുതിയ പാട്ടിനെ തന്നോനാം യേശുവേ വന്ദനം നിനക്കെന്നും (2)

5. എനിക്കായ് മൃത്യുവെ ജയിച്ച ശ്രീ യേശുവേ നിനക്കായ് എന്നും ഞാൻ ജീവിക്കും നിശ്ചയം (2)
പിന്മാറുകില്ല ഞാൻ തളരുകില്ല ഞാൻ നിൻ കരത്താൽ എന്നെ നിത്യവും താങ്ങണേ (2)

| | | | |
|---|---|---|---|
| 404 | വന്ദനം യേശുപരാ നിനക്കെന്നും | വന്ദനം യേശുപരാ | (2) |
| | വന്ദനം ചെയ്യുന്നു നിന്നടിയാർ തിരു | നാമത്തിന്നാദരവായ് | (2) |
| 1. | ഇന്നുനിൻ സന്നിധിയിൽ അടിയാർക്കു | വന്നു ചേരുവതിനായ് | (2) |
| | തന്ന നിൻ ഉന്നതമാം കൃപയ്ക്കഭി | വന്ദനം ചെയ്തിടുന്നു | (2) |
| 2. | നിൻ രുധിരം അതിനാൽ പ്രതിഷ്ഠിച്ച | ജീവ പുതുവഴിയായ് | (2) |
| | നിന്നടിയാർക്കു പിതാ..വിൻ | സന്നിധൗ വന്നിടാമേ സതതം | (2) |
| 3. | ഇത്ര മഹത്വമുള്ള പദവിയെ | ഇപ്പുഴുക്കൾക്കരുളാൻ | (2) |
| | പാത്രത ഏതുമില്ല നിന്റെ കൃപ | എത്ര വിചിത്രമഹോ | (2) |
| 4. | വാനദൂത ഗണങ്ങൾ മനോഹര | ഗാനങ്ങളാൽ സതതം | (2) |
| | ഊനമെന്യേ പുകഴ്ത്തി സ്തുതിക്കുന്ന | വാനവനേ നിനക്കു | (2) |
| 5. | മന്നരിൽ മന്നവൻ നീ | മനു കുലത്തിന്നു രക്ഷാകരൻ നീ | (2) |
| | മിന്നും പ്രഭാവമുള്ളോൻ പിതാവിന്നു | സന്നിഭൻ നീയല്ലയോ | (2) |
| 6. | നീയൊഴികെ ഞങ്ങൾക്കു | സുരലോകെ ആരുള്ളു ജീവനാഥാ | (2) |
| | നീയൊഴികെ ഇഹത്തിൽ | മറ്റാരും ഇല്ലാശ്രയിപ്പാൻ പരനേ | (2) |

| | | | |
|---|---|---|---|
| 405 | വന്ദനം വന്ദനം ശ്രീയേശു നാഥനു | വന്ദനം ചെയ്തിടുന്നു | (2) |
| | വന്ദനം വന്ദനം നന്ദിയോടടിയാർ | വന്ദനം ചെയ്തിടുന്നു | (2) |
| 1. | ഇന്നയോളം എന്നെ നടത്തിയല്ലോ | മന്ന തന്നെന്നെ നീ പോറ്റിയല്ലോ | (2) |
| | തന്നിടും സകലവും അന്ത്യം വരെ | നന്ദിയോടെ ഞാൻ പാടിടുമേ | (2) |
| 2. | നിന്നുടെ സന്നിധി മോഹനമേ | ഉന്നത മോദത്തിൻ ഉറവിടമേ | (2) |
| | വന്നിടും നേരം ഈ ഞങ്ങളെ | പൊന്നു തേജസ്സാൽ നിറയ്ക്കേണമേ | (2) |
| 3. | ജീവന്റെ മൊഴികൾ ശ്രവിച്ചടിയാൻ | ജീവനെ സമൃദ്ധമായ് നേടിടുവാൻ | (2) |
| | ജീവൻ വെടിഞ്ഞെന്നെ വീണ്ടവനെ | ജീവകാലമെല്ലാം അനുഗ്രഹിക്ക | (2) |

| | | | |
|---|---|---|---|
| 406 | വന്ദനമേ യേശു രക്ഷകൻ എൻ നായകനെ | | |
| | വന്ദനമേ വന്ദനമേ | വന്ദനത്തിനെന്നും യോഗ്യനെ | (2) |
| 1. | നിൻ അനുഗ്രഹങ്ങൾ എന്നിൽ നീ തന്നതാൽ | നിന്നുടെ വന്ദനം എന്നുമെൻ ഗാനമാം | (2) |
| 2. | കാൽവറി ദർശനം കാണുന്നെൻ മുൻപിലായ് | അൻപിനാൽ ഉള്ളവും കണ്ണും നിറയുന്നേ | (2) |
| 3. | പൊന്നുമഹേശനേ നിന്നുടെ കാരുണ്യം | സന്തതം ഓർത്തു ഞാൻ നന്ദിയാൽ പാടുമേ | (2) |
| 4. | പാപവും ശാപവും രോഗവും നീങ്ങി ഞാൻ | നീതിമാൻ ആകുവാൻ ശാപമായ് തീർന്നോനേ | (2) |
| 5. | ഇളകാത്ത രാജ്യമാം സീയോൻ എൻ സ്വന്തമാം | പരനോടു കൂടെ ഞാൻ നിത്യമായ് വാണിടും | (2) |
| 6. | പരമാനന്ദ പ്രദം പരിശുദ്ധ ജീവിതം | പരലോക തുല്യമെൻ വിശ്വാസ സേവനം | (2) |
| 7. | ഭാരങ്ങൾ തീർന്നു ഞാൻ ആനന്ദിച്ചീടുവാൻ | ഭാരങ്ങൾ തീർത്ത എൻ കാരുണ്യ വാരിധേ | (2) |

| | | | |
|---|---|---|---|
| 407 | വന്നീടുന്നു തൃപ്പാദത്തിൽ ഞാൻ | നിൻ കൃപ പ്രാപിപ്പാൻ ആശയായ് | |
| | ഇന്നു നിൻ വൻ കൃപ എന്നിൽ നീ | വൻ നദി പോൽ പകർന്നീടണേ | |
| | വൻ കൃപ എന്റെ മേൽ | എന്റെ മേൽ ചൊരിഞ്ഞീടേണമേ | (2) |
| | | *"ഒന്നുമില്ലായ്കയിൽ നിന്നെന്നെ"* | |
| 1. | പെന്തക്കോസ്തു നാളിൽ അപ്പോസ്തലർ | മാളിക മുറിയിൽ പ്രാപിച്ച | (2) |
| | ദൈവത്തിൻ തേജസ്സും ശക്തിയും | എന്റെ മേൽ പകർന്നീടേണമേ | (2) |
| 2. | ആത്മ പൂർണ്ണനായ് ഞാൻ തീരട്ടെ | ആത്മ പൂർണ്ണനായ് ഞാൻ പാടട്ടെ | (2) |
| | ആത്മാവിൻ ദിവ്യോല്ലാസങ്ങളാൽ | ആത്മനദിയിൽ ഞാൻ നീന്തട്ടെ | (2) |
| 3. | ആഞ്ഞടിക്കും കൊടുങ്കാറ്റിനാൽ | പാപികൾ യേശുവെ കാണട്ടെ | (2) |
| | രോഗികൾ സൗഖ്യം പ്രാപിക്കട്ടെ | ഭൂതങ്ങൾ വിട്ടുടൻ പോകട്ടെ | (2) |
| 4. | അന്ധകാരം എല്ലാം മാറട്ടെ | അത്ഭുത വെളിച്ചം കാണട്ടെ | (2) |
| | ബന്ധനം എല്ലാം അഴിയട്ടെ | അത്ഭുതം നിൻ ജനം കാണട്ടെ | (2) |

| | | | |
|---|---|---|---|
| 408 | വന്നീടൂ സോദരാ നീ യേശുവിന്റെ പാദത്തിങ്കൽ | | |
| | പാപം നീക്കാൻ യേശു നിന്നെ വിളിച്ചിടുന്നു, നിന്റെ | | (2) |
| 1. | കാൽവറി ക്രൂശിൽ നിന്നും ഒഴുകുന്ന രക്തധാര | കഴുകിടും നിന്നെ മുറ്റും ശുദ്ധനാക്കിടും യേശു | (2) |
| 2. | രക്താംബരം പോലെ പാപം കടും ചുവപ്പാണെങ്കിലും | രക്തം കൊണ്ടു നിന്നെയേറ്റം വെണ്മയാക്കിടും യേശു | (2) |
| 3. | ചുങ്കക്കാരൻ ദൈവ മുൻപിൽ മാറത്തടിച്ചതു പോലെ | ചങ്കു പൊട്ടിക്കരഞ്ഞു നീ അനുതപിക്ക നിന്റെ | (2) |
| 4. | ജീവന്റെ നദിയും യേശുവിൽ നിന്നൊഴുകുന്നു | ജീവധാര പാനം ചെയ്തു ദാഹം തീർക്കു നീ ആത്മ | (2) |

| | | | |
|---|---|---|---|
| 409 | വരിക സുരാധിപ പരമ പരാ നിൻ | കരുണാസനം വഴിയായ് സഭയിൽ | (2) |
| | ഒരുമനസ്സോടു നിൻ തിരുഭവനെ | പരിചൊടടിയർ വരുന്നതുകാൺ | (2) |
| 1. | ഭക്തിയോടടിയർ നിൻ തൃപ്പാദത്തിൽ | പ്രാർത്ഥന ചെയ്തു വരം ലഭിപ്പാൻ | (2) |
| | നിത്യവും നിൻ പരിശുദ്ധാത്മ | ശക്തി തരുന്നരുളാൻ ഭജിച്ചീടുമ്പോൾ | (2) |
| 2. | തിരുമനസ്സിനെക്കുറിച്ചൊരു മനസ്സായ് | ഇരുവരോ മൂവരോ വരുന്നീടത്തിൽ | (2) |
| | കരുണയോടെ എഴുന്നരുളുമെന്നു | തിരുവാചാ അരുളിയ പരമസുതാ | (2) |
| 3. | വന്നടിയാരുടെ കന്മഷവും | തിന്മ അശേഷവും ദുർമ്മനസും | (2) |
| | ഒന്നൊടശേഷവും നീക്കീടേണം | എന്നും മോക്ഷെ അടിയർ നില്പാൻ | (2) |
| 4. | ദൂതരുടെ സ്തുതിയിൽ വസിക്കും | നീതിസ്വരൂപനാം യഹോവയ്ക്കും | (2) |
| | ഭൂതല രക്ഷക മശിഹായ്ക്കും | പരിശുദ്ധാത്മാവിനും സ്തോത്രം | (2) |

| | | | |
|---|---|---|---|
| 410 | വരുവീൻ ഈ നല്ല സമയം വൃഥാവാക്കാതെ | നിന്നെ യേശു വിളിച്ചിടുന്നു | (2) |
| 1. | വാഴ്‌വിൻ നാളെല്ലാം വീൺ നാളായ് | ഭാരത്തോടെ നീ കഴിക്കുകയോ? | (2) |
| | വന്നുടൻ പാദം തേടീടുകിൽ | വിണ്ണതിൽ നിന്നെ ചേർത്തീടുമേ | (2) |
| 2. | കെട്ടിയ വീടും നിലം പൊരുളും | കണ്ടിടും ഉറ്റോർ ഉടയവരും | (2) |
| | കൂടുവിട്ടു നിൻ ജീവൻ പോയാൽ | കൂടെ വരാതെ വേർപെടുമേ | (2) |
| 3. | ഉലകം മായ അഴകും സമം | അതു നമ്പാതെ, മയക്കും നിന്നെ | (2) |
| | മരണം ഒരുനാൾ വന്നീടുമേ | മറക്കാതെ നിൻ രക്ഷകനെ | (2) |
| 4. | വാനത്തിൻ കീഴെ ഭൂമി മീതെ | വാനവനേശു നാമമെന്യേ | (2) |
| | രക്ഷിപ്പാൻ മാർഗ്ഗം വേറെയില്ല | രക്ഷകൻ യേശു താൻ വഴിയേ | (2) |
| 5. | തീരാത്ത പാപം വ്യാധിയേയും | മാറാത്ത എല്ലാ ബലഹീനവും | (2) |
| | ഘോര കുരിശിൽ ചുമന്നു നിന്നെ | സൗഖ്യമാക്കി തൻ അടിപ്പിണരാൽ | (2) |
| 6. | സത്യവചനം കേട്ടു നീ വാ | നിത്യജീവൻ നിനക്കേകിടുമേ | (2) |
| | നിൻ പേരും ജീവപുസ്തകത്തിൽ | ഉണ്മയായ് ഇന്ന് എഴുതീടുമേ | (2) |

| | | | |
|---|---|---|---|
| 411 | വരുവിൻ യേശുവിൻ അരികിൽ | എത്ര നല്ലവൻ താൻ രുചിച്ചറികിൽ | (2) |
| | വരുവിൻ കൃപകൾ പൊഴിയും | കുരിശിൻ അരികിൽ | (2) |
| 1. | കൃപമേൽ കൃപയാർന്നിടുവാൻ | നമ്മൾ പരമപാദം ചേർന്നിടുവാൻ | (2) |
| | ധരയിൽ നടന്ന തൻ ചരണം | നിങ്ങൾക്കരുളും ശാശ്വത ശരണം | (2) |
| | അല്ലും പകലും മുൻപിൽ | നില്പവൻ തുണയായ് | (2) |
| 2. | പരിശോധനകൾ വരികിൽ | മനം പതറാതാശ്രയിച്ചിടുകിൽ | (2) |
| | ബലഹീനതയിൽ കവിയും | കൃപ മതിയെന്നാശ്രയിച്ചിടുകിൽ | (2) |
| | വിരവിൽ വിനകൾ തീരും | സകലവും ശുഭമായ് | (2) |
| 3. | സ്നേഹിതരേവരും വെടിഞ്ഞാൽ | അതു യേശുവിനോടു നീ പറഞ്ഞാൽ | (2) |
| | സ്നേഹിതരില്ലാ കുരിശിൽ | പെട്ട പാടുകളേഴും തൻ കരത്താൽ | (2) |
| | നന്നായ് നടത്തും | വീട്ടിൽ ചേരും വരെയും | (2) |
| 4. | ഒരുനാൾ നശ്വര ലോകം | വിട്ടു പിരിയും നാമതി വേഗം | (2) |
| | അങ്ങേ കരയിൽ നിന്നും | നാം നേടിയതെന്തെന്നറിയും | (2) |
| | ലോകം വെറുത്തോർ | വില നാം അന്നാളറിയും | (2) |

| | | | |
|---|---|---|---|
| 412 | വരുന്നു പരമേശൻ ഇപ്പാരിൽ | ഭരണം ഭരമേൽക്കാൻ | |
| | വരവിന്നായ് തൻ വചനം പോൽ നീ | ഒരുങ്ങീടുന്നുണ്ടോ | (2) |
| 1. | മുഴങ്ങും കാഹളധ്വനിയും പരിചിൽ | പതിനായിരമാം ദൂതന്മാരും | (2) |
| | ആയിരമായിരം വിശുദ്ധന്മാരും | ആയിട്ടായിരമാണ്ടു വാണീടാൻ | (2)3 |
| 2. | ഉലകിൻ സൃഷ്ടികൾ ദേവസുതരിൻ | തേജസ്സാകും സ്വാതന്ത്ര്യമോടെ | (2) |
| | ദ്രവത്വത്തിൻ ദാസ്യത്തിൽ നിന്നുള്ള | വിടുതൽ പ്രാപിച്ചാനന്ദമടവാൻ | (2) |
| 3. | മുടന്തൻ മാനിനെപ്പോലെ ചാടിടും | ഊമന്മാരും ഉല്ലസിച്ചാർക്കും | (2) |
| | കുരുടന്മാരുടെ കണ്ണു തുറക്കും | ഒഴിയും മാനുഷ ശാപം അശേഷം | (2) |
| 4. | സിംഹം കാളപോൽ പുല്ലു തിന്നീടും | പുള്ളിപ്പുലിയും ഗോ സമമാകും | (2) |
| | സർപ്പത്തിൻ പോതിൽ കളിച്ചീടും | ചെറിയ ശിശുക്കൾ യേശുവിൻ രാജ്യേ | (2) |
| 5. | വഴിപോക്കർ വെറും ഭോഷന്മാർ പോലും | വഴി തെറ്റാതെ നടന്നിടുമന്ന് | (2) |
| | ഇതു താൻ നിന്നുടെ വഴിയെന്നുള്ളൊരു | മൊഴിയും പിന്നിൽ കേൾക്കാമന്ന് | (2) |
| 6. | വരുമോരോ വിധ പരിശോധനയിൽ | സ്ഥിരമായ് വിജയം പ്രാപിച്ചവരെ | (2) |
| | പരനേശുവിൻ തിരു സിംഹാസനത്തിൽ | ഒരുമിച്ചങ്ങിരുത്തീടുവാനായി | (2) |
| 7. | സ്നേഹത്താൽ നിറഞ്ഞൊരു സാമ്രാജ്യം | സ്നേഹത്തിൻ സ്വരൂപനാം യേശു | (2) |
| | മോദത്താൽ നിറഞ്ഞൊരു വിശുദ്ധർക്കാ- | യിരമാണ്ടു നൽകീടാൻ | (2) |

| | | | |
|---|---|---|---|
| 413 | വാനിൽ വരാറായ് | മദ്ധ്യ വാനിൽ വരാറായ് | |
| | മണവാളനാം യേശു | വാനിൽ വരാറായ് | (2) |
| 1. | കാഹളത്തിൻ ധ്വനിയോടെ വന്നിടും നേരം | | |
| | മണ്ണിൽ നിദ്രകൊള്ളും ശുദ്ധർ ഉയർത്തിടുമേ | നാമും കൂടെ ചേർന്നിടും | (2) |
| 2. | അത്തി തളിർക്കുന്നേ യൂദർ ഒന്നായ് ചേരുന്നേ | | |
| | അവർ വന്നു തങ്ങൾ രാജ്യവും പുതുക്കുന്നേ | കാലം ഏറെ ഇല്ലല്ലോ | (2) |
| 3. | ആകാശത്തിൻ ശക്തികളും മാറിടുന്നല്ലോ | | |
| | ഭൂമിയും സമുദ്രവും വിറച്ചിടുന്നിതാ | കാന്തൻ വേഗം വരാറായ് | (2) |
| 4. | കഷ്ടതയും നെടുവീർപ്പും നീങ്ങിപ്പോകുമേ | | |
| | നിന്റെ കണ്ണുനീരവൻ കയ്യാൽ തുടച്ചിടും | നിന്നെ വാനിൽ ചേർത്തിടും | (2) |
| 5. | സീയോൻ പുത്രീ സന്തോഷത്താൽ ആർത്തു ഘോഷിക്ക | | |
| | നിൻ മണാളൻ മദ്ധ്യാകാശേ വെളിപ്പെടാറായ് | നീയും ഒരുങ്ങി നിൽക്ക | (2) |

414 വാഴ്ത്തി വാഴ്ത്തി വർണ്ണിക്കുമേ ഞാൻ
നന്ദിയാൽ നിറഞ്ഞു പൊന്നേശു രാജനേ ഈ മരുവിൽ ഉള്ള നാളെല്ലാം (2)

1. സീയോൻ പാതയിൽ എന്റെ യാത്രയോ കാഴ്ച്ചയാലല്ല വിശ്വാസത്താലത്രേ (2)
വീഴ്ച്ചകൾ വന്നിടാതെ പൂർണ്ണമായ് നിർത്തിടുവാൻ തൻ കൃപ തന്നു നിത്യം കാത്തിടുന്നെന്നെ അവൻ (2)
2. ആത്മനാഥനെ പകച്ച ലോകമേ നിന്റെ പ്രീതി ഞാൻ തേടുകില്ലൊട്ടും (2)
നാഥനു മുൾമുടി ഏകിയ ലോകമേ നിൻ പ്രതാപങ്ങൾ ഞാൻ വെറുക്കുന്നു (2)
3. സാക്ഷികൾ സഞ്ചയത്തെ എൻ ചുറ്റും കാൺകയാൽ സകല ഭരവും വെടിഞ്ഞോടീടുന്നു (2)
വിശാസ നാഥനെ മുമ്പിലായ് കാണുന്നതാൽ ജയത്തിൻ ഗാനങ്ങൾ ആലപിച്ചീടുന്നു ഞാൻ (2)
4. മന്നിൽ ഖിന്നതകൾ വന്നിടും നേരത്തിൽ ചേലെഴും സ്നേഹ ഭുജം താതൻ നീട്ടീടുമേ (2)
ഈ മഹൽ സ്നേഹം എന്നാൽ വർണ്ണിപ്പാൻ ആവതല്ലേ തന്നിടുന്നേഴ എന്നെ നിത്യം നിൻ സേവ ചെയ്‌വാൻ (2)
5. സീയോൻ മലയിൽ കുഞ്ഞാടിനോടൊത്തു നിൽക്കും കാലം ഇങ്ങാസന്നം ആകയാൽ (2)
വിശ്വാസം കാത്തു ഞാൻ ഓട്ടം തികച്ചിടും നീതിയിൻ മുടി എനിക്കു സ്വന്തമേ (2)

415 വാഴ്ത്തിടാം വാഴ്ത്തിടാം നാമെല്ലാരും ഒന്നു ചേർന്ന് (2)
വാനവരെല്ലാരും രാപ്പകൽ വാഴ്ത്തുന്ന (2) വ-ന്ദി-ത-നെ
*"മഹത്വമെ മഹത്വമെ മഹത്വം തൻ നാമത്തിന്"*

1. കാൽവറി മലയതിൽ മാനവജാതിക്കായി (2)
കാൽകരം ഏൽപ്പിച്ച ദൈവകുഞ്ഞാടിനെ (2) വാഴ്..ത്തീ..ടു..ക
2. ലോകത്തിൻ പാപത്തെ ചുമന്നൊഴിച്ച ക്രിസ്തു (2)
ഏകൻ മാത്രം സ്തുതി മഹത്വത്തിനും യോഗ്യൻ (2) വാ..ഴ്..ത്തീ..ടാം..നാം
3. യേശുവിൻ രക്തത്താൽ വീണ്ടെടുക്കപ്പെട്ട (2)
ഈശന്റെ മക്കളാം നാമെല്ലാം ചേർന്നങ്ങ് (2) ആ..രാ..ധി..ക്കാം
4. ഏക മനസ്സോടെ പൂർണ്ണഹൃദയരായി (2)
ഏകാത്മാവിൽ..നിറഞ്ഞാനന്ദത്തോടെ നാം (2) ആ..രാ..ധി..ക്കാം
5. നിത്യ പിതാവിനും പുത്രനാം യേശുവിനും (2)
സത്യശുദ്ധാത്മനും മഹത്വവും മാനവും (2) എ..ന്നെ..ന്നേ..ക്കും

416 വാഴ്ത്തി സ്തുതിക്കും എന്നും ഞാൻ എന്റെ താഴ്ച്ചയിൽ ഓർത്ത ഈശനെ (2)

1. വർണ്ണിച്ചിടാൻ എനിക്കെന്റെ നാവു പോരായേ എണ്ണിത്തീർത്തിടാമോ അവൻ ചെയ്തത് (2)
ആയിരമായ് സ്തുതിച്ചിടുന്നെൻ ആനന്ദ ഹസ്തങ്ങളെ ഉയർത്തി (2)
2. പാപ ശാപ രോഗമായ് അതിന്റെ ഭീതിയാൽ നാശ ഗർത്തത്തിൽ പതിക്കും നേരത്തിൽ (2)
സ്നേഹ ഹസ്തം നീട്ടി എന്നെ നിൻ തിരു രാജ്യത്തിൽ ആക്കിയല്ലോ (2)
3. ചേറ്റിൽ അല്ലയോ കിടന്നതോർത്തു നോക്കിയാൽ നാറ്റമല്ലയോ വമിച്ചതെൻ ജീവിതം (2)
മാറ്റിയല്ലോ എൻ ജീവിതത്തെ മാറ്റമില്ലാത്ത നിന്റെ കൃപയാൽ (2)
4. അല്ലൽ തിങ്ങും ജീവിതത്തിൽ ഞാൻ വസിച്ചപ്പോൾ വല്ലഭാ നിൻ സ്നേഹം എന്നിൽ ഊറ്റിയല്ലോ (2)
ജയ ഗീതം പാടിടുവാൻ നിൻ ജയം നീ എനിക്കേകിയല്ലോ (2)
5. പാപികളെ തേടിവന്ന യേശു രക്ഷകൻ പാപമില്ലാ ശുദ്ധർക്കായ് ഇതാ വരുന്നേ (2)
വരവിൻ ദിനം അതി സമീപം വരവിൻ പ്രത്യാശയാൽ നിറഞ്ഞിടാമേ (2)

417 വാഴ്ത്തീടുക സ്തുതിച്ചാർത്തിടുക അവന്റെ നാമം ഉയർത്തിടുക (2)

1. പച്ചപ്പുൽ മേടുകളിൽ ദിനവും പാലിച്ചതോർത്താൽ എങ്ങനെ നാം (2)
പാലകൻ യേശുവെ മറന്നിരിക്കും തൻ ദയ ഒന്നായ് ഘോഷിച്ചിടാം (2)
2. ഈശാനമൂലൻ അടിച്ചുയർന്നു പടകു തകർന്നെന്നു തോന്നിയപ്പോൾ (2)
നൊടിയിൽ ജയം തന്ന രക്ഷകന്റെ പാലനം ഓർത്തു നാം സ്തുതിച്ചിടുക (2)
3. ഇന്നെന്ന ഭാരത്താൽ ഞെരുങ്ങിയപ്പോൾ ഒന്നും ഭയപ്പെടേണ്ടെന്നുര ചെയ്തില്ലേ (2)
കാക്കയാൽ ഭക്തനെ പോറ്റിയ നാഥന്റെ സ്നേഹത്തെ ഓർത്തു നാം സ്തുതിച്ചിടുക (2)
4. കഷ്ടത്തിൻ കോട്ടയിൽ അകപ്പെട്ടപ്പോൾ അപ്പുറം കടന്നിടാൻ പഴുതില്ലാതെ (2)
അകത്തും പുറത്തും പീഢനം വന്നപ്പോൾ രക്ഷിച്ച നാഥനെ സ്തുതിച്ചിടുക (2)

418 വാഴ്ത്തിടുക ജീവനാഥൻ യേശുവെ *( ജീവനേ എൻ ജീവനേ നമോ നമോ )*
ആർത്തു ഘോഷിക്കാം അവന്റെ സദ്ഗുണങ്ങളെ
കർത്തൻ യേശു മാത്രം സ്തുത്യൻ എന്നെന്നും (2)

1. പാരിൽ ഏവരും വെടിഞ്ഞാൽ ഭാരമോ?
പാർക്കുക നിൻ രക്ഷകന്റെ പൊൻ മുഖത്തെ നീ
പ്രകാശ പൂരിതമാകും നിൻ മുഖം (2)
2. കണ്ണുനീരും ദു:ഖവും വിലാപവും
മണ്ണിലുണ്ട് വിശ്വാസ യാത്രയിൽ എന്നാൽ
വിണ്ണിലോ എന്നും ആനന്ദമല്ലോ ! (2)
3. വാനമേഘേ യേശു വേഗം വന്നിടും
ഊനമെന്യേ ജീവിക്കും തൻ ശുദ്ധരെ ചേർക്കാൻ
വാന ദൂത സേനയോടൊത്ത് (2)
4. വാണിടും നാം യേശുവിന്റെ കൂടെന്നും
നാണിക്കാതെ നാം അവന്റെ സാക്ഷികളായാൽ
പ്രാണ പ്രിയനാം യേശുവിൻ കൂടെ (2)

| | | | | |
|---|---|---|---|---|
| 419 | വാഴ്ത്തുക നീ മനമേ എൻ പരനേ | (2) | വാഴ്ത്തുക നീ മനമേ | (2) |
| 1. | വാഴ്ത്തുക തൻ ശുദ്ധ നാമത്തെച്ചേർത്തു | (2) | പാർത്ഥിവൻ തൻ ഉപകാരത്തെ ഓർത്തു | (2) |
| 2. | നിന്നകൃത്യം പരൻ ഒക്കെയും പോക്കി | (2) | തിണ്ണമായ് രോഗങ്ങൾ നീക്കി നന്നാക്കി | (2) |
| 3. | നന്മയാൽ വായ്ക്കവൻ തൃപ്തിയെ തന്നു | (2) | നവ്യം ആക്കുന്നു നിൻ യൗവ്വനം ഇന്നും | (2) |
| 4. | മക്കളിൽ കാരുണ്യം താതൻ എന്നോണം | (2) | ഭക്തരിൽ വാത്സല്യ വാനവൻ നൂനം | (2) |
| 5. | പുല്ലിനു തുല്യമീ ജീവിതം വയലിൽ | (2) | പൂവെന്ന പോലിതു പോകുന്നു തുലവിൽ | (2) |
| 6. | തൻ നിയമങ്ങളെ കാത്തിടുന്നോർക്കും | (2) | തന്നുടെ ദാസർക്കും താൻ ദയ കാക്കും | (2) |
| 7. | നിത്യ രാജാവിവൻ ഓർക്കുകിൽ സർവ്വ | (2) | സൃഷ്ടികളും സ്തുതിക്കുന്ന യഹോവ | (2) |

| | | | | |
|---|---|---|---|---|
| 420 | വാഴ്ത്തുന്നേ എൻ യേശു രാജനെ സർവ്വ കാലവും<br>കീർത്തിക്കുന്നു വൻ കൃപകൾ ഓർത്തു നന്ദിയാൽ | | | (2) |
| 1. | എൻ പാപം പേറി വൻ ക്രൂശിലേറി<br>എന്നെ വീണ്ടെടുത്ത സ്നേഹ ദീപമേ<br>സ്വന്തമാക്കിയ നിൻ സ്നേഹം ഓർത്തു ഞാൻ | (2) | എൻ പാപം തീർത്തു നീ നിൻ ശാപ മൃത്യുവാൽ<br>ദൈവ സ്നേഹ ദീപമേ<br>പാടും ജീവനാളെല്ലാം | (2)<br>(2)<br>(2) |
| 2. | സ്വർഗ്ഗീയനോട് എന്നെ ഇണയ്ക്കയും<br>നീയെൻ ജ്ഞാനം നീതി ശുദ്ധിയും<br>വീണ്ടെടുപ്പും ആയതോർത്തു നന്ദിയായ് | (2) | നിൻജീവൻ മൂലമായ് തൻ പുത്രൻ ആക്കിയും<br>ദിവ്യസമാധാനവും<br>സ്തുതി പാടും നന്ദിയായ് | (2)<br>(2)<br>(2) |
| 3. | മരുവാസം ആകവേ ആശ്വാസം ഏതുമേ<br>കൂട്ടുകാരും ഇല്ല ആശ്വാസമായ്<br>കർത്തൻ യേശുവിൽ സഖിത്വമുള്ള ഞാൻ | (2) | കാണാതുഴന്നു ഞാൻ പാരം തളർന്നിതാ<br>എനിക്കില്ല ആശ്വാസമായ്<br>എന്തു പാരിൽ ക്ഷീണിപ്പാൻ | (2)<br>(2)<br>(2) |
| 4. | എന്നുള്ളം ആകവേ പ്രിയനോടു ചേരുവാൻ<br>എന്നെൻ കണ്ണുനീർ അകന്നു വാഴും ഞാൻ<br>ആ സ്വർഗ്ഗീയ ദിനം എന്നു കാണും ഞാൻ | (2) | കൊതിച്ചീടുന്നധികമായ് പൊൻമുഖംകാണുവാൻ<br>വിണ്ണിലങ്ങു വാഴും ഞാൻ<br>നാഥാ എന്നു കാണും ഞാൻ | (2)<br>(2)<br>(2) |
| 5. | പരിശോധനകളെ തരണം ചെയ്തക്കരെ<br>ശുദ്ധമാക്ക രക്തത്താൽ എന്നെ<br>സിദ്ധൻ ആക്കിടുക ആത്മാവിനാൽ എന്നെ | (2) | പരിശുദ്ധൻ അന്തികെ പരിചോടു ചേരുവാൻ<br>ശുദ്ധ രക്തത്താൽ എന്നെ<br>ദിവ്യാത്മാവിനാൽ എന്നെ | (2)<br>(2)<br>(2) |
| 6. | നിൻ സന്നിധാനത്തിൽ സന്തോഷം എൻ ബലം<br>ഹാ! എൻ പ്രിയൻ കൂടെ ചേർന്നു വാഴും ഞാൻ<br>ആ ദൈവ മഹത്വ നാൾ അടുത്തിതാ | (2) | നിൻ മുഖ കാന്തിയാൽ എന്നും നിത്യാനന്ദം<br>അങ്ങു ചേർന്നു വാഴും ഞാൻ<br>ദൈവ നാൾ അടുത്തിതാ | (2)<br>(2)<br>(2) |

| | | | |
|---|---|---|---|
| 421 | വാഴും ഞാനെൻ രക്ഷിതാവിൻ കൂടെ എപ്പോഴും<br>പാടും ഞാൻ എന്നും എന്റെ പ്രിയനായ് | തൻ കൃപയിൽ ആശ്രയിക്കും എല്ലാനാളും ഞാൻ | (2)<br>(2) |
| 1. | എന്റെ പ്രിയൻ വാനിൽ നിന്നെഴുന്നെള്ളീടുന്ന<br>ക്ഷാമം ഭൂകമ്പം അതിൻ ആരംഭം | മാറ്റൊലി ഞാൻ കേട്ടിടുന്നു നാട്ടിൽ എങ്ങുമേ | (2)<br>(2) |
| 2. | ക്ഷാമത്താൽ ഈ ക്ഷോണിയെങ്ങും ക്ഷീണമാകുമ്പോൾ<br>എന്നെ പോറ്റിടും എന്റെ രക്ഷകൻ | എനിക്കെത്തിടാത്ത നിക്ഷേപം ഉണ്ടെന്റെ പ്രിയനിൽ | (2)<br>(2) |
| 3. | ഇന്നലെക്കാൾ ഇന്നു ഞാനെൻ പ്രിയൻ നാടിനോട്<br>എന്റെ പ്രിയനെ ഒന്നു കാണുവാൻ | ഏറ്റം അടുത്തായതെനിക്കെത്ര ആനന്ദം | (2)<br>(2) |
| 4. | ഈ വാരിധിയിൻ വൻതിരയിൻ തള്ളൽ ഏറ്റു ഞാൻ<br>ഗാനം പാടിയെൻ നാട്ടിൽ എത്തുമേ | മുങ്ങിടാതെ പ്രിയൻ എന്റെ ബോട്ടിൽ ഉണ്ടല്ലോ | (2)<br>(2) |
| 5. | എൻ രക്ഷിതാവേ! നിൻവരവു കാത്തുകാത്തു ഞാൻ<br>നിന്നെക്കാണുമ്പോൾ എൻ ദു:ഖം തീർന്നുപോം | ഈ ദുഷ്ടലോകെ കഷ്ടതകൾ എത്ര ഏൽക്കണം | (2)<br>(2) |

| | | | |
|---|---|---|---|
| 422 | വിശുദ്ധിയെ തികച്ചു നാം ഒരുങ്ങി നിൽക്ക<br>തന്റെ വാഗ്ദത്തങ്ങൾ പലതും നിറവേറുന്നേ | പ്രിയൻ വരുവതിൻ താമസം ഏറെയില്ല<br>ഒരുങ്ങീടാം | (2)<br>(2) |
| 1. | യുദ്ധങ്ങൾ ക്ഷാമങ്ങൾ ഭൂകമ്പം<br>രാജ്യം രാജ്യങ്ങളോടെതിർത്തു തുടങ്ങിയല്ലോ | പല..വ്യാധികളാൽ ജനം നശിച്ചിടുന്നു<br>ഒരുങ്ങീടാം | (2)<br>(2) |
| 2. | കൊട്ടാരങ്ങൾ തുടങ്ങി കൊട്ടിൽ വരെ ജനം<br>ഒരു സ്വസ്ഥതയും ഇല്ല മനുഷ്യർക്കിഹെ | കണ്ണുനീർ താഴ്വരയിൽ അല്ലയോ<br>ഒരുങ്ങീടാം | (2)<br>(2) |
| 3. | ആകാശത്തിൻ ശക്തി ഇളകുന്നതാൽ<br>ജനം പേടിച്ചു നിർജ്ജീവർ ആയിടുന്നേ | ഭൂവിൽ എന്തു ഭവിക്കും എന്നോർത്തു കൊണ്ട്<br>ഒരുങ്ങീടാം | (2)<br>(2) |
| 4. | ബുദ്ധിമാന്മാർ പലർ വീണിടുന്നേ<br>ലോക മോഹങ്ങൾക്കധീനരായ് തീരുന്നതാൽ | ദൈവ..ശക്തി ത്യജിച്ചവരോടിടുന്നേ<br>ഒരുങ്ങീടാം | (2)<br>(2) |
| 5. | മേഘാരൂഢനായി വന്നീടുമേ<br>തന്റെ കോമള രൂപം കണ്ടാനന്ദിപ്പാൻ | പതി..നായിരം പേരിലും സുന്ദരൻ താൻ<br>ഒരുങ്ങീടാം | (2)<br>(2) |
| 6. | മാലിന്യപ്പെട്ടിടാതോടീടുക<br>മണി..യറയിൽ പോയി നാം ആശ്വസിപ്പാൻ | മണ..വാളൻ വരവേറ്റം അടുത്തു പോയി<br>ഒരുങ്ങീടാം | (2)<br>(2) |

| | | | |
|---|---|---|---|
| 423 | വിശ്വാസ ജീവിത പടകിൽ ഞാൻ | സീയോൻ നഗരിയിൽ പോകുന്നു ഞാൻ | (2) |
| | വിശ്വാസ നായകൻ യേശുവെ നോക്കി | വിശ്രമ ദേശത്തു പോകുന്നു ഞാൻ | (2) |
| 1. | അലകൾ പടകിൽ അടിച്ചെന്നാൽ | അല്ലൽ ഒരൽപവും ഇല്ലെനിക്ക് | (2) |
| | ആഴിയും ഊഴിയും നിർമ്മിച്ച നാഥൻ | അഭയമായ് എൻ അരികിലുണ്ട് | (2) |
| 2. | നാനാ പരീക്ഷകൾ വേദനകൾ | നന്നായ് എനിക്കിന്നുണ്ടായിടിലും | (2) |
| | നാഥനെ ഉള്ളത്തിൽ ധ്യാനിച്ചു എന്റെ | ക്ഷീണം മറന്നങ്ങു പോകുന്നു ഞാൻ | (2) |
| 3. | മരണ നിഴലിൻ താഴ്‌വരയിൽ | ശരണമായ് എനിക്കേശുവുണ്ട് | (2) |
| | കരളലിഞ്ഞു എൻ കൈകൾ പിടിച്ചു | കരുതി നടത്തിടും അന്ത്യം വരെ | (2) |
| 4. | വിണ്ണിലെൻ വീട്ടിൽ ഞാൻ ചെന്നു ചേരും | കണ്ണുനീരൊക്കെയും അന്നുതീരും | (2) |
| | എണ്ണിയാൽ തീരാത്ത വൻ കൃപകൾ | വർണ്ണിച്ചു പാദത്തിൽ വീണിടും ഞാൻ | (2) |

| | | | |
|---|---|---|---|
| 424 | വിശ്വാസ വീരർ നമ്മൾ ചേർന്നു പാടുക | ചേർന്നു പാടുക നാം ചേർന്നു പാടുക | (2) |
| | | *"വിശ്വാസനാടെ നാടെ നോക്കി വേഗം ഓടിടാം"* | |
| 1. | അടിമകളായ് കൊടിയ പീഢ പലതും ഏറ്റു നാം | കഠിനദോഷ പടുകുഴിയിൽ തകർന്നു വീണുനാം | (2) |
| | വിടുതലുമായി നമ്മെ വീണ്ടെടുത്തവൻ | യേശു താനല്ലയോ! | (2) |
| 2. | നമുക്കു സത്യ വഴിയൊരുക്കാൻ ദുരിതമേറ്റവൻ | നമുക്കു നിത്യ ജീവനേകാൻ മരിച്ചുയിർത്തവൻ | (2) |
| | നമ്മുടെ പ്രിയൻ നമ്മെ വീണ്ടെടുത്തവൻ | വാന ലോകാധിപൻ | (2) |
| 3. | മരുപ്രയാണ മദ്ധ്യത്തിൽ നാം തിരിഞ്ഞു നോക്കുമ്പോൾ | മരുവനത്തിൽ നടത്തിയ തൻ കരുതലോർക്കുമ്പോൾ | (2) |
| | തികഞ്ഞ നന്ദിയാൽ മനം നിറഞ്ഞിടുന്നിതാ | ഹാ! എന്താനന്ദമേ! | (2) |

| | | | |
|---|---|---|---|
| 425 | വിശ്വാസ വീരരേ വിശുദ്ധസംഘമേ | വിശാസത്തോടെ നാം സീയോനിൽ പോയിടാം | (2) |
| | *"വിശ്വാസികളേ വിശ്വാസികളേ"* | | |
| 1. | വിശ്വാസമാകുന്ന തോണിയിൽ ഏറി നാം | വിശ്വാസ നാടിനെ നോക്കി തുഴഞ്ഞിടാം | (2) |
| | വിശ്വാസമില്ലെങ്കിൽ ലോകമാം വാരിധേ | വീശുമ്പോൾ അലയിൽ താണു തകർന്നിടും | (2) |
| 2. | ദൈവത്തിൻ മടിയിൽ മോദിച്ചിരുന്നോനാം | ദൈവത്തിൻ പുത്രനാം ശ്രീയേശു നായകൻ | (2) |
| | ദൈവത്തോടു നമ്മെ നിരപ്പിച്ചീടുവാൻ | ദാസനായി ക്രൂശിന്മേൽ ജീവനെ വെടിഞ്ഞു | (2) |
| 3. | ഉവ്വുവ്വെന്നുള്ളതാം കർത്തനിൻ വാഗ്ദത്തം | ഉർവ്വി ഒഴിഞ്ഞാലും മാറില്ല സോദരാ | (2) |
| | ഉണർന്നിരുന്നിടാം തല ഉയർത്തിടാം | ഉർവ്വിക്കധീശരായ് നമ്മെയും തീർത്തിടും | (2) |
| 4. | ഹല്ലേലുയ്യാ പാടാം വിശുദ്ധ സംഘമേ | വല്ലഭൻ യേശു താൻ വേഗം വരുന്നല്ലോ | (2) |
| | ഉല്ലാസത്തോടെ നാം എല്ലാരും ചേർന്നങ്ങ് | അല്ലൽ ഒഴിഞ്ഞു നാം വാഴുവാൻ കാലമായ് | (2) |

| | | | |
|---|---|---|---|
| 426 | വിശ്വാസത്തിൻ രണാങ്കണത്തിൻ | കാഹളം ഊതുക നാം | |
| | വിശ്വസ്ത സാക്ഷികളായ് ദിനവും | അടരാടി ജയം നാം പ്രാപിപ്പാൻ | (2) |
| 1. | നമുക്കു പോരാട്ടങ്ങൾ ഉള്ളത് | ജഡരക്തത്തോടല്ല | |
| | നമ്മുടെ പോരിൻ ആയുധമോ | അതു ജഡീകമല്ല തെല്ലും | (2) |
| | ഇരുളിൻ അധികാരങ്ങളിൽ അമരും | ദുഷ്ടാത്മ സേനകളോട് | |
| | ദുർദ്ദിവസങ്ങളിൽ എതിർത്തു നില്പാൻ | സർവ്വായുധ വർഗ്ഗം ധരിക്ക നാം | (2) |
| 2. | അരയ്ക്കു സത്യം കെട്ടി | നീതീ കവചം അണിഞ്ഞീടുക നാം | |
| | ദൈവത്തിൻ തിരുവചനമതാകും | വാളും കൈക്കൊള്ളീൻ | (2) |
| | ദുഷ്ടന്റെ തീയമ്പുകളെല്ലാം | കെടുത്തി എറിയുക നമ്മൾ | |
| | വിശ്വാസത്തിൻ പരിചയും ഏന്തി | പൊരുതുക വിജയം നേടിടുവാൻ | (2) |
| 3. | വാഗ്ദത്തങ്ങൾക്കവകാശികളാം | വിമുക്തരാകും ജനമേ | |
| | വിശാസത്താൽ അവയെല്ലാം നാം | കരസ്ഥമാക്കൂ ദിനവും | (2) |
| | ആത്മാവെ പ്രാപിക്കുന്നതിനാൽ | ജാഗരിച്ചും കൊണ്ട് | |
| | സകല വിശുദ്ധന്മാർക്കും വേണ്ടി | പ്രാർത്ഥനയിൽ പോരാടുക നാം | (2) |

| | | | |
|---|---|---|---|
| 427 | വിശ്വാസത്തിൽ എന്നും മുന്നേറും ഞാൻ | വിശ്വാസത്താൽ എല്ലാം ചെയ്തീടും ഞാൻ | (2) |
| | ഒന്നും അസാദ്ധ്യമായ് ഇല്ലെന്റെ മുമ്പിലിനി | ജയം എനിക്കുണ്ട് | (2) |
| | ഞാനൊട്ടും പിന്മാറുകില്ല | വിശ്വാസച്ചുവടുകൾ മുന്നോട്ടു മുന്നോട്ട് | |
| | ആരെല്ലാം എതിർത്താലും എന്തെല്ലാം ഭവിച്ചാലും | പിന്മാറുകില്ലിനി ഞാൻ | (2) |
| | അധികാരത്തോടെ ഇനി കൽപിക്കും ഞാൻ | പ്രതികൂലങ്ങൾ മാറിപ്പോകും | |
| | ഒന്നും അസാദ്ധ്യമായ് ഇല്ലെന്റെ മുമ്പിലിനി | ജയം എനിക്കുണ്ട് | (2) |
| 1. | അനർത്ഥം ഉണ്ടെന്നു ഞാൻ ഭയപ്പെടില്ല | തോൽവി വരുമെന്നു ഞാൻ ഭയപ്പെടില്ല | (2) |
| | ശത്രു ജയിക്കും എന്നും ഭാവി നശിക്കും എന്നും | ഇനി മേൽ ഞാൻ ഭയപ്പെടില്ല | (2) |
| 2. | രോഗത്തിനോ ഇനി ശാപത്തിനോ | പാപത്തിനോ ഞാൻ അധീനനല്ല | (2) |
| | സാത്താന്റെ ശക്തിയിന്മേൽ ശാപ ബന്ധനത്തിന്മേൽ | ജയം എനിക്കുണ്ട് | (2) |
| 3. | ആകുല ചിന്തയാൽ നിറയുകില്ല | ഭാരങ്ങൾ ഓർത്തിനി കരയുകില്ല | (2) |
| | തക്ക സമയത്തെനിക്കെല്ലാം ഒരുക്കുന്നവൻ | ഒരിക്കലും കൈവിടില്ല | (2) |

| | | | |
|---|---|---|---|
| 428 | വിശ്വാസികളേ! വിശ്വാസികളേ! | ഉയർത്തീടുവിൻ ജയത്തിൻ കൊടികൾ | |
| | എക്കാളം എക്കാളം ധ്വനിപ്പാൻ കാലമായ് | മൽ പ്രിയൻ വരുന്നു മൽപ്രിയൻ വരുന്നു | (2) |
| 1. | നിരന്നീടുവിൻ നിരന്നീടുവിൻ | പോർ വീരരായ് നാം സുധീരരായ് നാം | (2) |
| | ധരിപ്പിൻ ധരിപ്പിൻ സർവ്വായുധ വർഗ്ഗം | ആത്മാവിൽ ധരിപ്പിൻ  ആത്മാവിൽ ധരിപ്പിൻ | (2) |
| 2. | സത്യം കെട്ടുവിൻ സത്യം കെട്ടുവിൻ | അരയ്ക്കു കെട്ടുവിൻ കവചം ധരിപ്പിൻ | (2) |
| | രക്ഷയാം രക്ഷയാം ശിരസ്ത്രം ധരിപ്പിൻ | ആത്മാവിൽ ധരിപ്പിൻ  ആത്മാവിൽ ധരിപ്പിൻ | (2) |
| 3. | സമാധാനമാം സമാധാനമാം | സുവിശേഷം ധരിപ്പിൻ കാലിന്നു ധരിപ്പിൻ | (2) |
| | എല്ലാറ്റിനും മീതെ തീ അമ്പെ കെടുപ്പിൻ | തീ അമ്പേ കെടുപ്പിൻ  തീ അമ്പേ കെടുപ്പിൻ | (2) |
| 4. | പോരാട്ടമുള്ളത് പോരാട്ടമുള്ളത് | ഈ ലോകരോടല്ല ജഡികരോടല്ല | (2) |
| | സ്വർലോക സ്വർലോക ദുഷ്ടാത്മ സേനയിൽ | ദുഷ്ടാത്മ സേനയിൽ ദുഷ്ടാത്മ സേനയിൽ | (2) |
| 5. | ക്ഷീണം തീർന്നുപോം ക്ഷീണം തീർന്നുപോം | ക്ഷീണങ്ങൾതീർന്നുപോം മൽപ്രിയൻ വരുമ്പോൾ | (2) |
| | ആനന്ദം ആനന്ദം നിത്യാനന്ദമുണ്ട്ണ്ട് | ജയം നമുക്കുണ്ട് ജയം നമുക്കുണ്ട് | (2) |

| | | | |
|---|---|---|---|
| 429 | വീണ്ടെടുക്കപ്പെട്ട കൂട്ടമേ | വേഗം ഉണർന്നു രക്ഷകന്റെ വേല ചെയ്യുവിൻ | (2) |
| | അന്ത്യകാലം വന്നടുത്തേ | പെന്തക്കോസ്തിൻ ജ്വാലയാലെ | (2) |
| | ചന്തമോടെ സേവ ചെയ്താൽ | സ്വന്തനാട്ടിൽ പോയിടാമേ | (2) |
| 1. | അബ്രഹാം ഇസ്ഹാക്ക് യാക്കോബ് | എന്ന വിശുദ്ധർ എത്രനാളായ് പാർത്തലം വിട്ടു | (2) |
| | കാത്തു-കാത്തു നിന്നിടുന്ന | സോദരാ നീ ഓർത്തിടുക | (2) |
| | പൂർത്തിയായ് നിൻ വേല തീർത്തു | പാർത്തലം വെടിഞ്ഞു പോകാൻ | (2) |
| 2. | ഉന്നത വിളിക്കു യോഗ്യരേ | വിളിച്ചവന്റെ സന്നിധിയിൽ നിന്നു മാറല്ലേ | (2) |
| | മന്നിടത്തിൽ നിന്നെ ഓർത്തു | ഉന്നതം വെടിഞ്ഞു വന്ന | (2) |
| | നന്ദനന്റെ വന്ദ്യപാദം | എന്നും ഒന്നായ് വന്ദിച്ചിടാം | (2) |
| 3. | ഈ ലോക രാജ്യം അസ്തമിക്കാറായ് | ആ ലോക രാജ്യം വേഗമിതാ ആഗമിക്കാറായ് | (2) |
| | പാപമില്ലാ പരിശുദ്ധൻ | പാരിടത്തിൽ വന്നു തന്റെ | (2) |
| | പാവനമായ് ജീവിക്കുന്ന | പാവനരെ ചേർത്തിടുമേ | (2) |
| 4. | അല്പകാലം മാത്രമേയുള്ളു | നാം എത്രവേഗം കൃത്യമായി വേല തീർത്തിടാം | (2) |
| | എത്രനാൾ ലഭിച്ചിടുമോ | അത്ര നാളും രക്ഷകന്റെ | (2) |
| | പുത്രത്വത്തിൻ ആത്മാവാലെ | ശക്തിയായ് തൻ വേല തീർക്കാം | (2) |

430 വീഴാതെ നിൽക്കുവാൻ നീ തുണ ചെയ്യണേ എന്നാത്മ നായകനേ ഈ മരുവാസം തുടർന്നീടുവാൻ (2)

| | | | |
|---|---|---|---|
| 1. | വൈരി എൻ പിൻപിൽ ചെങ്കടൽ മുമ്പിൽ | ദുരിതം എൻ ചുറ്റിലും കാണുന്ന നേരം | (2) |
| 2. | ശോകം നിറയും ലോകമരുവിൽ | വ്യാകുല മാനസനായി ഞാൻ പോകവേ | (2) |
| 3. | നീറുന്നു ചിന്തകൾ തോരാത്ത കണ്ണുനീർ | മാറാ എൻ ജീവിത മാർഗ്ഗേ ഞാൻ കാണുകിൽ | (2) |
| 4. | കൂരിരുൾ നീക്കാൻ നീതിയിൻ സൂര്യ | പൊൻ കതിർ വീശി നീ വാനിൽ വരും വരെ | (2) |
| 5. | യോർദ്ദാൻ കടന്നാൽ ഭാഗ്യകനാനിൽ | മോദമോടെന്നും വസിക്കും യുഗായുഗം | (2) |

431 **വേദ പുസ്തക ക്രമം** *( വഞ്ചിപ്പാട്ട് )*

***പഴയനിയമം:***

| | | |
|---|---|---|
| 1. | ഉല്പത്തിപുസ്തകം പുറപ്പാടു ലേവ്യ സംഖ്യയതും | ആവർത്തനം യോശുവയും - ന്യായാധിപരും |
| 2. | രൂത്തും ശമുവേലിൻ പുസ്ത-കങ്ങൾ രണ്ടു ഭാഗങ്ങളും | അപ്രകാരം രാജാക്കന്മാർ - ദിനവൃത്താന്തം |
| 3. | എസ്രാനെഹേമ്യാവും എസ്തേർ-യോബും സങ്കീർത്തനങ്ങളും | സദൃശം സഭാപ്രസംഗി - ഉത്തമഗീതം |
| 4. | യെശയ്യാ യിരെമ്മിയാവും - വിലാപങ്ങൾ യെഹസ്കിയേൽ | ദാനിയേൽ ഹോശായ യോവേൽ, ആമോസോബേദ്യാ |
| 5. | യോനായും മീഖയും നാഹും - ഹബക്കൂക്കും സഫന്യാവും | ഹഗ്ഗായി സെഖരിയാവും - മലാഖി താനും |
| 6. | പഴയനിയമം തന്നിൽ ലിഖിതമാം പുസ്തകങ്ങൾ | മുപ്പത്തിയൊൻപതുമേവം - സമാപ്തിയായി |

***പുതിയനിയമം:***

| | | |
|---|---|---|
| 1. | മത്തായി മർക്കോസ് ലൂക്കോസ് യോഹന്നാനപ്പോസ്തലരിൻ | പ്രവൃത്തികൾ റോമരും കോരിന്ത്യരിൻ രണ്ടും |
| 2. | ഗലാത്യരെഫേസ്യർ ഫിലിപ്പിയർ കോലോസ്യരും പിന്നെ | രണ്ടു തെസ്സലോനിക്യരും - തിമോഥെയോസും |
| 3. | തീത്തോസ് ഫിലോമോനെബ്രായ - യാക്കോബിൻ ലേഖനമതും | രണ്ടു പത്രോസ് യോഹന്നാനോ - മൂന്നതാണല്ലൊ |
| 4. | യൂദായിൻ ലേഖനം യോഹന്നാനിൻ വെളിപാടുമായാൽ | ഇരുപത്തിയേഴുമേവം സമാപ്തിയായി. |

| | | | |
|---|---|---|---|
| 432 | വേല തികച്ചെന്റെ വിശ്രമ നാട്ടിൽ | എന്നു ചേർന്നീടും | |
| | അന്യദേശമാം ഭൂവിലെ വാസം | എന്നു തീർന്നിടും    ഈ .. | (2) |
| 1. | ആധിയും വ്യാധിയും അല്ലലും | അല്ലാതെന്തുണ്ടീ ഭൂവിൽ | (2) |
| | വല്ലാത്ത കഷ്ടവും  ദു:ഖവുമല്ലാ.. | തെന്തുണ്ടീ ഭൂവിൽ | (2) |
| 2. | മായയാം ലോകത്തിൻ സൗന്ദര്യമെല്ലാം | ചീഞ്ഞഴുകിപ്പോകും | (2) |
| | മോടിയിൻ വസ്ത്രവും വന്മാളികകളും | കത്തിയെരിഞ്ഞു പോകും | (2) |

| | | | |
|---|---|---|---|
| 433 | വല നിന്റേത് ആത്മാക്കൾ നിന്റേത് | നീ നട്ടിട്ടുള്ള തയ്യെ നാഥാ പാലിക്കേണമേ | (2) |
| 1. | ആണ്ടുകൾ കഴിയും മുമ്പെ നിൻ പ്രവൃത്തികൾ | വെളിപ്പെടുത്തേണമേ നിൻ ദാസർ മദ്ധ്യത്തിൽ | (2) |
| | നടുന്നവൻ നനയ്ക്കുന്നോൻ ഏതുമില്ലല്ലോ | വളരുമാറാക്കുന്നത് അങ്ങവിടുന്നാണല്ലോ | (2) |
| 2. | അന്ത്യകാല ശുശ്രൂഷകളെ തികച്ചിടാൻ | വൻ കൃപകൾ ദാനം ചെയ്ക ഉടയവനെ | (2) |
| | വീഴാതെ താഴാതെ നീ നിത്യം നടത്തേണമേ | സ്വർഗ്ഗ സീയോൻ നാടതിൽ ഞാനെത്തുവോളം | (2) |
| 3. | ഞാനെൻ സഭയെ പണിയും എന്നു ചൊല്ലിയോൻ | തൻ വചനം നിവൃത്തിക്കും സംശയമില്ല | (2) |
| | പാതാള ഗോപുരങ്ങൾ ജയിക്കില്ലിവിടെ | ധൈര്യമായ് നമുക്കവന്റെ വേല തികയ്ക്കാം | (2) |

| | | | |
|---|---|---|---|
| 434 | ശാശ്വതമായ നാട്ടിൽ മാറ്റമില്ലാത്ത നാട്ടിൽ | | |
| | കർത്തൻ ഒരുക്കുന്നു ഭവനം എന്നെനിക്കായ് | അവിടെ ഞാൻ ചെന്നു ചേരും | (2) |
| 1. | കഷ്ടങ്ങളിൻ തിരകൾ ഏറി വന്നാൽ | അവയെന്നെ കവിയുകില്ല | (2) |
| | മന്ത്രങ്ങളും തന്ത്രങ്ങളും പെരുകി വന്നാൽ | അവയെന്നെ ജയിക്കയില്ല | (2) |
| | യേശുവിന്റെ നാമം എനിക്കിമ്പ നാമം | എന്നും ജയം തരും ഇമ്പ നാമം | (2) |
| 2. | രോഗങ്ങളും ശോകങ്ങളും ഏറി വന്നാൽ | അവയെന്നെ തകർക്കുകില്ല | (2) |
| | നിന്ദകളും ദുഷികളും പെരുകി വന്നാൽ | അവയെന്നെ തളർത്തുകില്ല | (2) |
| | യേശുവിന്റെ നാമം എനിക്കിമ്പ നാമം | എന്നും ജയം തരും ഇമ്പ നാമം | (2) |

| | | | |
|---|---|---|---|
| 435 | ശാലേം രാജൻ വരുന്നൊരു ധ്വനികൾ | ദേശമെങ്ങും മുഴങ്ങിടുന്നു | |
| | സോദരാ ! നീ ഒരുങ്ങീടുക | ലോകം വെറുത്തീടുക | |
| | വേഗം ഗമിച്ചീടുവാൻ | വാനിൽ പറന്നു പോകാൻ | (2) |
| 1. | വീശുക ഈ തോട്ടത്തിനുള്ളിൽ | ജീവയാവി പകർന്നീടുവാൻ | |
| | ജീവനുള്ള പാട്ടുപാടുവാൻ | സാക്ഷി ചൊല്ലുവാൻ | |
| | ദൂതറിയിപ്പാൻ | സഭയുണരുവാൻ | (2) |
| 2. | ക്രിസ്തുവീരർ ഉണർന്നു ശോഭിപ്പാൻ | ശക്തിയായൊരു വേല ചെയ്‌വാൻ | |
| | കക്ഷിത്തം ഇടിച്ചുകളക | സ്നേഹത്താൽ ഒന്നിക്ക | |
| | വിശ്വാസം കൂടട്ടെ | മേലും ധൈര്യം  നൽകട്ടെ | (2) |
| 3. | അത്ഭുതങ്ങൾ അടയാളങ്ങളാൽ | സത്യ..സഭ വെളിപ്പെടുന്നു | |
| | ഭൂതങ്ങൾ അലറിയോടുന്നു | പുതുഭാഷ കേൾക്കുന്നു | |
| | കുഷ്ഠരോഗം മാറുന്നു | ജനം ഒന്നു ചേരുന്നു | (2) |
| 4. | ദീപെട്ടികൾ തെളിയിച്ചു കൊൾക | എണ്ണപ്പാത്രം കവിഞ്ഞിടട്ടെ | |
| | ശോഭയുള്ള കൂട്ടരോടൊത്തു | പേർ വിളിക്കുമ്പോൾ | |
| | വാനിൽ പോകുവാൻ | ഒരുങ്ങി നില്ക്കും ഞാൻ | (2) |

| | | | |
|---|---|---|---|
| 436 | ശാലേം പുരെ ചെന്നു ചേരുന്ന നാൾ | ഹാ! എത്ര മോദമേ | |
| | താതൻ ഒരുക്കുന്ന വിശ്രമവീട്ടിൽ ഞാൻ | എന്നു ചേരുമോ | (2) |
| 1. | കണ്ണുനീർ ഇല്ലവിടെ ദുഃഖ വിലാപങ്ങൾ ഒന്നുമില്ലങ്ങ് | നിത്യായുഗമുള്ള സന്തോഷ നാളിനായ് | |
| | ഉള്ളമോ വാഞ്ഛിക്കുന്നേ | ഞാൻ യാഹേ സ്തുതിച്ചീടുമേ | (2) |
| 2. | വേലതികച്ച വിശുദ്ധർ പൊൻ കിരീട ധാരികളായ് | സാക്ഷികളായ് എന്റെ ചുറ്റും | |
| | പൊൻ ചിറകു വീശി പറന്നു പാടി | ഞാൻ യാഹേ സ്തുതിച്ചീടുമേ | (2) |

| | | | |
|---|---|---|---|
| 437 | ശാന്ത തുറമുഖം അടുത്തു എന്റെ കാന്തനോടേറ്റം അടുത്തു | അധികമില്ല, അധികമില്ല യാത്ര അധികമില്ല! | (2) |
| 1. | കൊടുങ്കാറ്റും തിരമാലയും | പടകിലേറി അലച്ചിടുമ്പോൾ | (2) |
| | ക്രൂരെ നോക്കി യാത്ര ചെയ്യും | ശാശ്വത വീട്ടിലെത്തുവോളം | (2) |
| 2. | സ്വന്തജനം കൈവിട്ടാലും | ബന്ധുക്കളും മാറിയാലും | (2) |
| | യേശു എന്നെ കൈവിടില്ല | ക്ലേശങ്ങളിൽ താങ്ങിടും താൻ | (2) |

| | | | |
|---|---|---|---|
| 438 | ശുദ്ധർ സ്തുതിക്കും വീടെ | ദൈവമക്കൾക്കുള്ള ആശ്രയമേ | |
| | പരിലസിക്കും സ്വർണ്ണത്തെരു വീഥിയിൽ | അതി കുതുകാൽ എന്നു ഞാൻ ചേർന്നീടുമോ | (2) |
| | വാനവരിൽ സ്തുതി നാദം | സദാ മുഴങ്ങും ശാലേമിൽ | (2) |
| | എന്നു ഞാൻ ചേർന്നീടുമോ | പരസുതനെ - എന്നു ഞാൻ ചേർന്നീടുമോ | (2) |
| 1. | മുത്തിനാൽ നിർമ്മിതമായ് ഉള്ള പന്ത്രണ്ടു ഗോപുരമേ | തവ മഹത്വം കണ്ടിട്ടങ്ങാനന്ദിപ്പാൻ | (2) |
| | മമ കൺകൾ പാരം കൊതിച്ചിടുന്നേ | | (2) |
| 2. | അന്ധത ഇല്ലനാടെ ദൈവ-തേജസ്സാൽ മിന്നും വീടെ | തവ വിളക്കാം ദൈവത്തിൻ കുഞ്ഞാടിനെ | (2) |
| | അളവെന്യേ പാടി സ്തുതിച്ചിടും ഞാൻ | | (2) |
| 3. | കഷ്ടത ഇല്ല നാടെ ദൈവ-ഭക്തരിൻ വിശ്രമമേ | പുകൾ പെരുകും പുത്തൻ യെരുശലേമേ | (2) |
| | തിരുമാർവ്വിൽ എന്നു ഞാൻ ചാരീടുമോ | | (2) |
| 4. | ശുദ്ധവും ശുഭ്രവുമായുള്ള ജീവ-ജലനദിയിൻ | ഇരുകരയും .. ജീവ-വൃക്ഷ ഫലങ്ങൾ | (2) |
| | പരിലസിക്കും ദൈവത്തിൻ ഉദ്യാനമേ | | (2) |
| 5. | കർത്ത്യ സിംഹാസനത്തിൻ ചുറ്റും വീണകൾ മീട്ടിടുന്ന | സുര വരരെ  ചേർന്നങ്ങു പാടീടുവാൻ | (2) |
| | ഉരു മോദം പാരം വളരുന്നഹോ | | (2) |

439 ശുദ്ധ ശുദ്ധ കർത്താ ദേവാ ജീവദായകനേ ചിത്തശുദ്ധി നല്കിഎന്നെ രക്ഷിക്കിക്കിന്നേരമേ (2)

1. വാസം ചെയ്കെന്നുള്ളിൽ ദേവാ പാപബോധത്തെ താ നാശമായ് പോകായ്വാനെന്നെ പാലിക്ക നീ ഇപ്പോൾ (2)
2. സത്യാത്മാവേ വായെന്നുള്ളിൽ നിത്യവും നീ പാർക്ക ക്രിസ്തേശുവിൻ മുദ്രയെന്നിൽ പതിക്ക നീ ഇപ്പോൾ (2)
3. സ്നേഹാദി ഫലങ്ങൾ എന്നിൽ ആവാനധികമായ് സ്നേഹവാനേ തുണയ്ക്കണം ഹീന പാപിയെന്മേൽ (2)
4. താതസുതാ ശുദ്ധാത്മാവേ താതൻ ത്രിയേകനേ താ നിൻ കൃപാവരങ്ങളേ നിൻ സേവ ചെയ്തീടാൻ (2)

440 ശുദ്ധിക്കായ് നീ യേശു സമീപേ പോയോ? കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ?
പൂർണ്ണാശ്രയം ഈ നിമിഷം തൻ കൃപ തന്നിൽ വെച്ചോ ശുദ്ധിയായോ നീ? (2)

കുളിച്ചോ കുഞ്ഞാട്ടിൻ ആത്മ ശുദ്ധി നല്കും രക്തത്തിൽ?
ഹിമം പോൽ നിഷ്കളങ്കമോ നിൻ അങ്കി? കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ? (2)

1. അനുദിനം രക്ഷകൻ പക്ഷത്തോ നീ ശുദ്ധിയായ് നടന്നീടുന്നത്?
ക്രൂശേറിയ കർത്തനിൽ നിനക്കുണ്ടോ വിശ്രമം നാഴിക തോറുമേ? (2)
2. കർത്തൻ വരവിൻ നിൻ അങ്കി ശുദ്ധമോ? ഏറ്റവും വെണ്മയായ് കാണുമോ?
സ്വർപ്പുരത്തിൽ വാസം ചെയ്തിടാൻ യോഗ്യ പാത്രം ആയ് തീരുമോ അന്നാളിൽ? (2)
3. പാപക്കറ ഏറ്റ അങ്കി നീ നീക്കി കുഞ്ഞാട്ടിൻ രക്തത്തിൽ കുളിക്ക...
ജീവനീർ ഒഴുകുന്നു അശുദ്ധർക്കായ് കുളിച്ചു ശുദ്ധിയായീടുക (2)

441 ശൈലവും എന്റെ സങ്കേതവും കോട്ടയും എന്റെ പാറയുമേ
വീഴാതെ താങ്ങുന്ന താഴാതെ കാക്കുന്ന സ്വർഗ്ഗീയ നാഥനെ സ്തുതിച്ചിടുന്നു (2)

1. കഠിന ശോധന പർവ്വതങ്ങൾ ജീവിത സാഗരേ പോരാട്ടങ്ങൾ (2)
വൻ തിരമാല പോൽ ആഞ്ഞടിച്ചിടുമ്പോൾ മാറാത്ത നാഥനെ സ്തുതിച്ചിടുന്നു (2)
2. കാൽവറി ക്രൂശതിൽ എന്റെ പേർക്കായ് കൈ കാൽകൾ ആണിക്കായ് ഏൽപ്പിച്ചോനേ (2)
കൺകൾ നിറയുന്നു ഉള്ളം തുടിക്കുന്നേ രക്തം ചിന്തി എന്നെ വീണ്ടതിനാൽ (2)
3. മനുഷ്യരിൽ ഞാൻ ആശ്രയം വയ്ക്കില്ല ധനത്തിൽ എൻ മനം ചായുകില്ല (2)
കാഹളത്തിൻ ശബ്ദം കേട്ടിടാൻ കാലമായ് കഷ്ടമേറ്റ പ്രിയൻ വന്നിടാറായ് (2)

442 ശോഭയേറും ഓർ നാടൊന്നുണ്ടതു കാണാമേ ദൂരെ വിശ്വാസത്താൽ
താതൻ വാസം നമുക്കൊരുക്കി നില്ക്കുന്നുണ്ടക്കരെ കാത്തു താൻ
വേഗം നാം ചേർന്നീടും ഭംഗിയേറിയ ആ തീരത്ത്

1. നാം ആ ശോഭന നാട്ടിൽ പാടും വാഴ്ത്തപ്പെട്ടോരുടെ സംഗീതം
ഖേദം രോദനം അങ്ങില്ലല്ലൊ നിത്യം സൗഭാഗ്യം ആത്മാക്കൾക്ക് (2)
2. സ്നേഹമാം സ്വർഗ്ഗ താതനുടെ സ്നേഹ ദാനത്തിനും നാൾക്കുനാൾ
വീഴ്ചയെന്യെ തരും നന്മയ്ക്കും കാഴ്ചയായി നാം സ്തോത്രം പാടും (2)

443 ശ്രീയേശു നാമം അതിശയ നാമം ഏഴ എനിക്കിമ്പ നാമം (2)

1. പാപ പരിഹാരാർത്ഥം പാതകരെ തേടി പാരിടത്തിൽ വന്ന നാമം (2)
പാപമറ്റ ജീവിതത്തിൻ മാതൃകയെ കാട്ടിത്തന്ന പാവനമാം പുണ്യ നാമം (2)
2. എണ്ണമില്ലാ പാപം എന്നിൽ നിന്നു നീക്കാൻ എന്നിൽ കനിഞ്ഞ നാമം (2)
അന്യനെന്ന മേലെഴുത്ത് എന്നേക്കുമായ് മായ്ച്ചുതന്ന ഉന്നതന്റെ വന്ദ്യ നാമം (2)
3. വാനം ഭൂമി ഏവം പാതാളം ഒരുപോൽ വാഴ്ത്തി വണങ്ങും നാമം (2)
വാനിലും ഭൂവിലുമുള്ള എല്ലാ അധികാരത്തെയും ആയുധം വയ്പ്പിച്ച നാമം (2)
4. എല്ലാ നാമത്തിലും മേലായ നാമം ഭക്തർ ജനം വാഴ്ത്തും നാമം (2)
എല്ലാ മുഴങ്കാലും മടങ്ങിടും തിരു..മുമ്പിൽ വല്ലഭത്വം ഉള്ള നാമം (2)
5. ഭൂതബാധിതർക്കും നാനാ വ്യാധിക്കാർക്കും മോചനം കൊടുക്കും നാമം (2)
കുരുടർക്കും മുടന്തർക്കും കുഷ്ഠരോഗികൾക്കുമെല്ലാം വിടുതലും നൽകും നാമം (2)
6. നീതിയോടെ രാജ്യ ഭാരമേല്പ്പാൻ ഭൂവിൽ വേഗം വരുന്ന നാമം (2)
നാടു വാഴികളാം തന്റെ സിദ്ധരുമായ് ദാവീദിൻ.. സിംഹാസനത്തിൽ വാഴും നാമം (2)

444 സന്തോഷ ഗാനം പാടാം സന്തോഷ ഗാനം പാടാം
നമ്മുടെ നാവിലെ ദു:ഖത്തിൻ പാട്ടേശു സന്തോഷം ആക്കിയല്ലോ (2)

1. കാൽവറി ക്രൂശതിലേകിയ രക്തം പാപമകറ്റി നമ്മെ (2)
ഈ ദിവ്യ സ്നേഹത്തിൽ ആക്കിയതോർത്തു നാം സന്തോഷ ഗാനം പാടിടാം (2)
2. അന്നന്നു വേണ്ടുന്ന വൻകൃപ തന്നവൻ സംതൃപ്തരാക്കി നമ്മെ (2)
തൻ തിരു ചിറകിൽ കാക്കുന്നതോർത്തു നാം സന്തോഷ ഗാനം പാടിടാം (2)

445 സന്തോഷിപ്പീൻ വീണ്ടും സന്തോഷിപ്പീൻ സ്വർഗ്ഗ സന്തോഷത്താൽ നിറവീൻ
സർവ്വ സമ്പൂർണ്ണനാം നാഥൻ ചെയ്തതാം നന്മകൾ ധ്യാനിച്ചു സന്തോഷിക്കാം

1. രക്ഷകനാം പ്രിയന്റെ പാലകൻ യേശുവിന്റെ നാമം ഉയർത്തുക നാം നാൾ തോറും ആമോദമായ് (2)
2. പാപത്തിൽ നിന്നു നമ്മെ കോരിയെടുത്തു പരൻ ശാശ്വതമാം പാറയിൽ പാദം നിറുത്തിയതാൽ (2)
3. ക്രിസ്തുവിൻ കഷ്ടങ്ങളിൽ പങ്കുള്ളോരാകും തോറും സന്തോഷിക്കാം പ്രിയരെ ആത്മീയ ഗീതങ്ങളാൽ (2)
4. രോഗങ്ങൾ വന്നീടിലും ഭാരങ്ങൾ ഏറീടിലും സൗഖ്യം പകർന്നു പരൻ സന്തോഷം തന്നതിനാൽ (2)

446 സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗ യാത്ര ചെയ്യുന്നു
എൻ സ്വദേശം കാണ്മതിന്നു ബദ്ധപ്പെട്ടോടിടുന്നു

1. ആകെ അല്പനേരം മാത്രം എന്റെ യാത്ര തീരുവാൻ യേശുവേ നിനക്കുസ്തോത്രം വേഗംനിന്നെ കാണുംഞാൻ (2)
2. രാവിലെ ഞാൻ ഉണരുമ്പോൾ ഭാഗ്യമുള്ളോർ നിശ്ചയം എന്റെ യാത്രയുടെ അന്ത്യം ഇന്നലെക്കാൾ അടുപ്പം (2)
3. രാത്രിയിൽഞാൻ ദൈവത്തിന്റെ കൈകളിൽഉറങ്ങുന്നു അപ്പോഴും എൻ രഥത്തിന്റെ ചക്രം മുമ്പോട്ടോടുന്നു (2)
4. തേടുവാൻ ജഡത്തിൻ സുഖം ഇപ്പോൾ അല്ല സമയം സ്വന്തനാട്ടിൽ ദൈവമുഖം കാൺകയത്രെ വാഞ്ഛിതം (2)
5. ഭാരങ്ങൾ കൂടുന്നതിന്നു ഒന്നും വേണ്ടാ യാത്രയിൽ അല്പം അപ്പം വിശപ്പിന്നും സ്വല്പംവെള്ളം ദാഹിക്കിൽ (2)
6. സ്ഥലം ഹാ മഹാ വിശേഷം ഫലം എത്ര മധുരം വേണ്ട വേണ്ട ഭൂപ്രദേശം അല്ല എന്റെ പാർപ്പിടം (2)
7. നിത്യമായോർ വാസസ്ഥലം എനിക്കുണ്ടു സ്വർഗ്ഗത്തിൽ ജീവവൃക്ഷത്തിന്റെ ഫലം ദൈവ പറുദീസായിൽ (2)
8. എന്നെ എതിരേല്പാനായി ദൈവദൂതർ വരുന്നു വേണ്ടുമ്പോലെ യാത്രയ്ക്കായി പുതുശക്തി തരുന്നു (2)
9. ശുദ്ധന്മാർക്കു വെളിച്ചത്തിൽ ഉള്ള അവകാശത്തിൻ പങ്കുതന്ന ദൈവത്തിന്നു സ്തോത്രം സ്തോത്രം പാടുംഞാൻ (2)

447 സമർപ്പിക്കുന്നേ ഞാൻ സമർപ്പിക്കുന്നേ പൂർണ്ണമായ് യാഗമാവാൻ സമർപ്പിക്കുന്നേ
ദൈവസ്നേഹമാം ജ്വാലയിൽ ഞാൻ എരിഞ്ഞമർന്ന് സൗരഭ്യം ആകുവാനായ് സമർപ്പിക്കുന്നേ (2)
എന്റെ ദേഹവും ദേഹി ആത്മാവും എനിക്കുള്ളതെല്ലാം പ്രിയനായ്
നിത്യ സ്നേഹത്താൽ നിറഞ്ഞവനായ് എന്നെ പൂർണ്ണമായ് സമർപ്പിക്കുന്നേ (2)

1. ആശ്രയിക്കുന്നേ ഞാൻ നിന്റെ കൃപയിൽ അമിത ബലം തന്നു നടത്തണമേ
കൃപാ സമ്പന്നനാം യേശുവേ നിൻ സേവയിൽ ഞാൻ നിൻ ഹിതം പൂർണ്ണമാക്കാൻ സമർപ്പിക്കുന്നേ (2)
2. ദിനം തോറും നിന്നിൽ ഞാൻ വളർന്നിടുവാൻ പരിജ്ഞാനം കൊണ്ടെന്നെ നിറയ്ക്കേണമേ
നിന്റെ ആത്മാവിൽ നിൻ കൂടെന്നും നടന്നിടുവാൻ എൻ സ്വയം പൂർണ്ണമായും വെടിഞ്ഞിടുന്നേ (2)
3. കളിമൺ പോൽ തരുന്നു ഞാൻ തിരുക്കരത്തിൽ മെനഞ്ഞിടേണം എന്നെ നിൻ സ്വഭാവത്തിൽ
എന്നെ മാനപാത്രമായ് തീർക്കുവാൻ നിൻ മഹിമയ്ക്കായ് നിൻ തിരുക്കരങ്ങളിൽ സമർപ്പിക്കുന്നേ (2)

448 സത്യത്തിന്റെ പാതയിൽ സ്നേഹത്തിൻ കൊടിയുമായ്
സാക്ഷികൾ സമൂഹമേ മുന്നേറിടാം (2)

1. ഏകനാഥൻ യേശുവിൻ ജേതാക്കളേ ഏകാത്മാവിൽ ബലം ധരിക്കുവിൻ (2)
ശുദ്ധരാകുവിൻ ശക്തരാകുവിൻ (2) ഘോരനായ ശത്രുവോടു പോരാടുവിൻ (2)
2. ആത്മാവിൻ സർവ്വായുധങ്ങൾ നാം ധരിക്കണം വിശ്വാസമാം പരിച ഏന്തണം (2)
അരയ്ക്കു സത്യവും നീതി കവചവും (2) രക്ഷയിൻ ശിരസ്ത്രവും അണിഞ്ഞൊരുങ്ങണം (2)
3. തിന്മകൾ നമുക്കു നേരിടേണ്ടതുണ്ടു നാം നന്മകളാൽ ജയം വരിക്കണം (2)
പാപത്തോടു നാം പോരാടണം (2) പ്രാണത്യാഗത്തോളം എതിർത്തു നിൽക്കണം (2)
4. ശത്രുവോടെതിർക്കുവാൻ ജയം നേടുവാൻ ആത്മാവിൻ ശക്തി സംഭരിക്കുവാൻ (2)
ഉപവസിക്കണം പ്രാർത്ഥിക്കണം (2) ഇടവിടാതെ സ്തോത്രത്തിൽ ജാഗരിക്കണം (2)

449 സങ്കേതമേ നിന്റെ അടിമ ഞാനേ ഘോഷിക്കുമേ മനം സന്തോഷത്താൽ (2)
കർത്താവേ നീ ചെയ്ത നന്മകളെ നിത്യം നിത്യം ഞാൻ ധ്യാനിക്കുമേ (2)

1. അളവില്ലാ സ്നേഹത്താൽ ചേർപ്പവനേ എണ്ണമില്ലാ നന്മകൾ നൽകുന്നവനേ (2)
ശോഭിത മണാളാ മഹിമ പ്രതാപാ സ്നേഹത്താൽ നിൻപാദം ചേർന്നിടുമേ (2)
2. കർത്താവേ നിൻ ക്രിയകൾ വലിയവയേ ശുദ്ധനേ നിൻ പ്രവൃത്തികൾ മഹത്വമുള്ളത് (2)
നിത്യനേ നിൻ പ്രമാണങ്ങൾ എന്നുമുള്ളത് ഭക്തരുടെ സന്തോഷ ഭാഗ്യമിത് (2)
3. എന്നെ എന്നും ഉപദേശിച്ചു നടത്തുന്നോനേ ദൃഷ്ടിവച്ചു ആലോചന നൽകുന്നവനേ (2)
പോകേണ്ട വഴിയെന്നെ കാണിക്കുന്നവനേ ആശ്രയിക്കുന്നോനെ കൃപ ചുറ്റിക്കൊള്ളുമേ (2)
4. കരം പിടിച്ചു നടത്തും കർത്തൻ നീയല്ലോ യാചിച്ച എന്നെ സൗഖ്യമാക്കിയല്ലോ (2)
കുഴിയിൽ വീഴാതെന്നെ സൂക്ഷിച്ചവനേ കണ്ണുനീരെ സന്തോഷമായ് മാറ്റിയല്ലോ (2)
5. പാപങ്ങളെ ഓർക്കാതെ ചേർത്തുവല്ലോ ശാപങ്ങളെ നീക്കി ശുദ്ധമാക്കിയല്ലോ (2)
രക്ഷയുടെ സന്തോഷം തിരികെ തന്നല്ലോ ഉണർവ്വിൻ ആവിയാലെന്നെ താങ്ങിയല്ലോ (2)

450 സർവ്വശക്തൻ ആണല്ലോ എന്റെ ദൈവം ഇല്ലില്ല ! അസാദ്ധ്യമായ് ഒന്നുമില്ല !! (2)
അഖിലാണ്ഡത്തെ നിർമ്മിച്ചവൻ എൻ പിതാവല്ലോ എന്താനന്ദം (2)

1. റാഫാ യഹോവ എന്നെ സൗഖ്യമാക്കും ശമ്മാ യഹോവ എങ്ങും അവനുണ്ട് (2)
ഈ ദൈവം എന്റെ ദൈവം എൻ പിതാവല്ലോ എന്താനന്ദം (2)
2. ശാലേം യഹോവ എന്റെ സമാധാനം നിസ്സി യഹോവ എന്റെ ജയക്കൊടിയാം (2)
ഈ ദൈവം എന്റെ ദൈവം എൻ പിതാവല്ലോ എന്താനന്ദം (2)

451 സർവ്വവും യേശു നാഥനായ് സമർപ്പണം ചെയ്തിടുന്നു സ്നേഹമോടെ ഞാൻ (2)

1. എന്റെ ബുദ്ധിയും എന്റെ ശക്തിയും (2) നീ എനിക്കു തന്നതൊക്കെയും (2)
2. എന്റെ രോഗവും എന്റെ സൗഖ്യവും (2) നീ എനിക്കു തന്നതൊക്കെയും (2)
3. എന്റെ കീർത്തിയും എൻ പുകഴ്ച്ചയും (2) നീ എനിക്കു തന്നതൊക്കെയും (2)
4. എന്റെ ശബ്ദവും എൻ ധ്വനികളും (2) നീ എനിക്കു തന്നതൊക്കെയും (2)
5. എന്റെ സമ്പത്തും എന്റെ ധനവും (2) നീ എനിക്കു തന്നതൊക്കെയും (2)
6. എന്റെ ആയുസ്സും എന്റെ ഭാവിയും (2) നീ എനിക്കു തന്നതൊക്കെയും (2)

452 സർവ്വ സൃഷ്ടികളും ഒന്നായ് പുകഴ്ത്തിടുന്ന സൃഷ്ടാവിനെ സ്തുതിയ്ക്കും ഞാൻ (2)
ഈ ക്ഷോണിതലത്തിൽ ജീവിക്കുന്ന നാളെല്ലാം ഘോഷിച്ചീടും പൊന്നു നാഥനേ (2)
യേശു മാറാത്തവൻ യേശു മാറാത്തവൻ യേശു മാറാത്തവൻ
ഹാ എത്ര നല്ലവൻ ഇന്നും എന്നും കൂടെ ഉള്ളവൻ (2)

1. തന്റെ കരുണ എത്രയോ അതിവിശിഷ്ടം തൻ സ്നേഹമാശ്ചര്യമേ (2)
എൻ ലംഘനങ്ങളും എൻ അകൃത്യങ്ങളും എല്ലാം അകറ്റിയ തന്റെ സ്നേഹത്താൽ (2)
2. രോഗ ശയ്യയിലെനിക്കു സഹായകനും രാക്കാല ഗീതവുമവൻ (2)
നല്ല വൈദ്യനും ദിവ്യ ഔഷധവുമെൻ ആത്മ സഖിയും അവൻ തന്നെ (2)
3. തേജസ്സിൽ വാസം ചെയ്യുന്ന വിശുദ്ധരൊത്തു അവകാശം ഞാനും പ്രാപിപ്പാൻ (2)
ദിവ്യ ആത്മാവാൽ ശക്തീകരിച്ചെന്നെയും തൻ സന്നിധിയിൽ നിറുത്തിടുന്നു (2)
4. സീയോനിൽ വാണിടുവാനായ് വിളിച്ചു തന്റെ ശ്രേഷ്ഠോപദേശവും തന്നു (2)
ഹാ! എന്തൊരത്ഭുതം ഈ വൻകൃപയെ ഓർക്കുമ്പോൾ നന്ദി കൊണ്ടെന്നുള്ളം തുള്ളുന്നേ (2)

453 സർവ്വ പാപക്കറകൾ തീർത്തു നരരെ രക്ഷിച്ചീടുവാൻ
ഉർവ്വി നാഥൻ യേശു ദേവൻ ചൊരിഞ്ഞ തിരു രക്തമേ
സർവ്വ പാപക്കറകൾ തീർത്തു എന്നെ രക്ഷിച്ചീടുവാൻ
ഉർവ്വി നാഥൻ യേശു ദേവൻ ചൊരിഞ്ഞ തിരു രക്തമേ

1. യേശുവോടീ ലോകർ ചെയ്തതോർക്ക നീയെൻ ഉള്ളമേ വേദനയോടേശു ദേവൻ ചൊരിഞ്ഞ തിരു രക്തമേ (2)
2. കാട്ടു ചെന്നായ് കൂട്ടമായ് ഒരാടിനെ പിടിച്ചപോൽ കൂട്ടമായ് ദുഷ്ടരടിച്ചപ്പോൾ ചൊരിഞ്ഞ രക്തമേ (2)
3. മുള്ളു കൊണ്ടുള്ളോർ മുടിയാൽ മന്നവൻ തിരുത്തലയ്ക്ക് ഉള്ളിലും പുറത്തുമായി പാഞ്ഞ തിരു രക്തമേ (2)
4. നീണ്ട ഇരുമ്പാണി കൊണ്ടു ദുഷ്ടരാ കൈ കാൽകളെ തോണ്ടിയ നേരം ചൊരിഞ്ഞ രക്ഷിതാവിൻ രക്തമേ (2)
5. വഞ്ചക സാത്താനെ ബന്ധിച്ചന്ധകാരം നീക്കുവാൻ അഞ്ചു കായങ്ങൾ വഴിയായ് പാഞ്ഞ തിരു രക്തമേ (2)

454 സർവ്വ നന്മകൾക്കും സർവ്വ ദാനങ്ങൾക്കും ഉറവിടമാം എൻ യേശുവേ (2)
നിന്നെ ഞാൻ സ്തുതിച്ചിടുന്നു ദിനവും പരനെ നന്ദിയാൽ (2)

1. ആഴി ആഴത്തിൽ ഞാൻ കിടന്നു കൂരിരുൾ എന്നെ മറ പിടിച്ചു
നാഥൻ തിരുക്കരം തേടിയെത്തി എന്നെ മാർവ്വോടു ചേർത്തണച്ചു (2)
2. പരിശുദ്ധാത്മാവാൽ നിറയ്ക്ക അനുദിനവും എന്നെ പരനെ
തിരുവേലയെ തികച്ചീടുവാൻ നൽവരങ്ങളെ നൽകീടുക (2)

455 സർവ്വ ലോക സൃഷ്ടിതാവെ സർവ്വത്തിനും നാഥാ
സർവ്വ സൃഷ്ടികളും വാഴ്ത്തി വർണ്ണിക്കും മഹേശാ (2)
വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു നന്ദിയോടടിയാർ
കീർത്തിക്കുന്നു ഘോഷിക്കുന്നു ആർത്തു മോദമോടെ (2)

1. എണ്ണമില്ലാ ദൂതർ സംഘം വാഴ്ത്തിടുന്ന ദേവാ (2) ഖെറുബികളും സ്രാഫികളും പുകഴ്ത്തും മഹേശാ (2)
2. വാനം ഭൂമി സൂര്യ ചന്ദ്ര നക്ഷത്രാദികളെ (2) മാനമായ് ചമച്ച ദേവാ നാഥനേ മഹേശാ (2)
3. ജീവനുള്ള സർവ്വത്തിനും ഭക്ഷണം നൽകുന്ന (2) ജീവനാഥാ ദേവദേവാ പാഹിമാം മഹേശാ (2)
4. വൃക്ഷ സസ്യാദികൾക്കെല്ലാം ഭംഗിയെ നൽകുന്ന (2) അക്ഷയനാം ദേവദേവാ പാഹിമാം മഹേശാ (2)
5. ഗംഭീരമായ് മുഴങ്ങിടും വമ്പിച്ച സമുദ്രം (2) തമ്പുരാന്റെ വാക്കിനങ്ങു കീഴ്പ്പെടും മഹേശാ (2)
6. ഊറ്റമായടിക്കും കൊടുങ്കാറ്റിനെയും തന്റെ (2) ശ്രേഷ്ഠകരം തന്നിൽ വഹിച്ചീടുന്ന മഹേശാ (2)
7. ദുഷ്ടരാകും ജനങ്ങൾക്കും നീതിയുള്ളവർക്കും (2) വന്മഴയും നൽ വെയിലും നൽകുന്ന മഹേശാ (2)
8. സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വ ലോകത്തിലും (2) സ്തോത്രത്തിനു യോഗ്യനായ കീർത്തിമാൻ മഹേശാ (2)
9. മൂവുലകും നിന്റെ പാദം തന്നിൽ വണങ്ങീടും (2) നിൻ മഹത്വം വെളിപ്പെടും ആ ദിനം മഹേശാ (2)

456 സംശയം വേണ്ടിനിയും മനമേ കരുതിടും അവൻ നിനക്കായ് ദിനവും (2)
വാക്കു പറഞ്ഞവൻ മാറുകില്ല വാഗ്ദത്തം ചെയ്തവൻ മാറുകില്ല (2)

1. ജീവിത ഭാരത്താൽ ഞെരുങ്ങിയാലും ആകുല ചിന്തകൾ ഏറിയാലും (2)
കാക്കയാൽ ആഹാരം നൽകിടുവാൻ ഏലിയാവിൻ ദൈവം ജീവിക്കുന്നു (2)
2. കഷ്ട നഷ്ടങ്ങളാൽ നീറിടുമ്പോൾ നിന്ദ പരിഹാസം ഏറിടുമ്പോൾ (2)
ശോധനയാൽ ഏറ്റം തളർന്നിടുമ്പോൾ ഇയ്യോബിന്റെ ദൈവം കൂടെയുണ്ട് (2)
3. സ്വന്ത സഹോദരർ മാറിയാലും കൂട്ടു സഹോദരർ കൈ വിട്ടാലും (2)
കാരാഗൃഹത്തിലും കൈവിടാത്ത യോസേഫിന്റെ ദൈവം കൂടെയുണ്ട് (2)

**457** സാധു എന്നെ കൈ വിടാതെ നാഥൻ എന്നും നടത്തിടുന്നു (2)

1. അന്ത്യത്തോളം ചിറകടിയിൽ അവൻ കാത്തിടും ധരയിൽ (2)
ആപത്തിലും രോഗത്തിലും (2) അവൻ ആണെനിക്കഭയം (2)
2. കണ്ണുനീരിൻ താഴ്വരയിൽ കരയുന്ന വേളകളിൽ (2)
കൈവിടില്ലെൻ കർത്തനെന്നെ (2) കണ്ണുനീർ അവൻ തുടയ്ക്കും (2)
3. കൊടുങ്കാറ്റും തിരമാലയും പടകിൽ വന്നാഞ്ഞടിക്കും (2)
നേരം എന്റെ ചാരെയുണ്ട് (2) നാഥൻ എന്നും വല്ലഭനായ് (2)
4. വിണ്ണിൽ എന്റെ വീടൊരുക്കി വേഗം വന്നിടും പ്രിയനായ് (2)
വേല ചെയ്തെൻ നാൾകൾ തീർന്നു (2) വീട്ടിൽ ചെല്ലും ഞാൻ ഒടുവിൽ (2)

**458** സാദ്ധ്യമേ എല്ലാം സാദ്ധ്യമേ എൻ യേശു എന്നും കൂടെയുള്ളതാൽ
അസാദ്ധ്യമായ് എനിക്കൊന്നുമില്ല എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം
ബുദ്ധിക്കതീതമായ് അത്യത്ഭുതങ്ങളാൽ എന്റെ ദൈവം എന്നെ നടത്തുന്നു (2)

1. ഭാരം പ്രയാസങ്ങൾ വന്നീടിലും തെല്ലും കുലുങ്ങുകയില്ല ഇനി (2)
ബുദ്ധിക്കതീതമായ് ദിവ്യ സമാധാനം എന്റെ ഉള്ളത്തിലവൻ നിറയ്ക്കുന്നു (2)
2. സാത്താന്യ ശക്തിയെ ജയിക്കും ഞാൻ വചനത്തിൻ ശക്തിയാൽ ജയിക്കും ഞാൻ (2)
ബുദ്ധിക്കതീതമായ് ശക്തി നിറച്ചെന്നെ ജയാളിയായവൻ നടത്തുന്നു (2)

**459** സീയോൻ സൈന്യമേ ഉണർന്നീടുവിൻ പൊരുതു നീ ജയമെടുത്തു വിരുതു പ്രാപിപ്പാൻ (2)
കേൾക്കാറായ് തൻ കാഹളധ്വനി നാം പോകാറായ് ഈ പാർത്തലം വിട്ട് തേജസ്സേറും പുരേ (2)

1. സർവ്വായുധങ്ങൾ ധരിച്ചീടുക ദുഷ്ടനോടെതിർത്തു നിന്നു വിജയം നേടുവാൻ (2)
2. ക്രിസ്തേശുവിനായ് കഷ്ടം സഹിച്ചോർ നിത്യനിത്യ യുഗങ്ങൾ വാഴും സ്വർഗ്ഗ സീയോനിൽ (2)
3. പ്രത്യാശ എന്നിൽ വർദ്ധിച്ചീടുന്നേ അങ്ങുചെന്നു കാണുവാനെൻ പ്രിയൻ പൊൻമുഖം (2)
4. ആനന്ദമേ നിത്യാനന്ദമേ കാന്തനോടു വാഴും കാലം എത്ര ആനന്ദം (2)

**460** സീയോൻ മണാളനേ ശാലേമിൻ പ്രിയനേ നിന്നെ കാണുവാൻ നിന്നെ കാണുവാൻ (2)
എന്നെ തന്നെ ഒരുക്കുന്നു നിൻ രാജ്യത്തിൽ വന്നു വാഴുവാൻ (2)

1. പരനേ നിൻവരവേതു നേരത്തെന്നറിയുന്നില്ല ഞാൻ അറിയുന്നില്ല ഞാൻ (2)
അനു നിമിഷവും അതി കുതുകമായ് നോക്കി പാർക്കും ഞാൻ (2).
2. കണ്ണുനീർ നിറഞ്ഞ ലോകത്തു നിന്നു ഞാൻ പോയ് മറയുമേ പോയ് മറയുമേ (2)
കണ്ണിമയ്ക്കും നൊടി നേരത്തു ചേരുമേ വിൺപുരിയതിൽ (2)
3. സഭയാം കാന്തയെ വേൾക്കുന്ന നേരത്തു എന്താനന്ദമേ എന്താനന്ദമേ (2)
പ്രിയന്റെ മാർവ്വിൽ ഞാൻ ചാരും സമയത്തു പരമാനന്ദമേ (2)
4. കുഞ്ഞാട്ടിൻ രക്തത്താൽ കഴുകപ്പെട്ടവർ എടുക്കപ്പെടുമല്ലോ എടുക്കപ്പെടുമല്ലോ (2)
ആ മഹൽ സന്തോഷ ശോഭന നാളതിൽ ഞാനും കാണുമേ (2)

**461** സീയോൻ സഞ്ചാരി ഞാൻ യേശുവിൽ ചാരി ഞാൻ പോകുന്നു കുരിശിന്റെ പാതയിൽ (2)

1. മോക്ഷ യാത്രയാണിത് ഞാൻ നടപ്പത് കാഴ്ചയാലെ അല്ല വിശ്വാസത്താലെയാം (2)
വീഴ്ച്ചകൾ താഴ്ച്ചകൾ വന്നിടും വേളയിൽ രക്ഷകൻ കൈകളിൽ താങ്ങിടും (2)
2. ലോകമേതും യോഗ്യം അല്ലെനിക്കതാൽ ശോകമില്ല ഭാഗ്യം ഉണ്ടു ക്രിസ്തുവിൽ (2)
നാഥനു മുൾമുടി ഏകിയ ലോകമേ നീ തരും പേരെനിക്കെന്തിനായ് (2)
3. സാക്ഷികൾ സമൂഹം എന്റെ ചുറ്റിലും നിൽക്കുന്നായിരങ്ങൾ ആകയാലെ ഞാൻ (2)
ഭാരവും പാപവും വിട്ടു ഞാനോടുമെ..ന്നേരവും യേശുവേ നോക്കിടും (2)
4. ബാലശിക്ഷ നൽകുമെൻ അപ്പനെങ്കിലും ചേലെഴും തൻ സ്നേഹം കുറഞ്ഞു പോയിടാ (2)
നന്മയെ തൻ കരം നൽകുമെൻ ഈശനിൽ എൻ മനം വിശ്രാമം നേടിടും (2)
5. എന്നെ നേടുന്ന സന്തോഷം ഓർത്തതാൽ നിന്ദകൾ സഹിച്ചു മരിച്ച നാഥനെ (2)
ധ്യാനിച്ചും മാനിച്ചും സേവിച്ചും പോകയിൽ ക്ഷീണം എന്തെന്നറികില്ല ഞാൻ (2)

**462** സീയോൻ സഞ്ചാരികളെ ആനന്ദിപ്പിൻ
കാഹളധ്വനി വിണ്ണിൽ കേട്ടിടാറായ്
മേഘത്തിൽ നമ്മെയും ചേർത്തിടാറായ് (2)

1. ആയിരം ആയിരം വിശുദ്ധരുമായ് കാന്തനാം കർത്താവു വന്നീടുമേ ആർത്തിയോടവനായി കാത്തിടാമേ (2)
2. നാസ്തികരായ് പലരും നീങ്ങിടുമ്പോൾ ക്രൂശിന്റെ വൈരികളായിടുമ്പോൾ ക്രൂശതിൻ സാക്ഷ്യങ്ങൾ ഓതിടാമേ (2)
3. വാനഗോളങ്ങളെല്ലാം കീഴ്പ്പെടുത്താൻ മാനവരാകവെ വെമ്പിടുമ്പോൾ വാനാധിവാനമെൻ അധിവാസമേ (2)
4. ജാതികൾ രാജ്യങ്ങൾ ഉണർന്നിടുന്നേ യൂദർതൻ രാഷ്ട്രവും പുതുക്കിടുന്നേ ആകയാൽ സഭയെ നീ ഉണർന്നീടുക (2)
5. തേജസ്സിൻ പുത്രരെ കണ്ടീടുവാൻ സൃഷ്ടികളേകമായ് ഞരങ്ങീടുമ്പോൾ ആത്മാവിൽ ഒന്നായ്നാം ഞരങ്ങീടാമേ (2)
6. വാഗ്ദത്തം അഖിലവും നിറവേറുന്നേ സീയോനിൻ പണിവേഗം തീർന്നീടുമേ തേജസ്സിൽ കാന്തനും വെളിപ്പെടുമേ (2)

463 സീയോൻ യാത്രയതിൽ മനമേ ഭയമൊന്നും വേണ്ടിനിയും (2)
അബ്രഹാമിൻ ദൈവം ഇസഹാക്കിൻ ദൈവം
യാക്കോബിൻ ദൈവമെന്നും കൂടെയുള്ളതാൽ (2)

1. ലോകത്തിൻ ദൃഷ്ടിയിൽ ഞാൻ ഒരു ദോഷനായ് തോന്നിയാലും (2)
ദൈവത്തിൻ ദൃഷ്ടിയിൽ ഞാൻ എന്നും ശ്രേഷ്ഠനായ് മാറിടുന്നു (2)
2. ഒന്നിനെക്കുറിച്ചിനിയും എനിക്കാകുല ചിന്തയില്ല (2)
ജീവ മന്ന തന്നവൻ എന്നെ ക്ഷേമമായ് പാലിക്കുന്നു (2)
3. മനുഷ്യനിൽ ആശ്രയമോ ഇനി വേണ്ട നിശ്ചയമായ് (2)
ദൈവത്തിൽ ആശ്രയമോ അത് ഒന്നാണെനിക്കഭയം (2)

464 സീയോനെ നീ ഉണർന്നെഴുന്നേൽക്കുക ശാലേം രാജനിതാ വരുവാറായ്
ശീലഗുണമുള്ള സ്നേഹ സ്വരൂപൻ ആകാശ മേഘത്തിൽ എഴുന്നെള്ളി വരുമേ (2)

1. പകലുള്ള കാലങ്ങൾ അണഞ്ഞണഞ്ഞു പോയ് കൂരിരുൾ നാളുകൾ അടുത്തടുത്തേ (2)
ഝടുതിയായ് ജീവിതം പുതുക്കി നിന്നീടുകിൽ ഉടലോടെ പ്രിയനെ എതിരേൽപ്പാൻ പോകാം (2)
2. കഷ്ടതയില്ലാത്ത നാളു വന്നടുത്തേ തുഷ്ടിയായ് ജീവിതം ചെയ്തിടാമേ (2)
ദുഷ്ടലോകത്തെ നീ വെറുത്തു വിട്ടീടുകിൽ ഇഷ്ടമോടേശുവിൻ കൂടെ ഗമിക്കാം (2)
3. അന്ധത ഇല്ലാത്ത നാളു വന്നടുത്തേ സാന്ത്വന ജീവിതം ചെയ്തിടാമേ (2)
അന്ധകാര പ്രഭു വെളിപ്പെടും മുമ്പേ സന്തോഷ മാർഗ്ഗത്തിൽ ഗമിച്ചിടുമേ നാം (2)
4. തിരുസഭയെ നിൻ ദീപങ്ങളാകവെ ദിവ്യ പ്രഭയാൽ ജ്വലിച്ചിടട്ടെ (2)
മഹിമയിൻ മേഘത്തിൽ എഴുന്നെള്ളി വരുമ്പോൾ മണവാളനോടു നാം മറുരൂപമാകാൻ (2)

465 സുഖ കാലത്തിലും ദു:ഖവേളയിലും അകലാത്ത നൽ സ്നേഹിതനേ
യേശുവേ തിരുപാദത്തിൽ കാത്തിരിക്കേ എന്തു മോദം ഹൃദന്തം വരും (2)

1. പാപ ലോകത്തിൻ ശാപ ദോഷങ്ങൾ പാടേ നീക്കാനായ് വന്നിങ്ങു രക്ഷകൻ (2)
സംഭ്രമത്തിലും സംശയത്തിലും സങ്കടത്തിലും പ്രത്യാശ നൽകുന്നോൻ (2)
2. ഏതു നേരത്തും ഏക ചിന്തയാൽ ഏവരും ചേർന്നു സ്തോത്രങ്ങൾ അർപ്പിക്കാം (2)
ഭക്തി പാലിക്കാൻ ശക്തി പ്രാപിക്കാൻ മുക്തി നേടിടാൻ പരിശുദ്ധനെ തേടാം (2)
3. ഹൃത്തടങ്ങളാം കൈവിളക്കുകൾ കത്തി ശോഭിപ്പാൻ കരുതണം എണ്ണയെ (2)
നിദ്ര മാറ്റേണം, ആ ഭദ്രദീപങ്ങൾ നിത്യം മിന്നേണം, മണവാളൻ എത്തുമ്പോൾ (2)

466 സേനയിൻ അധിപൻ ദേവനിൽ അതിയായ് ആശ്രയം എവനുണ്ടോ ആയവൻ ഏവരിലും അതിധന്യൻ
യാഹിൻ വാസം എന്തതി കാമ്യം ആ..ആ..ആ.. വാഞ്ഛിച്ചു മോഹിക്കുന്നെൻ ഉള്ളം
ഘോഷിക്കുന്നെൻ ഹൃദയം ജഡവും (2)

1. കുരികിൽ തനിക്കൊരു വീടും മീവൽ പറവ തൻ കുഞ്ഞുങ്ങൾക്കായ് നല്ലൊരുകൂടും കണ്ടെത്തിയല്ലോ (2)
നിൻതിരു ബലിപീഠം തന്നെ ആ..ആ..ആ.. നിൻതിരു ബലിപീഠം തന്നെ
ധന്യർ നിന്നാലയത്തിൽ വസിപ്പോർ നിത്യം സ്തുതിക്കും അവർ നിന്നെ (2)
2. ബലം നിന്നിലുള്ളോർ ഭാഗ്യം നിറഞ്ഞോർ നിശ്ചയം ആണെന്നും താഴ്ച്ച ഭവിക്കുക ഇല്ലെന്നും (2)
ഇവ്വിധമുള്ളോർ മനസ്സുകളിൽ ആ..ആ..ആ.. ഇവ്വിധമുള്ളോർ മനസ്സുകളിൽ
നിർണ്ണയമുണ്ടു നിരന്തരമായ് സീയോൻ നഗരിയിൻ പെരുവഴികൾ (2)
3. കണ്ണുനീർ താഴ്വര അതു വഴിയായവർ യാനം ചെയ്യുമ്പോൾ ആയതു മാറും ജലാശയമായ് (2)
മുന്മഴ അനുഗ്രഹ പൂർണ്ണമാകും ആ.ആ.ആ. മുന്മഴ അനുഗ്രഹ പൂർണ്ണമാകും
പ്രാപിക്കും ബലമവർ ബലത്തിനു മേൽ ചെന്നെത്തും ഏവരും സീയോനിൽ (2)

467 സേനകളിൻ ദൈവമാകും യഹോവയിൻ ആലയം എത്ര മനോഹരമേ Psalm 84
സൈന്യങ്ങളിൻ പരിശുദ്ധനാം ദൈവമേ നിന്നിൽ ആശ്രയിപ്പോർ ഭാഗ്യവാന്മാർ (2)

1. എന്റെയുള്ളം യാഹിൻ പ്രാകാരങ്ങളെന്നും വാഞ്ഛിച്ചു മോഹിക്കുന്നതി മോദാൽ (2)
എന്റെ ഹൃദയവും എന്നുടെ മാംസവും എൻ ജീവന്റെ ദൈവത്തെ ഘോഷിക്കുന്നു (2)
2. കുരികിൽ ഒരു വീടും മീവലിൻ കുഞ്ഞുങ്ങൾ നല്ലൊരു കൂടും കണ്ടെത്തിയല്ലോ (2)
എന്റെ രാജാവും എൻ ദൈവവും ആയവൻ ആലയത്തിലുള്ള യാഗപീഠേ (2)
3. ദൈവമേ നിന്നുടെ ആലയേ വസിപ്പവർ ഭാഗ്യവാന്മാർ അതി ഭാഗ്യവാന്മാർ (2)
നിത്യം സ്തുതിക്കും അവർ നിന്റെ നാമത്തെ സ്തുത്യനാം യാഹേ നീ പരിശുദ്ധൻ (2)
4. സീയോനിലേയ്ക്കുള്ള നല്പതാം പാതകൾ ബലം നിന്നിലുള്ള ഭക്തർക്കുള്ളിലുണ്ട് (2)
കണ്ണീരിൻ താഴ്വരേ യാനം ചെയ്തിടുമ്പോൾ തണ്ണീർ തടാകമായ് മാറ്റുമവർ (2)
5. ആശിഷമാരിയാം മുൻമഴയാലത് അനുഗ്രഹ പൂർണ്ണമായ് തീർന്നീടുമേ (2)
മേൽക്കുമേൽ നൽ ബലം പ്രാപിക്കും എല്ലാരും മേലിലെ സീയോനിൽ ചെന്നെത്തിടും (2)
6. സൈന്യങ്ങളിൻ ദൈവമാകും യഹോവേ നീ കേൾക്കണേ എന്നുടെ പ്രാർത്ഥനകൾ (2)
യാക്കോബിൻ ദൈവമേ ചെവിക്കൊള്ളേണമേ എൻ പരിചയാം ദൈവമേ നോക്കേണമേ (2)
7. നിന്റെ അഭിഷക്തന്റെ മുഖത്തെ അങ്ങ് തൃക്കൺ പാർത്തു കടാക്ഷിക്കേണമേ (2)
തിരുമുഖം എന്റെ മേൽ പ്രകാശിപ്പിക്ക നീ പൊൻ ചെങ്കോൽ നീട്ടുക കൃപ നൽക (2)
8. നിന്റെ പ്രാകാരത്തിൽ പാർക്കുന്നൊരു ദിനം വേറെ ആയിരത്തെക്കാൾ അത്യുത്തമം (2)
സേനകളിൻ പരിശുദ്ധനാം ദൈവമേ നിന്നിൽ ആശ്രയിച്ചിടും ഭക്തർ ധന്യർ (2)
9. ദൈവമേ നിന്നുടെ ആലയത്തിൻ ഉള്ളിൽ കാവൽക്കാരൻ ആയി പാർക്കുന്നത് (2)
ദുഷ്ടരിൻ കൂടാര സുഖ വാസത്തേക്കാൾ എത്രയും ശ്രേഷ്ഠമേ മോഹനമേ (2)
10. യാഹാം ദൈവം അവൻ സൂര്യനും പരിചയും കൃപയും മഹത്വവും നൽകിടുന്നോൻ (2)
നേരായ് നടപ്പവർക്കായൊരു നന്മയും മുടക്കുകില്ലൊരിക്കലും എൻ മനമേ (2)

| | | | | |
|---|---|---|---|---|
| 468 | സ്തുതി ഗീതം പാടുക നാം | | ഉയർത്തുക ജയ നാമം | (2) |
| 1. | സ്തുതിക്കു യോഗ്യൻ അവൻ | | സർവ്വശക്തൻ യഹോവയവൻ | (2) |
| | നമ്മെ സ്നേഹിച്ചു നമ്മെ വീണ്ടെടുത്തു | (2) | സ്വന്ത ജനമായ് തീർത്തതിനാൽ | (2) |
| 2. | രോഗിക്കു വൈദ്യൻ അവൻ | | സർവ്വശക്തൻ യഹോവയവൻ | (2) |
| | സൗഖ്യം നൽകി താൻ ശക്തിയേകീടും | (2) | എന്നും ആശ്വാസം പകരുമവൻ | (2) |
| 3. | സേനകളിൻ നായകൻ | | സർവ്വശക്തൻ യഹോവയവൻ | (2) |
| | അവൻ മുമ്പിലും അവൻ പിമ്പിലും | (2) | നമ്മെ ജയത്തോടെ നടത്തീടുമേ | (2) |
| 4. | രാജാധി രാജനവൻ | | സർവ്വശക്തൻ യഹോവയവൻ | (2) |
| | സ്തുതി സ്തോത്രവും എല്ലാ പുകഴ്ച്ചയും | (2) | അവനെന്നെന്നും ആമേൻ | (2) |

| | | | |
|---|---|---|---|
| 469 | സ്തുതിഗീതം പാടി പുകഴ്ത്തിടുന്നെൻ മനുവേലനെ | ദൂതർ സ്തുതിച്ചുവാഴ്ത്തും സുന്ദരനാം മണവാളനെ | |
| 1. | അവൻ എന്റെ രക്ഷകൻ അവൻ എനിക്കുള്ളോൻ | ബലമുള്ള ഗോപുരം ആപത്തിൽ സങ്കേതം | (2) |
| | അവന്റെ ചാരേ ഓടി അണഞ്ഞവർക്ക് | ആശ്വാസം അനു ദിനവും | (2) |
| 2. | അകൃത്യങ്ങൾ അകറ്റിയെൻ അശുദ്ധിയെ നീക്കി | അനന്ത സന്തോഷം എൻ അകമെ തന്നരുളി | (2) |
| | ഹാ ദിവ്യതേജസ്സിൻ അഭിഷേകത്താൽ എന്നെ | ജയത്തോടെ നടത്തിടുന്നു | (2) |
| 3. | അനുദിനം ഭാരങ്ങൾ അവൻ ചുമന്നീടുന്നു | അനവധി നന്മകൾ അളവെന്യേ തരുന്നു | (2) |
| | അവനെൻ ഉപനിധി അവസാനത്തോളവും | കാക്കുവാൻ ശക്തനല്ലോ | (2) |
| 4. | എതിരികൾ വളരെ സഖികളിൽ അധികം | വഴി അതി ദൂരം ബഹുവിധ തടസ്സം | (2) |
| | പരിഭ്രമിക്കുന്നില്ല മന്നവൻ | യേശു എൻ അഭയം | (2) |
| 5. | മരണത്തെ ജയിച്ചവൻ ഉയരത്തിൽ ഉണ്ട് | അവിടെനിക്കൊരുക്കുന്ന ഭവനം ഒന്നുണ്ട് | (2) |
| | ആ വീട്ടിൽ എന്നെ ചേർത്തീടുവാൻ | മണവാളൻ വന്നീടുമേ | (2) |

| | | | |
|---|---|---|---|
| 470 | സ്തുതി ചെയ് മനമേ നിത്യവും നിൻ | ജീവ നാഥനേശുവേ | (2) |
| | ഇതുപോൽ സ്വജീവൻ തന്നൊരാത്മ | സ്നേഹിതൻ വേറാരിനി | (2) |
| 1. | മരണാധികാരിയായിരുന്ന | ഘോരനാം പിശാചിനെ | (2) |
| | മരണത്തിനാലെ നീക്കി മൃത്യു.. | ഭീതി തീർത്ത നാഥനെ | (2) |
| 2. | ബഹുമാന്യനാം ആചാര്യനായി | വാനിൽ അവൻ വാഴ്കയാൽ | (2) |
| | ബലഹീനതയിൽ കൈവിടാതെ | ചേർത്തുകൊള്ളും ആകയാൽ | (2) |
| 3. | ദിനവും മനമേ! തൽസമയം | വൻകൃപകൾ പ്രാപിപ്പാൻ | (2) |
| | അതി ധൈര്യമായ് കൃപാസനത്തിൻ | അന്തികത്തിൽ ചെന്നു നീ | (2) |
| 4. | ബഹു ദൂതരുച്ച നാദമോടെ | വാഴ്ത്തിടുന്ന നാഥനെ | (2) |
| | ബലവും ധനവും ജ്ഞാനമെല്ലാം | സ്വീകരിപ്പാൻ യോഗ്യനെ | (2) |

| | | | |
|---|---|---|---|
| 471 | സ്തുതി-സ്തുതി എൻമനമേ | സ്തുതികളിൽ ഉന്നതനെ | |
| | നാഥൻ നാൾതോറും ചെയ്യുന്ന | നന്മകളോർത്തു പാടുക നീ എന്നും മനമേ | (2) |
| 1. | അമ്മയെപ്പോലെ താതൻ | താലോലിച്ചണച്ചിടുന്നു | (2) |
| | സമാധാനമായ് കിടന്നുറങ്ങാൻ | തന്റെ മാർവ്വിൽ ദിനം ദിനമായ് | (2) |
| 2. | കഷ്ടങ്ങൾ ഏറീടിലും | എനിക്കേറ്റം അടുത്ത തുണയായ് | (2) |
| | ഘോര വൈരിയിൻ നടുവിൽ അവൻ | മേശ നമുക്കൊരുക്കുമല്ലോ | (2) |
| 3. | ഭാരത്താൽ വലഞ്ഞീടിലും | തീരാ രോഗത്താൽ അലഞ്ഞീടിലും | (2) |
| | പിളർന്നീടും ഒരടിപ്പിണരാൽ | തന്നിടുന്നീ രോഗ സൗഖ്യം | (2) |

| | | | |
|---|---|---|---|
| 472 | സ്തുതിപ്പിൻ സ്തുതിപ്പിൻ ദൈവജനമേ | സ്തുതികളിന്മേൽ വസിക്കും പ്രിയനെ | |
| | അനുദിനം അവൻ ചെയ്ത നന്മകൾ | അനല്പമേ മനം മറക്കുമോ ! | (2) |
| 1. | ഉണർന്നു ഘോഷിപ്പിൻ സ്വന്തജനമേ | ഹൃദയം നന്ദിയാൽ നിറഞ്ഞു കവിയട്ടെ | (2) |
| | പാപകൂപത്തിൽ കിടന്ന നാമിന്നു | പരന്റെ വാഗ്ദത്ത സുതരല്ലോ! | (2) |
| 2. | വിളിച്ചവനുടെ ഗുണങ്ങൾ ഘോഷിപ്പാൻ | തെരഞ്ഞെടുത്തതാം വിശുദ്ധ വംശമേ | (2) |
| | ജയപ്രഭുവിന്റെ കൃപലഭിച്ചതാൽ | ജയത്തിൻ ഘോഷങ്ങൾ മുഴക്കിടാം | (2) |
| 3. | പരന്റെ സ്നേഹത്താൽ പരം പ്രകാശിക്കും | പരിശുദ്ധനുടെ പരമസംഘമേ | (2) |
| | കരങ്ങളിൽ നമ്മെ വഹിക്കുന്നോൻ ദിനം | തോറും ഭാരങ്ങൾ ചുമക്കുന്നു | (2) |
| 4. | കൃപയിൻ ആത്മാവിൽ നിറയാം നമ്മുടെ | ദുരിതങ്ങൾ ഹിമം പോലെ അലിയട്ടെ | (2) |
| | പരമ വിളിയുടെ വിരുതിനായ് നമ്മെ | വിളിച്ചവൻ എന്നും നടത്തിടും | (2) |
| 5. | വ്രതഗണങ്ങളെ ചേർക്കുവാനായ് നീ | വരുന്ന കാലം ഇങ്ങടുത്തു പോയതാൽ | (2) |
| | അതിനായ് ഞങ്ങളെ ഒരുക്കവേഗമായ് | ആമേൻ കർത്താവേ നീ വരേണമേ ! | (2) |

| | | | |
|---|---|---|---|
| 473 | സ്തുതിപ്പീൻ സ്തുതിപ്പീൻ എന്നും സ്തുതിച്ചീടുവിൻ | യേശു രാജാധി രാജാവിനെ | (2) |
| | ഈ പാർത്തലത്തിൽ സൃഷ്ടി കർത്തനവൻ | എന്റെ ഉള്ളത്തിൽ വന്നതിനാൽ | (2) |
| | ആ...ആ....ആനന്ദമേ പരമാനന്ദമേ | ഇതു സ്വർഗ്ഗീയ സന്തോഷമേ | (2) |
| | ഈ പാർത്തലത്തിൽ സൃഷ്ടി കർത്തനവൻ | എന്റെ ഉള്ളത്തിൽ വന്നതിനാൽ | (2) |
| 1. | അവൻ വരുന്ന നാളിൽ എന്റെ കരം പിടിച്ച് | തന്റെ മാർവ്വോടണച്ചീടുമേ | (2) |
| | ആ സമൂഹമതിൽ അന്നു കർത്തനുമായ് | ആർത്തു ഘോഷിക്കും സന്തോഷത്താൽ | (2) |
| 2. | എൻ പാപങ്ങളെ മുറ്റും കഴുകീടുവാൻ | തൻ ജീവനെ നൽകിയവൻ | (2) |
| | വീണ്ടും വന്നീടുമേ മേഘവാഹനത്തിൽ | കോടാകോടി തൻ ദൂതരുമായ് | (2) |
| 3. | കൺകൾ കൊതിച്ചിടുന്നേ ഉള്ളം തുടിച്ചിടുന്നേ | നാഥാ നിന്നുടെ വരവിനായി | (2) |
| | പാരിൽ കഷ്ടതകൾ ഏറും ദിനം തോറുമേ | കാന്താ വേഗം നീ വന്നിടണേ | (2) |

474 സ്തുതിപ്പിൻ സ്തുതിപ്പിൻ യേശുദേവനെ ഹല്ലേലുയ്യാ പാടി (2)
സ്തുതിപ്പിൻ ലോകത്തിൻ പാപത്തെ നീക്കുവാൻ അധിപനായ് വന്ന ദൈവ കുഞ്ഞാടിനെ (2)

1. കരുണയുള്ള കണ്ണുള്ളോനവൻ തൻ ജനത്തിൻ കരച്ചിൽ കരളലിഞ്ഞു കേൾക്കും കാതുള്ളോൻ (2)
ലോകപാപച്ചുമടിനെ ശിരസ്സുകൊണ്ടു ചുമന്നൊഴിപ്പതിന്നു കുരിശെടുത്തു ഗോൽഗോഥാവിൽ പോയോനെ (2)
2. വഴിയും സത്യവും ജീവനും അവനെ അവനരുകിൽ വരുവിൻ വഴിയും ആശ്വാസം ഏകുമേയവൻ (2)
പാപച്ചുമടൊഴിച്ചവൻ മഴയും മഞ്ഞും പെയ്യുമ്പോൾ ഉള്ളിൽ കൃപ പൊഴിയുമേ മേഘത്തൂണിൽ നിന്നു പാടി (2)
3. മരിച്ചവരിൽ നിന്നാദ്യം ജനിച്ചവൻ ഭൂമി രാജാക്കന്മാരെ ഭരിച്ചു വാഴുമേകനായകൻ (2)
നമ്മെ സ്നേഹിച്ചവൻ തിരുച്ചോരയിൽ കഴുകി നമ്മെയെല്ലാം ശുദ്ധീകരിച്ച വിശ്വസ്ത സാക്ഷിയെ നിനച്ചു (2)
4. ഏഴു പൊൻ നിലവിളക്കുകൾ ഉള്ളിൽ നിലയങ്കി ധരിച്ച് ഏഴു നക്ഷത്രം വലങ്കയ്യിലും മാർവ്വിൽ (2)
പൊൻകച്ച പൂണ്ടും വായിലിരുമുന വാളും അഗ്നിജ്വാല പോലെ കണ്ണും ഉള്ള മാനവമകനെ (2)
5. കാലുകൾ ഉലയിൻ കാച്ചിപ്പഴുപ്പിച്ച നല്ല പിച്ചളക്കൊത്തതും ചേലൊടു മുഖഭാവം ആദിത്യൻ (2)
ശക്തിയോടു പ്രകാശിക്കും പോലെയും തലമുടി ധവളപ്പഞ്ഞി പോലെയുമിരിക്കുന്ന ദൈവപുത്രനെ (2)
6. വളരെ വെള്ളത്തൻ ഇരച്ചിൽക്കൊത്തതും ശവക്കല്ലറയിൽ നിന്നു വെളിയേ മരിച്ചുയർത്തു വരുവാനായ് (2)
തക്കവല്ലഭമുള്ളതും എളിയജനം ചെവിക്കൊൾവതുമായ വലിയ ഗംഭീര ശബ്ദമുള്ളോനെ (2)
7. വലിയ ദൈവദൂതന്റെ ശബ്ദവും ദേവകാഹളവും തന്റെ വിളിയോടിടകലർന്നു മുഴങ്ങവേ (2)
വാനലോകത്തിൽ നിന്നേശു ജ്വലിക്കും അഗ്നിമേഘത്തിൽ വെളിപ്പെടും കലങ്ങും ദുഷ്ടർ തന്മക്കളാനന്ദിക്കും (2)
8. മന്നവനാകുന്ന മശിഹായെ മഹാസേനയിൻ കർത്തനെ മണ്ണും വിണ്ണും പടച്ചവനേ മനുവേലേ (2)
മനുനന്ദനനേ പരനന്ദനനേ മേരിനന്ദനനേ രാജനന്ദനനേ നിങ്ങൾ നന്ദിയോടു പാടി (2)
9 ഹല്ലേലുയ്യാ പാടി സ്തുതിപ്പിൻ യേശുവേ യേശുനാമത്തിനു ജയം അല്ലലെല്ലാം അവൻ അകലെക്കളയുമേ (2)
യേശു രാജാവിന്നോശന്ന നല്ലവനാം യേശുരാജൻ വരും സർവ്വവല്ലഭ യേശുവേ വേഗം വരണമേ (2)

475 സ്തുതിപ്പിൻ സ്തുതിപ്പിൻ യേശുവെ സ്തുതിപ്പിൻ സ്തോത്രങ്ങൾ അർപ്പിച്ചിടിൻ (2)
സ്തുതിക്കു യോഗ്യൻ ദൈവ കുഞ്ഞാടാം യേശുവെ സ്തുതിച്ചിടുവിൻ ആമേൻ (2)
*"ഗീതം ഗീതം ജയ ജയ ഗീതം പാടുവിൻ സോദരരേ"*

1. യാഹിൻ സവിധത്തിൽ ഉല്ലസിച്ചിരുന്നവൻ ദേവ..നന്ദനൻ യേശുപരൻ ഇഹ (2)
ലോകത്തിൽ വന്നെന്നെ രക്ഷിപ്പാൻ തന്നെത്താൻ താഴ്ത്തിയല്ലോ (2)
2. പൈദാഹം പരിഹാസം ചമ്മട്ടി കൊണ്ടടി മുഖമതിൽ തുപ്പലുമേ എൻ (2)
പ്രാണനാഥൻ സഹിച്ചല്ലോ എനിക്കായ് തെല്ലും മടികൂടാതെ (2)
3. പാപിയാം എനിക്കായ് തന്നുടെ പ്രാണൻ കുരിശതിൽ യാഗമാക്കി എൻ (2)
പാപമെല്ലാം കഴുകിയെന്നെ അവൻ തൻപ്രിയ മകനാക്കി (2)
4. മൃത്യുവെ ജയിച്ചവൻ ഉയിർത്തെഴുന്നേറ്റു ഉന്നതെ വാഴുന്നല്ലോ അവൻ (2)
നീതിമാനാം കാര്യസ്ഥനായി നമുക്കായ് വാദിക്കുന്നു (2)
5. സർവ്വ ലോക വാസികൾ ഒരുപോൽ വാഴ്ത്തി വണങ്ങിടുന്ന സർവ്വ (2)
നാമത്തിനും മേലായ നാമം എൻ യേശുവിൻ നാമമല്ലോ (2)

476 സ്തുതിച്ചു പാടിടാം ദൈവമക്കളേ സ്തുതികളിൽ വസിച്ചിടുന്ന സർവ്വ ശക്തനെ (2)
ആർത്തു ഘോഷിപ്പിൻ കീർത്തിച്ചീടുവിൻ (2) കർത്തൻ ചെയ്യും നന്മകൾ എത്ര ശ്രേഷ്ഠമേ (2)

1. പരിശുദ്ധനായവൻ നിൻ പാപം പോക്കുവാൻ പാരിതിൽ ജഡമെടുത്തു യാഗമാകുവാൻ (2)
ക്രൂശിലേറി തൻ രക്തം ചിന്തിയേ (2) മരണ ഭീതി നീക്കി നിത്യ ജീവനേകിയേ (2)
2. ലോക യാത്രയിൽ നിൻ കൂടെയുണ്ടവൻ ഏകനായ് വിടുകയില്ല യേശുനായകൻ (2)
ഭാരമേറുമ്പോൾ തൻ ഭുജത്തിൽ വഹിച്ചിടും (2) കരുതിടും നിനക്കായിട്ടെൻ യേശുരക്ഷകൻ (2)
3. വീഴാതെ സൂക്ഷിക്കും നാഥൻ മഹിമയ്ക്കായ് വാഴുവാനായ് എന്നുമെന്നും നിത്യരാജ്യത്തിൽ (2)
വാഴ്ത്തിടാം എന്നും കർത്തൻ യേശുവെ (2) വീണു വണങ്ങിടാം തന്റെ തിരുപ്പാദത്തിൽ (2)

477 സ്തുതിച്ചീടുവിൻ കീർത്തനങ്ങൾ ദേവനു പാടീടുവിൻ
സ്തുതി ഉചിതം മനോഹരവും നല്ലതും എന്നറിവിൻ (2)
ദേവാധി ദേവനീ പാരിൽ വന്നു പാപിയെ തേടിവന്നു
വല്ലഭനായ് മരിച്ചുയിർത്തു ജീവിക്കുന്നു നമുക്കായ് (2)

1. തിരുക്കരങ്ങൾ നിരത്തിവച്ചു താരകങ്ങൾ ഗഗനെ (2) ഒരുക്കിയവൻ നമുക്കു രക്ഷാമാർഗ്ഗം അതിനുമുന്നേ (2)
2. കണ്ടില്ല കണ്ണുകളീ കരുണയിൻ കരചലനം (2) കേട്ടില്ല മാനവരിൻ കാതുകൾ തൻ വചനം (2)
3. തലമുറയായ് അവൻ നമുക്കു നല്ലൊരു സങ്കേതമാം (2) പലമുറ നാം പാടീടുക പരമനു സങ്കീർത്തനം (2)

478 സ്വർഗ്ഗരാജ്യ നിരൂപണം എൻ ഹൃദയ വാഞ്ഛയാം ദൈവദൂതർ കൂട്ടത്തിലെൻ സ്നേഹിതരെ കാണാം (2)
അങ്ങു എന്നേക്കും വേർപിരിയാതെ ക്രിസ്തുവിൻ കൂടെ പാർക്കും നമ്മളെല്ലാം (2)

1. വിശുദ്ധരുടെ സംസർഗ്ഗം വാടാത്ത കിരീടം ചൊല്ലിത്തീരാത്ത ആനന്ദം ഹാ! എത്ര വാഞ്ഛിതം (2)
2. എൻ രക്ഷിതാവു രാജാവായ് ആദിക്കിൽ വാഴുന്നു ഗീതം ഹാ! എത്ര ഇമ്പമായ് എപ്പോഴും കേൾക്കുന്നു (2)
3. ഈ സ്വർഗ്ഗരാജ്യം ആകുമെൻ വാഗ്ദത്ത നാടതിൽ എന്നാത്മാവെന്നും ഇരിപ്പാൻ കാംക്ഷിക്കുന്നു എന്നിൽ (2)

479 സ്വർഗരാജ്യ പുത്രരേ യോഗ്യ സ്തോത്രം പാടുവിൻ യാത്ര പോകുമ്പോൾ തന്നേ യേശുവിനെ സ്തുതിപ്പിൻ

1. ദൈവത്തിങ്കലേക്കു നാം ആശയോടെ പോകുന്നു മുൻ വിശ്വാസികൾ എല്ലാം ഇപ്രകാരം നടന്നു (2)
2. ഭാഗ്യം ഉള്ള കൂട്ടമേ ഘോഷിച്ചങ്ങാനന്ദിപ്പിൻ പാപ ലോകം പോകട്ടെ സ്വർഗമോക്ഷം ലഭിപ്പിൻ (2)
3. പേടിക്കേണ്ട വേഗത്തിൽ നിങ്ങൾ ദൈവത്തെ കാണും യേശു ക്രിസ്തു നിങ്ങളെ ജയത്തോടെ രക്ഷിക്കും (2)
4. വഴി കാണിക്കേണമേ മനസ്സോടെ ഞങ്ങളും പ്രിയം ഉള്ള യേശുവേ നിന്നെ അനുഗമിക്കും (2)

480 സ്വർഗ്ഗസ്ഥനായ പിതാവിനു സ്തോത്രം സ്തുത്യനാം യേശു മഹേശനു മഹത്വം
നിത്യവും എൻ പേർക്കെൻ പ്രിയൻ ചെയ്ത നിസ്തുല നന്മകൾക്കായ് സ്തുതിച്ചിടുന്നേ (2)
സ്തുതിച്ചിടുന്നേ ഞാൻ സ്തുതിച്ചിടുന്നേ പരമപിതാവിനെ സ്തുതിച്ചിടുന്നേ
അവൻ എന്റെ ബലമുള്ള സങ്കേതമേ എന്റെ ആശാ നികേതമേ (2)

1. അവൻ എന്റെ പ്രാണനെ മരണത്തിൽ നിന്നും എന്റെ കാലിനെ വീഴ്ച്ചയിൽ നിന്നും
എന്റെ കണ്ണിനെ കണ്ണീരിൽ നിന്നും വിടുവിച്ചതോർത്തു ഞാൻ സ്തുതിച്ചിടുന്നേ (2)
2. ജീവന്റെ വഴിയിൽ ഞാൻ നടകൊള്ളുവതിനായ് ജീവന്റെ വചനങ്ങൾ അവൻ എനിക്കേകി
അവയിൽ എൻ ഗമനത്തെ സ്ഥിരമാക്കിയതിനാൽ അകമഴിഞ്ഞാത്മാവിൽ സ്തുതിച്ചിടുന്നേ (2)
3. ആശ്രയം അവനിൽ ഞാൻ പുതുക്കിടും തോറും ആശ്വാസം എന്നുള്ളിൽ പെരുകി വരുന്നേ
ആശ്രിത വത്സലനാം പ്രിയൻ എന്റെ ആമയം നീക്കിയതാൽ സ്തുതിച്ചിടുന്നേ (2)
4. സീയോനിൻ വൻ പണി തീർത്തു വിൺ തേജസ്സിൽ എൻ പ്രിയൻ യേശു വെളിപ്പെടും സുദിനം
ഏറ്റം സമീപം എന്നോർത്തൊരുങ്ങാൻ ആത്മ ഹേമം അവൻ തന്നതിനാൽ സ്തുതിച്ചിടുന്നേ (2)

481 സ്വർഗ്ഗം തുറന്നീടുമേ...ആ..ആ... മിഴികൾ നനഞ്ഞവരേ...ആ...ആ...
ഒരു നവ ജീവിത ഗാനം ഉണർന്നു വേഗം ഒരുങ്ങുക സോദരരേ (2)

1. സ്വതന്ത്ര കാഹള നാദമിതാ .. നാദമിതാ (2) നിതാന്ത സൗഭാഗ്യ വേളയിതാ .. വേളയിതാ (2)
വരൾച്ച പോക്കിടും യഹോവ തന്നുടെ (2) കുളിർത്ത കാറ്റുകൾ വീശുന്നേ ആ.ആ.ആ.ആ (2)
2. കാലുകൾ വഴുതി വീണവരേ .. വീണവരേ (2) ജീവിതയോടം താണവരേ .. താണവരേ (2)
ഭീതികൾ വേണ്ട യഹോവ തന്നുടെ (2) നീതി കരത്താൽ താങ്ങിടുമേ ആ.ആ.ആ.ആ (2)

482 സ്വർഗ്ഗ നാട്ടിൽ എൻ പ്രിയൻ തീർത്തിടും (2) സ്വന്ത വീട്ടിൽ ചേർന്നിടുവാൻ (2)
മമ കാന്തനെ ഒന്നു കാണുവാൻ (2) മനം കാത്തു പാർത്തിടുന്നു (2)

1. മരുഭൂമിയിൽ തളരാതെ ഞാൻ (2) മരുവുന്നു നിൻ കൃപയാൽ (2)
ഒരുനാളും നീ പിരിയാതെന്നെ (2) കരുതുന്നു കണ്മണി പോൽ (2)

2. ഇന്നീ മന്നിതിൽ സിയോൻ യാത്രയിൽ (2) എന്നും ഖിന്നത മാത്രം (2)
എന്നു വന്നു നീ എന്നെ ചേർക്കുമോ (2) അന്നേ തീരൂ വേദനകൾ (2)

3. നല്ല നാഥനെ നിനക്കായ് ഞാൻ (2) വേല ചെയ്യും അന്ത്യം വരെ (2)
അല്ലൽ തീർന്നു നിൻ സവിധെ വരാൻ (2) ഇല്ല പാരിൽ വിശ്രമവും (2)

4. കർത്തൃ കാഹളം വാനിൽ കേൾക്കുവാൻ (2) കാലമായില്ലേ പ്രിയനേ (2)
ആശയേറുന്നേ നിന്നെ കാണുവാൻ (2) ആമേൻ യേശുവേ വരണേ (2)

483 സ്വർഗ്ഗത്തിന്റെ സ്നേഹ മണിനാദത്തിൻ മാറ്റൊലികൾ മുഴങ്ങുന്നില്ലേ?
കാൽവറിയിലെ സ്നേഹക്കൊയ്ത്തതിൽ ചേർത്ത കറ്റയിൽ
നീയും കാണുമോ ആ കള്ളനെപ്പോലെ (2)

1. മൂന്നു കാരിരുമ്പാണി മേൽ തൂങ്ങുന്ന (2) രക്ഷിതാവെ ഈ ക്ഷണം നോക്കൂ (2)
സീയോൻ പുത്രീ നിന്റെ നഗ്നത മറച്ചീടുവാൻ (2) നാഥനങ്കികൾ ചീട്ടിട്ടെടുത്തു (2)
2. സീയോൻ പുത്രീ നിൻ മുറിവിൽ പകരാൻ (2) നാഥൻ ക്രൂശിൽ ഒഴുക്കിയതാം (2)
രക്തത്തുള്ളികൾ നിൻ മുറിവതിൽ (2) പകർന്നിടുന്നു (2)
3. ഗോഗുൽത്തായിൻ പാതയതിൽ നിരന്നു (2) നിന്നു കേണിടുന്ന സിയോൻ മകളേ (2)
ശാലേം പുത്രീ എനിക്കായ് നീ കരക വേണ്ടാ (2) കരയുക നീ നിനക്കായി തന്നെ (2)
4. ചങ്കു..പൊട്ടി കരയുകെൻ മനമേ (2) ലോക സ്നേഹം വെടിഞ്ഞീടുക (2)
വേണ്ട ലോക ഇമ്പം എനിക്ക് ഈ പാരിൻ സൗഖ്യങ്ങൾ (2) മതി എനിക്കെൻ നാഥൻ സഖിത്തം (2)

484 സ്വർഗ്ഗ ഭാഗ്യം എത്ര യോഗ്യം ആർക്കു വർണ്ണിക്കാം അതിൻ
ഭാഗ്യം ഒർക്കും തോറും എനിക്കാശയേറുന്നേ! (2)

1. പാപ ലോകത്തിൽ കിടന്നു പാടു പെടുന്ന എനിക്കെപ്പോഴെന്റെ മോക്ഷ വീട്ടിൽ ചെന്നു ചേർന്നീടാം (2)
2. മുമ്പേ മുമ്പേ പോയിടുന്നോർ ഭാഗ്യമുള്ളവർ മന്നിലുള്ള കഷ്ടതകൾ നീങ്ങി സ്വസ്ഥരായവർ (2)
3. ലോക സംബന്ധ ഭവനം വിട്ടു പോയെന്നാൽ മോക്ഷേ കൈകളാൽ തീർക്കാത്ത വീട്ടിൽ പാർത്തിടാമല്ലോ (2)
4. രണ്ടിനാൽ ഞെരങ്ങി ഞാനും വാഞ്ഛിച്ചീടുന്നു ആത്മ വീണ്ടെടുപ്പാം പുത്ര സന്തോഷത്തിൽ എത്തുവാൻ (2)
5. ഇങ്ങു പെടും പാടുകൾക്കാശ്വാസം പ്രാപിപ്പാൻ എന്റെ മംഗല മോക്ഷ പുരത്തിൽ എപ്പോഴെത്തും ഞാൻ? (2)
6. പ്രാവിനെ പോൽ രണ്ടു ചിറകുണ്ടെന്നാകിൽ ഞാൻ ശീഘ്രം എത്തും പറന്നെന്റെ മണവാളൻ സന്നിധൗ (2)

485 സ്വർഗ്ഗീയ തീവണ്ടി, വേഗം പോകും വണ്ടി സുന്ദരമാംപുരി നല്ലൊരു ദേശം അങ്ങകലേകം വണ്ടി (2)

1. രക്ഷ എന്നൊരു ടിക്കറ്റില്ലാതെ വിത്തൗട്ട് യാത്ര ഇല്ല കിട്ടിയ ടിക്കറ്റ് നഷ്ടപ്പെട്ടാൽ വിലയ്ക്കു വേറെയില്ല (2)
എൻജിൻ ഡ്രൈവർ യേശു, TTR -ഉം ഇല്ല കൈക്കൂലിക്ക് ആളും ഇല്ല, യാത്ര സുഖമല്ലോ (2)
2. ടിക്കറ്റെവിടെ കിട്ടും എന്ന് നീയും അന്വേഷിച്ചാൽ കാൽവറിഎന്നൊരു ബുക്കിംഗ്ഓഫീസ് ഗോൽഗോഥായിലുണ്ട്(2)
ഏജന്റുമാരും ഇല്ല, യേശു മാത്രം ഉണ്ട് അവന് എല്ലാം ഹൃദയം നല്കിൽ ടിക്കറ്റു തന്നീടുമേ (2)
3. വാനമണ്ഡല സ്റ്റേഷൻ താണ്ടി നൊടിയിടയിൽ നാം പോകും, ബലവാന്മാരാം ദൂതർ കാവൽ ബോഗിയിലാകെ ഉണ്ട് (2)
പോക്കറ്റടിയും ഇല്ല കൊള്ളക്കാരും ഇല്ല പുത്തൻ സ്റ്റേഷൻ അങ്ങകലെ നീ കാണാൻ വരികില്ലേ (2)

486 സ്വർഗ്ഗീയ പിതാവേ നിൻ തിരുഹിതം സ്വർഗ്ഗത്തിലെപ്പോലെ ഭൂവിൽ ആകണേ (2)
നിൻ ഹിതം ചെയ്തോനാം നിൻ സുതനെപ്പോലെ ഇന്നു ഞാൻ വരുന്നേ നിൻ ഹിതം ചെയ്‌വാൻ (2)

എൻ ദൈവമേ നിന്നിഷ്ടം ചെയ്യുവാൻ വന്നീടുന്നേ ഞാനിന്നു മോദമായ് (2)
എന്റെ ഇഷ്ടം ഒന്നും വേണ്ട പ്രിയനേ അങ്ങേ ഇഷ്ടം എന്നിൽ പൂർണ്ണമാകട്ടെ (2)

1. നന്മയും പൂർണ്ണ പ്രസാദവും ഉള്ള നിൻ ഹിതം എന്തെന്നു ഞാൻ അറിയുവാൻ (2)
എൻമനം പുതുക്കി മാറിടുന്നു നിത്യം നിന്ദ്യം ആണെനിക്കീ ലോക ലാവണ്യം (2)
2. ഞാൻ അവൻ ഉള്ളം കയ്യിൽ ഇരിക്കയാൽ ആരും ഇല്ലെനിക്കു ദോഷം ചെയ്യുവാൻ (2)
ഇന്നെനിക്കു വന്നു നേരിടുന്നതെല്ലാം തൻ ഹിതം ആണെന്നു ഞാൻ അറിയുന്നു (2)
3. എൻ തലയിലെ മുടികളുമെല്ലാം നിർണ്ണയം അവൻ എണ്ണി അറിയുന്നു (2)
ഒന്നതിൽ നിലത്തു വീണിടേണം എങ്കിൽ ഉന്നതൻ അറിഞ്ഞേ സാദ്ധ്യമായിടൂ (2)
4. യേശു ക്രിസ്തുവിൻ ശരീരയാഗത്താൽ ഉള്ള ഇഷ്ടത്തിൽ ഞാൻ ശുദ്ധനായ് തീർന്നു (2)
ദൈവ ഇഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ പൂർണ്ണ സഹിഷ്ണുത ഏകണേ പ്രിയാ (2)
5. ആരും അറിയാത്ത ശ്രേഷ്ഠ ഭോജനം ഞാൻ ഭുജിച്ചു നിത്യം ജീവിച്ചിടുന്നു (2)
എന്റെ രക്ഷകന്റെ ഇഷ്ടമെല്ലാം ചെയ്തു വേല തികയ്ക്കുന്നതെന്റെ ആഹാരം (2)
6. എന്റെ കഷ്ടങ്ങൾ ദൈവം തരുന്നതാൽ എന്റെ പ്രാണനെ ഞാൻ യാഗമാക്കുന്നു (2)
എന്നെ തകർത്തീടാൻ താതനിഷ്ടം എങ്കിൽ തൻ ഹിതം എന്നിൽ സമ്പൂർണ്ണമാകട്ടെ (2)

487 സ്തുതിക്കും ഞാനെന്നും സ്തുതിക്കും ഞാൻ സ്തുതിക്കു യോഗ്യനാം യേശുവിനെ
വല്ലഭൻ എനിക്കു വലിയവ ചെയ്തു വാഴ്ത്തും തൻ നാമം ഈ മരുവിൽ (2)

ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ (2)

1. ഉയരത്തിൽ നിന്നു തൻ കൈനീട്ടി പെരു വെള്ളത്തിൽ നിന്നെന്നെ വലിച്ചെടുത്തു (2)
ബലമുള്ള ശത്രുവിൻ കൈയിൽ നിന്നും എന്റെ ആത്മാവിനെ അവൻ വിടുവിച്ചു (2)
2. എന്റെ കാൽകളെ കലമാൻ പേടയ്ക്കു തുല്യമാക്കി നടത്തുന്നവൻ (2)
എന്നെ ഗിരികളിൽ നിൽക്കുമാറാക്കുന്നോൻ രക്ഷയെന്ന പരിചയെ നൽകീടുന്നു (2)

488 സ്ഥിര മാനസൻ കർത്തനിൽ ആശ്രയിപ്പതിനാൽ ഭാഗ്യം ഏറിയവൻ (2)

1. എളിയവനൊരു ദുർഗ്ഗവും നീ കൊടുങ്കാറ്റതിൽ ശരണവും നീ (2)
അവൻ കഷ്ടമതിൽ ഒരു കോട്ടയും നീ ആശ്വാസത്തിൻ തണലും നീ (2)
2. സർവ്വ വദനങ്ങളിൽ നിന്നുമേ തുടച്ചീടും അവൻ കണ്ണുനീർ (2)
തന്റെ ജനത്തിൻ നിന്ദ സർവ്വ ഭൂവിൽ നിന്നും നീക്കീടും അവൻ നിത്യമായ് (2)
3. ഉയരട്ടെ നിൻ തലകളെന്നും ഉയരുന്നതാം വാതിൽകളെ (2)
സൈന്യനാഥൻ അവൻ ജയരാജൻ അവൻ യുദ്ധവീരനും അവൻ അല്ലയോ (2)
4. മുന്നോടിയായ് യേശുപരൻ മൂലക്കല്ലായ് സീയോനതിൽ (2)
വാസം ചെയ്തിടും ഉന്നതനാം അവനെ വാഞ്ഛയോടു നാം കാത്തിരിക്കാം (2)

489 സ്വന്തം നിനക്കിനി ഞാൻ യേശു ദേവാ! പാപ ബന്ധം നീക്കെന്നിൽ നിന്നെൻ പ്രിയനാഥാ! (2)

1. സന്തോഷം എന്നു പേയിൻ വഴി നടന്നേൻ അതു ചതിവെന്നുണർന്നു നിന്നോടടുത്തു വന്നേൻ (2)
2. ഇമ്പം പാപം തരും എന്നറിഞ്ഞു ചെയ്തേൻ അതു ഏറെ തുമ്പം തന്നതാൽ ഭയന്നു വന്നേൻ (2)
3. ലോകം തുണെക്കുമെന്നു ചേർന്നിരുന്നേൻ അതിൽ ഒട്ടും സ്ഥിരതയില്ലാഞ്ഞോടി വന്നേൻ (2)
4. കായം ബലം സുഖവും കരുത്തിൽ വെച്ചേൻ ഇതിൻ കാഴ്ച അനിത്യമെന്നിതാ വരുന്നേൻ (2)
5. ദേഹം ജീവനും നിന്മുൻ കാഴ്ച വെച്ചേൻ ഇനി ചെയ്‌വേൻ നിൻതിരു മനം പോലെ എന്നും (2)
6. ശക്തി പ്രാപ്തി ധനവും കാഴ്ച വെച്ചേൻ തിരുസന്തോഷം നേടുവാൻ ഞാൻ അടുത്തുവന്നേൻ (2)
7. താങ്ങി നടത്തേണമെ രക്ഷാ കർത്താവേ! പാരം തളർന്നിതാ വന്നീടുന്നേൻ ദയവാനേ! (2)

490 സ്തോത്ര ഗീതം പാടുക നീ മനമേ കർത്തൻ ജയം നൽകിടും നിശ്ചയമേ (2)

1. താഴ്ച്ചയിൽ നിന്നെ ഓർത്തവനെ വീഴ്ച്ചയെന്നിയെ കാത്തവനെ (2)
കാഴ്ച്ചയാലല്ല വിശ്വാസത്താലെ വാഴ്ച്ച ഏകി നിത്യം ചേർത്തവനെ (2)
2. ശത്രുവിൻ തല തകർത്തവനെ മാത്രയിൽ ജയം തന്നവനെ (2)
ശത്രു മുമ്പാകെ മേശ ഒരുക്കും മിത്രനാം യേശുവെ സ്തുതി മനമേ (2)
3. കഷ്ടവും മഹാ ശാസനയും നിന്ദയുമുള്ള ദിനവുമിതേ (2)
ഉള്ളം കലക്കും കള്ള സഹോദരർ ഭള്ളുര ചെയ്യുകിൽ എന്തു ഭയം (2)
4. ഒന്നിലും പതറീടരുതേ കണ്ണീരിൻ വഴി പോയിടിലും (2)
മന്നരിൽ മന്നവൻ നിന്നോടു കൂടെ എന്നുമവൻ നിന്നെ വഴി നടത്തും (2)
5. പാറയിൽ നിന്നു തേൻ പൊഴിയും ജീവ നീരിൽ നിന്നു കുടിയ്ക്കും (2)
മരുഭൂ പ്രയാണം കഴിയും വരെയും മറയ്ക്കും അവൻ നിന്നെ ചിറകടിയിൽ (2)
6. ആശിച്ച ദേശം കാണുകയായ് ക്ലേശം അഖിലവും തീരുകയായ് (2)
യേശുമണാളൻ ചേർത്തിടും വേഗം ശോഭിത മണവാട്ടി ആയി നിന്നെ (2)

491 സ്തോത്രം യേശുവേ സ്തോത്രം യേശുവേ നിന്നെമാത്രം നന്ദിയോടെ എന്നും വാഴ്ത്തിപ്പാടും ഞാൻ (2)

1. ദാസനാം എന്റെ നാശം അകറ്റാൻ, നര വേഷമായ് അവതരിച്ച യേശുനാഥനെ (2)
2. പാപത്തിന്നുടെ ശാപശിക്ഷയാം, ദൈവ കോപത്തീയിൽ വെന്തെരിഞ്ഞ ജീവനാഥനെ (2)
3. ശത്രുവാം എന്നെ നിൻ പുത്രനാക്കുവാൻ, എന്നിൽ ചേർത്ത നിൻ കൃപയ്ക്കനന്ത സ്തോത്രം യേശുവേ (2)
4. ആർത്തികൾ തീർത്ത കരുണാ സമുദ്രമേ, നിന്നെ സ്തോത്രംചെയ്‌വാൻ എന്നെ എന്നും പാത്രമാക്കുക (2)
5. ജീവ നാഥനേ, ദേവ നന്ദനാ, നിന്റെ ജീവൻ എന്നിൽ തന്നതിനാൽ സ്തോത്രം യേശുവേ (2)
6. നാശലോകത്തിൽ ദാസനാം എന്നെ, സൽപ്ര.. കാശമായ് നടത്തിടേണം യേശു നാഥനേ (2)

492 സ്തോത്രങ്ങൾ പാടി ഞാൻ വാഴ്ത്തീടുമേ ദേവാധിദേവനെ രാജാധിരാജനെ വാഴ്ത്തി വണങ്ങീടുന്നേ (2)

1. അത്ഭുത നിത്യ സ്നേഹം, എന്നിൽ സന്തതം തന്നിടും ദൈവ സ്നേഹം (2)
ഇന്നും മാറാത്ത ദിവ്യ സ്നേഹം എന്നിൽ വസിക്കും സ്നേഹം (2)
2. മായാ ലോകത്തിൻ മോഹം തേടി ശാപമേറ്റ എന്നെ വീണ്ട സ്നേഹം (2)
എന്നെ നേടിയ ദിവ്യ സ്നേഹം എന്നിൽ പെരുകും സ്നേഹം (2)
3. ജീവൻ ഏകിയ സ്നേഹം, സർവ്വ ലോകത്തിൻ ശാപത്തെ നീക്കും സ്നേഹം (2)
ഉന്നതമാം ക്രൂശിൻ സ്നേഹം ഉള്ളം കവരും സ്നേഹം (2)
4. വാക്കു മാറാത്ത സ്നേഹം, തിരു. വാഗ്ദത്തം തന്നെന്നെ നിർത്തും സ്നേഹം (2)
സർവ്വ വല്ലഭനാം യേശുവേ സ്തോത്രം സ്തുതി നിനക്കേ (2)

493 സ്തോത്രം ചെയ്തിടും യഹോവയെ ഞാൻ ഹൃദയ പൂർണ്ണതയിൽ എന്നും
കീർത്തിച്ചിടും തൻ തിരു നാമം ഈ ലോക യാത്രയിൽ ഇന്നുമെന്നും (2)

സകലത്തിനും മീതെ ഉയർന്നതായ നാമം സ്തുതികളാൽ മുഴങ്ങും മഹിമയോടെ വാനിൽ
യാഹാം മഹോന്നതൻ ഏറ്റവും സ്തുത്യനായ് തൻജനത്തിൻ സ്തുതികളിൽ വാസംചെയ്യുന്നു (2)

1. ഉത്തരമരുളും അനുദിനമവൻ ഞാൻ വിളിച്ചപേക്ഷിക്കുമ്പോൾ
ധൈര്യം പകർന്നിടും ഏകിടും ബലം നിത്യവും എന്നിൽ നിരന്തരമായ് (2)
2. ഭൂവതിൽ വാഴും രാജാക്കന്മാർ ഒന്നൊഴിഞ്ഞിടാതെ എല്ലാം
സ്തോത്രം ചെയ്യട്ടെ തിരുവായിൻ വാക്കുകൾ കേട്ടനുദിനം ആമോദരായ് (2)
3. കഷ്ടത നടുവിൽ ഞാൻ നടക്കിലും എന്നിലവൻ ജീവനേകിടും
നീട്ടിടും ബലമുള്ള വീര്യ ഭുജങ്ങൾ ശത്രുവിൻ ക്രോധത്തെ തകർത്തീടുവാൻ (2)
4. സന്തത സമാപ്തി വരുത്തുമെൻ കർത്തൻ ഏഴയാം എനിക്കുവേണ്ടി
തന്റെ ദയയോ അതെന്നുമുള്ളത് എന്നെ തൻ അന്തികെ ചേർക്കുവോളം (2)

494 ഹല്ലേലുയ്യാ പാടാം ആമോദമായ് പാടാം
വല്ലഭൻ യേശുവെ വാഴ്ത്തിപ്പാടാം സർവ്വ വല്ലഭൻ യേശുവെ വാഴ്ത്തിപ്പാടാം (2)
സ്തുതി സ്തുതി സ്തുതി സ്തുതി സ്തുതി ചെയ്ക മനമേ നീ
സ്തുതികളിൽ വസിക്കുന്ന പരിശുദ്ധനെ സ്തുതികളിൽ വസിക്കുന്ന പരിശുദ്ധനെ (2)

1. സാറാഫിൻ ഗണമവർ അന്യോന്യം ചൊല്ലുന്നു (2) സേനകളിൻ ദൈവമവൻ പരിശുദ്ധൻ (2)
2. പാടിസ്തുതിച്ചിടാം ഭക്തരേ നാമൊന്നായ് (2) പാർത്തലത്തിൽ പാർക്കും നാൾകളെല്ലാം (2)
3. ശുദ്ധരായ്തീർന്നിടാം കർത്തനെവാഴ്ത്തുവാൻ (2) ശുദ്ധർ മാത്രം തന്നെ കണ്ടീടുമേ (2)
4. പരിശുദ്ധൻ! പരിശുദ്ധൻ! പരിശുദ്ധൻ! ദൈവം (2) പരിചോടു സ്തുതിച്ചിടാം പരനെ നാം (2)

495 ഹല്ലേലുയ്യാ ഹല്ലേലുയ്യാ ഹല്ലേലുയ്യാ ആമേൻ ഹല്ലേലുയ്യാ (2)

1. തകർത്ത ഇടി..മുഴക്കം പോലെ പെരുവെള്ളത്തിൻ ഇരച്ചിൽ പോലെ (2)
2. വ്യർത്ഥമായ നടപ്പിൽ നിന്നും എന്നെ വീണ്ടെടുത്ത പരനെ നിത്യം (2)
3. കുഞ്ഞാട്ടിന്റെ കല്യാണനാൾ വന്നിടാറായ് ഹല്ലേലുയ്യാ (2)
4. കുഞ്ഞാട്ടിന്റെ കല്യാണത്തിൽ ക്ഷണിക്കപ്പെട്ടോർ ഭാഗ്യവാന്മാർ (2)
5. കണ്ടിടാറായ് എൻ ഭാഗ്യദേശം വാണിടുമേ നിത്യകാലം (2)
6. കാത്തിരിക്കും വിശുദ്ധരെല്ലാം കഴുകനെപ്പോൽ പറന്നിടാറായ് (2)

496 ഹല്ലേലുയ്യാ എന്നും പാടിടാം (2) വല്ലഭൻ യേശുവിനായ് (2)

*"ഹല്ലേലുയ്യാ സദാ ഗായേംഗേ"*

1. ആനന്ദം ആനന്ദം ആനന്ദമേ (2) ദൈവത്തെ സ്തുതിക്കുന്നതാനന്ദമേ (2)
സ്തുതികളിൻ മീതെ വസിച്ചിടുന്നോൻ സ്തുതിക്കു യോഗ്യൻ ഹല്ലേലുയ്യാ (2)
2. ആനന്ദം ആനന്ദം ആനന്ദമേ (2) അനന്ത സ്നേഹത്താൽ എന്നെ സ്നേഹിച്ചു (2)
സ്വന്ത പുത്രനാക്കി തീർത്തതാൽ സന്തതം ഞാനും സ്തുതി പാടുമേ (2)
3. ആനന്ദം ആനന്ദം ആനന്ദമേ (2) ശുദ്ധാത്മാവിൽ എന്നെ അഭിഷേകിച്ചു (2)
എൻ പാനപാത്രവും നിറച്ചീടുന്നേ പച്ചപ്പുൽ മേടതിൽ കിടത്തുന്നെന്നെ (2)
4. ആനന്ദം ആനന്ദം ആനന്ദമേ (2) ക്രിസ്തുവിൻ വരവതോ ആനന്ദമേ (2)
കാഹളധ്വനിയോടെ വന്നീടുമേ എന്നെയും വാനിൽ ചേർത്തീടുവാൻ (2)
5. ആനന്ദം ആനന്ദം ആനന്ദമേ (2) സീയോനിൽ എന്നെന്നും വാണിടും ഞാൻ (2)
യേശുവിൻ കൂടെ വസിച്ചിടും ഞാൻ ഹാ എന്തു ഭാഗ്യമത് ! (2)

| | | | |
|---|---|---|---|
| 497 | ഹാ ഹല്ലേലുയ്യാ ഗീതം പാടിടും ഞാൻ | എന്റെ ജീവിത യാത്രയതിൽ | |
| | എന്റെ അല്ലൽ അഖിലവും തീർത്തിടും നാൾ | നോക്കി പാർത്തീടും ഞാൻ ഉലകിൽ | (2) |
| 1. | എല്ലാ കാലത്തും ആശ്രയം വച്ചീടുവാൻ | നല്ല സങ്കേതം യേശുവത്രേ | |
| | പെറ്റ തള്ള തൻ കുഞ്ഞിനെ മറന്നീടിലും | കർത്തൻ മാറ്റം ഭവിക്കാത്തവൻ | (2) |
| 2. | തിരുകരത്താൽ വൻ സാഗര ജലമെല്ലാം | അടക്കുന്ന കരുത്തെഴും യാഹവൻ താൻ | |
| | ഒരു ഇടയനെ പോലെന്നെ അവനിയിൽ | കരുതുന്ന സ്നേഹം എന്താശ്ചര്യമേ | (2) |
| 3. | ഉള്ളം കലങ്ങുന്ന നേരത്ത് പ്രിയൻ തൻ | വാഗ്ദത്തം ഓർപ്പിച്ചുണർത്തും എന്നെ | |
| | ഉള്ളം കരത്തിൽ വരച്ചവൻ ഉർവ്വിക്കധീശൻ താൻ | എന്നുടെ ആശ്വാസകൻ | (2) |
| 4. | മാറും മനുജരെല്ലാം മഹീതലം അതു | തീ ജ്വാലക്കിരയായ് മാറുകിലും | |
| | തിരു വാഗ്ദത്തങ്ങൾക്കേതും മാറ്റം വരില്ലവൻ | വരവിൻ നാൾ ആസന്നമായ് | (2) |

| | | | |
|---|---|---|---|
| 498 | ഹാ ! മനോഹരം യാഹേ നിന്റെ ആലയം | എന്തൊരാനന്ദം തവ പ്രാകാരങ്ങളിൽ | |
| | ദൈവമേ എൻ ഉള്ളം നിറയുന്നു | ഹല്ലേലുയ്യാ പാടും ഞാൻ | (2) |
| | ദൈവം നല്ലവൻ എല്ലാവർക്കും വല്ലഭൻ | തൻ മക്കൾക്കെന്നും പരിചയാം | (2) |
| | നന്മ ഒന്നും മുടക്കുകയില്ല | നേരായ് നടപ്പവർക്ക് | (2) |
| 1. | ഒരു സങ്കേതം നിന്റെ യാഗ പീഠങ്ങൾ | മീവൽ പക്ഷിയ്ക്കും ചെറു കുരികിലിനും | (2) |
| | രാവിലെ നിൻ നന്മകളെ ഓർത്തു | പാടി സ്തുതിച്ചിടുന്നു | (2) |
| 2. | ഞങ്ങൾ പാർത്തീടും നിത്യം നിന്റെ ആലയേ | ഞങ്ങൾ ശക്തരാം എന്നും നിന്റെ ശക്തിയാൽ | (2) |
| | കണ്ണുനീരിൻ താഴ്വരയെല്ലാം | മാറ്റും അനുഗ്രഹമായ് | (2) |

| | | | |
|---|---|---|---|
| 499 | ഹാ ചിന്തിക്കുകിൽ പരദേശികൾ വെറും അന്യർ | നാം ഈ ഭൂവിൽ, നിലയില്ലാ വസം ഓർക്കിൽ | (2) |
| 1. | പ്രതിഗാനം മുഴക്കി നാം പാടിടാം ഭക്തർ | പാതയെ നോക്കിക്കൊണ്ടോടീടാം, പരി.. | |
| | താപം അകന്നു നാം വാണീടും സുരലോകമാകെ | പരൻ യേശുവോടു കൂടെ | (2) |
| 2. | പ്രതിയോഗി നമുക്കെതിർ ചെയ്തീടും | ഗതികെട്ടവർ പോലെ നാം ആയിടും, ഉടൻ.. | |
| | വന്നിങ്ങു ത്രാണനം ചെയ്തിടും പ്രിയനാഥൻ | പരലോകമാകെ കൊണ്ടുപോകും | (2) |
| 3. | പല പാടുകൾ പെട്ടു നാം പോകേണം, | ചില ദുർഘട മേടുകൾ ഏറേണം | |
| | പലരാലും ഉപദ്രവം ഏൽക്കേണം ഒരു നാളിൽ | പ്രിയനോടു കൂടെ വാഴാൻ | (2) |
| 4. | ഇനി ഒന്നും നമുക്കിഹെ ഇല്ലല്ലോ, | നമുക്കുള്ളതാം വാസം ഇതല്ലല്ലോ, ഹാ | |
| | മിന്നും പ്രശോഭിതം ആയൊരു വിണ്ണിൽ | ദൂരത്തായ് കണ്ടിടുന്നു | (2) |
| 5. | ഈ മായാപുരി വിട്ടു പോയിടാം ക്ഷണം | സീയോൻ പ്രയാണം തുടർന്നീടാം, | |
| | പിയനോടൊരുമിച്ചു വസിച്ചീടാം ചിരകാലം | ശുഭമേറും ഭാഗ്യ നാട്ടിൽ | (2) |

| | | | |
|---|---|---|---|
| 500 | ഹീന മനു ജനനം എടുത്ത | യേശു രാജൻ നിൻ സമീപേ നിൽപ്പൂ | |
| | ഏറ്റുകൊൾ അവനെ തള്ളാതെ | ഏറ്റുകൊൾ അവനെ തള്ളാതെ | (2) |
| 1. | കൈകളിൽ കാൽകളിൽ ആണികൾ തറച്ചു | മുൾമുടി ചൂടിനാൻ പൊൻ ശിരസ്സതിൻ മേൽ | (2) |
| | നിന്ദയും ദുഷിയും പീഢയും സഹിച്ചു | | |
| | ദിവ്യമാം രുധിരം ചൊരിഞ്ഞു നിനക്കായ് | കരുണയായ് നിന്നെ വിളിച്ചിടുന്നു | (2) |
| 2. | തല ചായ്ക്കുവാൻ സ്ഥലവും ഇല്ലാതെ | ദാഹം തീർക്കുവാൻ ജലവും ഇല്ലാതെ | (2) |
| | ആശ്വാസം പറവാൻ ആരും തന്നില്ലാതെ | | |
| | അരുമ രക്ഷകൻ ഏകനായ് മരിച്ചു | ആ പാടുകൾ നിൻ രക്ഷയ്ക്കായ് | (2) |
| 3. | അവൻ മരണത്താൽ സാത്താന്റെ തല തകർത്തു | തന്റെ രക്തത്താൽ പാപക്കറകൾ നീക്കി | (2) |
| | നിന്റെ വ്യാധിയും വദനയും നീക്കുവാൻ | | |
| | നിന്റെ ശാപത്തിൽ നിന്നു വിടുതൽ നൽകീടുവാൻ | കുരിശിൽ ജയിച്ചെല്ലാറ്റെയും | (2) |
| 4. | മായാലോകത്തെ തെല്ലുമേ നമ്പാതെ | മാനവ മാനസം ആകെയും മാറ്റുമേ | (2) |
| | മാറാത്ത ദേവനെ സ്നേഹിച്ചീടുന്നെങ്കിൽ | | |
| | നിത്യമാം സന്തോഷം പ്രാപിച്ചാനന്ദിക്കാം | ആശയോടു നീ വന്നീടുക | (2) |
| 5. | ഇനിയും താമസം ആകുമോ മകനേ ? | അൻപിൻ യേശുവിങ്കൽ കടന്നു വരുവാൻ | (2) |
| | ഈ ഉലകം തരാതുള്ള സന്തോഷത്തെ | | |
| | ഇന്നു നിനക്കു തരുവാനായ് കാത്തീടുന്നു | അൻപിൽ യേശു വിളിച്ചീടുന്നു | (2) |

| | | | | |
|---|---|---|---|---|
| 501 | Oh dear sailor who toils in the sea ! | | | |
| | Rowing alone in the boat of faith ! | | | (2) |
| | Don’t be afraid Lord Jesus is there | | | (2) |
| | He is the Lord who controls the storm | | | (2) |
| | | | ( അക്കരെയ്ക്കു യാത്ര ചെയ്യും സീയോൻ സഞ്ചാരി ) | |
| 1. | Are you weary of rowing alone ? | | Fearing all the tides along? | (2) |
| | Don’t be afraid the Lord is with you | (2) | To take you right in the beautiful shore | (2) |
| 2. | I don’t belong to this world any more | | I am a sojourner in this land | (2) |
| | My abode is in the Land of Hope | (2) | Surely there is a mansion for me ! | (2) |
| 3. | The Lamb is the light of that beautiful land | | No darkness will ever prevail there | (2) |
| | I will receive the Crown of Life | (2) | I will be given the wedding robe | (2) |